# വികസനരേഖ

അധികാരം ജനങ്ങളിലേക്ക്



വാണിയംകുളം ഗ്രാമപഞ്ചായത്ത്

# ഉള്ളടക്കം


1. ആമുഖം
2. പഞ്ചായത്ത് : ഇന്ന്, ഇന്നലെ
3. ചരിത്രത്തിൻെറ ചെപ്പേടുകൾ
4. നടന്നുനോട്ടം
5. വികസനമേഖലകൾ
   - 5.1. കൃഷി, ജലസേചനം
   - 5.2. മൃഗസംരക്ഷണം, മത്സ്യബന്ധനം
   - 5.3. വ്യവസായം
   - 5.4. വിദ്യാഭ്യാസം
   - 5.5. ആരോഗ്യം, കുടിവെള്ളം
   - 5.6. ഗതാഗതം, ഊർജം, വിപണി
   - 5.7. പാർപ്പിടം, പട്ടികജാതിക്ഷേമം
   - 5.8. സംസ്കാരം
   - 5.9. വനിത
   - 5.10. സഹകരണം
   - 5.11. സാമൂഹ്യക്ഷേമം
   - 5.12. വിഭവസമാഹരണം
6. പിൻവാക്ക്

# ആമുഖം

'ഈടുവെപ്പുകളെല്ലാം ഏറ്റുകിൽ പുതിയൊരു
നാടുനമ്മുടേതാകാം; അസംഖ്യം തോഴൻമാരും'

എന്ന് വൈലോപ്പിള്ളി വരികളിലെ വിഷുഫലം. ഇത് കാർഷിക കേരളത്തിന്റെ, വ്യാവസായിക കേരളത്തിന്റെ അരോഗ കേരളത്തിന്റെ, സാക്ഷരകേരളത്തിന്റെ നന്തുണിപ്പാട്ടാക്കുകയാണ്, അധികാരം ജനങ്ങളിലേയ്ക്ക് എന്ന മുദ്രാവാക്യവുമായി 1996 ആഗസ്റ്റ് 17ന് ഉദ്ഘാടനം ചെയ്യപ്പെട്ട ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തകർ. ജനകീയാസൂത്രണം എന്ത്, എന്തിന് എന്ന് പരിശോധിക്കുന്നതിന് മുൻപ് ഒരു പശ്ചാത്തല വിവരണം പ്രസക്തമാകുന്നു.

1947 ആഗസ്റ്റ് 15ന് അർദ്ധരാത്രി നമുക്ക് "സ്വാതന്ത്ര്യം" കിട്ടി. ഈ രാഷ്ട്രീയ സ്വാതന്ത്ര്യലബ്ധി സാമ്പത്തിക പുരോഗതിയിലേയ്ക്ക് വിവർത്തനം ചെയ്യാനാണ് കഴിഞ്ഞ അര നൂറ്റാണ്ടോളമായി എട്ട് പഞ്ചവത്സര പദ്ധതികളിലൂടെ നമ്മുടെ ഭരണസാരഥികൾ ശ്രമിച്ചു പോന്നത്. എന്നാൽ, സാമ്പത്തികാസൂത്രണത്തിന്റെ കാര്യത്തിൽ നാം കൈക്കൊണ്ട സമ്പ്രദായങ്ങൾക്ക് ചില അടിസ്ഥാന വൈകല്യങ്ങൾ ഉണ്ടായിരുന്നു.

**അമിതമായ കേന്ദ്രീകരണം :** ആദ്യം കേന്ദ്രത്തിലും പിന്നെ സംസ്ഥാന തലസ്ഥാനത്തും തീരുമാനിച്ച് തയ്യാറാക്കിയ പദ്ധതികൾ വകുപ്പുകൾ വഴി നടപ്പാക്കുക എന്ന രീതി അമിതമായ കേന്ദ്രീകരണത്തിലേക്കാണ് നയിച്ചത്. തന്മൂലം ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കോ, ജനാഭിലാഷങ്ങൾക്കോ യോജിച്ച പദ്ധതികളായിരുന്നില്ല നടപ്പാക്കി വന്നിരുന്നത്.

**വകുപ്പിസം :** പ്രയോഗതലത്തിൽ വിവിധ വകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത സ്കീമുകളിലായി പദ്ധതികൾ ചുരുങ്ങി. കൃഷിവികസനത്തിനായി ഒരു ലിഫ്റ്റ് ഇറിഗേഷൻ ഉണ്ട് എന്ന് വെയ്ക്കുക. അതിന്റെ പമ്പ് ഹൗസ് പണിയാൻ പി.ഡബ്ല്യു.ഡി., മോട്ടോറുകൾ സ്ഥാപിക്കാനും നേരെയാക്കാനും ഇലക്ട്രിക്കൽ സെക്ഷൻ, കനാൽ അറ്റകുറ്റപ്പണികൾക്ക് കോൺട്രാക്ടറും. കൃഷിക്കാർ ഈ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ മിനക്കെടണോ, കൃഷി നടത്താൻ ശ്രമിക്കണോ?.

**ജനപങ്കാളിത്തം ഇല്ലായ്മ :** ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനകീയപങ്കാളിത്തം ഇല്ലായിരുന്നു. അതിനാൽ ത്തന്നെ പദ്ധതികൾ ജനങ്ങളിൽനിന്ന് അന്യവത്ക്കരിക്കപ്പെട്ടിരുന്നു. പ്രാദേശികവിഭവസമാഹരണ സാദ്ധ്യതകളെ ഇത് പ്രതികൂലമായി ബാധിച്ചു.

ഈ തകരാറുകൾ പരിഹരിച്ച് ഈടുവെപ്പുകൾ ഏറ്റി ജനങ്ങളുടെ അഭിലാഷങ്ങൾ യാഥാർത്ഥ്യത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെടുന്ന പുതിയ നാട് നമ്മുടേതാക്കാൻ കേരള സംസ്ഥാനസർക്കാർ ആവിഷ്കരിച്ച പരിപാടിയാണ് ഒമ്പതാം പദ്ധതി ജനകീയപദ്ധതി എന്ന മുദ്രാവാക്യവുമായി ജനകീയാസൂത്രണപ്രസ്ഥാനം നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

**എന്തിന് ?**

കാർഷിക-വ്യാവസായിക മേഖലകളിൽ രൂക്ഷമായ ഉത്പാദനമാന്ദ്യം, സേവനങ്ങളുടെ നിലവാരത്തകർച്ച ഇവയാണ് കേരളം ഇന്ന് നേരിടുന്ന വെല്ലുവിളികൾ. വൈദ്യുതി തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വൻകിട വ്യവസായങ്ങൾ തുടങ്ങുക - ഇതിനായി സംസ്ഥാനതലത്തിൽ പരിപാടികൾ ആവിഷ്കരിക്കുക; അതേസമയം കൃഷി, ചെറുകിട വ്യവസായങ്ങൾ എന്നീ ഉത്പാദന മേഖലകളിലും, ഗതാഗതം, ഊർജ്ജം, സഹകരണം, വിപണി എന്നീ പശ്ചാത്തലസൗകര്യമേഖലകളിലും, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, സാമൂഹ്യക്ഷേമം, വനിതാക്ഷേമം, സംസ്കാരം, പട്ടികജാതി/വർഗ്ഗ ക്ഷേമം എന്നീ സേവനമേഖലകളിലും ഉത്പാദനത്തോതും ഉത്പാദനക്ഷമതയും നിലവാരവും ഉയർത്തുന്നതിന് ഗ്രാമതലത്തിൽ ബഹുജന പങ്കാളിത്തത്തോടെ പരിപാടികൾ തയ്യാറാക്കുക - ഇങ്ങനെ ദ്വിമുഖമായ ഒരു കർമ്മ പദ്ധതിയാണ് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ അജണ്ടയിൽ ഉള്ളത്.

ഈ പ്രസ്ഥാനത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഈ ഗ്രാമപഞ്ചായത്തിലെ രണ്ട് റവന്യൂവില്ലേജുകളിലായി കിടക്കുന്ന 11 വാർഡുകളിൽ വിശേഷാൽ ഗ്രാമസഭകൾ നടത്തി. ഇതിന്റെ മുന്നൊരുക്കമായി രണ്ടു വാർഡുകൾക്ക് ഒന്ന് എന്ന തോതിൽ 6 പേരെ ജില്ലാതലപരിശീലനത്തിന് തിരഞ്ഞെടുത്തു - എ. നാരായണൻ, പി.കെ. ശിവദാസ്, ഇ.വി. ഗോപി, എ. ബാലഗോപാലൻ, സി. വിനോദ്കുമാർ, ഗോപാലകൃഷ്ണൻ. ഇവർ സെപ്തംബർ 11,12,13 തിയ്യതികളിൽ ഒറ്റപ്പാലത്തുവെച്ച് നടന്ന ക്യാമ്പിൽ പങ്കെടുത്തു. ജില്ലാതലപരിശീലകർ ഈ ക്യാമ്പിലെ ക്ലാസ്സുകളുടെ വെളിച്ചത്തിൽ വിശേഷാൽ ഗ്രാമസഭകളിൽ ജനങ്ങൾ എങ്ങിനെ പങ്കെടുക്കണം എന്ന ധാരണ അയൽക്കൂട്ടങ്ങൾ വഴി പ്രചരിപ്പിക്കുവാനായി 76 പേരെ പ്രാദേശികതലപരിശീലകരായി തിരഞ്ഞെടുത്ത് അവരെ പരിശീലിപ്പി

ച്ചു. ഇതിനായി പഞ്ചായത്ത് തലത്തിൽ ഏകദിന ശില്പശാല സെപ്തംബർ 17 ന് നടന്നു. ഈ ശില്പശാലയിൽ നിന്ന് സംഭരിച്ച വിവരത്തിൻെറ അടിസ്ഥാനത്തിൽ പ്രാദേശികതല പരിശീലകർ ഓരോ വാർഡിലും അയൽക്കൂട്ടങ്ങൾ വിളിച്ചുകൂട്ടി ജനങ്ങളെ വിശേഷാൽ ഗ്രാമസഭകൾ എന്തുകൊണ്ട് 'വിശേഷാൽ' ആയി? അവ എന്തിന്? എങ്ങിനെ? എന്നീ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തു.

ഇതോടൊപ്പം തന്നെ കൃഷി, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വിഷയങ്ങളിൽ പഞ്ചായത്ത്തല പ്രവർത്തക സമിതികൾ രൂപീകരിച്ചു. കൃഷി പ്രവർത്തകസമിതി പാടശേഖര സമിതി പ്രതിനിധികളുമായും, വിദ്യാഭ്യാസ പ്രവർത്തക സമിതി സ്കൂൾ ഹെഡ്മാസ്റ്റർമാരുമായും, ആരോഗ്യസമിതി അംഗനവാടി, പബ്ലിക്ക് ഹെൽത്ത് സെൻററുകൾ, ആയൂർവ്വേദ ആശുപത്രി എന്നിവയുടെ പ്രതിനിധികളുമായും കൂടിയിരുന്ന് ചർച്ചകൾ നടത്തി. സമാന്തരമായി സാമൂഹ്യ-സാമ്പത്തിക കണക്കെടുപ്പിന് ആധാരമാക്കേണ്ട കുടുംബസർവ്വെ, പൊതുമരാമത്തുകണക്കുകൾ, ജലസംഭരണി കണക്കുകൾ എന്നിവയടക്കമുള്ള പ്രാഥമികസ്ഥിതിവിവരക്കണക്കുകളും പഞ്ചായത്തിൻെറ വിവിധ വികസനമേഖലകളെ സ്പർശിക്കുന്ന എല്ലാ വകുപ്പുകളിൽ നിന്നുമുള്ള ദ്വിതീയസ്ഥിതിവിവരക്കണക്കുകളും ശേഖരിച്ചു.

സെപ്തംബർ 19 മുതൽ ഒക്ടോബർ 1 വരെയുള്ള 13 ദിവസങ്ങളിലായി 11 ഗ്രാമസഭകൾ നടന്നു. ഇവയിൽ ഒട്ടാകെ 2308 പേർ പങ്കെടുത്തു. ഇവയിൽ 734 പേർ സ്ത്രീകളും 1674 പേർ പുരുഷന്മാരും ആയിരുന്നു. സ്ത്രീപങ്കാളിത്തം 32% ആയിരുന്നുവെങ്കിൽ സ്ത്രീ-പുരുഷ പങ്കാളിത്തത്തിൻെറ അനുപാതം 1:3 ആയിരുന്നു. ഏറ്റവും കുറഞ്ഞ പങ്കാളിത്തം 146ഉം ഏറ്റവും ഉയർന്നത് 450ഉം ആയിരുന്നു. ഇതിൽ മൊത്തം 118 ഉദ്യോഗസ്ഥർ പങ്കെടുത്തു. മുന്നൊരുക്കങ്ങൾക്ക് തീരെ സമയം ലഭിക്കാത്തതിനാൽ ആയിരിക്കാം, ആദ്യമാദ്യം നടന്ന ഗ്രാമസഭകളിൽ പങ്കാളിത്തവും ചർച്ചകളുടെ നിലവാരവും താരതമ്യേന കുറവായിരുന്നു.

ഈദൃശപ്രവർത്തനങ്ങളുടെ നിർവ്വാഹകരായ പ്രാദേശികതലപരിശീലകർ, ജില്ലാതലപരിശീലകർ, എന്നിവരടക്കമുള്ള വികസനസേനയുടെ പഞ്ചായത്ത്തല കൺവീനറായി പി.കെ. ശിവദാസിനെ ഗ്രാമസഭകൾക്കുശേഷം കൂടിയ യോഗം തിരഞ്ഞെടുത്തു. യോഗത്തിൽ ബ്ലോക്ക് കൺവീനർ എം.പി. ഗോവിന്ദരാജ് പങ്കെടുത്തു.

ജില്ലാതലത്തിൽ രണ്ടാംഘട്ടപരിശീലനത്തിന് അസുഖംമൂലം വേണ്ടത്ര സംഭാവന നൽകാൻ കഴിയാത്ത ഗോപാലകൃഷ്ണനെ മാറ്റി പി. രാമൻകുട്ടിയെ അയച്ചു. ഒക്ടോബർ 25,26,27 തിയ്യതികളിലായി ചെർപ്പുളശ്ശേരിയിൽ വെച്ച് നടന്ന ഈ പരിശീലനത്തിൽ വികസനസെമിനാർ നടത്തിപ്പിനെക്കുറിച്ച് മേഖല തിരിച്ചും പൊതുവായും ക്ലാസ്സുകൾ ഉണ്ടായിരുന്നു. ഇവയുടെ അടിസ്ഥാനത്തിൽ നടത്തിയ രണ്ടാംഘട്ട പഞ്ചായത്ത്തല പരിശീലനത്തിൽ 82 പേർ പങ്കെടുത്തു. ഈ ശിൽപശാലയിൽ ആദ്യഘട്ടത്തിലേതിനേക്കാൾ ഉദ്യോഗസ്ഥ പ്രാതിനിധ്യം ഉണ്ടായിരുന്നു. ഇതിൽവെച്ചു തന്നെ വിഷയാടിസ്ഥാനത്തിൽ ഗ്രാമസഭകളുടെ റിപ്പോർട്ടുകൾ ക്രോഡീകരിക്കൽ, പ്രാദേശിക ചരിത്രപഠനം, ഭൂപ്രകൃതി പഠനം, പ്രാഥമിക-ദ്വിതീയ സ്ഥിതി വിവരകണക്കുകളുടെ ക്രോഡീകരണം, നടപ്പുസ്കീമുകളുടെ അവലോകനം എന്നീ പ്രവർത്തനങ്ങൾക്കായി ഗ്രൂപ്പുകൾ രൂപീകരിച്ചു.

ദ്രുതപഠന പര്യടനം ഒക്ടോബർ 28,29 തിയ്യതികളിൽ പഞ്ചായത്തിൻെറ തെക്കു-വടക്കു രണ്ടും പടിഞ്ഞാറ്-കിഴക്ക് മൂന്നും രേഖകളിലായി എ. നാരായണൻ, ഒ. കുമാരൻ, എ. ബാലഗോപാലൻ, ഇ.വി. ഗോപി, പി.കെ. ശിവദാസ് എന്നിവരുടെ നേതൃത്വത്തിൽ നടത്തി.

പഞ്ചായത്തിലെ വിവിധ വികസനമേഖലകളെ സ്പർശിക്കുന്ന 23 വകുപ്പുകളുടെ പ്രതിനിധികളെ ക്ഷണിച്ചുകൊണ്ട് ഒരു യോഗം നടപ്പുസ്കീമുകളുടെ അവലോകനത്തിനായി വിളിച്ചുചേർത്തു. മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വകുപ്പുദ്യോഗസ്ഥർ പ്രതികരിച്ചു. 15 വകുപ്പുകളിൽ നിന്നായി 21 പേർ പങ്കെടുത്ത ഈ യോഗത്തിൻെറ തുടർഫലമായി ഈ വകുപ്പുകൾ നടപ്പാക്കിയതും, നടപ്പാക്കികൊണ്ടിരിക്കുന്നതും, നടപ്പാക്കാനിരിക്കുന്നതും ആയ സ്കീമുകളുടെ ഫിസിക്കൽ, ഫൈനാൻഷ്യൽ ടാർജറ്റും, അച്ചീവ്മെൻറും സംബന്ധിച്ച റിപ്പോർട്ടുകൾ കിട്ടി.

ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ രണ്ടാംഘട്ടത്തിൽ കേന്ദ്രബിന്ദുവായ വികസനസെമിനാർ 24.11.96ന് ഞായറാഴ്ച വാണിയംകുളം ഹൈസ്ക്കൂളിൽവെച്ചും, അതിന് തുടർച്ചയായ പൊതുയോഗം വാണിയംകുളം ടൗണിൽവെച്ച് അന്നേദിവസം വൈകുന്നേരം 7നും നടത്താൻ തീരുമാനിച്ചു. ഇതിൻെറ വിജയകരമായ നടത്തിപ്പ് ഉറപ്പുവരുത്തുവാനായി ചെയർമാൻ (എൻ. സുബ്രഹ്മണ്യൻ നമ്പൂതിരി), വൈസ് ചെയർമാൻ (രാധാകൃഷ്ണ മേനോൻ), സെക്രട്ടറി (പി.കെ. രാജഗോപാലൻ മാസ്റ്റർ), ട്രെജാൻജി (രാമകൃഷ്ണൻമാസ്റ്റർ സി.) ജനറൽ കൺവീനർ (പി.കെ. ശിവദാസ്) എന്നിവരും യോഗത്തിൽ പങ്കെടുത്ത മറ്റെല്ലാവരും അംഗങ്ങളും ആയി ഒരു സ്വാഗതസംഘം 5.11.96ന് രൂപീകരിച്ചു. ഇതിൻെറ കീഴിൽ പ്രചാരണം, വിഭവസമാഹരണം, ഭക്ഷണം എന്നീ മൂന്ന് പ്രവർത്തനങ്ങൾക്കായി സബ്കമ്മിറ്റികൾ രൂപീകരിച്ചു. പ്രചാര

ണം (കൺവീനർ പി. ബാബു), വിഭവസമാഹരണം (കൺവീനർ പി.കെ രാജഗോപാലൻ മാസ്റ്റർ), ഭക്ഷണം (കൺവീനർ എ. അയ്യപ്പൻ).

### വികസന റിപ്പോർട്ട് - ഘട്ടങ്ങൾ

1. വിഷയാടിസ്ഥാനത്തിൽ ചെറുറിപ്പോർട്ടുകൾ ഉണ്ടാക്കുന്നതിനുള്ള ഗ്രൂപ്പുകൾ രൂപീകരിക്കൽ.
2. ഗ്രാമസഭകളുടെ റിപ്പോർട്ടുകൾ വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിക്കൽ.
3. ദ്വിതീയസ്ഥിതിവിവരക്കണക്കുകൾ ക്രോഡീകരണവും, വിശകലനവും.
4. നടപ്പു സ്കീമുകളുടെ അവലോകനവും പുനഃപരിശോധനയും നിർദ്ദേശങ്ങളും.
5. പ്രാദേശിക ചരിത്രപഠനം.
6. ദ്രുതപഠനപര്യടന റിപ്പോർട്ടുകളുടെ ക്രോഡീകരണം.
7. ഗ്രൂപ്പുകൾ തയ്യാറാക്കിയ 5 റിപ്പോർട്ടുകളും 10.11.96ന് നടന്ന പ്രാദേശിക-ജില്ലാതല പരിശീലകരുടെ യോഗത്തിലും 11.11.96ന് നടന്ന പഞ്ചായത്തിലെ കൃഷി, വിദ്യാഭ്യാസ പൊതുജനാരോഗ്യ പ്രവർത്തകസമിതികളുടെ യോഗത്തിലും ചർച്ച ചെയ്യപ്പെട്ടു.
8. ഈ ചർച്ചകളിൽ പൊന്തിവന്ന വിമർശനനിർദ്ദേശങ്ങൾകൂടി പരിഗണിച്ച് തയ്യാറാക്കിയ വികസനറിപ്പോർട്ടാണ് 15.11.96ന് കൂടിയ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് ഈ സെമിനാറിൽ അവതരിപ്പിക്കുന്നത

### രീതീപരമായ വിശദീകരണം

ഗ്രാമസഭകളിൽ വിവിധ വികസനമേഖലകളിൽ നടന്ന ചർച്ചകളുടെ, അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട റിപ്പോർട്ടുകൾ വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് പ്രാഥമിക-ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ ഉൾച്ചേർത്ത് തന്നെയാണ് ആദ്യവട്ടചർച്ചകൾക്കുതന്നെ അവതരിപ്പിച്ചത്. ജനങ്ങൾ മുന്നോട്ടുവെച്ച വികസനപ്പട്ടികയും പ്രാദേശിക സമാഹരണം അടക്കമുള്ള വിഭവസ്രോതസ്സുകളും കണക്കിലെടുത്താണ് ഈ റിപ്പോർട്ടുകൾ രൂപപ്പെടുത്തിയത്. അതായത്, നേർസ്ഥിതിവിവര കണക്കുകളും (ഗ്രാമസഭകൾ) പ്രാഥമികസ്ഥിതിവിവരക്കണക്കുകളും (ദ്രുതപഠന പര്യടനങ്ങൾ, കുടുംബസർവ്വെ) ദ്വിതീയ സ്ഥിതിവിവരക്കണക്കുകളും (സ്ഥാപനങ്ങൾ) വിശ്ലേഷണാത്മകമായി സംയോജിപ്പിച്ചാണ് ഈ സമഗ്രറിപ്പോർട്ട് തയ്യാറാക്കിയത് എന്നർത്ഥം.

ഏകലോകവത്ക്കരണത്തിന്റെ പേരിൽ സ്ഥൂലതലത്തിൽ സാമ്പത്തികാധീശത്വം നടത്തുന്ന കോയ്മാശ്രമങ്ങളെ സൂക്ഷ്മതലത്തിൽ പ്രതിരോധിക്കാൻ മേഘപാളിയിലെ വെള്ളിരേഖപോലെ തെളിഞ്ഞു നിൽക്കുന്ന ഒരു പ്രസ്ഥാനമാണ് ജനകീയാസൂത്രണം. ഇത് ആർജ്ജവത്തോടെ നടപ്പിലാക്കാൻ നമ്മുടെ പഞ്ചായത്തിലെ പ്രതിബദ്ധജനതയ്ക്ക് കഴിയും എന്ന ഉറച്ച വിശ്വാസമാണ്, മാർട്ടിൻ ലൂഥർ കിംങ്ങ് പാടിയതുപോലെ, 'നാം തരണം ചെയ്യും, നാം തരണം ചെയ്യും, ഒരുനാൾ നാം തരണം ചെയ്യും' എന്ന ആത്മവിശ്വാസം ജനിപ്പിക്കുന്നത്.

# പഞ്ചായത്ത് : ഇന്ന്, ഇന്നലെ

| | | |
|---|---|---|
| • പഞ്ചായത്തിന്റെ പേര് | : | വാണിയംകുളം ഗ്രാമപഞ്ചായത്ത് |
| • പഞ്ചായത്തിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | : | വാണിയംകളം നമ്പർ 1 വില്ലേജ്<br>വാണിയംകുളം നമ്പർ 2 വില്ലേജ് |
| • ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | ചളവറ ഡിവിഷൻ വാർഡ് 1,2,3,10,11<br>വാണിയംകുളം ഡിവിഷൻ വാർഡ് 4,5,6,7,8,9 |
| • ബ്ലോക്ക് പഞ്ചായത്ത് | : | ഒറ്റപ്പാലം |
| • താലൂക്ക് | : | ഒറ്റപ്പാലം |
| • ജില്ല | : | പാലക്കാട് |
| • അസംബ്ലി മണ്ഡലം | : | ഒറ്റപ്പാലം |
| • വിസ്തീർണ്ണം | : | 35.52 ചതുരശ്ര കി.മി. |
| • ജനസംഖ്യ | : | 26153 (1991 സെൻസസ്) |
| • പ്രസിഡൻറിന്റെ പേര് | : | ഒ. കുമാരൻ |
| • വൈസ് പ്രസിഡൻറിന്റെ പേര് | : | ഐക്കര നാരായണൻ |
| • സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | : | കെ. കൃഷ്ണൻകുട്ടി |
| • നിലവിലുള്ള അതിർത്തികൾ | : | വടക്ക് - അനങ്ങനടി പഞ്ചായത്ത്, ചളവറ പഞ്ചായത്ത്<br>തെക്ക് - ഭാരതപ്പുഴ<br>പടിഞ്ഞാറ് - ഷൊറണൂർ മുനിസിപ്പാലിറ്റി<br>കിഴക്ക് - ഒറ്റപ്പാലം മുനിസിപ്പാലിറ്റി |
| • വാർഡുകളുടെ എണ്ണം | : | 1995 മുതൽ 11 |
| • പഞ്ചായത്ത് രൂപംകൊണ്ട വർഷം | : | 1941 - ചെറുകാട്ടുപുലം, കൂനത്തറ എന്നീ രണ്ട് റവന്യൂ വില്ലേജുകളായിരുന്നു അന്നുണ്ടായിരുന്നത് |
| • ആദ്യ പ്രസിഡൻറ് | : | പടിക്കൽ ശങ്കരൻ നായർ |

- ആദ്യ ഭരണസമിതി അംഗങ്ങൾ : കുറുപ്പത്ത് രാമൻകുട്ടി നായർ
  പി. കൃഷ്ണൻകുട്ടി നായർ (പനയൂർ)
  എം.പി. അനന്തൻ നായർ (കൂനത്തറ)
  താഴത്തേതിൽ ഗോപാലൻ (ത്രാങ്ങാലി)
  മൊയ്യത്ത് നാരായണൻ നായർ (മാന്നനൂർ)
  പാപ്പുള്ളി അച്ചുതൻ നായർ (മാന്നനൂർ)
  കെ.ടി. അപ്പുകുട്ടൻ നായർ (വെള്ളയാട്)
  സുപ്പയ്യൻ നായിഡു (വാണിയംകുളം)
  പി. ഹരിശട്ട്യാർ (വാണിയംകുളം)
  എൻ. രാമൻ നമ്പൂതിരി (ചെറുകാട്ടുപുലം)
  എ.വി. ശൂലപാണി വാര്യർ (ചെറുകാട്ടുപുലം)
  കാഞ്ഞിരംപാറ കേശവൻ നായർ (കോതയൂർ)

തിരഞ്ഞെടുപ്പ് ഇല്ലായിരുന്നു. നോമിനേഷൻ മാത്രം. സ്ഥാനികൾ തമ്മിലുള്ള കിടമൽസരത്തിൽ പടിക്കൽ ശങ്കരൻ നായർ പ്രോഗ്രസീവ് കമ്മിറ്റിയുടെ ബാനറിൽ പി. കൃഷ്ണൻകുട്ടി നായരെ പിൻതള്ളി പ്രസിഡൻറായി നോമിനേഷൻ നേടുകയായിരുന്നു. ആ ഭരണസമിതിയിലെ ഇന്നും ജീവിച്ചിരിക്കുന്ന ഏക വ്യക്തി കെ.ടി. അപ്പുകുട്ടൻ നായരാണ്. കുറുപ്പത്ത് രാമൻകുട്ടി നായർ കോൺഗ്രസ് അനുഭാവിയായിരുന്നെങ്കിൽ എൻ. രാമൻ നമ്പൂതിരി അധികം വൈകാതെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടനായി. സംഘടനാപ്രാതിനിധ്യത്തെക്കാൾ പ്രാദേശിക പ്രമാണിത്തമായിരുന്നു നിർണായക ശക്തി.

- അന്നത്തെ ജനസംഖ്യ : ഏതാണ്ട് 14000-15000 (അവലംബം : 1964 പഞ്ചായത്ത് മിനിറ്റ്സ്)
- വിസ്തീർണ്ണം : 11 ചതുരശ്ര മൈൽ
- വാർഷിക വരുമാനം : 3000-3500 രൂപ

1960ൽ പഞ്ചായത്ത് പുതുതായി ഒരു അംശം (തൃക്കങ്ങോട്) കൂടി കൂട്ടിച്ചേർത്തു. വാർഡുകൾ 7

പുനഃസംഘടിപ്പിക്കപ്പെട്ട ഭരണ സമിതി അംഗങ്ങൾ : കെ. നാരായണൻ നമ്പീശൻ (പ്രസിഡൻറ്), എസ്. പണ്ടാരി നായിഡു, പി. കൃഷ്ണൻകുട്ടി നായർ, ടി. രാമൻകുട്ടി നായർ, പി.കെ. മാധവൻകുട്ടി നായർ, എം. നാരായണൻ നായർ, എം. വാമനൻ നമ്പൂതിരി, സി. ബാലൻ നായർ, എം. ഗോവിന്ദൻകുട്ടി നായർ, കെ രാഘവൻ എഴുത്തച്ഛൻ, യു. കോത, പി. കരുണാകരൻ നായർ, കെ. രാഘവനെഴുത്തച്ഛൻ. (അവലംബം - കേരള മുനിസിപ്പൽ & പഞ്ചായത്ത് ഡയറക്ടറി - 1960)

# ചരിത്രത്തിൻെറ ചെപ്പേട്ടുകൾ

തറ, ഊര്, പുലം, ചേരി - ഇവയെല്ലാം ഗ്രാമം എന്നതിൻെറ ദ്രാവിഡരൂപങ്ങളാണല്ലോ. കുന്നത്ത് തറ കൂനത്തറയാകുന്നു. (കൂനത്തറ കിഴക്കേ അറ്റത്ത് ചെട്ടിയാൻമാർ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് ഒരാലും തറയും ഓർമ്മവച്ചനാൾമുതൽ പിതാവിൽ നിന്നും അറിഞ്ഞവരുണ്ട്). പനകൾ നിറഞ്ഞ ഊര് പനയൂർ ആകുന്നു. (ഇന്നും ഈ പഞ്ചായത്തിൽ കരിമ്പനകള്ള് ഏററവും അധികം അളക്കുന്നത് ഇവിടെതന്നെ). ചെറിയ കാടായിരുന്ന പുലം ചെറുകാട്ടുപുലം ആകുന്നു, മനയുടെ ചുറ്റുമുള്ള ചേരി മനച്ചേരി, മനിശ്ശേരിയാകുന്നു. വണിക്കുകളുടെ കുലം വാണിയംകുളമാകുന്നു. അതല്ല, വാണിഭം നടന്നിരുന്ന സ്ഥലത്തുണ്ടായിരുന്ന കുളത്തിൽ നിന്ന് വാണിഭംകുളം, വാണിയംകുളം, ഉണ്ടായി എന്നും മതമുണ്ട്.

**രാഷ്ട്രീയചരിത്രം**

കാലത്തിനൊത്ത് സാമൂതിരിയുടെയും തിരുവിതാംകൂർ രാജാവിൻെറയും ബ്രിട്ടീഷ് കളക്ടറുടെയും പ്രീതിപാത്രമായി സ്വന്തം റവന്യൂ അധികാരം "മാട്ടുങ്കൽ മുതൽ തോട്ടുങ്കൽ വരെ" (ഓങ്ങല്ലൂർ മാട്, കണ്ണിയംപുറം തോട്) പ്രസരിപ്പിച്ച കവളപ്പാറ നായൻമാരുടെതായിരുന്നു, വാണിയംകുളം പഞ്ചായത്തിലെ ചന്തയടക്കം ഭൂമി ഭൂരിഭാഗവും. ബാക്കിയുള്ളത് വരിക്കുമാഞ്ചേരി മനയും, പൂളമണ്ണ മനയും, കാഞ്ഞൂരില്ലവും ഒക്കെയായി കുറച്ചു ബ്രാഹ്മണകുടുംബങ്ങളും ദേവസ്വ-ബ്രഹ്മസ്വങ്ങളും കൂടി പങ്കിട്ടു. വരിക്കുമാഞ്ചേരിക്കാർ ഉപദേശത്തിനും പൗരോഹിത്യത്തിനും, മറ്റുനായന്മാർ കാര്യസ്ഥതക്ക്, പാണൻ ദേശമുറകൾക്ക്, ചെറുമക്കൾ അടിമപ്പണിക്ക്, വാണിയന്മാർ കച്ചവടത്തിന്, തണ്ടാന്മാർ തണ്ടേറ്റാൻ, പുലവർമാർ കവിതക്കും കഥ പറച്ചിലിനും, കുംഭകാരന്മാർ മൺപാത്രനിർമ്മാണത്തിന്... ഇങ്ങിനെ വൈവിധ്യമാർന്ന ഒരു ജനത ഇവിടെ തൊഴിലധിഷ്ഠിത സാമൂഹ്യ യൂണിറ്റുകളായി നിലനിന്നിരുന്നു.

ഒരു കുടിയാനിൽ നിന്ന് പാട്ടഭൂമി തിരിച്ചെടുക്കുമ്പോൾ കൂടെ പോരുന്നവരായിരുന്നു ചെറുമക്കൾ. ഭൂമി പോലെ അവരും ക്രയവസ്തുക്കൾ. മറ്റൊരു കുടിയാനെ ഭൂമി ഏൽപ്പിക്കുമ്പോൾ കൂടെ ചെറുമക്കളെയും കൊടുക്കും. കിഴക്കു വെള്ളകീറുമ്പോൾ പാടത്ത് കൂക്കുയരും. കൂക്കുയരുമ്പോൾ ഇറങ്ങിയാൽ സൂര്യൻ പടിഞ്ഞാറ് ചെരിഞ്ഞതിനുശേഷവും പണിയെടുക്കാൻ വിധിക്കപ്പെട്ടവരായിരുന്നു ഇവിടത്തെ ആദിദ്രാവിഡർ, ചെറുമക്കൾ, എന്നത് ചരിത്രാധ്യായത്തിലെ കറുത്ത വരികൾ. അതോടൊപ്പം തൻെറ അതിർത്തിയിൽ മുസ്ലീമുകൾ അന്തിയുറങ്ങരുത് എന്ന ശാസനവും, പെരുത്തകല്ല് തലയിലേറ്റി ചാടിക്കുന്ന ശിക്ഷാവിധികളും കൂട്ടിവായിച്ചാൽ വാണിയംകുളത്തിൻെറ നാടുവാഴിത്തചരിത്രത്തിൻെറ ചിത്രമായി.

ഇന്ത്യയിലെങ്ങും ഗ്രാമസംസ്കാരത്തിൻെറയും അതുവഴി നാടുവാഴിത്തത്തിൻെറയും നട്ടെല്ലൊടിച്ച ബ്രിട്ടീഷ് കോളനി വാഴ്ചക്കാലം മറ്റു പലയിടങ്ങളിലും എന്നപോലെ വേഴ്ചയിലാണ് തുടങ്ങിയത്. ഒരുകാലത്ത് സാമൂതിരിയുടെ പ്രതിപുരുഷനായി വള്ളുവനാടിൻെറ തെക്കു-കിഴക്കൻ മേഖലയിൽ തങ്ങളുടെ പ്രമാണ്യം സ്ഥാപിച്ച കവളപ്പാറ നായർ കുടുംബം പിന്നീട് സാമൂതിരിയുമായി ഇടയുകയും തിരുവിതാംകൂറിലേക്ക് കൂറുമാറുകയും ഉണ്ടായി. അക്കാലത്ത് ആൺതരിയില്ലാത്ത അവസ്ഥ വന്നു. നേത്യാർ ഭരണമായിരുന്നു പിന്നെ. നേത്യാന്മാരുടെ മകന് ബ്രിട്ടീഷുകാർ ഒരു പ്രഭുവിന് യോജിച്ച വിദ്യാഭ്യാസം നൽകി. കലക്ടറായിരുന്നു ഒത്താശക്ക്.

അങ്ങിനെ, കലിബാധിക്കുന്നത് കാലിലൂടെ എന്നപോലെ, മുതിർന്ന ആണുങ്ങളുടെ അഭാവം മുതലാക്കി സഖ്യം സ്ഥാപിച്ച് ബ്രിട്ടീഷുകാർ പിന്നീട് ദേശീയ പ്രസ്ഥാനത്തിൻെറ അല ഇവിടെയും അടിച്ചുയരുന്നത് വരെ കവളപ്പാറ നായർ ഭരണം തങ്ങൾക്കനുകൂലമായ രീതിയിൽ നില നിർത്താൻ സഹായിച്ചു. നീലാമലകുന്നിൻെറ നെറുകയിലും വാണിയംകുളം ചന്തയുടെ വടക്കു-കിഴക്കേ അറ്റത്തും ഉണ്ടായിരുന്ന മുസാവരി ബംഗ്ലാവുകൾ (മുഷായിര - മദിരയും, മദിരാക്ഷിയും, കവിതയും പ്രധാന വിഭവങ്ങളായ സദസ്സുകൾ നടക്കുന്ന വേദി എന്നതിൽ നിന്ന് മുസാവരി. അങ്ങിനെ മുസാവരി ബംഗ്ലാവ് എന്നുവെച്ചാൽ വിനോദ ബംഗ്ലാവ്) ഈ കൊളോണിയൽ പൈതൃകത്തിൻെറ ബാക്കിപത്രങ്ങളായിരുന്നു. ത്രാങ്ങാലിയിലേയും ചന്തപരിസരത്തേയും പഴമക്കാർ ഇപ്പോഴും ഓർക്കുന്നുണ്ട് അവ.

1920-കളിൽ രാജ്യത്തുടനീളം അലയടിച്ചുയർന്ന ദേശീയ പ്രസ്ഥാനം ഇവിടെ കുടിയാൻപ്രസ്ഥാനം, യോഗക്ഷേമസഭാ പ്രസ്ഥാനം എന്നിവയിലൂടെ പ്രകടമായി. വൈക്കം സത്യാഗ്രഹകാലത്ത് മനിശ്ശീരി വടക്കൂട്ട് (കപ്പൂര്) വീട്ടിലെ ചില ചെറുപ്പക്കാർ പറളശ്ശേരി കുളത്തിൽ തീണ്ടൽ വകവെക്കാതെ കുളിച്ച് പ്രതിഷേധിച്ചു. കൂനത്തറ ഞാളൂരുകാരുടെ ഒത്താശയോടെ കപ്പൂര് എഴുത്തശ്ശന്മാർ തൃക്കങ്ങോട് ക്ഷേത്രപ്രവേശനം നടത്തി. ഈ ആചാരവിപ്ലവത്തിനോടൊപ്പം തന്നെ നമ്പൂതിരി സമുദായത്തിലെ ഉൽപതിഷ്ണുക്കൾ ചേർന്ന് ജന്മിത്തത്തിൻെറ മറപിടി

ച്ച് ആ സമുദായക്കാർ അനുവർത്തിച്ചു പോന്നിരുന്ന ജീർണിച്ച അനാചാരങ്ങളെ എതിർക്കാനായി യോഗക്ഷേമസഭയുണ്ടാക്കി. ഈ പഞ്ചായത്തിൽ ആലമ്പിള്ളി നാരായണൻ നമ്പൂതിരി, നെടുമ്പുഴി രാമൻ നമ്പൂതിരി എന്നിവരൊക്കെ ആ പ്രസ്ഥാനത്തിലൂടെ കോൺഗ്രസ്സിലേക്കും സ്വാതന്ത്ര്യസമരത്തിലേക്കും കടന്നുവന്നവരാണ്. പോഴത്ത് മന പരമേശ്വരൻ നമ്പൂതിരിയും യോഗക്ഷേമസഭയിൽ പ്രവർത്തിച്ചുവെങ്കിലും പിന്നീട് കൊഴിഞ്ഞുപോയി.

കുടിയാൻ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തവർ എം.പി. അനന്തൻ നായർ, ചീരങ്കൻ ചെട്ട്യാർ, ലക്ഷ്മണ ചെട്ട്യാർ എന്നിവരായിരുന്നു. ഇതിൽ ലക്ഷ്മണ ചെട്ട്യാർ വരിക്കുമാഞ്ചേരിയുടെ "കല്ലുവെച്ച് ചാടിക്കൽ" ശിക്ഷയുടെ അവമാനത്തിൽ നിന്നാണ് നാടുവാഴിനിയമങ്ങളുടെ ലക്ഷ്മണരേഖ ഭേദിച്ച് ദേശീയപ്രസ്ഥാനത്തിലേക്ക് എടുത്തുചാടിയത്.

ഇതേ സമയം യോഗക്ഷേമസഭയിലെ പാഞ്ഞാൾ ഉണ്ണിനമ്പൂതിരിമാർ "സിംഹത്തെ മടയിൽ വെച്ചുതന്നെ എതിരിടുവാൻ" കവളപ്പാറയിൽ എത്തി. അവിടെ നടക്കുന്ന നമ്പൂതിരി - നായർ വിവാഹം തടയുകയായിരുന്നു ഉദ്ദേശം.

ഇങ്ങിനെ മൂന്നു വഴികളിലായി എഴുത്തശ്ശൻമാരുടെ നേതൃത്വത്തിൽ തീണ്ടായ്മക്കെതിരെ, ഇടത്തരം നായന്മാരുടെയും ചെട്ട്യാൻമാരുടെയും നേതൃത്വത്തിൽ ജന്മിക്കതിരെ, യോഗക്ഷേമസഭയുടെ നേതൃത്വത്തിൽ ബ്രാഹ്മണ്യ ജീർണതയ്ക്കെതിരെ - ഈ പഞ്ചായത്തിൽ ദേശീയപ്രസ്ഥാനം ശക്തി പ്രാപിച്ചു.

1937ൽ കവളപ്പാറ യു.പി. സ്കൂളിന്റെ പടിഞ്ഞാറുവശത്തുണ്ടായിരുന്ന ആൽത്തറയിൽവെച്ച് എ.കെ.ജി.യുടെ നേതൃത്വത്തിൽ യാചനാസമരയാത്രികർക്ക് നൽകിയ സ്വീകരണത്തിൽ ഏറ്റവും അധികം ആളുകൾ പങ്കെടുത്തത് എം.പി. അനന്തൻനായരുടെയും ലക്ഷ്മണചെട്ട്യാരുടെയും മുൻകൈയിൽ കൂനത്തറനിന്നായിരുന്നു.

1940-കൾ വാണിയംകുളം പഞ്ചായത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉദയവും വളർച്ചയുമാണ് കണ്ടത്. കപ്പൂരുകാരും മറ്റും കോൺഗ്രസ്സിന്റെ മുഖ്യധാരയിൽ ഉറച്ചുനിന്നപ്പോൾ അനന്തൻനായരും കൂനത്തറ ചെട്ട്യാന്മാരും അടങ്ങുന്ന ഇടതുപക്ഷകോൺഗ്രസ്സുകാർ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും 1946ൽ പാർട്ടി രൂപീകരിക്കപ്പെട്ടപ്പോൾ പാർട്ടിയിലും ചേർന്നു.

1941-ൽ പഞ്ചായത്ത് രൂപീകൃതമായി എങ്കിലും അന്നു തിരഞ്ഞെടുത്ത ഭരണസമിതിയൊന്നും ഇല്ലായിരുന്നു (അന്യത്ര). പ്രമാണിമാരുടെ കിടമത്സരത്തിൽ പടിക്കൽ ശങ്കരൻനായർ പ്രോഗ്രസീവ് കമ്മിറ്റിയുടെ ബാനറിന്റെ സഹായത്തോടെ നോമിനേറ്റഡ് പ്രസിഡൻറായി. 1953ലാണ് ആദ്യത്തെ പഞ്ചായത്ത് തിരഞ്ഞെടുപ്പ് ഇവിടെ നടക്കുന്നത്. ഇതിൽ വാർഡ് അടിസ്ഥാനത്തിലുള്ള മത്സരമായിരുന്നു. ഒരു വാർഡിൽ നിന്ന് മൂന്നംഗങ്ങളാണ് തിരഞ്ഞെടുക്കപ്പെട്ടിരുന്നത്. അന്നു മൊത്തം ഏഴു വാർഡുകളാണ് ഉണ്ടായിരുന്നത്. നാരായണൻ നമ്പീശന്റെ നേതൃത്വത്തിൽ ഉണ്ടായ ഭരണസമിതിയിൽ ഒരു വനിതാ അംഗവും മൂന്ന് ഇടതുപക്ഷ അംഗങ്ങളും ഉണ്ടായിരുന്നു. വനിതകളുടെ രാഷ്ട്രീയ പ്രവേശനം ഔദ്യോഗിക സാക്ഷ്യം പൂണ്ടത് അന്നാണ്.

നീണ്ട 10 വർഷങ്ങൾ ഈ സമിതി ഭരിച്ചു. 1964ൽ വീണ്ടും തിരഞ്ഞെടുപ്പ് വന്നു. അന്ന് പ്രസിഡൻറായ സി.ഡി. മേനോൻ പിന്നെ 16 വർഷം തുടർന്നു. അടിയന്തിരാവസ്ഥയ്ക്കു ശേഷം 1979ലാണ് പിന്നെ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടക്കുന്നത്. സി.ഡി. മേനോന്റെ ഭരണസമിതിയിൽ അംഗമായിരുന്ന രാമചന്ദ്രൻനായർ പിന്നീട് 1988ൽ പ്രസിഡൻറായി. 1995 സെപ്തംബറിലാണ് ഒ. കുമാരന്റെ നേതൃത്വത്തിൽ ഭരണസമിതി സ്ഥാനമേറ്റത്.

## വാണിജ്യചരിത്രം

നാടുവാഴിത്തകാലത്തും ജനാധിപത്യ ഭരണസമിതികളുടെ കാലത്തും, ഭരണം നടത്തുന്നവർ ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത് വാണിയംകുളം ചന്തയിലാണ്. ഈ പഞ്ചായത്തിന്റെ വികാസം ഇവിടുത്തെ ചന്തയുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. 20 മൈൽ ചുറ്റളവിലുള്ള സാധാരണ ഗ്രാമീണർ മുഴുവൻ ഈ ചന്തയെയാണ് അവശ്യസാധനങ്ങൾക്കും, വൈദ്യം, മുടിവെട്ട്, തുടങ്ങിയ മറ്റു സേവനങ്ങൾക്കും ആശ്രയിച്ചിരുന്നത്.

കച്ചവടത്തിന്റെ അഭിവൃദ്ധി ലാക്കാക്കി കവളപ്പാറ നായർ തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവന്ന് കുടിയിരുത്തിയ നായിഡു, പിള്ള, ചെട്ട്യാർ, എന്നീ വിഭാഗങ്ങളിൽപ്പെട്ട വണിക്കുകൾ ഇന്നും ഈ അങ്ങാടിയുടെ ചുക്കാൻ പിടിക്കുന്നു. തെലുങ്കുചെട്ട്യാന്മാർ ആന്ധ്രയിൽ നിന്ന് തമിഴ്നാട്ടിലെ ചുണ്ണക്കാമ്പത്തൂർ, കോയമ്പത്തൂർ വഴിയും, നായിഡുമാർ കപ്പൽമുളകു കച്ചവടക്കാരായി ചെങ്കോട്ട, കൊല്ലം, തൃശൂർ വഴിയും ഇവിടെയെത്തി. മുൻപുതന്നെ തമിഴകത്തു നിന്നു വന്ന ശൈവവെള്ളാളർ (ശൈവപൂജക്കാർ) പിന്നീടു വന്ന നായിഡു, നായ്ക്കർ, ചെട്ട്യാർ (വൈഷ്ണവർ) എന്നിവരെ കൂടി ശൈവമൂർത്തിയായ മാരിയമ്മന്റെ പ്രസാദാത്തിൻകീഴിലേയ്ക്ക് ആകർഷിച്ചു. 'എല്ലൈതാണ്ടി' (അതിർകടന്ന്) മാത്രം ശ്മശാനം വെയ്ക്കുക, തീണ്ടിയാൽ കിണർ പാൽ ഒഴിച്ച് ശുദ്ധീകരി

ക്കുക എന്നിങ്ങനെ നിരവധി ആചാരബദ്ധവിശ്വാസങ്ങൾ ഇവർക്കിടയിൽ ഉണ്ടായിരുന്നു.

## വിദ്യാഭ്യാസചരിത്രം

ഒരു ന്യൂനപക്ഷത്തിന് മാത്രം പ്രാപ്യമായിരുന്ന വിദ്യാഭ്യാസത്തെ ജനകീയവൽക്കരിക്കുന്നതിൽ സാമൂതിരിയുടെ ആദേശപ്രകാരം ഉദരപൂരണത്തിനായി വിദ്യാദാനം തൊഴിലാക്കിയ എട്ടുവീട്ടിൽ എഴുത്തശ്ശൻമാരുടെ ചില ശാഖകളാണ് ഏറനാടിൽ നിന്ന് വള്ളുവനാടും ഇങ്ങ് വാണിയംകുളത്തും എത്തി മുൻകൈ എടുത്തത്. ക്രമേണ വിദ്യാദാനം അവർക്ക് കേവലം ജീവസന്ധാരണം മാത്രമല്ല, സമൂഹത്തിൽ മാന്യമായ ഒരു സ്ഥാനവും നേടികൊടുത്തു. വിദ്യ കുത്തകയാക്കിയിരുന്ന നാടുവാഴികളുടെയും ബ്രാഹ്മണരുടെയും മേധാവിത്വത്തിനെതിരെ അവർ വിദ്യ തന്നെ ആയുധമാക്കി.

ഈ പഞ്ചായത്തിലെ സ്കൂളുകൾ മിക്കവയും സ്ഥാപിച്ചത് ഒരെഴുത്തശ്ശനായിരിക്കും. മനിശ്ശീരയിൽ ഉമ്പു എഴുത്തശ്ശൻ, അച്ചുതനെഴുത്തശ്ശൻ, പനയൂരിൽ പി. കൃഷ്ണനെഴുത്തശ്ശൻ, മലയത്തമ്മകോളനിയിലെ ശങ്കുണ്ണി എഴുത്തശ്ശന്റെ ഏകാദ്ധ്യാപക വിദ്യാലയം.... ഇങ്ങനെ ഇവിടുത്തെ ജനകീയവിദ്യാഭ്യാസത്തിന്റെ നാഴികക്കല്ലുകൾ ഓരോന്നും എഴുത്തശ്ശൻമാരുടെ സംഭാവനയാണ് എന്ന് കാണാം. അതുകൊണ്ടുതന്നെ ദേശീയപ്രസ്ഥാനത്തിന്റെ ഇവിടത്തെ ആദ്യക്കാരിൽ ഭൂരിഭാഗവും അവരായിരുന്നു.

വിദ്യാഭ്യാസത്തിന്റെ വൈദേശികധാര ഇവിടെ എത്തിച്ചത് 1897ൽ കോഴിക്കോട്ടു നിന്നെത്തിയ ജർമ്മൻ മിഷണറിമാരാണ്. സുവിശേഷപ്രവർത്തനത്തിനായി അവർ ഇവിടെ സ്കൂൾ സ്ഥാപിച്ചു - ജർമ്മൻ മിഷൻ ഇംഗ്ലീഷ് മിഡിൽ സ്കൂൾ. അതിനോടനുബന്ധിച്ച ബംഗ്ലാവിൽ ഹെർമ്മൻ ഗുണ്ടർട്ട് താമസിച്ചിട്ടുണ്ട്. ഏതായാലും ഒന്നാം ലോകമഹായുദ്ധത്തിന്റെ പ്രതിഫലനമായി ബ്രിട്ടീഷ് കളക്ടർ ഇവിടെ സ്കൂൾ നടത്തിയിരുന്ന മിഷണറിമാരെ അറസ്റ്റ് ചെയ്തു. അവർ നാടുവിട്ടു. പിന്നെ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്വിറ്റ്സർലാണ്ടിൽ നിന്ന് ബാസിൽ ഇവാൻജലിക്കൽ മിഷണറിമാർ വന്ന് ആ സ്കൂൾ പുനഃസ്ഥാപിച്ചു. അതാണ് ഇന്നത്തെ ബാസിൽ ഇവാൻജലിക്കൽ മിഷൻ ലോവർ പ്രൈമറി സ്കൂൾ. ഇവിടെ വിദ്യാഭ്യാസം നടത്തിയ ഒരു വാണിയംകുളത്തുകാരൻ ബർമ്മയിൽ പോസ്റ്റ്മാസ്റ്റർ ജനറൽ ആയി. അദ്ദേഹം ഇപ്പോഴില്ല.

ഇന്നും വാണിയംകുളത്തെ വിദ്യാഭ്യാസരംഗത്ത് മുന്നണിക്കാർ എഴുത്തശ്ശൻമാരും (സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ, മാനേജർമാർ), കൃസ്ത്യാനികളും (സ്വകര്യ നേഴ്സറി സ്കൂളുകൾ, സമീപമുനിസിപാലിറ്റികളിലുള്ള മറ്റ് സ്കൂളുകൾ) തന്നെയാണ്.

## സാംസ്കാരികചരിത്രം

രാഷ്ട്രീയം, വാണിജ്യം, വിദ്യാഭ്യാസം എന്നിവയിൽ ഉണ്ടായ ചലനങ്ങൾ പ്രതിഫലിപ്പിക്കുന്ന ഒരു സാംസ്കാരികചരിത്രവും വാണിയംകുളത്തിനുണ്ട്. കവളപ്പാറ ആരിയങ്കാവിനെ ചുറ്റിപ്പറ്റി തഴച്ചുവളർന്ന അടിയാള സാംസ്കാരിക പൈതൃകവും നാടുവാഴിനായരുടെയും ജന്മിനമ്പൂതിരിമാരുടെയും ആഢ്യഗൃഹങ്ങളിൽ കൊഴുത്ത വരേണ്യ സാംസ്കാരികപൈതൃകവും ഈ രംഗത്തെ മുഖ്യധാരകളായിരുന്നു. ഒരുവശത്ത് പൂതൻ, തിറ, തുയിലുണർത്ത്, പൊറാട്ട്, തമിഴ് സംഗീത നാടകങ്ങൾ എന്നീ അടിയാള കലകൾ. മറുവശത്ത് കഥകളി, പാനേങ്കളി, കൈകൊട്ടികളി, തിരുവാതിരക്കളി, എന്നീ ആഢ്യകലകൾ. കവളപ്പാറ നാരായണൻനായരുടെ കഥകളിയും കവളപ്പാറ കൊമ്പന്റെ എഴുന്നള്ളത്തും നമ്പൂതിരിമാരുടെ അക്ഷരശ്ലോകവും നായർ പെൺകിടാങ്ങളുടെ കൈകൊട്ടികളിയും അന്തർജനങ്ങളുടെ തിരുവാതിരക്കളിയും, ഒക്കെ അടങ്ങിയ ആഢ്യധാര; പാണൻമുത്തുവിന്റെ ഓലക്കുടവെപ്പും തുയിലുണർത്തും പൂതനും തിറയും, ഇലമുറിയും മരണമറിയിക്കലും, ചെറുമൻ കൊലവന്റെ ചെറുമക്കളിയും കോൽക്കളിയും മരണംകൂക്കലും ചക്ലിയൻ നാമുത്തുവിന്റെ തപ്പുകൊട്ടും തകിലടിയും ഒക്കെ നിറഞ്ഞ അടിയാളധാര.

1930കളിൽ, സ്ത്രീകൾ എല്ലാ തുറയിലും അദൃശ്യമായിരുന്ന കാലഘട്ടത്തിൽ, ചക്കമലയത്ത് കുട്ടൻനായരുടെ (പനയൂർ) നളചരിതം ടീമിൽ ദമയന്തിയുടെ വേഷം ഒരു സ്ത്രീ തന്നെ കെട്ടിയാടിയിട്ടുണ്ട് എന്നുള്ളത് വനിതാ വിമോചനവാദികൾക്ക് ഒരു പ്രചോദനമാകാം. ദമയന്തിയായ കണ്ണത്ത് ഭാർഗ്ഗവി അമ്മക്ക് അന്ന് വയസ്സ് 17. ദേശീയ പ്രസ്ഥാനത്തിന്റെ ആവേശം ഉൾക്കൊണ്ട് പിന്നീട് പല വരേണ്യവർഗ്ഗക്കാരും പല തലങ്ങളിലും പല തോതിലും അടിയാള സാംസ്ക്കാരികധാരയിലേയ്ക്ക് ഉൾചേർന്നിട്ടുണ്ട്. ഞാളൂരുകാർ, കപ്പൂരുകാർ, കുഴിക്കാട്ടിലുകാർ, കിഴക്കേക്കരക്കാർ, മേലേതിലുകാർ, രാമങ്കണ്ടത്തുകാർ, ചക്കമലയത്തുകാർ, മൂരിയിൽ മനക്കാർ, മടങ്ങർളി മനക്കാർ, പോഴത്തുമനക്കാർ, തടുക്കശ്ശേരി മനക്കാർ എന്നിങ്ങനെ പലരും വിദ്യാഭ്യാസ-രാഷ്ട്രീയ-സാംസ്ക്കാരിക രംഗങ്ങളിലെ ഉത്പതിഷ്ണുത്വധാരയെ പുണർന്നവരാണ്.

## തിരശ്ശീല

ഇങ്ങിനെ അടിയാള-മേലാള, ദേശീയ-വിദേശീയ

സമരങ്ങളുടെ സത്ത പൂർണമായും ഉൾച്ചേർന്നിരുന്ന, പ്രതിഫലിപ്പിച്ചിരുന്ന, ഒരു രാഷ്ട്രീയ-വാണിജ്യ-വിദ്യാഭ്യാസ-സാംസ്ക്കാരികചരിത്രമാണ് വാണിയംകുളം പഞ്ചായത്തിന്റേത്. ഇപ്പോൾ നാം ഏർപ്പെട്ടിരിക്കുന്ന ജനകീയാസൂത്രണപ്രസ്ഥാനത്തെ ജനാധിപത്യവത്ക്കരണത്തിന്റെ സമരപൈതൃകം ശക്തി പകർന്ന നമ്മുടെ പഞ്ചായത്തിലെ ഗ്രാമീണരും മറ്റെല്ലാ വിഭാഗം ജനങ്ങളും ആവേശത്തോടെയാണ് സ്വാഗതം ചെയ്തിരിക്കുന്നത് എന്ന് അതിന്റെ ഒന്നാംഘട്ട പ്രവർത്തനം വ്യക്തമാക്കുന്നു.

ഈ ചരിത്രപരിസരത്തു നിന്നാണ് പ്രസ്ഥാനത്തിന്റെ രണ്ടാംഘട്ടമായ സെമിനാറിൽ ഈ വികസന റിപ്പോർട്ട് ഞങ്ങൾ സമർപ്പിക്കുന്നത്. ഇതിലെ ഉള്ളടക്കം ക്രിയാത്മകമായ ചർച്ചകൾക്ക് വിധേയമാക്കാനും ഇതിന്റെ പ്രയോഗഘട്ടത്തിലേയ്ക്ക് കൂടുതൽ ശക്തിയോടെ മുന്നോട്ടുപോകുവാനും പോന്ന ഉയർന്ന ജനാധിപത്യ ബോധമാണ് നമ്മുടെ പൈതൃകം.



# നടന്നുനോട്ടം

നടത്തം വിജ്ഞാനപ്രദമാകുക, അത് രസകരമാക്കുക - ഇവ രണ്ടും ഒത്തുകിട്ടാൻ പ്രയാസമാണ്. എന്നാൽ പഞ്ചായത്തിലെ അഞ്ച് ദ്രുതപഠന സംഘങ്ങൾക്കും ഒക്ടോബർ 29,30 തിയ്യതികൾ വിജ്ഞാനദായകവും ഹൃദ്യവും ആയ അനുഭവങ്ങളാണ് സമ്മാനിച്ചത്. വടക്കുതെക്കായി രണ്ട് സംഘങ്ങളും പടിഞ്ഞാറുകിഴക്കായി മൂന്ന് സംഘങ്ങളും ആണ് നടന്നത്. ഈ നടത്തങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ സ്വയംവിശദീകരണക്ഷമമായ അഞ്ച് ട്രാൻസെക്ട് ഭൂപടങ്ങളും അവയെ കൂട്ടിയിണക്കിയ മറ്റൊരു സമഗ്രഭൂപടവുമാണ് താഴെ കൊടുക്കുന്നുത്.



വികസനരേഖ വികസനരേഖ വികസനരേഖ വികസനരേഖ വികസനരേഖ വികസനരേഖ

പഠനപര്യടനം - വാണിയംകുളം പഞ്ചായത്ത് -

തെക്കുഭാഗം - പടിഞ്ഞാറുനിന്ന് കിഴക്കോട്ട് -



| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| സ്ഥലം | വടക്ക് നിളാമല. തെക്ക് ഭാരതപ്പുഴ. ആഞ്ജനേയ... കലാസമിതി. | അംഗൻവാടി. നെടുങ്ങോട്ടൂർ വീട്. | ഐക്കര പീടികമുറി. | പള്ളംപടി മിൽ വീട്. | വടക്ക് നായാടിക്കുന്ന്. പാടം. | മലയത്ത് കോളനി | പൈപ്പ്. | കുടത്തിൽ പടി. | മന്നന്തൂർ റേഷൻകട. | കുട്ടിക്കാട്ടിൽ രാധാകൃഷ്ണൻമാസ്റ്ററുടെ ഇടവഴി |
| ഭൂപ്രകൃതി | സമതലം. നെൽവയൽ. | ചെരിവുള്ള ഉയർന്ന പ്രദേശം | സമതലം. കയറ്റം. | കുന്നിൻപ്രദേശം കുത്തനെയുള്ള ഇറക്കം. | നെൽകൃഷി. വടക്ക് ഉയർന്ന ഭൂമി തെക്ക് താഴ്ന്നഭൂമി | കുത്തനെ കയറ്റം. | കുന്നിൻ ചെരിവ്. | കുന്നിൻ പ്രദേശം കയറ്റം. | കുന്നിൻ പ്രദേശം സമതലം. | കയറ്റവും ഇറക്കവും ഉള്ള ഭൂമി. തരിശുനിലം |
| മൺതരം | ചളി നിറഞ്ഞ പശിമയാർന്ന മണ്ണ് | Laterate soil | Laterate soil | പാറ നിറഞ്ഞ ഭൂമി | പാറ നിറഞ്ഞ ഭൂമി. പശിമയാർന്ന മണ്ണ്. | ചളി നിറഞ്ഞ പശിമയാർന്ന മണ്ണ്. | പാറയുള്ള Laterate soil | Laterate soil | ചെങ്കൽ മണ്ണ്. പാറ. | പാറകലർന്ന പ്രദേശം. |
| സസ്യാവരണം | കവുങ്ങ്, നെല്ല്, തെങ്ങ്, ഫലവൃക്ഷങ്ങൾ. | റബ്ബർ, തെങ്ങ്, വാഴ, ഫലവൃക്ഷങ്ങൾ | ഫലവൃക്ഷങ്ങൾ തെങ്ങ്, പന. | കശുമാവ്. റബ്ബർ, തെങ്ങ്, പാഴ്മരങ്ങൾ | നെൽകൃഷി, പച്ചക്കറികൃഷി, തെങ്ങ്, കവുങ്ങ് | ഇഞ്ചി, ചേന പച്ചക്കറി ഔഷധസസ്യം. | പച്ചക്കറി, തെങ്ങ്, പാഴ്മരങ്ങൾ. | കരിമ്പന. നെല്ല്, തെങ്ങ്, പച്ചക്കറി. | ഔഷധസസ്യം. കരിമ്പന, വാഴ, തെങ്ങ്. | തെങ്ങ്, വാഴ, പച്ചക്കറി, കശുമാവ്. |
| ജലലഭ്യത | ഭാഗികമായി വെള്ളം. | മിതം. | മിതം. | മിതം. | മിതം. | ഉയർന്നഭാഗങ്ങളിൽ ദൗർലഭ്യം. മിതം. | മിതം. | മിതം. | മിതം. | മിതം. |
| പരിസ്ഥിതി പ്രശ്നങ്ങൾ | വെള്ളക്കെട്ട്. കുന്നിടിച്ചിൽ വരൾച്ച. | -- | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | കുന്നിടിച്ചിൽ. | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മാലിന്യപ്രശ്നം. | -- | മണ്ണൊലിപ്പ് |

| | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
|---|---|---|---|---|---|---|---|---|---|---|
| സ്ഥലം | ഉണ്ണിരാമന്റെ വീട്. | പാപ്പുള്ളിക്കുന്നത്തെ നായരുടെ വീട്. | വെളുത്തപ്പാട്. തെക്കേത്ത് പാപ്പുള്ളി വീട്. | വെളുത്തപ്പാട് കൈതത്തോട് പാടം. | വെളുത്തപ്പാട് പാടം. കുട്ടൻകുട്ടി യുടെ വീട് | വടക്ക് ചിറ്റൂരിക്കുന്ന് കുഞ്ഞിരാമൻ വേണുവീട്. | പോറോട്ടൂർ കാവ് | പോറോട്ടൂർ ജംഗ്ഷൻ | പുലാശ്ശിത്തോട് പാടം | റെയിൽ. പട്ടാമ്പി. ഭാരതപ്പുഴ |
| ഭൂപ്രകൃതി | കയറ്റവും ഇറക്കവും ഉള്ള ഭൂമി. | കുന്നിൻ പ്രദേശം. | കുന്നിൻ ചെരുവ്. സമതലം. | സമതലം നെൽപാടം | സമതലം. പാടം. കയറ്റം. | കുന്നിൻ പ്രദേശം. ചരിവ്. | കുന്നിൻചെരിവ് ഉയർന്ന സമതലങ്ങൾ. | കുന്നിൻ ചെരിവ്, സമതലം | കുന്നിൻ ചെരിവ് | നെൽകൃഷി ഭാരതപ്പുഴയോരം. |
| മൺതരം | ചെങ്കൽ മണ്ണ്. പാറ. | ചെങ്കൽ കലർന്ന പശിമയാർന്ന മണ്ണ്. | ചെങ്കൽ കലർന്ന പശിമയാർന്ന മണ്ണ്. | പശിമയാർന്ന മണ്ണ്, മണൽ | പശിമയാർന്ന മണ്ണ്. മണൽ. പാറ. | ചെങ്കൽ മണ്ണ്. പാറ. | ചെങ്കൽ മണ്ണ്. പാറ. | ചെങ്കൽ കലർന്ന പശിമയാർന്ന മണ്ണ്. | പശിമയാർന്ന മണ്ണ്. ചെങ്കൽ മണ്ണ്. | ചളിനിറഞ്ഞ പശിമയാർന്ന മണ്ണ്. മണൽ. |
| സസ്യാവരണം | റബ്ബർ, ഉള്ളി, ചേന, തെങ്ങ്, കവുങ്ങ് | റബ്ബർ, തെങ്ങ്, ഫലവൃക്ഷങ്ങൾ, നെൽകൃഷി. | തെങ്ങ്, പന നെൽകൃഷി. | തെങ്ങ്, ഫലവൃക്ഷങ്ങൾ നെൽകൃഷി. | തെങ്ങ്, ഫലവൃക്ഷങ്ങൾ, പച്ചക്കറി, നെൽകൃഷി. | കരുമുളക്, വാഴ, തെങ്ങ്, ഫലവൃക്ഷങ്ങൾ പച്ചക്കറി. | തേക്ക്, തെങ്ങ്, വാഴ, പാഴ്മരങ്ങൾ | തേക്ക്, റബ്ബർ, പാഴ്മരങ്ങൾ, തെങ്ങ്, കവുങ്ങ് | നെൽകൃഷി, നേന്ത്രവാഴ തോട്ടം, പച്ചക്കറി. | വാഴ, നെൽകൃഷി. |
| ജലലഭ്യത | മിതം. | മിതം. | മിതം. | ധാരാളം. | മിതം. | ദാരിദ്ര്യം. | ദാരിദ്ര്യം. | ദാരിദ്ര്യം. | മിതം. | മിതം. |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ് | -- | മണ്ണൊലിപ്പ് | കുന്നിടിച്ചിൽ വെള്ളക്കെട്ട് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | -- | മണ്ണൊലിപ്പ്, വെള്ളക്കെട്ട്. | വെള്ളക്കെട്ട്. |

## പഠനപര്യടനം - വാണിയംകുളം പഞ്ചായത്ത് -
## ഭൂഭാഗം - പടിഞ്ഞാറുനിന്ന് കിഴക്കോട്ട് -



| | | | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്ഥലം | മസ്ജിദ് ജംഗ്ഷൻ പ്രദേശം | ഒരേരി പാടം | [illegible] | ആരിയാം കണ്ടി പറമ്പ് | [illegible] | പാടം വി.പി. [illegible] | [illegible] | [illegible] | പാടം | പരിയാരത്ത് [illegible] പാടം | പാടം മുതൽ [illegible] വരെ | [illegible] | [illegible] | [illegible] പാടം | കരിങ്ങാ പാടം | പാടം - [illegible] പ്രദേശം | [illegible] | [illegible] വരെ | [illegible] | [illegible] | [illegible] | [illegible] ചെരിവ് | [illegible] | മനിശ്ശേരി പാടം | പാടം മുതൽ [illegible] | [illegible] | [illegible] | [illegible] |
| ഭൂപ്രകൃതി | ഉയർന്ന കരഭൂമി | അല്പം പാടം, സമതല പ്രദേശം | ഉയർന്ന ചെരിവ് പ്രദേശം | നിരപ്പായ കരഭൂമി | ചെറിയ ചെരിവ് പ്രദേശം | പാടം, പകുതി കരഭൂമി | ഉയർന്ന ഭാഗം, ചെരിവ് ഭൂമി | കരഭൂമി സമതലം | ചെരിഞ്ഞ ഭൂമി | പാടം സമതലം | ചെറിയ കുന്നിൻ പ്രദേശം കരഭൂമി | താഴ്ന്ന പ്രദേശം. കരഭൂമി. | ചെരിഞ്ഞ കരഭൂമി. കയറ്റം. | കുത്തനെയുള്ള ചെരിവ് പ്രദേശം. | പാടം സമതലം | ചെരിവ് കയറ്റം | ചെരിവ് പ്രദേശം | ചെരിവ് പ്രദേശം (കയറ്റം) | ചെരിവ് പ്രദേശം | ചെരിവ് പ്രദേശം (കയറ്റം) | സമതലം കരഭൂമി | ചെരിവ് പ്രദേശം കരഭൂമി | കരഭൂമി | പാടം സമതലം. | ചെരിഞ്ഞ പ്രദേശം കരഭൂമി | സമതല പ്രദേശം. | ചെരിഞ്ഞ പ്രദേശം. | പാടം. സമതലം. |
| മണ്ണ്‌തരം | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെങ്കല്ല് മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | വെട്ടുകൽ മണ്ണ് | വെട്ടുകൽ മണ്ണ്. | ചെമ്മണ്ണ് | ചെളി മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെളി മണ്ണ് | വെട്ടുകൽ മണ്ണ് | ചെമ്മണ്ണ് | കരിങ്കൽ പാറ. ചെമ്മണ്ണ്. | ചെമ്മണ്ണ്. | വെട്ടുകൽ മണ്ണ് | പാറ. പൂഴി മണ്ണ്. | വെട്ടുകൽ മണ്ണ്. | ചെമ്മണ്ണ് | ചെമ്മണ്ണ്. | ചെമ്മണ്ണ്. | ചരൽ ഉരുളൻ കല്ലുകൾ മണ്ണ്. | ചെമ്മണ്ണ്. | ചെമ്മണ്ണ് |
| സസ്യാവരണം | [illegible] പച്ചക്കറികൾ | നെല്ല് | ഫലവൃക്ഷങ്ങൾ | തരിശുഭൂമി പുല്ല് | ഫലവൃക്ഷങ്ങൾ പച്ചക്കറികൾ | നെല്ല്, വാഴ തെങ്ങ്. | തെങ്ങ് പച്ചക്കറികൾ | റബ്ബർ, തെങ്ങ്, പച്ചക്കറികൾ | ഫലവൃക്ഷങ്ങൾ പച്ചക്കറികൾ | നെല്ല് | കരിമ്പന പച്ചക്കറികൾ ഫലവൃക്ഷങ്ങൾ | പച്ചക്കറികൾ റബ്ബർ, വാഴ, തേക്ക്. | പച്ചക്കറികൾ ഫലവൃക്ഷങ്ങൾ | റബ്ബർ പച്ചക്കറികൾ ഫലവൃക്ഷങ്ങൾ | നെല്ല് | ഫലവൃക്ഷങ്ങൾ പച്ചക്കറികൾ | തെങ്ങ് റബ്ബർ പച്ചക്കറികൾ | കവുങ്ങ്, [illegible], ഫലവൃക്ഷങ്ങൾ | തെങ്ങ്, ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ | ഫലവൃക്ഷങ്ങൾ പച്ചക്കറികൾ | തെങ്ങ് റബ്ബർ ഫലവൃക്ഷങ്ങൾ പച്ചക്കറികൾ | ഇഞ്ചി ഫലവൃക്ഷങ്ങൾ | തെങ്ങ് ഇഞ്ചി ഫലവൃക്ഷങ്ങൾ | നെല്ല് | റബ്ബർ പച്ചക്കറികൾ | തെങ്ങ് കുരുമുളക്, വാഴ, [illegible], ഫലവൃക്ഷങ്ങൾ | കവുങ്ങ്, തെങ്ങ്, ഫലവൃക്ഷങ്ങൾ | നെല്ല് |
| ജലലഭ്യത | മിതം | ധാരാളം | മിതം | ദാരിദ്ര്യം | മിതം | ധാരാളം | ധാരാളം | ദാരിദ്ര്യം | മിതം | മിതം | മിതം | ദാരിദ്ര്യം | മിതം | ദാരിദ്ര്യം | ധാരാളം | ദാരിദ്ര്യം | ധാരാളം | ദാരിദ്ര്യം | ദാരിദ്ര്യം | ദാരിദ്ര്യം | ദാരിദ്ര്യം | ദാരിദ്ര്യം | മിതം | ധാരാളം | മിതം | മിതം | ദാരിദ്ര്യം | മിതം |

പരിസ്ഥിതി പ്രശ്നങ്ങൾ - [ഇവിടത്തെ മണ്ണൊലിപ്പ് [illegible] വന്നിരിക്കുന്നു. [illegible] - [illegible] പ്രദേശങ്ങൾ]

Note : പടിഞ്ഞാറു ഭാഗത്തെ [illegible] പാടത്ത് [illegible] പടിഞ്ഞാറു ഭാഗത്തെ [illegible]. എന്നാൽ കിഴക്കു ഭാഗത്ത് പാടത്ത് [illegible] [illegible].

പഠനപര്യടനം - വാണിയംകുളം പഞ്ചായത്ത് -
വടക്കുഭാഗം - പടിഞ്ഞാറുനിന്ന് കിഴക്കോട്ട് -



| സ്ഥലം | കോടമുവം | നിളിക്കളം ഇരിപ്പൻതോട് നിലം. | കുന്നത്തുപടി | തുണ്ടായിപടി | മുണ്ടൻതോട്പാടം | പടത്ത പള്ള്യാൽ | ഓട്ടുപാറക്കുന്ന് |
|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കുന്നിൻ മുകൾ. ചെരിവ്. | ചെരിവ്. സമതലം. വടക്കും തെക്കും ഉയർന്നഭൂമി. | സമതലം. കയറ്റവും ചെരിവും | കയറ്റം. കുന്നിൻപ്രദേശം വടക്കും തെക്കും താഴ്ന്നഭൂമി. | സമതലം. നെൽവയൽ. ഇരുഭാഗവും ഉയർന്നഭൂമി | തരിശുഭൂമി. സമതലം. ഇറക്കം. | തരിശുഭൂമി. തിപ്പാറ. ഇറക്കം. |
| മണ്ണിനം | വെട്ടുകൽ പ്രദേശം. | പശിമരാശി മണ്ണ്. | പശിമരാശി മണ്ണ്. വെട്ടുകല്ല്. | തിപ്പാറയും, വെട്ടുകല്ലും. | പശിമരാശി മണ്ണ്. വെട്ടുകല്ല്. | പശിമരാശി മണ്ണ്. വെട്ടുകല്ല്. | വെട്ടുകല്ല്. ചെമണ്ണ് തിപ്പാറ |
| സസ്യാവരണം. | കശുമാവ്, റബ്ബർ, പട്ടമരങ്ങൾ. | നെൽവയൽ, വാഴ, തെങ്ങ്, കവുങ്ങ് | നെൽവയൽ, തെങ്ങ്, ഇടവിളകൾ, വടക്ക് റബ്ബർ. | തെങ്ങ്, റബ്ബർ, പട്ടമരങ്ങൾ, കാട്ടുമരങ്ങൾ. | നെൽകൃഷി തെങ്ങ്, വാഴ, റബ്ബർ. | പട്ടമരങ്ങൾ, നെല്ല്, വടക്ക് റബ്ബർ. | റബ്ബർ, പട്ടമരങ്ങൾ, തെങ്ങ്, നെൽകൃഷി. |
| ജലലഭ്യത. | ജലക്ഷാമമുള്ള സ്ഥലം. | ജലം ലഭ്യമാണ്. | ജലം ലഭ്യമാണ്. | ജലം ലഭ്യമാണ്. | ജലം ലഭ്യമാണ് | മിതമായ തോതിൽ ജലമുണ്ട് | മിതമായ തോതിൽ ജലമുണ്ട്. |
| പരിസ്ഥിതിപ്രശ്നങ്ങൾ | വെള്ളം കുത്തിയൊലിപ്പ് വരൾച്ച. | വെള്ളക്കെട്ട്, കുത്തിയൊലിപ്പ് | വെള്ളക്കെട്ട്, കുത്തിയൊലിപ്പ് | കുത്തിയൊലിപ്പ് | കുത്തിയൊലിപ്പ്, ജല-നിർഗ്ഗമനക്കുറവ് | വ്യാപകമായ കുത്തിയൊലിപ്പ് | കുത്തിയൊലിപ്പ് |

| സ്ഥലം | ഇടപ്പള്ള്യാൽ | എടത്തോട്പാടം | നെല്ലിക്കുന്ന് | കോളയിൽപടി | കോതച്ചൂർ | കരിമ്പനക്കുന്ന് | പത്തംകുളം പാടം തോട് |
|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | പശിമരാശി മണ്ണ് രണ്ടു കുന്നുകളുടെ ഇടയ്ക്കുള്ള സമതലം | നെൽകൃഷിയിടം. താഴ്ന്നഭൂമി. | സമതലം തെക്ക് നെൽപാടം വടക്ക് കുന്നിൻപ്രദേശം. | നെൽപാടം. കരഭൂമി. വടക്ക് കുന്നിൻപ്രദേശം | കുന്നിൻചെരിവ് സമതലപ്രദേശം. | കുന്നിൻമുകൾ. പാറക്കെട്ടുകളും വെട്ടുകല്ലും. | ഇറക്കം. നെൽകൃഷിയിടം. തോട്ടുവക്ക്. |
| മണ്ണിനം | പശിമരാശി മണ്ണ്. | പശിമരാശി മണ്ണ്. കറുത്തമണ്ണ്. | തിപ്പാറ. ചെമണ്ണ്. പശിമരാശി മണ്ണ്. | പശിമരാശി മണ്ണ്. ചെമണ്ണ്. | ചരൽ മണ്ണ്. | കല്ലുംപാറയും ഉള്ളതായ പശിമരാശി മണ്ണ്. | പശിമരാശി മണ്ണ്. |
| സസ്യാവരണം. | റബ്ബർ, തെങ്ങ് പട്ടമരങ്ങൾ നെൽകൃഷി. | റബ്ബർ, തെങ്ങ്, വാഴ, നെല്ല്. | നെല്ല്, പട്ടമരങ്ങൾ, തെങ്ങ്, കശുമാവ് മലക്കറി, റബ്ബർ. | വടക്ക് റബ്ബർ, തെക്ക് നെൽകൃഷി മദ്ധ്യത്തിൽ തെങ്ങ്, പട്ടമരങ്ങൾ. | വടക്ക് റബ്ബർ, തെങ്ങ്, വാഴ, പച്ചക്കറി, പൂമരങ്ങൾ, ഇടവിള. | റബ്ബർ, തെങ്ങ്, പട്ടമരങ്ങൾ, പച്ചക്കറി. | റബ്ബർ, തെങ്ങ്, പട്ടമരങ്ങൾ, പച്ചക്കറി നെൽകൃഷി. |
| ജലലഭ്യത. | ധാരാളം വെള്ളമുണ്ട്. | ധാരാളം വെള്ളമുണ്ട്. | മിതമായ തോതിൽ വെള്ളമുണ്ട്. | താഴ്ന്നഭാഗങ്ങളിൽ ധാരാളം വെള്ളമുണ്ട് ഉയർന്നഭാഗങ്ങളിൽ ദൗർലഭ്യം. | താഴ്ന്നഭാഗങ്ങളിൽ മിതമായും കുന്നിൻമുകളിൽ ദൗർലഭ്യവും. | ജലത്തിന് ദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലം. | മിതമായ തോതിൽ വെള്ളമുണ്ട്. |
| പരിസ്ഥിതിപ്രശ്നങ്ങൾ | വെള്ളക്കെട്ടുള്ള പാടം. | വെള്ളക്കെട്ടുള്ള പാടം. | -- | -- | മണ്ണൊലിപ്പ്. | കുത്തിയൊലിപ്പും വരൾച്ചയും. | കുത്തിയൊലിപ്പും വരൾച്ചയും. |

## വാണിയംകുളം പഞ്ചായത്ത് - പഠനപര്യടനം -

വടക്ക് ആറംകുളം തോട്ടുവക്കുമുതൽ തെക്ക് പുഴവക്ക് വരെ -



| സ്ഥലം | ആറംകുളം തോട്ടുവക്ക് | ആറംകുളം | ആറംകുളം | പുത്തൻകുളത്തിന്റെ പരിസരം (ആറംകുളം) | മനിശ്ശീരി തൃക്കങ്ങോട് സെന്റർ | മനിശ്ശീരി അനൂപ് സിന്റെ സമീപം | മനിശ്ശീരി ആശുപത്രിയുടെ പിടികപരിസരം | മനിശ്ശീരി പ്രകാശ് തിയേറ്റർ പരിസരം | പ്രകാശ് തിയേറ്റർ കമ്പനിയും സ്കൂളും ഇടയ്ക്കുള്ള ഭാഗം | യു.പി. സ്കൂളിന്റെ മുൻഭാഗം | റെയിൽകടവ് സമീപപ്രദേശം | പോത്തന്മന [illegible] | ചോറോട്ടൂർ പാടം | ചോറോട്ടൂർ അമ്പലത്തിലേക്കുള്ള വഴി | കുമ്പാര കോളനി | അമ്പല പരിസരം | റെയിൽവേ | പാടം പുഴവക്ക് (ഭാരതപ്പുഴ) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | പാടം | ചെറിയ ചെരിവ് | ചെറിയ ചെരിവ് | ചെരിവ് | ചെരിവ് | ചെരിഞ്ഞ പ്രദേശം | സമതലം | ചെരിവ് | ചെരിവ് | ചെരിവ് | ചെരിവ് | [illegible] ചെരിവ് | പാടം | ചെരിവ് | ചെറിയ ചെരിവ് | ചെരിവ് | ചെരിവ് | പാടം |
| മണ്ണിനം | ചെങ്കൽ മണ്ണ്. | ചെങ്കൽ മണ്ണ്. | തിപ്പ. ചെങ്കൽ മണ്ണ്. | വെട്ടുകല്ല്. ചെങ്കൽ മണ്ണ്. | ചെങ്കൽ മണ്ണ്. | വെട്ടുകല്ല്. ചെങ്കൽ മണ്ണ്. | തിപ്പ. ചെങ്കൽ മണ്ണ്. | ചെങ്കൽ മണ്ണ്. | ചെങ്കൽ മണ്ണ്. | ചെങ്കൽ മണ്ണ്. | പാറ. ചെങ്കൽ മണ്ണ്. | പാറ. ചെങ്കൽ മണ്ണ്. | ചെങ്കൽ മണ്ണ്. | ചെങ്കൽ മണ്ണ്. | ചെങ്കൽ മണ്ണ്. | ചെങ്കൽ മണ്ണ്. | ചെങ്കൽ മണ്ണ്. | ചെങ്കൽ മണ്ണ്. |
| സസ്യാവരണം | നെല്ല് | തെങ്ങ് വാഴ കരിമ്പന | റബ്ബർ തെങ്ങ് വാഴ | തെങ്ങ് | നെല്ല് തെങ്ങ് വാഴ | പറങ്കിമാവ് മാവ്, പ്ലാവ്, തെങ്ങ്, വാഴ | തെങ്ങ് പ്ലാവ്, മാവ്, വാഴ | തെങ്ങ് മട്ടി | തെങ്ങ് | മാവ്, വാഴ തെങ്ങ്, മട്ടി | മുള. തേക്ക്, പ്ലാവ് തെങ്ങ്, റബ്ബർ | പുളി, മാവ് തെങ്ങ്, മുള, റബ്ബർ | നെല്ല് | മുള. തെങ്ങ് തേക്ക്, മട്ടി | പ്ലാവ് തേക്ക് റബ്ബർ | മുള പ്ലാവ്, തേക്ക് തെങ്ങ്, റബ്ബർ | പ്ലാവ് തെങ്ങ് പച്ചക്കറി | നെല്ല് |
| ജലലഭ്യത | കുറവ് | കുറവ് | തീരെയില്ല | തീരെയില്ല | കുറവ് | കുറവ് | തീരെയില്ല | തീരെയില്ല | തീരെയില്ല | തീരെയില്ല | തീരെയില്ല | തീരെയില്ല | കുറവ് | കുറവ് | തീരെയില്ല | കുറവ് | കുറവ് | കുറവ് |
| പരിസ്ഥിതിപ്രശ്നങ്ങൾ | | | | | | | | | | | | | | | | | | |



വികസനരേഖവികസനരേഖവികസനരേഖവികസനരേഖവികസനരേഖവികസനരേഖവികസനരേഖവികസനരേഖ

പഠനപര്യടനം- വാണിയംകുളം പഞ്ചായത്ത്-
പനയൂർ മുതൽ ത്രാങ്ങാലി വരെ-



| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| സ്ഥലം | (3/4 Km)↔ പനയൂർ [illegible] | (1/2 Km.)↔ പനയൂർ U.P. School 11-ാം വാർഡ്. | 1/2 km ↔ | 1/2 km ↔ ദുബായ്പടി ജംഗ്ഷൻ റോഡ് | പാടം 1/2 km വാണിയംകുളം [illegible] റോഡ് | 1/2 km ↔ പനയൂർ ശിവക്ഷേത്രം. ചക്കാലംചിറ കുന്ന്. | 1/2 km ↔ 10-ാം വാർഡ്. | 200mtr ↔ | (പാടം 2 1/2 km) പാലക്കാട് ഗുരുവായൂർ റോഡ്. | [illegible] കുന്ന്. |
| ഭൂപ്രകൃതി | കുന്നിൻ മണ്ട, ചെരിവ്. | കൃഷിഭൂമി | ചെറിയകുന്ന് | കുന്നിൻ ചെരിവ് | സമതലം. കൃഷിഭൂമി. | കുന്നിൻചെരിവ്, മണ്ട. | കുന്നിൻചെരിവ് | സമതലം | സമതലം, ചെരിവ്, കൃഷിഭൂമി | കുന്നിൻപ്രദേശം |
| മൺതരം | കറുത്ത മണ്ണ്. | കറുത്ത ചെങ്കൽമണ്ണ്. | ചുവന്നമണ്ണ്. | ചുവന്നമണ്ണ്. | ചുവന്നമണ്ണ്. | ചുവന്നമണ്ണ്, പാറ. | ചുവന്നമണ്ണ്, പാറ. | ചുവന്നമണ്ണ് | ചുവന്നമണ്ണ്. | ചരൽമണ്ണ്. |
| സസ്യാവരണം | റബ്ബർ, തെങ്ങ്, കവുങ്ങ്, കുരുമുളക്, മാവ്, പ്ലാവ്. | തെങ്ങ്, വാഴ, നെൽകൃഷി, പച്ചക്കറി. | ഫലവൃക്ഷങ്ങൾ | ഫലവൃക്ഷങ്ങൾ | പയർ, ഇഞ്ചി, തെങ്ങ്, വാഴ, നെൽകൃഷി, പച്ചക്കറി. | റബ്ബർ, പലതരം വൃക്ഷങ്ങൾ. | തരിശ് [illegible] വൃക്ഷങ്ങൾ. | കപ്പ, വാഴ, പച്ചക്കറി. | നെൽകൃഷി | തരിശുഭൂമി |
| ജലലഭ്യത | [illegible] ഭാഗികം. | ചോലക്കുളം. കിണറുകൾ, ഉണ്ട്. ഭാഗികം. | ഭാഗികം. | കിണർ, കുളം, ഭാഗികം. | വലിയകുളം, വലിയ കിണറുകൾ, തോട്. ലഭ്യം. | ഭാഗികം | ഇല്ല. | കുളം, കിണർ, ഭാഗികം. | കുളങ്ങൾ, കിണറുകൾ തോട്, ഭാഗികം. | കിണർ. ഭാഗികം. |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പിന് സാധ്യതയുണ്ട്. | ഇല്ല. | ഇല്ല | ഇല്ല. | ഇല്ല. | ഇല്ല. | മണ്ണൊലിപ്പിന് സാധ്യത. | ഇല്ല. | ഇല്ല. | ഇല്ല. |

| | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
|---|---|---|---|---|---|---|---|---|---|---|
| സ്ഥലം | പെരുങ്കുടൽ-ലം റോഡ്. [illegible] | [illegible] റോഡ്. [illegible] | | കരിങ്കൽക്കുഴി | പാടം 3/4 km ത്രാങ്ങാലി റോഡ്. | 8-ാം വാർഡ് | (500mtr) [illegible] | | | റെയിൽ. വരമ്പ്. |
| ഭൂപ്രകൃതി | കുന്നിൻപ്രദേശം അർദ്ധസമതലം | കുന്നിൻപ്രദേശം ചെരിവ് | ചെരിവ് | കുന്നിൻചെരിവ്. | കൃഷിഭൂമി കുന്നിൻപ്രദേശം, സമതലം | കൃഷിഭൂമി | കുന്നിൻപ്രദേശം, ചെരിവ്. | കുന്നിൻ മണ്ട, ചെരിവ്. | കുന്നിൻചെരിവ് | കുന്നിൻചെരിവ്. |
| മൺതരം | ചരൽമണ്ണ് | ചുവന്നമണ്ണ്. | ചുവന്നമണ്ണ്. | പാറ. | ചെങ്കൽമണ്ണ് | ചുവന്നമണ്ണ്. | ചുവന്നമണ്ണ്. | ഭാഗികമായി പാറ. | ചുവന്നമണ്ണ്. | ചുവന്നമണ്ണ്. മണൽ. |
| സസ്യാവരണം | തരിശുഭൂമി | ഫലവൃക്ഷങ്ങൾ | തരിശുഭൂമി | തരിശുഭൂമി | പച്ചക്കറി, നെൽകൃഷി. | പച്ചക്കറി നെൽകൃഷി. | കശുമാവ്, റബ്ബർ, വാഴ, പച്ചക്കറി, | തെങ്ങ്, വാഴ പച്ചക്കറി. | റബ്ബർ കശുമാവ്, ഫലവൃക്ഷങ്ങൾ | തെങ്ങ്. ഫലവൃക്ഷങ്ങൾ |
| ജലലഭ്യത | കിണർ. കുഴൽക്കിണർ ഭാഗികം. | ഭാഗികം. | ഇല്ല. | ഇല്ല. | കിണറുകൾ, കുളങ്ങൾ. ലഭ്യം. | കുറവ്. | ഭാഗികം. | ഭാഗികം. | ഭാഗികം. | ലഭ്യം. |
| പരിസ്ഥിതി പ്രശ്നങ്ങൾ | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല |

# കൃഷി, ജലസേചനം

'പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചും / സ്വചരാബ്ധി മണൽതിട്ടാം പാദോപധാനം പൂണ്ടും .......' ആണ് വള്ളത്തോൾ വന്ദിക്കുന്ന കേരളമാതാവിൻെറ ശയനം.

പച്ച പുതച്ച സഹ്യനും പഞ്ചാരമണൽതിട്ടും കൂടിച്ചേരുന്ന 'അളം' അഥവാ ചതുപ്പ് പ്രദേശമാണ് 'ചേരളം' എന്നും അതാണ് പിന്നീട് കേരളമായത് എന്നും സ്ഥലനാമഗവേഷകർ. മലയും ആഴിയും ചേരുന്ന 'മലയാഴം'. അതു പിന്നെ മലയാളമായി. ചേരഭരണത്തോട് ബന്ധപ്പെടുത്തി മാത്രമല്ല ഈ നാടിൻെറ ഭൂപ്രകൃതിയുമായി ബന്ധപ്പെടുത്തിയും കേരളമെന്ന പേര് വിശദീകരിക്കാം (കേരളം : മണ്ണും മനുഷ്യനും, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, 1981, പുറം 54). മലയും ആഴിയും 'അള'ങ്ങളും ചേർന്ന് കേരളത്തിൽ പാലക്കാട് ജില്ലയിൽ ഏതാണ്ട് മധ്യഭാഗത്തായാണ് സംസ്ഥാനത്തിൻെറ പൊതു ഭൂപ്രകൃതിയുടെ എല്ലാ പരിഛേദങ്ങളും - മലനാടും ഇളനാടും അളനാടും - നിറവേറ്റിയ വാണിയംകുളം പഞ്ചായത്തിൻെറ സ്ഥിതി.

## 1. ഭൂതലപ്രകൃതി

പാലക്കാട് ജില്ലയുടെ പൊതു ഭൂതലപ്രകൃതിയായ ടൈപ്പ് 2എ.യിൽ (കുത്തനെയല്ലാത്ത ഏറ്റയിറക്കങ്ങളും ഇളനാടിൻെറ സ്വഭാവവും കൂടിയത്) ആണ് വാണിയംകുളം പഞ്ചായത്ത് പെടുക. പഞ്ചായത്തിൻെറ വടക്കുഭാഗവും മധ്യഭാഗവും തെക്കുഭാഗവും പടിഞ്ഞാറു കിഴക്കായും പടിഞ്ഞാറും കിഴക്കും അറ്റത്ത് തെക്കുവടക്കായും നേർരേഖയിൽ നടന്ന് മനസ്സിലാക്കിയതിൻെറ വെളിച്ചത്തിൽ തയ്യാറാക്കിയ ട്രാൻസെക്റ്റ് വാക്ക് മാപ്പുകൾ (അനുബന്ധം 1,2,3,4,5) ഈ ഭൂപ്രകൃതി വ്യക്തമാക്കുന്നു. പൊതുവെ ഈ ഭൂപ്രകൃതിയെ കാണിക്കുന്ന രേഖ താഴെ കൊടുക്കുന്നു.

## 2. വിസ്തീർണ്ണം

പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണം 3420.75 ഹെക്ടർ ആണ്. ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവർ (നാമമാത്ര കർഷകർ) 1954 ചെറുകിട കർഷകർ (1-2ഹെ.) 1765ഉം വൻകിട കർഷകർ (2 ഹെ. മുകളിൽ) 183ഉം ആണ് (അവലംബം: കൃഷിഭവൻ)

## 3. കാർഷികകാലാവസ്ഥ മേഖല

പാലക്കാട് മൊത്തത്തിൽ കേന്ദ്രമേഖലയിൽ പെടുന്നു. വാണിയംകുളം പഞ്ചായത്തും ഈ മേഖലയിൽ തന്നെയാണ്.

(Land Resources of Kerala, പുറം 78, ടേബിൾ 2.12)

## 4. പൊതുകാലാവസ്ഥ

പഞ്ചായത്തിലെ കാർഷികവൃത്തി പ്രധാനമായും മഴയെ ആശ്രയിച്ചിരിക്കുന്നു. മഴക്കാലങ്ങൾ രണ്ട് - കാലവർഷവും തുലാവർഷവും. രണ്ടും തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകളുടെ സംഭാവന. ഇത് ആറുമാസം നീളുന്നു. ഇതിനെ മൂന്നു ഘട്ടങ്ങളായി തിരിക്കാം. അറബിക്കടലിൽ നിന്നും ഇന്ത്യാമഹാസമുദ്രത്തിൽ നിന്നും നീരാവി നിറഞ്ഞ തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ മെയ് അവസാനം/ജൂൺ ആദ്യം കേരളക്കരയിൽ എത്തുന്നു. പശ്ചിമഘട്ടങ്ങൾ ഈ മഴമേഘങ്ങളെ തടഞ്ഞ് പശ്ചിമതീരത്തുടനീളം ശക്തമായ മഴ പെയ്യിക്കുന്നു. വടക്ക്-കിഴക്കോട്ട് നീങ്ങും തോറും മഴയ്ക്ക് ശക്തി കൂടുന്നു. എന്നാൽ പശ്ചിമഘട്ടത്തിലുള്ള വിള്ളൽമൂലം പൊതുവെ കേരളത്തിൻെറ വടക്ക്-കിഴക്കൻ പ്രദേശത്ത് ലഭിക്കുന്ന 290 സെ.മി. മഴയേക്കാൾ 20-25 ശതമാനം കുറവ് മഴയേ പാലക്കാട്-മലപ്പുറം ജില്ലകൾക്കും തൻമൂലം ഈ പഞ്ചായത്തിനും ലഭിക്കുന്നുളൂ. (Land Resources of Kerala)

ആഗസ്ത്-സെപ്തംബർ മാസങ്ങളിൽ മഴ താരതമ്യേന കുറവായിരിക്കും. ഇത് മൺസൂൺ രണ്ടാംഘട്ടം. ജൂൺ മുതൽ സെപ്തംബർ വരെയുള്ള നാല് മാസമാണ് കാലവർഷം.

മൂന്നാംഘട്ടം ഒക്ടോബറോടെ ആരംഭിക്കുന്നു. ഇടിയുടെയും മിന്നലിൻെറയും അകമ്പടിയോടെ വന്ന് ചേരേണ്ടതാണ്. ഈ കാലത്ത് മഴ. ഒക്ടോബറിൽ മുറുകുന്ന ഈ തുലാമഴ നവംബറോടെ ദുർബലമാകുന്നു. ഇവിടെ മൊത്തം മഴയുടെ 30 ശതമാനം മാത്രമെ, പക്ഷെ, തുലാമഴയിൽ നിന്ന് ലഭിക്കുന്നുള്ളൂ.

ഡിസംബറിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ പിൻവാങ്ങുന്നു. ഇതോടെ വരണ്ട വടക്കു-കിഴക്കൻ മൺസൂൺ കാറ്റുകളുടെ വരവായി. പിന്നെ ഫെബ്രുവരി വരെ വരണ്ട, ചൂടുകുറഞ്ഞ മാസങ്ങളാണ്.

മാർച്ചിൽ താപനില ഉയരുന്നു. ഇനി മൂന്ന് മാസം വേനൽ. ആർദ്രത വർദ്ധിക്കുന്നു. ഉഷ്ണവും പുഴുക്കലുമുള്ള അന്തരീക്ഷസ്ഥിതിയാണ്. വേനലിൽ 42°C

വരെ താപനില രേഖപ്പെടുത്തിയ വർഷങ്ങൾ ഉണ്ട്. നേരത്തെ സൂചിപ്പിച്ചപോലെ ഈ പഞ്ചായത്ത് ടൈപ്പ് 2എ ഭൂപ്രകൃതിയിൽ പെടുന്നതിനാൽ കാലാവസ്ഥയിലും ഇവിടെ വൈവിധ്യമില്ല. അതുകൊണ്ടുതന്നെ കാർഷികവൈവിധ്യവും താരതമ്യേന കുറവാണ്.

മൊത്തം വാർഷിക മഴലഭ്യതയുടെ പട്ടിക താഴെ കൊടുക്കുന്നു.: (1983-93)

**പട്ടിക 1 - വാർഷിക മഴലഭ്യത**

| വർഷം | അളവ് (മി.മി.) |
|---|---|
| 1983-84 | 3425 |
| 1984-85 | 2244 |
| 1985-86 | 1671 |
| 1986-87 | 1763 |
| 1987-88 | 1667 |
| 1988-89 | 1129 |
| 1989-90 | 1804 |
| 1990-91 | 1889 |
| 1991-92 | 2315 |
| 1992-93 | 2172 |

(സ്രോതസ് - Land Resources of Kerala)

1993ന് ശേഷം മഴലഭ്യത പിന്നെയും കുറഞ്ഞതായിട്ടാണ് അനുഭവക്കണക്കുകൾ പറയുന്നത്. മേൽ കാണിച്ച പട്ടിക തന്നെ വ്യക്തമാക്കുന്നതുപോലെ കഴിഞ്ഞ ദശകത്തിന്റെ തുടക്കത്തിലെ മഴലഭ്യതയേക്കാൾ (3425മി.മീ - 1983) എത്രയോ കുറവാണ് സമീപകാലത്തെ മഴലഭ്യത (2172 മി.മീ.) മഴയുടെ അളവിൽ വന്ന ഈ ഇടിവ് പഞ്ചായത്തിന്റെ കാർഷികചക്രത്തേയും അതുവഴി ഉത്പാദനത്തെയും പ്രതികൂലമായി ബാധിച്ച പല ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്.

## 5. മൺതരം

കാലാവസ്ഥപോലെ തന്നെ പ്രധാനമാണല്ലോ കാർഷിക വൃത്തിയെ സംബന്ധിച്ചിടത്തോളം മണ്ണിന്റെ സ്വഭാവവും. ഭൂതലത്തിൽ ഉറപ്പില്ലാതെ ഇളകി കിടക്കുന്ന ഭൂപദാർത്ഥമായ മണ്ണ് ഉണ്ടാകുന്നത് കാറ്റും വെയിലും മഴയും സസ്യജാലങ്ങളുടെ പ്രവർത്തനങ്ങളും മൂലം ഭൂശിലാഘടനകൾ തകർന്ന് പൊടിഞ്ഞാണ്. 2.5സെ.മി. കനത്തിൽ മണ്ണുണ്ടാകാൻ ഏകദേശം 1000 വർഷം എടുക്കും എന്ന് വിദഗ്ധർ. അശാസ്ത്രീയമായി വിളകൾ കൃഷി ചെയ്യൽ (കുന്നിൻചെരിവിൽ മണ്ണിനെ പിടിച്ചു നിർത്തുന്ന വൃക്ഷങ്ങൾ വെട്ടി, 'കാനൽ കളഞ്ഞ് കാച്ചി', മണ്ണ് സംരക്ഷിക്കാൻ കഴിവില്ലാത്ത നേരിയ വേരുപടലം മാത്രമുള്ള വിളകൾ കൃഷി ചെയ്യുന്നത് ഉദാഹരണം), ജലനിർഗമനമാർഗ്ഗങ്ങൾ വേണ്ടയിടത്ത് ഉണ്ടാക്കുന്നതിൽ പറ്റുന്ന വീഴ്ചകൾ എന്നിവയൊക്കെ കാരണം ഈ പഞ്ചായത്തിൽ പലയിടത്തും കാണുന്ന മണ്ണൊലിപ്പ് അതീവഗൗരവത്തോടെ ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കാണേണ്ടിയിരിക്കുന്നു. ദ്രുതപഠനപര്യടനസംഘങ്ങൾ ഏകസ്വരത്തിൽ റിപ്പോർട്ട് ചെയ്ത ഈ പ്രശ്നവും കാർഷികോത്പാദനത്തെ പ്രതികൂലമായി ബാധിച്ച ഘടകമാണ്.

പഞ്ചായത്തിലെ വാർഡ് 1,2,8,9,10,11 പ്രദേശങ്ങളിൽ ചെങ്കൽമണ്ണും പാറയടുക്കുകളും കാണുന്നു. ഇടനിലങ്ങൾ പശിമരാശി മണ്ണാണ്. നെൽവയലുകളുടെ ഓരങ്ങളിലുള്ള ഇടനിലങ്ങളിൽ പശിമയുള്ള മണ്ണും വെട്ടുകൽമണ്ണും കാണുന്നു. ഇത് എല്ലാ വാർഡുകളിലും പലയിടങ്ങളിലായി ഉണ്ട്. തെക്കുഭാഗത്തുള്ള പുഴയോരപ്രദേശത്ത് മണൽ കലർന്ന പശിമരാശി മണ്ണാണ്. (അനുബന്ധം 1,2,3,4,5)

## 6. പ്രധാന വിളകൾ, വിളക്രമങ്ങൾ

ഈ പഞ്ചായത്തിന്റെ മൂന്നിൽ ഒരു ഭാഗം നെൽവയലുകളാണ്. ഇത് ഉദ്ദേശം 833 ഹെക്ടർ വരും. ബാക്കിയിൽ 2274.7 ഹെ. സ്ഥലം പുരയിടങ്ങളും തോട്ടങ്ങളും തൊടികളും ആണ്. 176 ഹെ. പുറമ്പോക്കുള്ളതിൽ 28.8ഹെ. സ്ഥലം കൃഷിയോഗ്യമായ തരിശാണ്. പുരയിടങ്ങളിലും പറമ്പുകളിലും തെങ്ങ്, വാഴ മുതലായ നാണ്യവിളകളും ഇഞ്ചി, കുരുമുളക് മുതലായ സുഗന്ധദ്രവ്യങ്ങളും പ്രധാന കൃഷികളാണ്. ചെരിവ് പ്രദേശങ്ങളിൽ റബ്ബർ കൃഷി വ്യാപിച്ചുവരുന്നു. ഇടവിളയായി നെൽവയലുകളിൽ കായ്കറി കൃഷി നടത്തുന്ന ചില പ്രദേശങ്ങളും ഉണ്ട്. ജലദൗർലഭ്യം മൂലം മൊത്തത്തിൽ കായ്കറി കൃഷി കുത്തനെ കുറഞ്ഞ് വരികയാണ്. നെല്ല്-കായ്കറി (നെൽവയലുകൾ), എന്ന വിളക്രമത്തിൽ നിന്ന് കർഷകർ ക്രമാനുഗതമായി നെല്ല്-നെല്ല്-തരിശ് എന്ന വിളക്രമത്തിലേയ്ക്ക് മാറികൊണ്ടിരിക്കുന്നു.

## പട്ടിക രണ്ട് - വിളയും സ്ഥിതിയും

| വിള | വ്യാപ്തി (ഹെക്ടർ) | ഉത്പാദനം (കിലോ.) | ഉത്പാദനക്ഷമത (കിലോ.) |
|---|---|---|---|
| നെല്ല് ഒന്നാംവിള | 657.5 | 1170750 | 1787 |
| നെല്ല് രണ്ടാംവിള | 546.38 | 1119874 | 2050 |
| നെല്ല് മൂന്നാംവിള | 8.64 | 13760 | 1600 |
| പയർ | 14 | 2800 | 200 |
| എള്ള് | 8 | 3400 | 425 |
| പച്ചക്കറികൾ | 26 | 520000 | 20000 |
| തെങ്ങ് | 486 | 3402000 എ. | 7000 എ. |
| വാഴ | 62 | 93000 | 15000 |
| കപ്പ | 16 | 128000 | 8000 |
| കുരുമുളക് | 18 | 29700 | 1650 |
| പ്ലാവ് | 5.6 | ലഭ്യമല്ല | - |
| കശുമാവ് | 11 | 24200 | 2200 |
| മാവ് | 8.7 | ലഭ്യമല്ല | - |
| റബ്ബർ | 72 | 1296000 | 18000 |
| കവുങ്ങ് | 28 | 70% വിളവെടുപ്പ് ആയിട്ടില്ല | |
| ട്യൂബർ ക്രോപ്പ് | 26 | 156000 | 6000 |
| മറ്റുള്ളവ : സുഗന്ധദ്രവ്യങ്ങൾ ആയ ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു മുതലായവ | 18 | വിവരം ലഭ്യമല്ല | - |

(സ്രോതസ് : കൃഷിഭവൻ - 1996)

കണക്കുകൾ കഥ പറയുമോ? പറയും എന്നാണ് കേവലം 72 ഹെക്ടർ ഇടത്തിൽ മാത്രം നിൽക്കുന്ന റബ്ബറിൻെറയും 833 ഹെക്ടർ വരുന്ന നെൽകൃഷിയുടെയും ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും ഉള്ള ഭീമമായ അന്തരം കാണിക്കുന്നത്. മൊത്തം 72 ഹെക്ടിൽ നിന്ന് 12,96,000 കിലോ റബ്ബർ കിട്ടുമല്ലോ. അതായത്, കിലോവിന് 40രൂപ വെച്ച് കണക്കാക്കിയാൽ റബ്ബറിൽ നിന്നുള്ള പഞ്ചായത്ത്തലവരുമാനം 2,18,40,000 രൂപയാണെങ്കിൽ 833 ഹെക്ടറിൽ പരന്നു കിടക്കുന്ന നെൽകൃഷിയിൽ നിന്ന് കിലോ ഒന്നിന് 5 രൂപ തോതിൽ മൊത്തം വരുമാനം (മൂന്നു വിളകളും കൂടി) 1,15,21,920 രൂപയാണ്. എന്നുവെച്ചാൽ, വിള വ്യാപ്തി പതിൻമടങ്ങും വരുമാനം പകുതിയും എന്ന നിലയും റബ്ബറിനുമുന്നിൽ ദയനീയമായി പരാജയപ്പെട്ട് നെല്ല് പിൻവാങ്ങുന്ന ഒരു കാഴ്ചയാണ് നാം കാണുന്നത്. തെങ്ങിൻെറ കാര്യവും തഥൈവ! ഒരു ഹെക്ടറിൽ നിന്ന് 7,000 തേങ്ങ. അതായത് 3 രൂപ തോതിൽ 21,000 രൂപ. അപ്പോൾ 486 ഹെക്ടറിൽ നിന്ന് 1,02,06,000രൂപ. റബ്ബറിൻെറതോ 72 ഹെക്ടറിൽ നിന്ന് 2,18,40,000 രൂപയും!. ഇടനാട്ടിൽ നിന്നും മലനാട്ടിൽ നിന്നും തെങ്ങ് നിഷ്കാസിതയായതിൻെറ കാരണം തേടി വേറെയെങ്ങും പോകേണ്ടതില്ലല്ലോ.

### 7. ജലസ്രോതസ്സുകൾ

ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജലസ്രോതസ്സ് ഭാരതപ്പുഴയാണ്. ഈ പുഴ ഉദ്ദേശം 8 കി. മി. ദൂരം ഈ പഞ്ചായത്തിൻെറ തെക്കു-കിഴക്കെ അതിർത്തിയിലൂടെ ഒഴുകുന്നു. പുഴയുടെ ഏറ്റവും വീതി കൂടിയ പ്രദേശങ്ങളിൽ ചിലവ ഈ പഞ്ചായത്തിനോടു തൊട്ടു കിടക്കുന്നു. അതേസമയം തൂക്കകൂടുതൽ (high water gradient) കാരണം ഉപരിതലജലത്തിൻെറ ഗതിവേഗവും ശക്തമാണ്. വീതിക്കൂടുതലും വേഗക്കൂടുതലും കിനിഞ്ഞിറക്കുനിരക്കിനെ (Infiltration rate) പ്രതികൂലമായി ബാധിക്കുന്നു. എന്നിരുന്നാലും പാടങ്ങളിലേയ്ക്ക് സേചനജലമായും കിണറുകളിലേക്കും കുളങ്ങളിലേക്കും ഉറവകളായും ഉപരിതല-ഭൂഗർഭതലജലസപ്ലൈ നടത്തുന്ന മുഖ്യസ്രോതസ്സ് ഇന്നും ഈ പുഴ തന്നെ. ഈ പഞ്ചായത്തിൽ ഉപജലസ്രോതസ്സുകളായി 14 തോടുകളും 100ൽപരം പൊതുവായി ഉപയോഗിക്കപ്പെടുന്ന കുളങ്ങളും അനേകം കിണറുകളും ഉണ്ട്.

**പട്ടിക 3 : തോടുകൾ**

| വാർഡ് | തോടിൻെറ പേര് | മൊത്തം എണ്ണം |
|---|---|---|
| 1 | പനമണ്ണതോട് | 1 |
| 2 | കോതയൂർ തോട് | 1 |
| 3 | പ്ലാച്ചിത്തറ തോട് | 1 |
| 4 | വരിക്കാശ്ശേരിമന തോട് | 1 |
| 5 | നെല്ലിപ്പാലം തോട് | 1 |
| 6 | ആന്തൂർ തോട് | 1 |
| 7 | വെള്ള്യാട് തോട്<br>മാന്നന്നൂർ തോട് | 2 |
| 8 | മരുതൻകോട് തോട് | 1 |
| 9 | കോമ്മത്ത് തോട് | 1 |
| 10 | കൂനത്തറ നഗരം തോട് | 1 |
| 11 | പനയൂർ തോട്<br>എടയ്ക്കോട് തോട്<br>ഓട്ടുപാറക്കുന്ന് തോട് | 3 |
| | ആകെ തോടുകളുടെ എണ്ണം | 14 |

സ്രോതസ്സ് : പ്രാഥമികസ്ഥിതിവിവരപ്പട്ടിക

ഇവയിൽ പനയൂർ, കോതയൂർ, ചോറോട്ടൂർ, വെള്ളിയാട് എന്നിവിടങ്ങളിൽ ക്രോസ് ബാറുകൾ ഉണ്ട്. കാലാകാലത്ത് അറ്റകുറ്റപ്പണികൾ നടത്തായ്ക മൂലം മിക്കവയും ഉപയോഗശൂന്യമാണ്. ശാസ്ത്രീയമായ ജലവിതരണ ശൃംഖലകൾ ഇവയെ ആസ്പദമാക്കി നിർമ്മിക്കാത്തതിനാൽ ഇവ ഇപ്പോൾ, ഉള്ള ജലം മുഴുവൻ പുഴയിലെത്തിക്കുവാനുമ അതുവഴി കടലിലേയ്ക്ക് ഒഴുക്കി കളയാനും മാത്രമുള്ള പാഴാക്കൽ ചാലുകൾ (Wasting Channels) മാത്രമായി അധഃപതിച്ചിരിക്കുന്നു. ഇവക്ക് വരമ്പുകളിൽ സസ്യാവരണം കൊടുത്തും മറ്റ് മാർഗ്ഗങ്ങളിലൂടെയും വേണ്ട സംരക്ഷണം ഉറപ്പാക്കണം. കൊടുത്ത് ഓരോ തുള്ളി വെള്ളം വീഴുന്നിടവും ഒരു സൂക്ഷ്മനീർമറിപ്രദേശമാണ് എന്നും കുറെയധികം മഴവെള്ളം വീണ് ഒഴുകുന്ന ഈ തോടുകൾ ഓരോന്നും ഓരോ ഉപനീർമറിപ്രദേശം സൃഷ്ടിക്കുവാനുള്ള അടിസ്ഥാന ഘടകമാണ് എന്നും തിരിച്ചറിയേണ്ടിയിരിക്കുന്നു. ഈ തിരിച്ചറിവ് നമ്മുടെ പഞ്ചായത്തിൻെറ കാർഷികോത്പാദന വർദ്ധനവിന് ഉതകുംവിധം ഒരു ശാസ്ത്രീയജലമാനേജ്മെൻറ് രീതിതന്നെ കരുപ്പിടിപ്പിക്കു ന്നതിന് സഹായകമാകും.

വിവിധ വാർഡുകളിലായി ചിതറികിടക്കുന്ന 13 വലിയ പൊതു തലക്കുളങ്ങളും മറ്റനേകം സ്വകാര്യക്കുളങ്ങളും അടക്കം 100ൽപരം വരുന്ന ജലസംഭരണികളുടെ സ്ഥിതിയും ഇതുതന്നെ. വാർഡടിസ്ഥാനത്തിലുള്ള അവയുടെ കണക്കു നോക്കൂ. **(പട്ടിക 4 - കുളങ്ങൾ)**

മുൻകാലങ്ങളിൽ സമൃദ്ധിയായിരുന്ന ഇവയിലെ ജലം ഉപയോഗിച്ചാണ് പഞ്ചായത്തിൻെറ ആവശ്യങ്ങൾ നിവർത്തിച്ചിരുന്നത്. എന്നാൽ അറ്റകുറ്റ പണികളിലുള്ള അലംഭാവവും മണ്ണൊലിപ്പും മറ്റും കാരണം ഇടിഞ്ഞുതൂർന്നും അന്യാധീനപ്പെട്ടും ഇത്തരം കുളങ്ങൾ മിക്കവയും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ രൂക്ഷമായ ജലക്ഷാമത്തിൻെറ കാരണം ഈ പാഴടഞ്ഞ കുളങ്ങളിൽ ഉറഞ്ഞു കിടക്കുന്നു.

ആവാഹക്ഷേത്രത്തിലെ വനനശീകരണം, അശാസ്ത്രീയമായ മണലെടുപ്പ്, കരയിടിച്ചിൽ എന്നിവ കാരണം നിളമരിക്കുമ്പോൾ അവ ഭൂഗർഭജലം വഴി മുലയൂട്ടുന്ന കിണറുകളും അകാലചരമമടയുന്നു. നിളയെ പുനരുജ്ജീവിപ്പിക്കുക, ഉറവകൾ അടയ്ക്കുംവിധമുള്ള ഉൾപ്പടവുകൾ ഉപേക്ഷിക്കുക, പാറപ്പാളികൾക്കിടയിലുള്ള ജലം ചൂഷണം ചെയ്യാനുള്ള മാർഗ്ഗങ്ങൾ കാണുക - കുഴൽകിണറായും തുറന്നകിണറായും മറ്റും - ഇവയാണ് ഈ മേഖലയിൽ ആവിഷ്കരിക്കേണ്ടുന്ന പദ്ധതികളുടെ ആരംഭബിന്ദുക്കൾ.

### 8. ജലസേചന സൗകര്യങ്ങൾ

ഈ പഞ്ചായത്തിൽ ചെറുകിട ജലസേചന വകുപ്പിൻെറ കീഴിൽ 3 പദ്ധതികൾ ഉണ്ട്. അവയിൽ ഒന്ന് ത്രാങ്ങാലിയും (വാർഡ് 8) ഒന്ന് ചോറോട്ടൂരും (വാർഡ് 6) മറ്റൊന്ന് മാന്നന്നൂരും (വാർഡ് 7) ആണ്. ഇവ മൂന്നും ഇപ്പോൾ നടന്നുവരുന്ന പദ്ധതികളാണ്. ജനകീയ മേൽനോട്ടവും ഇടപെടലും ശക്തമായിരുന്ന കാലത്ത് പ്രവർത്തനക്ഷമമായിരുന്ന, ഈ ജലസേചന പദ്ധതികളിൽ ഒന്ന് - ത്രാങ്ങാലിയാണുള്ളത്. അടുത്തകാലത്ത് നെൽകൃഷിക്കാർക്ക് മൊത്തത്തിൽ കാർഷിക വൃത്തിയോട് ഉള്ള വർദ്ധമാനമായ വിമുഖത പമ്പ് ഹൗസുകളുടെ കാര്യത്തിലും വരികയും തൽഫലമായി തീർത്തും ഉത്പാദനക്ഷമമല്ലാത്ത ഒരവസ്ഥയിലേയ്ക്ക് അധഃപതിക്കുകയും ഉണ്ടായി. പക്ഷെ, ഗ്രാമസഭകളുടെ ഉണർവിൻെറ പ്രതിഫലനമെന്നോണം ഇപ്പോൾ അവയുടെ മേൽനോട്ടത്തിലും നടത്തിപ്പിലും ജനങ്ങൾ ഒന്നടങ്കം നിരന്നതിൻെറ ഫലമായി ഇക്കാര്യത്തിൽ ആശാവഹമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ത്രാങ്ങാലിയിൽ ഭാരതപ്പുഴയ്ക്കു കുറുകെ 300ഓളം മീറ്റർ നീളത്തിൽ താത്ക്കാലിക തടയണ നിർമ്മിക്കുക, ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം കാര്യക്ഷമമാക്കുക എന്നീ കർമ്മപരിപാടികൾ മാത്രം അജണ്ടയാക്കികൊണ്ട് രൂപം കൊണ്ട കാർഷികവികസന ആക്ഷൻ കമ്മിറ്റി ഈ ദിശയിലുള്ള പ്രത്യാശാജനകമായ ഒരു ഉദാഹരണമാണ്.

**പട്ടിക 4 - കുളങ്ങൾ**

| വാർഡ് | കുളത്തിന്റെ പേര് | മൊത്തം എണ്ണം |
|---|---|---|
| 1 | കരുവാൻതോട്കുളം, ചെറക്കാപ്പടികുളം, ഒമ്പതുപൊതികുളം, പൂക്കോട്ടു കുളം, അണിയത്തുകുളം, പൊട്ടക്കുളം, കോറാട്ടുകുളം, തെക്കേതിൽകു ളം, നടുക്കുളം, താമരക്കുളം, കയറാട്ടുകുളം, ചോലയിൽകുളം, പൊറ്റെക്കാട്ടുകുളം | 13 |
| 2 | | 4 |
| 3 | വരിക്കാശ്ശേരികുളം, മുണ്ടുംകോട്ടുകുളം, കുന്നംകാട്ടുകുളം, കോതകുളം, തണലികുളം | |
| 4 | പൂതൻകുളം, അമ്പലകുളം (ആറംകുളം), അമ്പലകുളം, മനിശ്ശീരികുളം, ഏലാന്തികുളം, ചക്കോലത്ത്കുളം, നറുവംകുളം, പുത്തൻകുളം, പണിക്കരു കുളം, അത്തിക്കുളം | 10 |
| 5 | പേങ്ങാട്ടിരികുളം, ചക്കോലത്ത്കുളം, പോഴത്തുമനകുളം, കൊക്കത്തു കുളം, അമ്പലക്കുളം, പർളശ്ശേരികുളം | 6 |
| 6 | വേങ്ങശ്ശേരികുളം, പാപ്പുള്ളികുളം, താവളാകുളം, തിരുനാർതുകുളം, അയ്യൻകോടുകുളം, കാവുദേവസ്വം കുളം | 13 |
| 7 | പൊന്നേത്തുകുളം, മൂഡ്രോട്ടുകുളം, അമ്പലക്കുളം, കൃഷ്ണത്തുകുളം, ചീനി ക്കുളം, കൂടത്തുകുളം, അരിക്കത്തുകുളം, അരിക്കത്തുപാടത്തുകുളം, പോ തായത്ത്കുളം, പതിനാറുപൊതികുളം | 13 |
| 8 | കല്ലാനിശ്ശേരികുളം, ചണ്ണമ്പറ്റകുളം, ആട്ടൻകുളം, ചിറക്കുളം, മഴയൻകു ളം, അമ്പാഴകുളം, കുന്നത്തുകുളം, അമ്പലക്കുളം, അയ്യപ്പൻകാവ് കുളം, കാളഞ്ചിറകുളം, പുളിക്കലകുളം, നെടലകുളം, മടങ്ങത്തുകുളം, മൂരിമുണ്ട നാട്ടുകുളം, അമ്പലക്കുളം | 15 |
| 9 | ചോലക്കുണ്ട് ചോല, വാരിയത്ത് ചോല, ചയില്യാട്ട് ചോല, ചങ്ങലംചിറ ചോല, ചാത്തൻചിറകുളം, മെമേരിക്കുളം, നടുക്കുളം, അരിയംചിറക്കുളം, ചയില്യാട്ട്കുളം, പുത്തൻകുളം | 10 |
| 10 | കൂനത്തറക്കുളം, പര്യർതർക്കുളം, പാലയക്കുളം, പോണാട് ചോല, മനയ് ക്കൽകുളം, മണിപ്രക്കുളം, ചക്കോലത്തുകുളം, കുന്നത്ത്കുളം | 8 |
| 11 | ഇരുപ്പക്കോട്ടുകുളം, മൂത്തേടത്തുകുളം, പൊട്ടക്കുളം, ചണ്ടിക്കുളം, നീളിക്കു ളം, ചെമ്പ്രക്കുളം, ആനപ്പാട്ടുകുളം, ചമ്പക്കുളം, മുണ്ടക്കോട്ടു ചോല, കുണ്ടുതൊടിക്കുളം, വെള്ളാരംപാറകുളം, ചോലക്കുളം, പഴങ്കുളം, പകിമല കുന്നിൻ മേലെക്കുളം, താഴെക്കുളം, കളത്തിൽകുളം, കുന്നംകുളം, പറോല കുളം, തേറാടംകുളം | 19 |

## നിർദ്ദിഷ്ട കൃഷിഭവൻ പദ്ധതികൾ

- പറളശ്ശേരി കുളത്തിന്റെ ആയക്കെട്ട് വിസ്തീർണ്ണം 50ഹെ. ആക്കാൻ പരിപാടി ഉണ്ട്. അടങ്കൽ തുക ഇല്ല.
- ത്രാങ്ങാലിതോട്, പോണാട് ചോല, മുണ്ടങ്ങോട്ടു ചോല, വെള്ള്യാട് തോട്, മനയ്ക്കൽ കുളം, എന്നിവയുടെ സംരക്ഷണത്തിനും പുനരുജ്ജീവന പ്രവർത്തനങ്ങൾക്കും 5ലക്ഷം രൂപയുടെ പദ്ധതി ഉദ്ദേശിക്കുന്നു. എസ്റ്റിമേറ്റ് തയ്യാറായിട്ടില്ല.
- ത്രാങ്ങാലി, ചോറോട്ടൂർ ജലസേചനപദ്ധതികളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തണം.

### 9. സഹായക ഘടകങ്ങൾ

കാർഷികവൃത്തിയിൽ സാങ്കേതികോപദേശം നൽകുക, നെല്ല്, തെങ്ങ് എന്നിവയുടെ കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക, മാതൃകാ കൃഷിത്തോട്ടങ്ങൾ ഉണ്ടാകുക, നടീൽ വസ്തുക്കൾ, സസ്യസംരക്ഷണ ഉപകരണങ്ങൾ മരുന്നുകൾ എനിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക, സൗജന്യമായി മണ്ണു പരിശോധിക്കുക കാർഷിക വിളകളുടെ ഇൻഷ്വറൻസ് സമ്പ്രദായവും ദുരിതാശ്വാസ സമ്പ്രദായവും നടപ്പിലാക്കുക എന്നീ സഹായ പ്രവർത്തനങ്ങൾക്കായി ഈ പഞ്ചായത്തിൽ ഒരു കൃഷിഭവൻ ഉണ്ട്.

വാണിയംകുളം സർവ്വീസ് സഹകരണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ശാഖ, ഒറ്റപ്പാലം കാർഷിക വികസന ബാങ്ക് എന്നിവ കാർഷിക ധനസഹായം നൽകുന്നുണ്ട്.

### 10. പാടശേഖര സമിതികൾ

പാടശ്ശേഖരസമിതികൾ ഭൂരിഭാഗം ഗ്രാമങ്ങളിലും നിലവിലുണ്ടെങ്കിലും (പട്ടിക 5) അവയുടെ പ്രവർത്തനം കൃഷിഭവനിൽ നിന്ന് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ നാട്ടിലറിയിക്കുന്നതിൽ ഒതുങ്ങി നിൽക്കുകയാണ്. പാടശേഖരസമിതിയിലെ മുഖ്യ പ്രവർത്തകർക്ക് (ഒരു സമിതിയിൽ രണ്ടു പേർ എന്ന നിരക്കിൽ) കർഷകർ തന്നെ സ്വരൂപിക്കുന്ന ഫണ്ടിൽ നിന്ന് പ്രവർത്തിബദ്ധവേതനം നൽകണം. ഓരോ പാടശേഖര സമിതിക്കും കീഴിൽ ഓരോ വിളക്കും ഓരോ വിളവികസനസമിതി വേണം

### 11. വിപണനം

കാർഷികോൽപന്നങ്ങളുടെ പ്രധാന വിപണി വാണിയംകുളം ആഴ്ചച്ചന്തയായിരുന്നു. നെല്ല്, തേങ്ങ, സുഗന്ധ ദ്രവ്യങ്ങൾ മുതലായവയുടെ വിപണനത്തിന് ഇപ്പോൾ നമ്മുടെ പഞ്ചായത്ത് അന്യജില്ലകളിലെ കേന്ദ്രങ്ങളെയാണ് ആശ്രയിക്കുന്നത്. കാർഷികോൽപന്ന വിപണന മേഖലയിലെ സ്വകാര്യവ്യക്തി സ്വാധീനം കർഷകരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. സ്വകാര്യവ്യക്തികളുടെ മാർക്കറ്റ് ഇടപെടൽ 90% ആണ്.

### 12. പ്രശ്നങ്ങൾ

**1. സ്ഥലം :** കൃഷിയിടങ്ങൾ നികത്തി കെട്ടിടം കെട്ടുന്ന പ്രവണത വ്യാപകമാകുന്നു. ഇത് ഓരോ വിളയും പണിയുന്ന സ്ഥലത്തിൻെറ അളവിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും തന്മൂലം ഉത്പാദനനഷ്ടത്തിനും പരിസ്ഥിതി പ്രശ്നങ്ങൾക്കും വഴിതെളിയിക്കുന്നു. പഞ്ചായത്തിൽ മൊത്തം 28.8 ഹെ. തരിശ് കൃഷിയോഗ്യമായി കിടക്കുന്നുണ്ട്.

| | |
|---|---|
| 1 | കോതയൂർ |
| 2 | പ്ലാച്ചിത്തറ |
| 3 | മനിശ്ശിരി |
| 4 | തൃക്കങ്ങോട് |
| 5. | ചോറോട്ടൂർ |
| 6. | വെള്ള്യാട് 1 |
| 7. | വെള്ള്യാട് 2 |
| 8. | ചെറുകാട്ടുപുലം |
| 9. | ത്രാങ്ങാലി |
| 10. | കൂനത്തറ |
| 11. | പനയൂർ |

സ്രോതസ് : കൃഷിഭവൻ

**12.2. ജലം :** പ്രധാന ജലസ്രോതസ്സായി ഭാരതപ്പുഴ ചത്തു ജീവിക്കുന്നു. ജീവിക്കുന്ന കാലത്താകട്ടെ തടയില്ലാതെ അതിവേഗം ഒഴുകുന്ന വെള്ളം മുഴുവൻ കടലിൽ എത്തുന്നു. പുഴയെ ഉപജീവിക്കുന്ന കുളങ്ങളും കിണറുകളും പുഴയുടെ നാശത്തിന്റെ പാർശ്വഫലമായി തകരുന്നു. മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലുകൾ ഈ ജലസംഭരണികളിലേക്കുള്ള ഉറവകളെ കൊല്ലുകയും ഉള്ള ജലം നിലനിർത്താനുള്ള കഴിവ് തളർത്തുകയും ചെയ്യുന്നു. തോടുകൾ കേവലം ജലവാഹിനികളായി അധഃപതി ച്ചിരിക്കുന്നു.

**12.3. വിളക്രമം :** മുൻചൊന്ന വികലമായ സ്ഥലജല മാനേജ്മെന്റിന്റെ പരിണതഫലമായി വിളക്രമം പുഷ്ടിപ്പെടുന്നതിന് പകരം അവതാളത്തിലാകുന്ന അവസ്ഥയാണ് ഇന്ന് ഉള്ളത്. മുൻപൊക്കെ കർഷകൻ ഒരുപ്പൂ എങ്ങിനെ ഇരുപ്പൂ ആക്കാം. ഇരുപ്പൂ എങ്ങിനെ മുപ്പൂ ആക്കാം എന്ന രീതിയിലാണ് ചിന്തിച്ചിരുന്നത് എങ്കിൽ ഇന്ന് അയാൾ ഒരു reverse action (പിൻപ്രവർത്തനം) ആണ് നടത്തുന്നത്. മുപ്പൂവിനെ ഇരുപ്പൂ ആക്കുക, കഴിയുമെങ്കിൽ അത് ഒരുപ്പൂവ്വാക്കുക അങ്ങനെ നെല്ല് - നെല്ല് -നെല്ല് എന്ന വിളക്രമം നെല്ല് - നെല്ല്-തരിശ് എന്നതിലേക്കും നെല്ല് -തരിശ് - തരിശ് എന്നതിലേക്കും അധഃപതിച്ചിരിക്കുന്നു.

**12.4. തൊഴിലാളി ലഭ്യത :** നമ്മുടെ വിദ്യാഭ്യാസം നമ്മെ മണ്ണിനെ വെറുക്കാൻ പഠിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഈ തലമുറയിലെ ചെറുപ്പക്കാർ പാടത്തുപണി നികൃഷ്ടമായി കാണുന്നു. തൊഴിൽമാന്യതയെ കുറിച്ചുള്ള സങ്കൽപ്പനത്തിൽ വന്നുഭവിച്ചിട്ടുള്ള ആശാസ്യമല്ലാത്ത ഈ പതനവും താരതമ്യേനയുള്ള കൂലിക്കുറവും ഈ തൊഴിൽമേഖലയെ അനാകർഷകമാക്കുന്നു. അതുകൊണ്ടുതന്നെ ഈ പഞ്ചായത്തിലെ ഭൂരിഭാഗം കർഷകത്തൊഴിലാളി കുടുംബങ്ങളിലെ പുതിയ തലമുറയും കെട്ടിടനിർമ്മാണം, മണൽവാരൽ തുടങ്ങിയ ഒട്ടും സ്ഥായിയല്ലാത്തവയെന്ന് അവർ ഇനിയും തിരിച്ചറിഞ്ഞിട്ടില്ലാത്ത മേഖലകളിലേക്ക് ചേക്കേറിയിരിക്കുന്നു.

**12.5. വളം :** ആവശ്യമായ സമയത്ത് ആവശ്യമായ തോതിൽ രാസവളങ്ങൾ പ്രയോഗിക്കുന്നതിനു പകരം സബ്സിഡിയായി കിട്ടുമ്പോൾ കിട്ടുന്ന തോതിൽ മണ്ണിൽ ചെലുത്തുക എന്ന അശാസ്ത്രീയമായ രീതിയാണ് ഇന്നു കാണപ്പെടുന്നത്. കൃഷിഭവൻ സബ്സിഡിനിരക്കിൽ വിതരണം ചെയ്ത രാസവളങ്ങളുടെ തോതും മൊത്തം കൃഷിഭൂമിയുടെ വ്യാപ്തിയും തമ്മിലുള്ള അനുപാതം ആരോഗ്യകരമല്ല.

**12.6. വിപണി :** സ്വകാര്യ ഇടനിലക്കാരുടെ നീരാളിപ്പിടുത്തത്തിൽ, വിലക്കുറവിന്റെ വിഷമവൃത്തത്തിൽ ചുഴലുകയാണ് ഈ പഞ്ചായത്തിലെ കർഷകർ. ഒരു വശത്ത് കിട്ടുമ്പോൾ കിട്ടുന്നത്ര എന്ന തത്വത്തിലധിഷ്ഠിതമായ രാസവളപ്രയോഗം, മറുവശത്ത് വളരെ കുറവ് ജൈവവളപ്രയോഗം ഇവ രണ്ടും ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു.

**12.7. രോഗങ്ങൾ :** നെല്ലിന് കൊടപ്പുഴു, കുഴൽപ്പുഴു, ഗ്വാളീച്ച, മുഞ്ഞ, ഓലച്ചുരുട്ടി, ബ്ലാസ്റ്റ്, മഞ്ഞളിപ്പ്, ചാഴി, എന്നീ കേടുകളും, തെങ്ങിന് കൂമ്പുചീയൽ, വണ്ട് തുരക്കൽ, കാറ്റുവീഴ്ച എന്നീ രോഗങ്ങളും, വാഴയ്ക്ക് കുറുനാമ്പു രോഗവും, റബ്ബറിന് പട്ടമരവിപ്പും, ചീക്കുരോഗവും വ്യാപകമാണ്. പച്ചക്കറിക്ക് പലവിധ കീടബാധകളും ഉണ്ട്. കുരുമുളകിന് ദ്രുതവാട്ടം, ഇഞ്ചിക്ക് മൂടുചീയൽ, പഴുപ്പ് എന്നിവയും കാണപ്പെടുന്നു.

## 13. പരിഹാരനിർദ്ദേശങ്ങൾ

**13.1. സ്ഥലം** ഭൂവിനിയോഗനിയമം കർശനമാക്കുക. ഇക്കാര്യത്തിൽ ജനകീയ മോണിറ്ററിംഗിന് പാടശേഖര സമിതിക്കു കീഴിൽ ഉപസമിതി ഉണ്ടാക്കുക. ഭൂവിനിയോഗ സമിതി. കൃഷിയോഗ്യമായ തരിശ് ഈ സമിതി ലീസിനെടുത്ത് അനുയോജ്യമായ വിള കൃഷി ചെയ്യണം.

**13.2. ജലം :** ഭാരതപ്പുഴക്ക് പഞ്ചായത്തിൽ ഒരിടത്ത് തടയണ/അടിയണ നിർമ്മിക്കുക. ഇക്കാര്യത്തിൽ ത്രാങ്ങാലിയിലെ കാർഷിക വികസന ആക്ഷൻ കമ്മിറ്റി മുൻകൈ എടുത്ത് ഡിസംബർ 21,22,23 തിയ്യതികളിലായി ഏതാണ്ട് 50,000 ചാക്കുകൾ ഉപയോഗിച്ച് 300 മീറ്റർ നീളത്തിൽ ഉദ്ദേശം 1,500 - 2,000 മനുഷ്യാധ്വാനം സംഘടിപ്പിച്ച് ഒരു താത്ക്കാലിക തടയണ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. വാർഡ് 6,7,8 ഇതിന്റെ പ്രത്യക്ഷഗുണഭോക്താക്കളാണെങ്കിൽ പഞ്ചായത്തിലെ മൊത്തം പ്രദേശങ്ങളും ഇതിന്റെ പരോക്ഷഗുണഫലങ്ങളുടെ ഭോക്താക്കളാകാം.

തോടുകളെ അടിസ്ഥാനഘടകമാക്കി ഉപനീർമറി പ്രദേശങ്ങൾ വികസിപ്പിക്കുക. ഈ പ്രവർത്തനത്തിൽ അമ്പത് ശതമാനം ജനകീയപങ്കാളിത്തം ഉറപ്പ് വരുത്തുക. അതത് പ്രദേശങ്ങളിലെ വിളവികസനസമിതിയുടെ ഉത്തരവാദിത്വമാക്കുക.

തലക്കുളങ്ങൾ പുനരുജ്ജീവിപ്പിക്കുക.

മൊത്തത്തിൽ, പുഴ, തോടുകൾ, തലക്കുളങ്ങൾ എന്നിവയടങ്ങുന്ന ഈ പഞ്ചായത്തിലെ ജലവ്യൂഹമാകെ പുനരുജ്

ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും നീതിപൂർവ്വകമായ വിതരണം ഉറപ്പുവരുത്തുന്നതിനും ആയി ഓരോ പാടശേഖരസമിതിയിലും ഒരു ജലസമിതി രൂപീകരിക്കുക.

**13.3. വളം :** രാസവളം കീടനാശിനി എന്നിവ ആവശ്യമായ സമയത്ത് ആവശ്യമായ അളവിൽ പ്രയോഗിക്കുന്നതിന് വേണ്ട സാങ്കേതിക നിർദ്ദേശങ്ങളും യന്ത്രങ്ങളും ലഭ്യമാക്കണം. ഇതിനുവേണ്ട സമ്മർദ്ദം ചെലുത്താനും ജൈവവളം സംയോജിതാടിസ്ഥാനത്തിൽ ഉണ്ടാക്കുവാനും മറ്റുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനായി പാടശേഖരസമിതിക്കു കീഴിൽ ഒരു മണ്ണുസംരക്ഷണസമിതി ഉണ്ടാക്കുക. വേപ്പിലക്കഷായം, പുകയിലക്കഷായം എന്നിവ പോലെയുള്ള ജൈവകീടനാശിനി പ്രയോഗം പ്രോത്സാഹിപ്പിക്കൽ ഈ സമിതിയുടെ പ്രധാന കർമ്മ പരിപാടി ആകണം.

**13.4 വിപണനം :** പഞ്ചായത്തിൽ ഒരു കാർഷികവിഭവസംഭരണ – വിപണന കേന്ദ്രം സ്ഥാപിക്കുക. ഓരോ പാടശേഖരസമിതിയുടെയും കീഴിൽ രൂപീകരിക്കുന്ന വിപണനസമിതിയിലെ അംഗങ്ങൾ പ്രാഥമികാംഗങ്ങളായും, പഞ്ചായത്ത് പ്രസിഡൻറ്, സെക്രട്ടറി, വാർഡ്മെമ്പർ എന്നിവരും മറ്റ് തെരഞ്ഞെടുക്കപ്പെടുന്നവരും ഭരണസമിതി അംഗങ്ങളായും ആയിരിക്കണം ഈ കേന്ദ്രം രൂപീകരിക്കേണ്ടത്. പഞ്ചായത്തിലെ എല്ലാ കാർഷികവിളകൾക്കും ഇനം തിരിച്ചുള്ള സംഭരണ-വിപണനബൂത്തുകൾ ഈ കേന്ദ്രത്തിൻെറ മേൽനോട്ടത്തിൽ വാണിയംകുളം ചന്തയിൽ തുറക്കണം. റൂറൽ ഡവലപ്പ്മെൻ്റ് ബോർഡ് സഹായത്തോടെ ചന്തസ്ഥലത്ത് ഒരു വ്യാപാര സമുച്ചയം സ്ഥാപിക്കുവാൻ പഞ്ചായത്തിന് പദ്ധതിയുണ്ട്. അതിൽ മേൽപ്പറഞ്ഞ ബൂത്തുകൾക്ക് ഒന്നാം മുൻഗണനകൊടുത്ത് സ്ഥലം ലഭ്യമാക്കുക.

**13.5. രോഗപ്രതിരോധം :** പഞ്ചായത്തിലെ ഓരോ പാടശേഖരസമിതിക്കു കീഴിലും ഒരു രോഗപ്രതിരോധസമിതി രൂപീകരിക്കുക. രോഗപ്രതിരോധപ്രവർത്തനങ്ങൾ കൃഷിഭവനുമായി ഏകോപിപ്പിച്ച് നടത്തുവാനുള്ള ചുമതല ഈ സമിതിക്കായിരിക്കണം.

മേൽനിർദ്ദേശങ്ങളെല്ലാം ശാസ്ത്രീയമായി, ചിട്ടയായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാൽ ഒരു സ്വാഭാവികപരിണതി എന്നവണ്ണം വിളക്രമം തെറ്റൽ, തൊഴിലാളികളുടെ ദൗർല്ലഭ്യം എന്നീ പ്രശ്നങ്ങൾക്കും ഗണ്യമായ പരിഹാരമാകും.

## 14. സാധ്യതകൾ

പൊള്ളാച്ചി മത്തങ്ങ, കോയമ്പത്തൂർ വെണ്ടക്ക, ഊട്ടിത്തക്കാളി, ബാംഗ്ലൂർ ക്യാരറ്റ്, ആന്ധ്രമുളക്, ടാറ്റ ഉപ്പ് – ഇതാണ് ഇന്ന് കേരളീയൻെറ മേശവിരുന്നിന് വട്ടമൊരുക്കാൻ സഹായിക്കുന്നവ. വേനൽക്കായ്കറി തീരെ കൃഷി ചെയ്യാതായി. പൊതുവെ പച്ചക്കറികൃഷി തന്നെ മുരടിച്ചു. അമിതരാസവളപ്രയോഗം കാരണം സ്വാഭാവിക ഗുണാംശങ്ങൾ നശിച്ച മണ്ണും അതിരൂക്ഷമായ കീടനാശിനികൾ പ്രയോഗിച്ചാൽ മാത്രം നിലനിൽപ്പുള്ള വിത്തിനങ്ങളും ജലദൗർലഭ്യവും ഒക്കെ പച്ചക്കറികൃഷി ലാഭകരമല്ലാതാക്കുന്ന ഘടകങ്ങളാണ്. പഞ്ചായത്തിലെ കൃഷിഭവൻെറ മേൽനോട്ടത്തിൽ പാടശേഖരസമിതികളുടെ കീഴിൽ മത്സരാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിക്കണം. ഇതിനായി നല്ല വിത്തിനങ്ങളുടെ കിറ്റുകൾ കൃഷിഭവൻ വിതരണം ചെയ്യണം. വരുന്നവർക്കൊക്കെ എടുത്തു കൊടുത്ത് കണക്കു തികക്കാതെ വിളവികസനസമിതികളുടെ നിർദ്ദേശപ്രകാരം വരുന്ന തിരഞ്ഞെടുത്ത കർഷകർക്കുമാത്രം ഈ കിറ്റുകൾ കൊടുക്കുക.

ഒരു വിളവെടുപ്പിൽ ഏറ്റവും കൂടുതൽ ഉത്പാദനം ഉണ്ടാക്കുന്ന കർഷകന് ഗ്രാമശ്രീ അവാർഡ് വിളവികസനസമിതികൾ തന്നെ ഏർപ്പെടുത്തണം. അശാസ്ത്രീയമായ രാസപ്രയോഗമില്ലാതെ കഴിവതും ജൈവഘടനയെ പരിപുഷ്ടമാക്കുന്ന തരത്തിൽ മൂന്നുനാല് വിളവെടുപ്പുകളിലേക്കെങ്കിലും ഈ ഉയർന്ന ഉത്പാദനം നിലനിർത്തുന്ന കർഷകന് ഗ്രാമരത്നം അവാർഡും വേണം. ഇങ്ങനെ ഓരോ വിളവെടുപ്പു കഴിയുമ്പോഴും ഒരു ജനകീയ ഉത്സവമായി അതതു പാടശേഖരത്തിലെ എല്ലാ അംഗങ്ങളും ഒത്തുകൂടി അവാർഡ് വിതരണയോഗം നടത്തണം. അവാർഡുകൾക്കുള്ള ചിലവ് അതാത് വിളവികസനസമിതികൾ ഉൽപന്നവിപണനത്തിൽനിന്ന് ഉണ്ടാക്കുന്ന പൊതുഫണ്ടിൽ വകകൊള്ളിക്കണം. ഇങ്ങനെ വരുമ്പോൾ പനയൂർ മത്തങ്ങയും, വാണിയംകുളം വെണ്ടയ്ക്കയും ത്രാങ്ങാലി കൈപ്പക്കയും മനിശ്ശീരി പയറും കോതയൂർ മുളകും കല്ലുപ്പും നമ്മുടെ തീൻവട്ടങ്ങളൊരുക്കും.

### ജനകീയ പച്ചക്കറികൃഷിതോട്ടം

ഒരു പാടശേഖരത്തിലെ എല്ലാ വയലുകളും എല്ലാ കാലവും നെല്ല് കൃഷിചെയ്യുകയുണ്ടാവില്ലല്ലോ. തരിശിടുന്ന മൂന്നാം വിളകാലത്ത് ഓരോ പാടശേഖരത്തിലെയും എട്ട്-പത്ത് ഏക്കർ ഭൂമിയുടെ ഉടമസ്ഥർ ഒന്നിച്ച് അവിടത്തെ കർഷകതൊഴിലാളികളുമായി പങ്ക് നിശ്ചയിച്ച് ജനകീയ സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യണം. ഇങ്ങനെ കൃഷി ചെയ്യുന്ന ഇടത്ത് ജലസേചനസൗകര്യം ഉറപ്പുവരുത്താൻ കൃഷിഭവൻ സഹായധനം നൽകണം. കേവലം വാക്കാലുള്ള കരാറിൻെറ അടിസ്ഥാനത്തിലാകണമെന്നില്ല ഈ കൂട്ടുകൃഷി. പങ്കുകാരായ

കൃഷിയിട ഉടമകളും കർഷകതൊഴിലാളികളും കൃഷിഭവനും കൂടിയിരുന്ന് ചർച്ച ചെയ്ത് ഓരോരുത്തരും എടുക്കുന്ന ഭൂമിയുടെ അളവിനും, വിത്തിറക്കിനും, പണിക്കും, വളത്തിനും, വെള്ളത്തിനും, ആനുപാതികമായി മൊത്തം ഉത്പാദനം വീതിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് അവ എഴുതി ബന്ധപ്പെട്ട എല്ലാവരും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സാക്ഷിയായി ഒപ്പിട്ട് രേഖയാക്കിയ കരാർ ഉണ്ടായിരിക്കണം. ഈ പ്രവർത്തനം സുഗമമാക്കുന്നതിന് പാടശേഖരസമിതിക്കു കീഴിൽ ഒരു പച്ചക്കറിവികസനസമിതിയും വേണം.

## 15. തെങ്ങ്

പൊതുവെ കേരളത്തിൽ തെങ്ങിൻെറ ഉത്പാദനക്ഷമത 1951-54ലെ 6511ൽ നിന്ന് 1994-95ൽ 5888 ആയി കുറഞ്ഞു. ഇതേ കാലഘട്ടത്തിൽ തമിഴ്നാട്ടിൻേറത് 7836ൽ നിന്ന് 10631 ആയി ഉയർന്നു. വാണിയംകുളം പഞ്ചായത്തിലും പട്ടിക 2ലെ കണക്കുകളുടെ വിശകലനത്തിൽ സൂചിപ്പിച്ചപോലെ റബ്ബർ ഇടനാടും മേൽനാടും കയ്യടക്കി ക്രമേണ സമതലങ്ങളിലേക്കും വ്യാപിച്ചു തുടങ്ങിയിരിക്കുന്നു. പ്രധാന ഇര തെങ്ങുതന്നെ. ദ്രുതപഠനസംഘങ്ങൾ അഞ്ചും റിപ്പോർട്ട് ചെയ്തതുപോലെ പഞ്ചായത്തിൽ തെങ്ങ്കൃഷിക്ക് യോജ്യമായ ഇടങ്ങൾ റബ്ബർ തോട്ടങ്ങളായി മാറിയിട്ടുണ്ട്. ശേഷിച്ചവയാകട്ടെ റബ്ബറിനോട് താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവുമാത്രം ആനുകൂല്യം ലഭിക്കുന്നതിനാൽ ശോഷിച്ചും പോയിരിക്കുന്നു. ഈ പ്രതിസന്ധിയെ നേരിടുക എന്ന വെല്ലുവിളി കേരവികസനസമിതി ഏറ്റെടുക്കണം

15.1. ഒരു നല്ലയിനം തെങ്ങിൽ നിന്ന് പ്രതിവർഷം 100 തൈകൾ ഉൽപാദിപ്പിക്കാൻ കഴിയും എന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഈ പഞ്ചായത്തിൽ ഓരോ വാർഡിൽ നിന്നും പത്തു നല്ലയിനം തെങ്ങുകൾ എന്ന തോതിൽ കണ്ടെത്തി അവയുടെ ഉടമസ്ഥർക്ക് അവയിൽ നിന്നുള്ള വിത്തു തേങ്ങ ഉപയോഗിച്ച് തൈ ഉണ്ടാക്കാൻ വേണ്ട സഹായങ്ങൾ കേരവികസനസമിതി ചെയ്തുകൊടുക്കണം. അങ്ങിനെ ചെയ്താൽ പ്രതിവർഷം ഒരു വാർഡിൽ നിന്ന് 10×100=1000 എന്ന തോതിൽ 11 വാർഡുകളിൽ നിന്നായി 11000 നല്ലയിനം തൈകൾ ഉണ്ടാക്കാൻ കഴിയും. ഇവയുടെ വിലയിൽ സമിതി നൽകിയ സഹായധനം കഴിച്ച് ബാക്കി കർഷകന് കിട്ടണം. സമിതി തൈകൾ ശേഖരിച്ച് വീണ്ടും 11 വാർഡുകളിലായി തിരഞ്ഞെടുത്ത തയ്യാറുള്ള കർഷകർക്ക് വിതരണം ചെയ്യണം. അങ്ങിനെ പ്രതിവർഷം വാർഡ് ഒന്നിന് 1000 എന്ന കണക്കിൽ 11 വാർഡുകളിലായി 11000 പുതിയ തെങ്ങുകൾ, 5 വർഷത്തിൽ 55000 തെങ്ങുകൾ, ഇതായിരിക്കണം കേരവികസനസമിതിയുടെ അടുത്ത പദ്ധതികാലത്തെ മുഖ്യ കർമ്മ പരിപാടി. നല്ലയിനം തെങ്ങ് ഏതെന്ന് കണ്ടെത്താൻ കൃഷിവകുപ്പിൻെറയും കാർഷിക സർവ്വകലാശാലയുടെയും സഹായം തേടാം. തൈകൾ ഉത്പ്പാദിപ്പിക്കുന്നതിനും വെപ്പുകാലം വരെ പരിരക്ഷിക്കുന്നതിനും തൈ ഒന്നിന് ഇത്ര രൂപ എന്ന നിരക്കിൽ വേതനം കൊടുത്ത് തൊഴിലില്ലായ്മ വേതനം പറ്റുന്ന യുവാക്കളെ ഏൽപിക്കണം. ഇത് തൊടി അടിസ്ഥാനത്തിലോ, വാർഡ് അടിസ്ഥാനത്തിലോ ചെയ്യാവുന്നതാണ്.

15.2 തൈ വച്ചാൽ പിന്നെ തിരിഞ്ഞു നോക്കണ്ട എന്ന മട്ടാണ് പൊതുവെ കർഷകർക്ക്. ഈ നിലപാട് മാറ്റി വിത്തിന്വെയ്ക്കൽ മുതൽ നടൽ, പരിചരണം, ജലസേചനം, വളം എന്നിവയിലെല്ലാം ശുഷ്കാന്തി കാട്ടാൻ കർഷകരെ ബോധവൽക്കരിക്കണം. ഈ പ്രവർത്തി വാർഡടിസ്ഥാനത്തിൽ അനൗപചാരിക കേരവികസനസമിതികളെ ഏൽപ്പിക്കാവുന്നതാണ്.

15.3. തെങ്ങു കൃഷിചെയ്യുന്നിടത്ത് റബ്ബർ വെയ്ക്കുന്നത് നിരുത്സാഹപ്പെടുത്തുന്ന അത്രയും പ്രാധാന്യമർഹിക്കുന്നു പാടം നികത്തി തെങ്ങുവെയ്ക്കലും. പാടത്ത് ഉത്പാദനം കുറവായിരിക്കും. പൊതുനീർവാർചാക്രമത്തെ അത് തകരാറിലാക്കും.

15.4. തേങ്ങക്ക് ന്യായവിലകൊടുത്ത് അത് സംഭരിക്കാനും അങ്ങനെ സംഭരിച്ച തേങ്ങ ഉപയോഗിച്ച് നടത്താവുന്ന വ്യവസായ യൂണിറ്റ് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കാവും പദ്ധതി വേണം. ഇത്, തേങ്ങ ഒരു മൂല്യവർദ്ധിത ഉൽപ്പന്നമാക്കാൻ സഹായിക്കും.

## 16. റബ്ബർ

റബ്ബറിൻെറ വാണിജ്യപ്രാധാന്യം കണക്കിലെടുക്കുമ്പോൾ റബ്ബർകൃഷി പാടെ നിരുത്സാഹപ്പെടുത്തുക സാധ്യമല്ല. പക്ഷെ, ലാഭംമാത്രം ലാക്കാക്കി ഭൂവിനിയോഗക്രമത്തിലെ സംതുലനം തെറ്റിക്കുംപടി നടത്തുന്ന വ്യാപനം തടയണം. ഇതിന് റബ്ബർ ബോർഡും വിവിധ ധനസഹായസ്ഥാപനങ്ങളും ഇന്ന് അനുവർത്തിച്ചുവരുന്ന പ്രോത്സാഹനമാനദണ്ഡങ്ങളിൽ സമൂലമായ മാറ്റം വരുത്തണം. മറ്റു ഭക്ഷ്യവിളകൾ കൃഷിചെയ്യുന്ന സ്ഥലത്ത് റബ്ബർ വെക്കുന്നത് നിരുത്സാഹപ്പെടുത്തണം. മറ്റൊന്നും കൃഷി ചെയ്യാൻ കഴിയുന്നിടത്താണ് റബ്ബർ പ്രോത്സാഹിപ്പിക്കേണ്ടത്.

പക്ഷെ, നമ്മുടെ പഞ്ചായത്തിൽ അത്തരം ഇടങ്ങൾ ഉണ്ടോ? ഇല്ല എന്നാണുത്തരം. ആകെയുള്ള 28.4 ഹെക്ടർ തരിശ് തന്നെ പച്ചക്കറി, തെങ്ങ് എന്നിവയ്ക്ക് അനുയോജ്യമായ ഭൂമിയാണ്. അതിനാൽ ഉള്ള റബ്ബറി

ന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്കായിരിക്കണം, വ്യാപനത്തിനല്ല പ്രാധാന്യം കൊടുക്കേണ്ടത്.

ഇപ്പോൾ ഈ പഞ്ചായത്തിൽ ബ്ലോക്ക് ഒന്നിന് ഉദ്ദേശം 250 രൂപയാണ് ചിലവ് കഴിച്ച് വരുമാനം. തെക്കൻ ജില്ലകളിൽ ഇത് 500 രൂപയാണ്. ഉത്പാദനം കൂട്ടി ഈ ലാഭനിരക്കിലേക്ക് ഇപ്പോൾ ഈ പഞ്ചായത്തിലുള്ള റബ്ബർ തോട്ടങ്ങളെ ഉയർത്താൻ വേണ്ട കർമ്മപരിപാടികൾ കാർഷികവികസനസമിതി വിദഗ്ധരുമായി കൂടിയാലോചിച്ച് നടത്തണം.

## 17. ഋണാശ്വാസം, ധനസഹായം

എല്ലാ വിളവികസന പ്രവർത്തനങ്ങളിലും വ്യക്തിപരമായ സംരംഭങ്ങൾക്ക് പ്രോത്സാഹനങ്ങൾ കൊടുക്കുന്നതോടൊപ്പം തന്നെ കർഷകരിൽ സംഘടനാബോധം ഉണ്ടാക്കുവാനും അതുവഴി കൂട്ടായ യത്നങ്ങൾക്ക് രൂപം കൊടുക്കാനും ഓരോ വിളയ്ക്കും ഓരോ പ്രാദേശിക വികസന സമിതി ഉണ്ടാക്കുകയും (ഉദാ: നിലവിലുള്ള പാടശേഖരസമിതി, കേരവികസന സമിതി) അവക്ക് കാർഷിക വികസനസമിതി നേതൃത്വം കൊടുക്കുകയും വേണം. ഇതോടൊപ്പം കർഷകർക്ക് കാലാകാലങ്ങളിൽ സഹായധനം എത്തിച്ചുകൊടുക്കലും. ഈ പ്രാദേശികസമിതികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകലും ചെയ്യണം.

അർഹിക്കുന്നവർക്ക് ഉൽപ്പന്നങ്ങൾ സെക്യൂരിറ്റിയായി കണക്കാക്കി Key Loan കൊടുക്കുന്ന സമ്പ്രദായം ഏർപ്പെടുത്തണം. 1994-95ൽ കൃഷിഭവൻ ആകെ 134 ഗുണഭോക്താക്കൾക്കായി 42292 രൂപയാണ് സഹായധനം കൊടുത്തിരിക്കുന്നത്. 1995-96ൽ വിതരണം നടന്നുകൊണ്ടിരിക്കുന്നതിനാൽ കണക്കുകൾ പൂർണ്ണമായും ലഭ്യമല്ല. പക്ഷെ, മുൻവർഷങ്ങളിലെ കണക്കുപ്രകാരം കൃഷിഭവന്റെ സഹായങ്ങൾ വേണ്ടസമയത്ത് കർഷകർക്ക് ലഭിക്കുന്നില്ല.

വ്യക്തിഗതകടവിതരണത്തേക്കാൾ ഫണ്ട് പ്രാദേശിക വിളവികസനസമിതികളുടെ കൂട്ടായ്മാ പ്രവർത്തനങ്ങൾക്ക് നീക്കിവെയ്ക്കണം. ഓരോ പ്രാദേശികവിളവികസനസമിതിയും ഓരോ വിളയ്ക്കും ഒരു സീസണിൽ മൊത്തം വേണ്ട നിവേശകവസ്തുക്കളുടെ ചിലവുകണക്ക് അടിസ്ഥാനമാക്കി വിളബജറ്റ് തയ്യാറാക്കണം. കാർഷിക വികസനസമിതി ഇത് പരിശോധിച്ച് ചിലവിനത്തിൽ പ്രാദേശികസമിതി അംഗങ്ങളുടെ പങ്ക് കഴിച്ചുള്ളവയ്ക്ക് ഏതേത് ഏജൻസികളിൽനിന്ന് ലഭ്യമാക്കാമെന്ന് നിർണ്ണയിക്കുകയും അത് ലഭ്യമാക്കാൻ പ്രാദേശിക വിളസമിതികളെ സഹായിക്കുകയും വേണം

ചുരുക്കത്തിൽ കാർഷികവികസനസമിതി എക്സിക്യൂട്ടീവ് അധികാരങ്ങളുള്ള ഒരു നിർണ്ണായകസംഘടനയായി പ്രവർത്തിക്കണം

പട്ടിക 7 - കാർഷികവികസന സമിതി - ഘടന



# മൃഗസംരക്ഷണം, മത്സ്യബന്ധനം

മാഡ, തടപ്പ്, കായതടപ്പ്, പണയതടപ്പ്, തട്ടതടപ്പ്, കാരാധിതടപ്പ്, ആളിതടപ്പ്, വല്യിതടപ്പ്, തൊമ്മതിതടപ്പ്, വാച്ചനോട്ട്... കേട്ടാൽ അന്തം വിട്ടുപോകുന്ന ഈ ശബ്ദകലവി വാണിയംകുളം ആഴ്ചച്ചന്തയിൽ പൊരുത്ത് പറയുന്നവരെ സംബന്ധിച്ചിടത്തോളം വാണിജ്യഗണിതത്തിന്റെ അതിസങ്കീർണ്ണമായ സൂത്രവാക്യങ്ങളാണ്. വ്യാഴാഴ്ച ഇവിടെ നിറയുന്ന കന്നുകാലികൾ, പലവ്യഞ്ജനങ്ങൾ, പലതരം. നൂറ്റാണ്ടുകളായി കന്നുകാലികളുടെ സംരക്ഷണം, വ്യാപാരം എന്നിവയിൽ രൂഢമൂലമായ ഒരു സംസ്കൃതിയാണ് ഈ പഞ്ചായത്തിന്റെ മുഖമുദ്ര. കവളപ്പാറ നായരുടെ ഭരണകാലത്ത് ആനച്ചന്തയും നടന്നിരുന്നു എ് പഴമക്കാർ വാമൊഴിയായി കിട്ടിയ വിവരം വെച്ച് ആണയിടുന്നു.

ഈ പഞ്ചായത്തിന്റെ സമ്പദ്ഘടനയുടെ ഒരു പ്രധാന വശമാണ് മൃഗപരിപാലനം. നിരവധി ഗ്രാമീണർ ഇതിൽ തൊഴിലും വരുമാനവും കണ്ടെത്തുന്നു. കാർഷികവൃത്തി പ്രധാനമായ ഇവിടുത്തെ പ്രാഥമികമേഖലയിലെ ഒരു ഉപമേഖലയാണ് മൃഗപരിപാലനവും അതിനോടനുബന്ധിച്ച ക്ഷീരോല്പാദനവും മാംസോൽപ്പാദനവും.

കേരളത്തിന്റെ ഇതരപ്രദേശങ്ങളിൽ എന്നപോലെ ഇവിടെയും തനതുസ്വഭാവങ്ങളോടു കൂടിയ ഒരു കന്നുകാലി സമ്പത്താണ് ഉണ്ടായിരുന്നത്. ജനസസാന്ദ്രതയുടെ സമ്മർദ്ദത്തിൻഫലമായി കന്നുകാലികൾ പണ്ടൊക്കെ മേഞ്ഞിരുന്ന കാടുകൾ അപ്രത്യക്ഷമായപ്പോൾ അവയുടെ പരിപാലനത്തിനായി പ്രത്യേകം വകുപ്പ് വന്നു. 1952ലാണ് ഇവിടെ ഒരു മൃഗാശുപത്രിയും കൃത്രിമബീജസങ്കലന കേന്ദ്രവും (പട്ടിക 7) നിലവിൽ വന്നത്. 1980ലെയും 1995ലെയും കാനേഷുമാരി കണക്കുകൾ (പട്ടിക 8) അനുസരിച്ച് ഇവിടെ കാലിസമ്പത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. എങ്കിലും ജനസംഖ്യാവർദ്ധനവിന് ആനുപാതികമായി കാലിസമ്പത്ത് വർദ്ധിച്ചിട്ടില്ല.

### 1. പ്രശ്നങ്ങൾ

- കാലിത്തീറ്റയുടെ വിലക്കൂടുതൽ
- വിപണനത്തിൽ സ്വകാര്യവ്യക്തികളുടെ ചൂഷണം.
- യഥാസമയം മൃഗ-പക്ഷി ചികിത്സ ലഭിക്കായ്ക.
- പുല്ലിന്റെ ദൗർലഭ്യം.
- കോഴിവളർത്തൽ തുടങ്ങിയ ഈ രംഗത്തെ വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശവും സാമ്പത്തികസഹായവും വേണ്ടത്ര ലഭ്യമല്ലായ്ക.
- ഉയർന്ന ഉത്പാദനക്ഷമതയുള്ള പശുക്കളെ വളർത്താനുള്ള സാമ്പത്തികശേഷിയോ സാങ്കേതികപരിജ്ഞാനമോ ഇല്ലായ്ക.
- സംയുക്ത വനസംരക്ഷണപരിപാടികളുടെ ഭാഗമായ പ്ലാവുനടീൽ വേണ്ടത്ര നടപ്പിലാക്കായ്ക.
- കാലിവളർത്തലിന്റെ പാർശ്വഗുണമായ മാംസോൽപാദനം, തുകൽസംസ്ക്കരണം എന്നിവയ്ക്ക് വേണ്ട യൂണിറ്റുകൾ ഇല്ലായ്മ.
- ലഭ്യമായ കോഴിക്കുഞ്ഞുങ്ങളുടെ ഉത്പാദനക്ഷമതക്കുറവ്.
- കോഴിത്തീറ്റയുടെ വിലക്കൂടുതൽ.
- മാലിന്യസംസ്കരണത്തിലുള്ള അപര്യാപ്തത.

### 2. പരിഹാരങ്ങൾ

- മൃഗാശുപത്രിക്കു സമീപം ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്, പാലു സംഭരണ കേന്ദ്രം എന്നിവ അടക്കമുള്ള ഒരു ഉദ്ഗ്രഥിത ക്ഷീരോത്പന്ന വികസന സമുച്ചയമാക്കി മാറ്റുക.
- മൃഗാശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- പത്തു സെൻറിൽ കൂടുതൽ സ്ഥലമുള്ള കുടുംബങ്ങളിൽ സ്ത്രീകൾക്ക് തീറ്റപ്പുൽ വിത്ത് വിതരണം ചെയ്ത് ഓരോ തൊടിയിലും രണ്ടു സെൻറെങ്കിലും സ്ഥലത്ത് തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക.
- ചുരുങ്ങിയ ചിലവിൽ കൂടുതൽ കാലം കൂടുതൽ പാലുതരുന്ന വെച്ചൂർ പശുക്കൾ നൂറെണ്ണമെങ്കിലും ഈ പഞ്ചായത്തിലെ പശുവളർത്തുകാർക്ക് വാർഡ് ഒന്നിന് പത്തു പശു എന്ന തോതിൽ വിതരണം ചെയ്യുക.
- IFM/PFM പരിപാടികൾ ആടുവളർത്തലുമായി ഉദ്ഗ്രഥിതമായി നടപ്പിലാക്കുക.
- ജനസാന്ദ്രത കുറവുള്ള സ്ഥലം കണ്ടെത്തി ഒരു മാംസ സംസ്ക്കരണശാലയും തുകൽസംസ്ക്കരണശാലയും സ്ഥാപിക്കുവാനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തി ഈ മേഖലകളിലേക്ക് സ്വകാര്യമൂലധനനിക്ഷേപം ആകർഷിക്കുക.

- കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ ആയി മൃഗാശുപത്രിയിൽ പ്രത്യേക വൈദഗ്ധ്യം ഉള്ളവരുടെ ഒരു സെൽ രൂപീകരിക്കുക. ഇവർ സഹായനിരക്കിൽ വേണ്ടസമയത്ത് രോഗപ്രതിരോധമരുന്നുകൾ എത്തിക്കുക, മറ്റു ശാസ്ത്രീയോപദേശങ്ങൾ നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.
- സ്വകാര്യ കോഴിത്തീറ്റ നിർമ്മാണയൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക.
- പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കുക. ഹോട്ടൽ അവശിഷ്ടങ്ങൾ, പച്ചക്കറി അവശിഷ്ടങ്ങൾ, പെട്ടിക്കടയിലെ പഴച്ചണ്ടിയും മറ്റും, അറവുശാലയിലെ അവശിഷ്ടങ്ങൾ എന്നിവ സംഭരിച്ച് സംസ്ക്കരിക്കാനുള്ള യൂണിറ്റ് സ്ഥാപിച്ച് വിലകുറഞ്ഞ പന്നിത്തീറ്റ ലഭ്യമാക്കാം.

നിലവിലുള്ള മൃഗ-പക്ഷി സമ്പത്തിന്റെ (പട്ടിക 9,10) ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക. ഈ മേഖലയുമായി ബന്ധപ്പെട്ട വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കു എന്നിങ്ങനെ ഒരു ദ്വിമുഖ നയമായിരിക്കണം മൃഗ-പക്ഷി സംരക്ഷണമേഖലയിൽ പഞ്ചായത്ത് അനുവർത്തിക്കേണ്ടത്. ചാണക വാതക അടുപ്പുകൾ പ്രോത്സാഹിപ്പിക്കൽ ഒരു പ്രധാന കർമ്മപരിപാടിയായി ഏറ്റെടുക്കണം. ഈ പഞ്ചായത്തിൽ 11088 മുട്ടയിടുന്ന കോഴികളും 8942 ഇറച്ചിക്കോഴികളും ഉണ്ടെങ്കിലും ഇത് ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറുന്നതിന് തികച്ചും അപര്യാപ്തമായതിനാൽ നാം ഇക്കാര്യത്തിൽ ഒരു പരാന്നഭോജിത്വം പുലർത്തിവരുന്നു. ഈ സ്ഥിതി മാറ്റണം. വാർഡ് അടിസ്ഥാനത്തിൽ മൃഗ-പക്ഷി സംരക്ഷണസമിതികൾ രൂപീകരിക്കുകയും അവയ്ക്കു കീഴിൽ ഓരോ തൊടിയും ഓരോ അടിസ്ഥാനയൂണിറ്റാക്കി പരിപാടികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും വേണം.

### 3. മത്സ്യബന്ധനം

നൂറിലധികം കുളങ്ങളുള്ള ഈ പഞ്ചായത്തിൽ മത്സ്യകൃഷിക്ക് വേണ്ടത്ര ഊന്നൽ ഇതുവരെ കൊടുത്തിട്ടില്ല. ഇവിടുത്തെ ഉപഭോക്താക്കൾ 99%വും ആശ്രയിക്കുന്നത് പൊന്നാനിയിൽനിന്നും തിരൂരിൽനിന്നും മറ്റും വരുന്ന കടൽമത്സ്യത്തെയാണ്. ശുദ്ധജലമത്സ്യകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന അഞ്ചുപേരെ ഈ പഞ്ചായത്തിലുള്ളൂ. ഇവർ തിലോപ്പിയ, കട്‌ല, മൃഗാല, രോഹു, എന്നീ ഇനങ്ങളാണ് മുഖ്യമായും വളർത്തുന്നത്.

ഒന്നാംവാർഡിൽ കോറാട്ടിൽ രാജൻ 30 സെൻറ് വിസ്തീർണ്ണമുള്ള കുളത്തിൽ തിലോപ്പിയ വളർത്തുന്നു. അഞ്ചാംവാർഡിൽ വെങ്കിട്ടരാമൻ കട്‌ല വളർത്തുന്നുണ്ട്. ഏഴാം വാർഡിൽ എം.സി. കൃഷ്ണൻകുട്ടി 30 സെൻറ് വിസ്തീർണ്ണമുള്ള കിണറിൽ കട്‌ല, മൃഗാല, രോഹു എന്നീ ഇനങ്ങളും, നാലാംവാർഡിൽ വാച്ചാക്കര രാജു 30 സെൻറ് കുളത്തിൽ കട്‌ലയും, പതിനൊന്നാം വാർഡിൽ വടക്കെക്കര ഗോവിന്ദൻ ഒരേക്ര വരുന്ന ആനപ്പാട്ടു കുളം, വാടകക്കെടുത്ത് തിലോപ്പിയ, കട്‌ല, രോഹു എന്നീ മത്സ്യങ്ങളും കൃഷിചെയ്യുന്നുണ്ട്. ഒരു വിളവെടുപ്പിൽ ശരാശരി 5,000 രൂപ ഇവർക്ക് വരുമാനം കിട്ടുന്നുണ്ട്.

ഈ വിജയം മാതൃകയാക്കി ഉയർത്തികൊണ്ട് പഞ്ചായത്തിലെ കുളങ്ങളുടെയും പാഴടഞ്ഞ കാറികളുടെയും ഉടമസ്ഥരുടെ ഒരു യോഗം വിളിച്ചുകൂട്ടി അതത് വാർഡ് മെമ്പർമാർ നേതൃത്വമെടുത്ത് ഒരു മത്സ്യവികസനസമിതി രൂപീകരിക്കണം.

ഒന്ന്, ഒമ്പത്, പത്ത്, പതിനൊന്ന് വാർഡുകളിൽ പാവുക്കോണം ദേശീയനീർമറിപദ്ധതിപ്രകാരം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ട്. അതിനുപുറമെ മലമ്പുഴ, മീൻകര എന്നിവിടങ്ങളിൽ മത്സ്യകൃഷിക്കാവശ്യമായ എല്ലാ സാങ്കേതികസഹായങ്ങളും ലഭ്യമാണ്. ഈ ഇടങ്ങളിലുള്ള സർക്കാർ മത്സ്യവികസനസ്ഥാപനങ്ങളുടെ extension officer മാരെ ഈ പഞ്ചായത്തിലേക്ക് മാസം പത്തു ദിവസമെങ്കിലും വിളിച്ച് പ്രവർത്തിപ്പിക്കണം.

തൊഴിലില്ലാത്ത ചെറുപ്പക്കാർക്കും കുടുംബിനികൾക്കും ഇത് നല്ലൊരു വരുമാനമാർഗ്ഗമായിരിക്കും എന്ന വസ്തുത മത്സ്യവികസനസമിതി സാങ്കേതികവിവരങ്ങളും വരവ്-ചിലവ് വിശ്ലേഷണങ്ങളും നിരത്തി ബോധ്യമാക്കണം.

### 3.1. സാധ്യതകൾ

മത്സ്യവികസനസമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ 4 പൊതു കുളങ്ങൾ നേരിട്ടോ പാട്ടത്തിന് കൊടുത്തോ മാതൃകാമത്സ്യകൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുക.

പഞ്ചായത്തിലെ മൊത്തം പ്രതിദിന മത്സ്യ ഉപഭോഗം, ഉപഭോഗ പാറ്റേണുകൾ, സ്രോതസ്സുകൾ, മത്സ്യകൃഷിക്ക് വിട്ടുകൊടുക്കാൻ തയ്യാറുള്ള കുളങ്ങളുടെ ഉടമകൾ, നേരിട്ട് നടത്താൻ തയ്യാറുള്ളവർ എന്നിവയുടെ വിശദമായ ഒരു സർവ്വെ നടത്തുക.

**വാണിയംകുളം ഗ്രാമപഞ്ചായത്ത്**

**കൃത്രിമബീജസങ്കലന വിവരങ്ങൾ : 95-96**

| വളർത്തു മൃഗം: ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 840 | 840 | 106 |
| കിടാരി | 290 | 290 | 65 |
| എരുമ | 20 | 20 | 3 |

**വാണിയംകുളം ഗ്രാമപഞ്ചായത്ത്**

**പേവിഷബാധ : പ്രതിരോധവും ചികിത്സയും**

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധകുത്തിവെയ്പു നൽകിയവയുടെ എണ്ണം | - | - | - | 40 | - | - |
| കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | 45 | - | 72 | 31 | - | - |

**പട്ടിക 9 - പക്ഷികൾ**

| | പിടക്കോഴി | | | താറാവ് | | |
|---|---|---|---|---|---|---|
| വാർഡ് | മുട്ടയുള്ളത് | ഇല്ലാത്തത് | പൂവൻകോഴി | ആൺ | പെൺ | മറ്റുള്ളവ |
| 1 | 77 | 963 | 150 | | | |
| 2 | 14 | 86 | 178 | 3 | 2 | |
| 3 | 439 | 2076 | 151 | | | |
| 4 | 1210 | 1069 | 480 | 4 | 18 | |
| 5 | 221 | 510 | 262 | 1 | 4 | |
| 6 | 66 | 653 | 275 | | | |
| 7 | 385 | 1138 | 364 | | | |
| 8 | 409 | 657 | 310 | | | |
| 9 | 446 | 497 | 234 | | | |
| 10 | 342 | 417 | 147 | 3 | 5 | |
| 11 | 349 | 1630 | 271 | 11 | | |
| Total | 3958 | 9696 | 2822 | 22 | 29 | |

Total കോഴികൾ 16476 Total താറാവുകൾ 51

(സ്രോതസ് : മൃഗസംരക്ഷണവകുപ്പ്).

### പട്ടിക 10 - മൃഗങ്ങൾ

| വാർഡ് | കാള നാടൻ | കാള സങ്കര | കറവ് പശു നാടൻ | കറവ് ഇല്ല പശു ഞാങ്കർ ഇനം | കറവ് എരുമ | കറവ് ഇല്ല എരുമ | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|
| 1 | 12 | 10 | 47 | 76<br>46/57 | 2 | 1 | 20 | 168 | 147 | |
| 2 | - | 15 | 4 | 113<br>67/126 | - | - | 11 | 134 | 89 | |
| 3 | 22 | 35 | 73 | 161<br>35/72 | 2 | - | 32 | 155 | 179 | |
| 4 | 35 | 123 | - | 247<br>261 | 1 | 3 | 24 | 363 | 520 | |
| 5 | - | 10 | 38 | 64<br>36/46 | 1 | 2 | - | 164 | 206 | |
| 6 | 15 | 7 | 94 | 287<br>67/160 | 1 | 3 | 4 | 200 | 58 | 1 |
| 7 | 32 | - | 50 | 230<br>27/52 | 4 | 4 | 24 | 81 | 175 | |
| 8 | 12 | - | 45 | 123<br>16/89 | 1 | 2 | 17 | 143 | 120 | |
| 9 | 19 | - | 22 | 77<br>56/66 | 6 | 8 | 37 | 148 | 133 | |
| 10 | 19 | 18 | - | 49<br>66 | 2 | 5 | 7 | 217 | 141 | |
| 11 | 16 | 30 | 33 | 78<br>51/81 | 3 | 10 | 12 | 132 | 178 | |
| Total | 182 | 248 | 406 | 1209 | 23 | 38 | 188 | 1905 | 1945 | |

| | | | |
|---|---|---|---|
| Total കാളകൾ | 430 | Total പശുക്കൾ | 3208 |
| Total എരുമകൾ | 61 | Total പോത്തുകൾ | 188 |
| Total ആടുകൾ | 1905 | Total പട്ടികൾ | 1945 |
| Total ആനകൾ (ഇൻഷൂർ ചെയ്തത്) | 1 | | |

(സ്രോതസ് : മൃഗസംരക്ഷണ വകുപ്പ്)

# വ്യവസായം

വാണിജ്യപ്രധാനമായ പഞ്ചായത്താണ് വാണിയൻ കുലങ്ങളുടെ വാണിയംകുളം നാട്ടുവാഴിത്തത്തിന്റെ ഉച്ചിയിൽ തഴച്ചു വളർന്നിരുന്ന പരമ്പരാഗതവ്യവസായങ്ങളുടെ പടിപാടിയായ തകർച്ചയ്ക്ക് നിദാനമായത് പ്രധാനമായും പഞ്ചായത്തിന്ന് ബാഹ്യമായ ചില കാരണങ്ങളാണ്. ആഗോളതലത്തിൽ അസംബ്ലിലൈൻ മാസ്പ്രൊഡക്ഷൻ ശക്തിപ്പെട്ടപ്പോൾ യൂറോകേന്ദ്രിത സമ്പദ്ഘടനയുടെ പാർശ്വവർത്തികളായിരുന്ന ഇന്ത്യയടക്കമുള്ള രാജ്യങ്ങളെ കമ്പോളവത്ക്കരിക്കേണ്ടത് ആ രാജ്യങ്ങളുടെ ആവശ്യമായി വന്നു. വിപണി, അനുബന്ധവ്യവസായങ്ങൾ, അനുബന്ധസർവ്വീസുകൾ എന്നിവയിലൂന്നിക്കൊണ്ടാണ് സമ്പന്നരാഷ്ട്രങ്ങൾ അവരുടെ ധനസഹായാറ്റേണുകൾ രൂപപ്പെടുത്തിയത്. ഇതിൻഫലമായി കേരളത്തിലും അതുപോലെതന്നെ വാണിയംകുളം പഞ്ചായത്തിലും മാസ്പ്രൊഡക്ഷൻ സമ്പ്രദായത്തിന് വഴങ്ങാത്ത പരമ്പരാഗത വ്യവസായങ്ങൾ തളർന്നു. വാണിജ്യത്തിനുള്ള പ്രാധാന്യം പിന്നെയും ഈ പഞ്ചായത്തിൽ വ്യവസായത്തിന് കിട്ടിയില്ല. ഫലമോ? പായനെയ്ത്ത്, കുട്ടനിർമ്മാണം, ഓലക്കുട നിർമ്മാണം, കൈത്തറി, മൺപാത്രനിർമ്മാണം, ഓട്ടുപാത്രനിർമ്മാണം എന്നീ പാരമ്പര്യവ്യാവസായങ്ങൾ പിടിച്ചു നിൽക്കാനാവാതെ ഉലഞ്ഞു.

പൊതുനിയമമനുസരിച്ച് വർദ്ധിതമൂല്യം കിട്ടുന്ന ആധുനിക ഉത്പ്പാദന മേഖല ഈ ഘട്ടത്തിൽ വികസിക്കേണ്ടതാണ്. പക്ഷെ ഇതിനിടയിൽ, സംസ്ഥാന തലത്തിൽ സാമ്പത്തികരംഗത്ത് സംഭവിച്ച ഗൾഫീകരണത്തിന്റെ പാർശ്വഫലമായി അഭൂതപൂർവ്വമായി പെരുത്ത കെട്ടിടനിർമ്മാണരംഗം ലഭ്യമായ മനുഷ്യവിഭവം മുഴുവൻ അങ്ങോട്ടു വലിച്ചു. പാരമ്പര്യ ഉത്പാദനമേഖലയായ കൃഷിയിൽ നിന്നും മറ്റു പരമ്പരാഗത വ്യവസായങ്ങളിൽ നിന്നും പുതുതലമുറ കൂട്ടത്തോടെ ചേക്കേറിയത് കെട്ടിട നിർമ്മാണ രംഗത്തേയ്ക്കായിരുന്നു. പക്ഷെ ഈ പച്ച സ്ഥായിയല്ല. ഗൾഫ് പണത്തെ മാത്രം ആശ്രയിച്ച് തനതായ പുതു സമ്പത്തുൽപാദനം അവഗണിച്ചുകൊണ്ടുള്ള ഈ മനുഷ്യവിഭവവിന്യസനം നിലനിൽപ്പില്ലാത്തതാണ്.

വാണിയംകുളം പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുണ്ട് - വാർഡ് 11ൽപ്പെട്ട പനയൂരിൽ ചെറുകിടവ്യവസായങ്ങളെ പശ്ചാത്തലസൗകര്യങ്ങളുടെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നതായിരുന്നുവല്ലോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ തത്ത്വം. എന്നാൽ മറ്റുപലയിടത്തും എന്നപോലെ ഇവിടെയും എസ്റ്റേറ്റിലുള്ള വ്യവസായങ്ങൾ പരസ്പരബന്ധിതമോ പൂരകമോ അല്ലാത്തതിനാൽ ഈ ഉദ്ദേശം നടന്നില്ല. ഒരേ എസ്റ്റേറ്റിൽത്തന്നെ ബ്രഷ് നിർമ്മാണ യൂണിറ്റുകൾ നിരവധി, പിന്നെ അച്ചടിശാല, പിന്നെ മറ്റൊന്ന് എന്ന രീതിയിൽ ആണ് സംവിധാനം. അനാരോഗ്യകരമായ മത്സരത്തിനോ പരസ്പരമുള്ള അന്യവത്ക്കരണത്തിനോ മാത്രമേ ഇത് ഉതകിയുള്ളൂ.

## വാർഡുതിരിച്ചുള്ള വിശ്ലേഷണം.

### വാർഡ് 1

പരമ്പരാഗതവ്യവസായങ്ങളായ മൺപാത്രനിർമ്മാണം, പായനെയ്ത്ത്, ചെത്ത് എന്നിവയിൽ യഥാക്രമം 8,6,11 കുടുംബങ്ങൾ ഏർപ്പെട്ടിരിക്കുന്നു. കുംഭാരൻമാരുടെ കോളനിയിൽ ഗതാഗതസൗകര്യമോ വൈദ്യുതിയോ ഇല്ല. പായനെയ്ത്തുകാർ അസംസ്കൃതവസ്തുക്കൾ കിട്ടാതെ വിഷമിക്കുന്നു. ചെത്തിലേക്കാകട്ടെ പുതുതലമുറ ആകർഷിക്കപ്പെടുന്നുമില്ല. തൊഴിൽമാന്യതയെക്കുറിച്ചുള്ള സങ്കൽപ്പനത്തിൽ വന്ന മാറ്റമായിരിക്കാം കാരണം.

ഈ വാർഡിൽ ആധുനികവ്യവസായങ്ങൾ ഒന്നുമില്ല. വനിതാസംരംഭങ്ങളോ സഹകരണസംരംഭങ്ങളോ ഇല്ല. ഫർണീച്ചർ ഉണ്ടാക്കുന്ന 4 യൂണിറ്റുകളും ഒരു അരിമില്ലും ഒരു എണ്ണമില്ലും ഉണ്ട്. മൊത്തം 23 പരമ്പരാഗത വ്യവസായ തൊഴിലാളികളിൽ 6 പേർ വനിതകളാണ്.

### വാർഡ് 2

ചെത്തിൽ ഏർപ്പെട്ടിരിക്കുന്ന 4 കുടുംബങ്ങൾ ഇവിടെയുണ്ട്. ഒരു തീപ്പെട്ടികമ്പനി, രണ്ട് തടിമില്ലുകൾ, ഒരു റെഡിമെയ്ഡ് യൂണിറ്റ് (വനിത) എന്നിവയിലായി 73 പേർ പണിയെടുക്കുന്നു. ഇവരിൽ 56 പേർ സ്ത്രീകളാണ്. സഹകരണസംഘങ്ങൾ ഒന്നുമില്ല. മുറുക്ക്, പപ്പടം എന്നിവ ഉണ്ടാക്കുന്നതിൽ 50 പേർ ഏർപ്പെട്ടിരിക്കുന്നു.

### വാർഡ് 3

ചെത്തിൽ 3 പേർ മാത്രമേയുള്ളൂ. ഒരു തീപ്പെട്ടി കമ്പനിയും ഒരു അച്ചടിശാലയും ഒരു തുന്നൽ പരിശീലന കേന്ദ്രവും (വനിത) രണ്ട് ഫർണീച്ചർ യൂണിറ്റും ഒരു കോഴി വളർത്തൽ കേന്ദ്രവും ഒരു അരിമില്ലും ഉണ്ട്. ഇവയിലായി മൊത്തം 21 പേർ പണിയെടുക്കുന്നു. ഇവരിൽ 2 പേർ വനിതകളാണ്.

**വാർഡ് 4**

ചെത്തിന് 4 പേർ പോകുന്നു. 4 തീപ്പെട്ടിക്കമ്പനികളും 5 കട്ടലറികളും 2 ആയൂർവ്വേദ കമ്പനികളും ഒരു വനിതാസഹകരണസംഘവും ഉള്ള ഈ വാർഡ് വ്യവസായവൈവിധ്യത്തിൽ താരതമ്യേന മെച്ചപ്പെട്ട സ്ഥിതിയിലാണ്. മൺപാത്രനിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന 15 കുടുംബങ്ങൾ ഉണ്ട്. ആകെ 61 തൊഴിലാളികളിൽ 35 പേർ വനിതകളാണ്.

**വാർഡ് 5**

ഈ വാർഡിൽ പരമ്പരാഗതവ്യവസായങ്ങൾ ഒന്നുമില്ല. 3 തീപ്പെട്ടി കമ്പനികൾ, ഒരു കട്ലറി 3 തുകൽ ഉൽപന്ന നിർമ്മാണയൂണിറ്റുകൾ, ഒരു വനിതാതയ്യൽകേന്ദ്രം, ഒരു സർജിക്കൽ ടൂൾസ് യൂണിറ്റ്, ഒരു ഫർണീച്ചർ യൂണിറ്റ്, ഒരു കോഴിവളർത്തൽ കേന്ദ്രം എന്നിവയുണ്ട്. ഇവയിലായി 39 പേർ പണിയെടുക്കുന്നു. ഇവരിൽ 16 പേർ വനിതകളാണ്.

**വാർഡ് 6**

മൺപാത്രനിർമ്മാണ രംഗത്ത് 9 കുടുംബങ്ങൾ ഉണ്ട്. 7 കട്ലറി യൂണിറ്റുകൾ, 2 സർജിക്കൽ ടൂൾസ് യൂണിറ്റുകൾ എന്നിവയിലായി 40 പേർ പണിയെടുക്കുന്നു. ഇവരിൽ വനിതകൾ ആരുമില്ല. ഇവിടെ സഹകരണസംഘങ്ങൾ ഒന്നുമില്ല. ഈ വാർഡിലുള്ള 75ഓളം തയ്യൽപ്പണിക്കാർ മറ്റിടങ്ങളിലാണ് പണിയെടുക്കുന്നത്.

**വാർഡ് 7**

4 ചെത്തു തൊഴിലാളികൾ ഉണ്ട്. വനിതകൾ നടത്തുന്ന ഒരു പാലുൽപ്പന്ന നിർമ്മാണ യൂണിറ്റൊഴികെ ആധുനികവ്യവസായങ്ങൾ ഒന്നുംതന്നെ ഈ വാർഡിൽ ഇല്ല. ഒരു കൈത്തറി യൂണിറ്റും ഒരു മെറ്റൽ യൂണിറ്റും ഉണ്ട്. മൊത്തം തൊഴിലാളികൾ 27, വനിത 11.

**വാർഡ് 8**

പരമ്പരാഗത മേഖലയിൽ വ്യവസായങ്ങൾ ഒന്നുമില്ല. ഒരു കട്ലറി യൂണിറ്റും, രണ്ട് പ്ലാസ്റ്റിക് ഉൽപന്ന യൂണിറ്റും മൂന്ന് ഇഷ്ടികച്ചൂളുകളും, ഒരു തുകൽഉൽപന്ന ഫാക്ടറിയും ഉണ്ട്. ഒരു കട്ലറി യൂണിറ്റു കൂടി ഉയർന്നു വരുന്നുണ്ട്. വനിതാവ്യവസായങ്ങളോ സഹകരണ സംഘങ്ങളോ ഇവിടെയില്ല. ആകെ 38 തൊഴിലാളികളിൽ 15 പേർ വനിതകളാണ്.

**വാർഡ് 9**

ഓട്ടുപാത്രനിർമ്മാണ യൂണിറ്റുകൾ 5 എണ്ണമുള്ളതിൽ 50 പേർ പണിയെടുക്കുന്നു. 5 പേർ ചെത്തിലേർപ്പെട്ടിരിക്കുന്നു. ഇവിടെ 12 കട്ലറി യൂണിറ്റുകളും 2 വനിതാവ്യവസായയൂണിറ്റുകളും ഉണ്ട്. സഹകരണസംഘങ്ങൾ ഒന്നുമില്ല. മൊത്തം 100 തൊഴിലാളികളിൽ 70 പേർ വനിതകളാണ്.

**വാർഡ് 10**

പരമ്പരാഗതവ്യവസായങ്ങൾ ഒന്നുമില്ല. 7 കട്ലറി യൂണിറ്റുകളും ഒരു കൊപ്ര സംസ്കരണ യൂണിറ്റും ഒരു പട്ടികജാതി വനിതാസഹകരണസംഘവും ഉണ്ട്. വനിതായൂണിറ്റിൽ 11 പേർ പണിയെടുക്കുന്നു. മൊത്തം തൊഴിലാളികൾ 24, വനിത 8.

**വാർഡ് 11**

5 പേർ ചെത്തിലേർപ്പെട്ടിരിക്കുന്നു. ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുള്ളതിലും മറ്റിടങ്ങളിലുമായി 9 ബ്രഷ് യൂണിറ്റുകൾ, ഒരു ഫർണീച്ചർ യൂണിറ്റ്, 2 പ്ലാസ്റ്റിക് യൂണിറ്റുകൾ, 2 എഞ്ചിനീയറിങ്ങ് യൂണിറ്റുകൾ, 2 തീപ്പെട്ടി കമ്പനികൾ, 4 കാർഷികോപകരണ നിർമ്മാണ യൂണിറ്റുകൾ, 8 ചിരവ നിർമ്മാണ യൂണിറ്റുകൾ എന്നിവയടക്കം 29 ചെറുകിട യൂണിറ്റുകൾ ഉണ്ട്. മൊത്തം തൊഴിലാളികൾ 200, വനിത 148.

**2. പ്രശ്നങ്ങൾ : പരമ്പരാഗത വ്യവസായം**

- ആധുനികവൽക്കരണത്തിന്റെ അഭാവം.
- ധനസഹായത്തിന്റെ ദൗർല്ലഭ്യം, ലഭ്യമായവയെക്കുറിച്ചുള്ള അറിവില്ലായ്മ.
- സഹകരണമേഖലയുടെ വ്യാപ്തി ഈ രംഗത്ത് എത്തായ്ക.
- സാങ്കേതികജ്ഞാനത്തിന്റെ അപര്യാപ്തമായ ലഭ്യത.
- പശ്ചാത്തലസൗകര്യങ്ങളുടെ അപര്യാപ്തമായ ലഭ്യത.

**2.1 പരിഹാര നിർദ്ദേശങ്ങൾ**

- ഒരു പരമ്പരാഗതവ്യവസായത്തിന് ഒരു സഹകരണ സംഘം എന്ന തോതിൽ രൂപീകരിക്കുക.
- കോളനികൾ അടിസ്ഥാനമാക്കി വിവിധ ധനസഹായപദ്ധതികളെക്കുറിച്ചും അവയുടെ സ്രോതസ്സുകളെക്കുറിച്ചും അവ ലഭിക്കാൻ ചെയ്യേണ്ട ഔപചാരി

കനടപടികളെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, വേണ്ട ഒത്താശകൾ ചെയ്യുക.

- പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കോളനികളിലേയ്ക്ക് ഗതാഗതം, വിദ്യുഛക്തി, കുടിവെള്ളം എന്നിവ എത്തിക്കുക.
- യന്ത്രവത്ക്കരണത്തിലൂടെ ഉത്പാദന വർദ്ധന ഉണ്ടാക്കുക.
- പരിസ്ഥിതിരംഗത്ത് ഇന്ന് നിലവിലുള്ള സംരക്ഷണ നിയമങ്ങൾ പോലെ ഒരു പരമ്പരാഗത തൊഴിൽ സംരക്ഷണ നിയമം ഉണ്ടാക്കാൻ വേണ്ടി സമ്മർദ്ദം ചെലുത്തുക. (Traditional Industries Protection Act)

### 3. പ്രശ്നങ്ങൾ : ആധുനിക/കുടിൽ വ്യവസായം

- പശ്ചാത്തലസൗകര്യങ്ങളുടെ, പ്രത്യേകിച്ചും ഊർജ്ജത്തിൻെറ, ദൗർലഭ്യം.
- അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം.
- വിപണനത്തിലെ അശാസ്ത്രീയത.
- സാങ്കേതികജ്ഞാനത്തിൻെറ അപര്യാപ്തത.
- മാനേജ്മെൻറ് വൈദഗ്ധ്യത്തിൻെറ അഭാവം.
- വനിതാപങ്കാളിത്തം - ആരംഭകരുടെ തലത്തിലും തൊഴിലാളികളുടെ തലത്തിലും - വളരെ കുറവാണ്.

### 3.1. പരിഹാര നിർദ്ദേശങ്ങൾ

- പഞ്ചായത്ത്തലത്തിൽ ഒരു വ്യവസായവികസനസമിതി രൂപീകരിക്കുക. ഇതിൻെറ കുടക്കീഴിൽ കൊണ്ടുവരാവുന്ന നിലവിലുള്ള വ്യവസായങ്ങൾ:

1. കട്ലറി.
2. തുകലുൽപ്പന്ന നിർമ്മാണം.
3. സർജിക്കൽ ടൂൾസ് നിർമ്മാണം.
4. ബ്രഷ് നിർമ്മാണം.
5. പ്ലാസ്റ്റിക് യൂണിറ്റുകൾ.
6. ശാസ്ത്രീയമായി പ്ലാൻ ചെയ്ത ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക. ഇവയിലെ യൂണിറ്റുകൾ പരസ്പരബന്ധിതവും, പരസ്പരപൂരകങ്ങളും ആകാൻ പ്രത്യേകം ശ്രദ്ധിക്കണം.

### 4. സാദ്ധ്യതകൾ

1. കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്.
2. തീറ്റപ്പുല്ല് വ്യവസായാടിസ്ഥാനത്തിൽ കൃഷി ചെയ്യൽ.
3. പ്ലാസ്റ്റിക് മൂക്കുകയർ നിർമ്മാണ യൂണിറ്റ്.
4. ലാടനിർമ്മാണ യൂണിറ്റ്.

   മൃഗാശുപത്രിയുടെ മുന്നിലും വശങ്ങളിലും ആയി ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്ന സ്ഥലം ഒരു ഡയറി ഡവലപ്പ്മെൻറ് കോംപ്ലക്സ് ആയി വികസിപ്പിക്കാൻ ഈ യൂണിറ്റുകൾ അവിടെ സ്ഥാപിക്കുക. ഇതിന് വ്യവസായ വികസന സമിതി മുൻകൈ എടുക്കണം.

5. സോപ്പു നിർമ്മാണം - ഈ വഴിക്കുള്ള ശ്രമങ്ങൾ 9-ാം വാർഡിലുള്ള ഹെലൻ കെല്ലർ ഇൻസ്റ്റിട്യൂട്ട് (വനിതാവ്യവസായ യൂണിറ്റ്) ആരംഭിച്ചിട്ടുണ്ട്. ഖാദിബോർഡിൻെറ സഹായം പ്രതീക്ഷിക്കുന്നു.
6. ഔഷധസസ്യത്തോട്ടം - ഇത് കുടിൽ വ്യവസായാടിസ്ഥാനത്തിൽ, ഒരു വീട്ടമ്മയ്ക്ക് ഒരു തോട്ടം എന്ന തോതിൽ നടപ്പിലാക്കിയാൽ ഇവിടെയുള്ള രണ്ട് ആയുർവ്വേദ ഫാക്ടറികൾതന്നെ ഉൽപ്പന്നങ്ങൾ മുഴുവൻ എടുത്തുകൊള്ളും. വനിതാതൊഴിൽ സാദ്ധ്യത വളരെ കൂടുതലുള്ളതും വികേന്ദ്രീകൃതവ്യവസായ യൂണിറ്റ് സ്ഥാപനത്തിന് അനുയോജ്യവും ആയ മേഖലയാണിത്.
7. പഞ്ചായത്ത് തലത്തിൽ ഒരു മാതൃകേന്ദ്രം തുടങ്ങുക.
8. റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക.
9. പൊരി, മുറുക്ക്, ഹലുവ എന്നീ ഭക്ഷ്യോൽപന്നങ്ങളുടെ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുക.

10. ജനസാന്ദ്രത കുറവുള്ള സ്ഥലം കണ്ടെത്തി പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തി ഒരു തുകൽ സംസ്കരണശാലയും മാംസസംസ്കരണ ശാലയും ആരംഭിക്കാൻ സ്വകാര്യനിക്ഷേപം ആകർഷിക്കുക.

**വ്യവസായം : മാതൃകേന്ദ്രം : ചുമതലകൾ**

മാതൃകേന്ദ്രം

| വകുപ്പ് 1 | വകുപ്പ് 2 | വകുപ്പ് 3 | വകുപ്പ്4 | വകുപ്പ് 5 |
|---|---|---|---|---|
| വിവിധ വ്യവസായങ്ങളിൽ പരിശീലനം നൽകൽ | ഡിസൈൻ & പാറ്റേൺവികസനം | | ഉൽപന്നവിപണനം | സാങ്കേതികോപദേശം |

**മാതൃകേന്ദ്രം : ഘടന**

മാതൃകേന്ദ്രം

| | | | | | |
|---|---|---|---|---|---|
| ഭക്ഷ്യോത്പന്നം | സോപ്പു നിർമ്മാണം | തുകൽഉൽപന്ന നിർമ്മാണം | കട്ലറി | റെഡിമെയ്ഡ് | മാംസ-തുകൽ സംസ്കരണം |

# വിദ്യാഭ്യാസം

കൂളിയിൽ ഇക്കണ്ടവാര്യാരുടെ ജ്യോതിഷ വിദ്യാലയം ഇന്ന് തീപ്പെട്ടിക്കോൽ നിർമ്മാണകേന്ദ്രമാണ്. വിദ്യാർജനത്തിൽ നിന്ന് വിത്താർജനത്തിലേക്കുള്ള ഒരു ജനതയുടെ സാംസ്കാരികസംക്രമണം മുഴുവൻ ഈ രൂപാന്തരം സാക്ഷ്യപ്പെടുത്തുന്നു. ഈ പഞ്ചായത്തിന്റെ ചരിത്രത്തിൽ ജ്യോതിഷ പണ്ഡിതന്മാരുടെ പട്ടികയിൽ മറ്റൊരു കമ്രനക്ഷത്രമായിരുന്ന അച്ചുതനെഴുത്തശ്ശൻ സജീവമായി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതും ആകസ്മികതയാകാൻ തരമില്ല. നിലനിൽക്കുന്നതിനെ ചോദ്യം ചെയ്യലാണല്ലോ വിജ്ഞാനത്തിന്റെ വഴി.

1934ൽ മനിശ്ശീരിയിൽ വി.കെ. ഉമ്പു എഴുത്തശ്ശൻ സ്ഥാപിച്ച ലോവർ പ്രൈമറി സ്കൂളാണ് വാണിയംകുളം പഞ്ചായത്തിലെ ആദ്യത്തെ ഔപചാരികവിദ്യാലയം. മിഷ്യനറി പ്രവർത്തനത്തിന്റെ ഭാഗമായി സ്വിറ്റ്സർലൻറുകാർ കൊണ്ടുവന്ന ബാസിൽ ഇവാഞ്ചലിക്കൽ മിഷൻ (ബി.ഇ.എം) സ്കൂളാണ് പഞ്ചായത്തിലെ മറ്റൊരു പഴക്കം ചെന്ന വിദ്യാഭ്യാസസ്ഥാപനം.

പാരമ്പര്യ പാഠ്യപദ്ധതിയിൽ ഊന്നിയ നിരവധി കുടിപ്പള്ളികൂടങ്ങളിലൂടെ നാട്ടാശാന്മാർ ഗ്രാമങ്ങളിലെ വിദ്യാജ്യോതി കെടാതെ സൂക്ഷിച്ചു പോന്നിരുന്നു. ജാത്യനാചാരങ്ങളുടെ ഉച്ചിയിലും ഈ നാട്ടാശാന്മാർക്ക് സവർണ്ണ ഗൃഹങ്ങളിൽ മാന്യസ്ഥാനമായിരുന്നു എന്നതും സ്മരണീയമാണ്.

1950ൽ വാണിയംകുളം ഹൈസ്കൂൾ ആരംഭിച്ചു. ഇതായിരുന്നു ഇവിടത്തെ ആദ്യത്തെ ഹൈസ്കൂൾ. ആദ്യ ബാച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയശതമാനം 30 ആയിരുന്നു. ഇപ്പോൾ പഞ്ചായത്തിൽ രണ്ട് ഹൈസ്ക്കൂളുകളും 3 യു.പി. സ്കൂളും 6 എൽ.പി. സ്കൂളുകളും അംഗീകാരമില്ലാത്ത 6 ഇംഗ്ലീഷ് മീഡിയം സ്കൂളുകളുമുണ്ട്. സർക്കാർ സ്ക്കൂൾ ഒന്നു മാത്രമേയുള്ളു - കൂനത്തറ വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂൾ. ഇംഗ്ലീഷ് മീഡിയം ഒഴികെ മറ്റെല്ലാം എയ്ഡഡ് സ്കൂളുകളാണ്. ഇവയിൽ 2514 ആൺകുട്ടികളും 2306 പെൺകുട്ടികളും ഉണ്ട്. ആകെ കുട്ടികളുടെ എണ്ണം 4820. ഇതിൽ 1547 കുട്ടികൾ പട്ടികജാതിയിൽ പെട്ടവരാണ്. 290 പേർ കൊഴിഞ്ഞു പോയി. മൊത്തം 160 അദ്ധ്യാപകരുണ്ട്. 3 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. 2 പേർ - ഒരാൾ മനിശ്ശീരി എൽ.പി. സ്കൂളിലും മറ്റെയാൾ കൂനത്തറ ഹൈസ്ക്കൂളിലും സ്ഥിരം ലീവിലുമാണ്.

**വാർഡടിസ്ഥാനത്തിലുള്ള വിശ്ലേഷണം**

**വാർഡ് 1**

**കോതയൂർ എൽ.പി. സ്കൂൾ**

| | |
|---|---|
| അദ്ധ്യാപകർ | 5 |
| ആകെ കുട്ടികൾ | 121 |
| SC | 34 |
| സ്ഥലം | 25 സെ. സ്വന്തം കെട്ടിടം |
| കളിസ്ഥലം | ഇല്ല |
| ചുറ്റുമതിൽ | ഇല്ല |
| പി.ടി.എ. | സജീവം |
| മാതൃസംഗമം | സജീവം |
| ലാബ് | ഇല്ല |
| ലൈബ്രറി | ഭാഗികം |
| ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ | ഇല്ല |
| മൂത്രപ്പുര | ഇല്ല |
| കക്കൂസ് | ഇല്ല |
| പൂന്തോട്ടം | ഇല്ല |
| കുടിവെള്ളം | ഇല്ല |

| | തരം | | | |
|---|---|---|---|---|
| | I | II | III | IV |
| ആൺകുട്ടികൾ | 9 | 24 | 15 | 21 |
| പെൺകുട്ടികൾ | 11 | 15 | 14 | 12 |
| മൊത്തം | 20 | 39 | 29 | 33 |

സ്റ്റാഫ് റൂമില്ല. ആകെ ഒരൊറ്റ ഹാളാണ്

| | |
|---|---|
| സർക്കാർ വരവ് | 348 ക |
| ചെലവ് 1995-96 | |
| അറ്റകുറ്റപ്പണികൾ | 2300 ക |
| കലാവിനോദങ്ങൾ | 8000 ക |
| ഉച്ചക്കഞ്ഞി | 10000 ക |
| 1995-96ലെ അദ്ധ്യയന ദിവസം | 194.5 |

പട്ടികജാതി വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി 1416 രൂപ ലംപ്സം ഗ്രാൻറ് 1994-95ൽ വിതരണം ചെയ്തു. ഉച്ചക്കഞ്ഞി വിതരണം നടത്തുന്നുണ്ട്. എടക്കോട്, കരിമ്പനക്കുന്ന് പ്രദേശങ്ങളിൽ ഓരോ അംഗനവാടി ഉണ്ട്. 80% പേരും സാമ്പത്തികമായി പിന്നോക്കമാണ്. നിരക്ഷരർ 10%ത്തോളമുണ്ട്. കുടിവെള്ളം ഇല്ലായ്മ പരിഹരിക്കാൻ സ്കൂൾ വളപ്പിൽ കിണർ സംരക്ഷണം കൊടുത്ത് ശുദ്ധജലസ്രോതസ്സായി മാറ്റണം.

**വാർഡ് 2**

### വാണിയംകുളം ബി.ഇ.എം. എൽ.പി. സ്കൂൾ

| | |
|---|---|
| അദ്ധ്യാപകർ | 4 |
| ആകെ കുട്ടികൾ | 165 |
| SC | 7 (3+4) |
| സ്ഥലം | സ്വന്തം കെട്ടിടം |
| കളിസ്ഥലം | ഇല്ല |
| ചുറ്റുമതിൽ | ഭാഗികം |
| പി.ടി.എ. | സജീവം |
| മാതൃസംഗമം | സജീവം |
| ലാബ് | ഇല്ല |
| ലൈബ്രറി | ഇല്ല |
| ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ | ഇല്ല |
| മൂത്രപ്പുര | ഇല്ല |
| കക്കൂസ് | ഇല്ല |
| പൂന്തോട്ടം | ഇല്ല |
| കുടിവെള്ളം | ഇല്ല |

| | തരം | | | |
|---|---|---|---|---|
| | I | II | III | IV |
| ആൺകുട്ടികൾ | 25 | 22 | 24 | 22 |
| പെൺകുട്ടികൾ | 18 | 20 | 16 | 18 |
| മൊത്തം | 43 | 42 | 40 | 40 |

1995-96ലെ അദ്ധ്യയന ദിവസം : 193
വൈദ്യുതിയില്ല.
പാചകമുറിയില്ല.
സ്ററാഫ് റൂമില്ല.
വരവ് കണക്ക് ലഭ്യമല്ല
ചെലവ് :

അറ്റുകുറ്റപ്പണികൾ : 2000 ക

ഈ വാർഡിൽ 2 അംഗനവാടികൾ ഉണ്ട്. ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും 2 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഉണ്ട്. ഈ വാർഡിൽ നിരക്ഷരർ കുറവാണ്

**വാർഡ് 3**

### വാണിയംകുളം ഹൈസ്കൂൾ

| | |
|---|---|
| അദ്ധ്യാപകർ | 38 |
| ആകെ കുട്ടികൾ | 1037 |
| SC | 240 |
| സ്ഥലം | 8.5 ഏക്ര |
| കളിസ്ഥലം | 1.5 ഏക്ര |
| ചുറ്റുമതിൽ | മുൻവശം മാത്രം |
| പി.ടി.എ. | സജീവം |
| മാതൃസംഗമം | സജീവം |
| ലാബ് | ഉണ്ട് |
| ലൈബ്രറി | ഉണ്ട് |
| ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ | ഉണ്ട് - ടേപ് റെക്കാർഡർ, പ്രൊജക്ടർ |
| മൂത്രപ്പുര | ഉണ്ട് |
| കക്കൂസ് | ഉണ്ട് |
| പൂന്തോട്ടം | ഇല്ല |
| കുടിവെള്ളം | ഉണ്ട് |

ഒമ്പതിലും പത്തിലും പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ കൂടുതലാണ്. ഈ സ്കൂളില താരതമ്യേന മെച്ചപ്പെട്ട പഠന സൗകര്യമുണ്ട്. ഉദ്ദേശം 26 കുട്ടികൾക്ക് ഒരദ്ധ്യാപകൻ എന്ന തോതിൽ ഉണ്ട്. എന്നിട്ടും മുൻവർഷങ്ങളിൽ S.S.L.C. വിജയശതാമാനം വളരെ കുറവായിരുന്നു. അടുത്തകാലത്തായി ഇത് കുറേശ്ശെ വർദ്ധിച്ചുവരുന്നുണ്ട്. 1995-96ൽ അത് 27% ആയിരുന്നു. ഭദ്രമായ അടിത്തറയില്ലാതെ വിപുലമായ മേൽഘടന കെട്ടാൻ ശ്രമിക്കുമ്പോൾ സംഭവിക്കുന്ന തകരാറായിരുന്നു അപചയത്തിന് നിദാനം എന്ന് കണ്ടേ പറ്റൂ. തിരുത്തൽപ്രവർത്തനങ്ങൾ നടന്നതിൻെറ ഫലമാണ് ഇപ്പോൾ വിജയശതമാനം കൂടിയിരിക്കുന്നത് എന്ന് ഗ്രാമസഭയിൽ അഭിപ്രായം വന്നു.

### വാർഡ് 4
### ചെറുകാട്ടുപുലം എ.ൽ.പി. സ്കൂൾ

| | |
|---|---|
| അദ്ധ്യാപകർ | 4 |
| ആകെ കുട്ടികൾ | 130 |
| SC | 34 |
| സ്ഥലം | 50 സെ. സ്വന്തം കെട്ടിടം |
| കളിസ്ഥലം | ഇല്ല |
| ചുറ്റുമതിൽ | ഇല്ല |
| പി.ടി.എ. | ക്രിയാത്മകമല്ല |
| മാതൃസംഗമം | ഇല്ല |
| ലാബ് | ഇല്ല |
| ലൈബ്രറി | ഇല്ല |
| ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ | ഇല്ല |
| മൂത്രപ്പുര | ഇല്ല |
| കക്കൂസ് | ഇല്ല |
| പൂന്തോട്ടം | ഇല്ല |
| കുടിവെള്ളം | ഇല്ല |

| | തരം | | | |
|---|---|---|---|---|
| | I | II | III | IV |
| ആൺകുട്ടികൾ | 15 | 18 | 16 | 20 |
| പെൺകുട്ടികൾ | 17 | 13 | 18 | 13 |
| മൊത്തം | 32 | 31 | 34 | 33 |

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:33 ആണ്. സ്കൂളിന് സ്വന്തമായി കെട്ടിടമുണ്ട്. എയ്ഡഡ് സ്കൂളാണ്. ഭൗതികപഠനസൗകര്യങ്ങൾ വളരെ മോശമാണ് എന്ന് ഗ്രാമസഭയിൽ രക്ഷിതാക്കൾ അഭിപ്രായപ്പെട്ടു. കെട്ടിടം അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ജീർണ്ണാവസ്ഥയിലാണ്. പി.ടി.എ. വേണ്ടത്ര ശക്തമല്ല.

വരവ് - 1995-96

| | |
|---|---|
| സർക്കാർ | 1,19,724 |
| എൻഡോവ്മെൻറ് | 975 |
| ഫീസ് | 8,281 |
| പി.ടി.എ. | 1,053 |
| ആകെ | 20,05,033 |

ചെലവ് - 1995-96

| | |
|---|---|
| ശമ്പളം | 1,19,724 |
| അറ്റകുറ്റപ്പണികൾ | 10,500 |
| ഫർണീച്ചർ | 6,800 |
| ഉപകരണങ്ങൾ | 700 |
| സ്പോർട്സ് | 1,750 |
| കലാവിനോദങ്ങൾ | 1,500 |
| ലൈബ്രറി | 760 |
| ഉച്ചക്കഞ്ഞി | 2,600 |
| ആകെ | 20,19,334 |

വൈദ്യുതി ഇല്ല, സ്റ്റാഫ് റൂമില്ല, പാചകമുറി ഇല്ല, ഒരൊറ്റ ഹാളാണ്. ഒന്നാം ക്ലാസ്സിൽ പെൺകുട്ടികൾ കൂടുതലാണ്. എന്നാൽ നാലാം ക്ലാസ്സ് ആകുമ്പോഴേയ്ക്കും ആൺകുട്ടികളാണ് കൂടുതൽ. ഇതിൻെറ സാമ്പത്തികവും സാമൂഹികവുമായ ഗാർഹിക കാരണങ്ങളെക്കുറിച്ച് കൂടുതൽ അന്വേഷണങ്ങൾ നടത്തിയാൽ അത് ചെന്നെത്തുക മുതിർന്നവരുടെ ലോകത്തിൽ പ്രകടമായി കാണുന്ന വനിതകളുടെ തൊഴിൽപങ്കാളിത്തനിരക്കിലുള്ള കുറവിലായിരിക്കും. കുട്ടികൾ ആയിരിക്കുമ്പോൾ ലിംഗവിവേചനം കുറവും വളരുന്തോറും കൂടുതലും ആകുന്നു എന്നതാണ് സത്യം. അതിനാൽ ജീവിതത്തിൻെറ ആദ്യഘട്ടത്തിൽ ആണിനോടൊപ്പം നിൽക്കുന്ന പെണ്ണ് കുറേശ്ശെയായി കളമൊഴിഞ്ഞ്, ക്രമേണ

തീരെ അദൃശ്യയാവുന്ന പ്രതിഭാസമാണ് നിലനിൽക്കുന്നത് എന്ന് വ്യക്തമാകുന്നു. Gradual fade-out phenomenon എന്ന സാമൂഹ്യശാസ്ത്രജ്ഞർ ഇതിനെ വിവക്ഷിക്കുന്നു.

**സരസ്വതിവിലാസം എ.ൽ.പി. സ്കൂൾ (എയ്ഡഡ്)**

| | |
|---|---|
| അദ്ധ്യാപകർ | 4 |
| ആകെ കുട്ടികൾ | 121 |
| SC | 33 |
| സ്ഥലം | 32 സെ. |
| കളിസ്ഥലം | ഇല്ല |
| ചുറ്റുമതിൽ | മുൻവശം മാത്രം |
| പി.ടി.എ. | ക്രിയാത്മകമല്ല |
| മാതൃസംഗമം | ഉണ്ട് |
| ലാബ് | ഇല്ല |
| ലൈബ്രറി | ഇല്ല |
| ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ | ഇല്ല |
| മൂത്രപ്പുര | ഉണ്ട് |
| കക്കൂസ് | ഇല്ല |
| പൂന്തോട്ടം | ഇല്ല |
| കുടിവെള്ളം | ഇല്ല |

| | തരം | | | |
|---|---|---|---|---|
| | I | II | III | IV |
| ആൺകുട്ടികൾ | 17 | 16 | 15 | 11 |
| പെൺകുട്ടികൾ | 9 | 21 | 15 | 17 |
| മൊത്തം | 26 | 37 | 30 | 28 |

വരവ് : 1995-96

| | |
|---|---|
| സർക്കാർ | 943.60 |
| പഞ്ചായത്ത് | 943.60 |
| ആകെ | 1,887.20 |

ചെലവ് 1995-96

| | |
|---|---|
| ഫർണീച്ചർ | 1,000 |
| അറ്റകുറ്റപ്പണികൾ | 4,000 |
| സ്പോർട്സ് | 300 |
| ഉച്ചകഞ്ഞി | 6,450 |
| ആകെ | 11,750 |

ഇവിടെ ഒരദ്ധ്യാപകൻ സ്ഥിരം ലീവാണ്. പൊതുവെ സമീപ പ്രദേശത്തുള്ളവർക്കു പോലും ഈ സ്കൂളിൽ കുട്ടികളെ അയയ്ക്കാൻ മടിയാണ്. സാമ്പത്തികമായും സാമൂഹികമായും താഴെതട്ടിലുള്ളവർ മാത്രമാണ് മറ്റു വഴിയില്ലാതെ ഈ സ്കൂളിനെ ആശ്രയിക്കുന്നത്. ഈ സ്ഥിതി മാറാൻ പഞ്ചായത്ത് വിദ്യാഭ്യാസസമിതി ഇടപെട്ട് ബോധവൽക്കരണം നടത്തുകയും പി.ടി.എ. സജീവമായി പ്രവർത്തിച്ച് ഭൗതികസാഹചര്യങ്ങൾ ആകർഷകമാക്കുകയും വേണം.

അദ്ധ്യയന ദിവസങ്ങൾ (1995-96) : 196

**വാർഡ് 5**

**മനിശ്ശീരി യു.പി. സ്കൂൾ**

| | |
|---|---|
| അദ്ധ്യാപകർ | 19 |
| ആകെ കുട്ടികൾ | 622 |
| SC | 137 |
| സ്ഥലം | 2 ഏക്ര |
| കളിസ്ഥലം | 1 ഏക്ര |
| ചുറ്റുമതിൽ | ഉണ്ട് |
| പി.ടി.എ. | സജീവം |
| മാതൃസംഗമം | ഉണ്ട് |
| ലാബ് | ഇല്ല |
| ലൈബ്രറി | ഇല്ല |
| ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ | ഇല്ല |
| മൂത്രപ്പുര | ഉണ്ട്. സ്ഥിതി മോശം |
| കക്കൂസ് | ഇല്ല |
| പൂന്തോട്ടം | ഇല്ല |
| കുടിവെള്ളം | ഉണ്ട് |

ഉമ്പു എഴുത്തശ്ശൻ 1934ൽ എൽ.പി. സ്കൂളായി സ്ഥാപിച്ച ഈ സ്കൂൾ, ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്താൽ പഞ്ചായത്തിന്റെ കിഴക്കെ ഭാഗങ്ങളിൽ കൂടി ഹൈസ്കൂൾ സൗകര്യം ഉണ്ടാകും. (പടിഞ്ഞാറും മധ്യത്തിലും ഇപ്പോൾ ഹൈസ്കൂളുകൾ ഉണ്ടല്ലോ). വേനലിൽ വെള്ളക്ഷാമം ഉണ്ട്. ഒറ്റപ്പാലം സബ്ജില്ലയിൽ കലാപരിപാടികളിലും സ്പോർട്സിലും ഈ സ്കൂൾ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു.

## ശ്രീരാമാനന്ദ എൽ.പി. സ്കൂൾ

### എയ്ഡഡ്

| | തരം | | | |
|---|---|---|---|---|
| | I | II | III | IV |
| ആൺകുട്ടികൾ | 7 | 8 | 8 | 10 |
| പെൺകുട്ടികൾ | 6 | 4 | 7 | 7 |
| മൊത്തം | 13 | 12 | 15 | 17 |

വൈദ്യുതി ഇല്ല, അദ്ധ്യയന ദിവസം : 191. ഈ സ്കൂൾ അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുന്നു. പലവട്ടം കൽപന ആയതാണ്. എങ്കിലും അദ്ധ്യാപക സംഘടനകളുടെ ചെറുത്ത് നിൽപ് കാരണം ഇതുവരെ നടപ്പിലാക്കിയിട്ടില്ല എന്നു മാത്രം. ഈ സ്കൂളിനെ പുനരുജ്ജീവിപ്പിക്കണമെങ്കിൽ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ പ്രാദേശിക വിദ്യാഭ്യാസസമിതി സജീവമാകണം. അല്ലെങ്കിൽ ഇവിടെയുള്ള രണ്ടദ്ധ്യാപകർക്കും മറ്റ് ഒഴിവുള്ള സ്കൂളുകളിൽ (മൊത്തം 3 തസ്തിക ഒഴിവുകൾ നിലവിൽ ഉണ്ട്) ഇടം കണ്ടെത്താൻ കഴിയണം. ഈ പ്രദേശത്തു നിന്ന് മുനിസിപ്പാലിറ്റി പ്രദേശത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള ഒഴുക്കാണ് ഇതിന്റെ ശോച്യാവസ്ഥയ്ക്ക് ആക്കം കൂട്ടുന്ന ഘടകം.



വാർഡ് 6

## ചോറോട്ടൂർ എൽ.പി. സ്കൂൾ

| | |
|---|---|
| അദ്ധ്യാപകർ | 4 |
| ആകെ കുട്ടികൾ | 106 |
| SC | 42 |
| സ്ഥലം | 29 സെ. |
| കളിസ്ഥലം | ഇല്ല |
| ചുറ്റുമതിൽ | ഇല്ല |
| പി.ടി.എ. | സജീവം |
| മാതൃസംഗമം | സജീവം |
| ലാബ് | ഇല്ല |
| ലൈബ്രറി | ഇല്ല |
| ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ | ഇല്ല |
| മൂത്രപ്പുര | ഇല്ല |
| കക്കൂസ് | ഇല്ല |
| പൂന്തോട്ടം | ഇല്ല |
| കുടിവെള്ളം | ഇല്ല |

| | തരം | | | |
|---|---|---|---|---|
| | I | II | III | IV |
| ആൺകുട്ടികൾ | 16 | 15 | 15 | 15 |
| പെൺകുട്ടികൾ | 10 | 12 | 12 | 11 |
| മൊത്തം | 26 | 27 | 27 | 26 |

ഈ വാർഡിൽ ഈ ഒരു എൽ.പി. സ്കൂൾ മാത്രമെ ഉള്ളൂ. ഈ പ്രദേശത്തുള്ളവർ കുട്ടികളെ അടുത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് അയക്കുന്ന പ്രവണത കൂടി വരുന്നു. സ്കൂളിന്റെ കെട്ടിടം മോശമാണ്. സ്കൂളിന്റെ മുൻവശത്തു തന്നെ ഭീമമായ ഒരു കൽക്വാറിയുണ്ട്. ഇതിന്റെ ഓരത്തുകൂടിയാണ് കുട്ടികൾ സ്കൂളിലെത്തുന്നത്. ഈ വഴിയുടെ വശം വേണ്ടപോലെ കമ്പിവേലി കെട്ടിയോ മതിൽ കെട്ടിയോ മറച്ചില്ലെങ്കിൽ അപകടമാണ് എന്ന് ഗ്രാമസഭയിൽ അഭിപ്രായം വന്നു.

ഈ വാർഡിൽ രണ്ട് അംഗനവാടികളും ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും ഉണ്ട്. സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തിയാൽ കൂടുവിട്ടു കൂടുമാറുന്ന പ്രവണതയ്ക്ക് തടയിടാൻ കഴിയും

വരവ് : 1995-96

| | |
|---|---|
| സർക്കാർ (M.G.) | 3,821 |
| W.P. | 169 |
| പഞ്ചായത്ത് | 169 |
| ആകെ | 4159 |

ചെലവ്

| | |
|---|---|
| ഉച്ചക്കഞ്ഞി | 1,512 |
| അറ്റകുറ്റപ്പണികൾ | 4010 |
| ഫർണീച്ചർ | 300 |
| സ്പോർട്സ് | 348 |
| കലാവിനോദം | 740 |
| ആകെ | 6910 |

## വാർഡ് 7 മാന്നനൂർ എ.യു.പി. സ്കൂൾ

എയ്ഡഡ്

| | |
|---|---|
| അദ്ധ്യാപകർ | 13 |
| ആകെ കുട്ടികൾ | 320 |
| SC | 84 |
| സ്ഥലം | 1.75 ഏക്ര |
| കളിസ്ഥലം | ഇല്ല |
| ചുറ്റുമതിൽ | ഭാഗികം |
| പി.ടി.എ. | സജീവമല്ല |
| മാതൃസംഗമം | സജീവമല്ല |
| ലാബ് | ഇല്ല |
| ലൈബ്രറി | ഇല്ല |
| ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ | ഇല്ല |
| മൂത്രപ്പുര | ഇല്ല |
| കക്കൂസ് | ഇല്ല |
| പൂന്തോട്ടം | ഇല്ല |
| കുടിവെള്ളം | ഇല്ല |

മറ്റൊരു സ്കൂളിന് സർക്കാർ അംഗീകാരമുണ്ടായിരുന്നത് എടുത്തുപോയി. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഈ വാർഡിൽ ആകെയുള്ള വിദ്യാലയമാണ് ഇപ്പോഴുള്ള സ്കൂൾ. നിരക്ഷരരിൽ ഭൂരിഭാഗവും പട്ടികജാതിയിൽപ്പെട്ടവരാണ്. ദുർബലവിഭാഗത്തിന്റെ പ്രത്യേകിച്ചും, മറ്റ് വിഭാഗങ്ങളുടെ പൊതുവെയും ഉള്ള വിദ്യാഭ്യാസനിലവാരം ഉയർത്താൻ ഈ സ്കൂൾ ഇവിടെ നിലനിർത്തേണ്ടത് ആവശ്യമാണ്. അതിനാൽ പി.ടി.എ. യും മാതൃസംഗമവും വഴി പഞ്ചായത്ത് വിദ്യാഭ്യാസസമിതി പ്രത്യേക മുൻകൈ എടുത്ത് ഇവിടുത്തെ ഭൗതികസാഹചര്യങ്ങളും പഠനനിലവാരവും മെച്ചപ്പെടുത്താനുള്ള ഒരു ദ്വിവർഷകർമ്മപരിപാടി തയ്യാറാക്കി നടപ്പിലാക്കണം. ഈ വാർഡിൽ മൂന്ന് അംഗനവാടികൾ ഉണ്ട്.

വരവ് 1995-96

| | |
|---|---|
| പി.ടി.എ. | 1,632.00 |
| സർക്കാർ | 11,531.00 |
| പഞ്ചായത്ത് | 1,748.00 |
| ഫീസ് | 1022.75 |
| എൻഡോവ്മെന്റ് | 190.00 |
| ആകെ | 16,123.75 |

ചെലവ്

| | |
|---|---|
| അറ്റകുറ്റപ്പണികൾ | 2,500.00 |
| ഫർണീച്ചർ | 1,500.00 |
| സ്പോർട്സ് | 400.00 |
| കലാവിനോദം | 200.00 |
| ഉച്ചക്കഞ്ഞി | 4,067.00 |
| മറ്റ് ചെലവുകൾ | 190.00 |
| ആകെ | 8,857.00 |

## വാർഡ് 8

ചെറുകാട്ടുപുലം, ത്രാങ്ങാലി എന്നീ ഭൂമിശാസ്ത്രപരമായി വളരെ അകന്നുകിടക്കുന്ന രണ്ട് ദേശങ്ങളുള്ള ഈ വാർഡിൽ ചെറുകാട്ടുപുലം ദേശത്ത് പ്രയോജനകരമായ രീതിയിൽ, ഇപ്പോഴത്തെ വാർഡ് 3ൽ പെടുമെങ്കിലും, ഒരു എൽ.പി. സ്കൂളുണ്ട്. പക്ഷെ, ത്രാങ്ങാലിയിൽ സ്കൂളില്ല. ഇവിടെ മുൻപ് അംഗീകൃത സ്കൂളുണ്ടായിരുന്നു. മാനേജ്മെന്റ് പ്രശ്നങ്ങളെകൊണ്ടുമാത്രം അത് അടച്ചുപൂട്ടലിന് വിധേയമാവുകയാണുണ്ടായത്. ഇപ്പോൾ ഈ പ്രദേശത്തുള്ള കുട്ടികൾ ഭൂരിഭാഗവും നീലാമലക്കുന്ന് താണ്ടി 1 1/2കി.മീ അകലെഷൊർണൂർ മുനിസിപ്പാലിറ്റിയിലുള്ള കവളപ്പാറ യു.പി. സ്കൂളിലാണ് പഠിക്കുന്നത്. താമസിക്കുന്നത് ഗ്രാമത്തിലാണെങ്കിലും പഠിക്കു

ന്നത് മുനിസിപ്പാലിറ്റിയിലായതിനാൽ കുട്ടികൾക്ക് ഗ്രാമവികസനത്തിനായുള്ള ആനുകൂല്യങ്ങൾ - ഉദാഹരണം, നവോദയ വിദ്യാലയ പ്രവേശനത്തിൽ മുൻഗണന കിട്ടുന്നില്ല.

ഇവിടെ ഒരു സ്കൂൾ വേണമെന്ന് ഗ്രാമസഭയിൽ ശക്തമായ ആവശ്യം ഉയർന്ന് വരികയുണ്ടായി. തുടർപ്രവർത്തനത്തിലൂടെ ഇതിനായുള്ള വസ്തുനിഷ്ഠ സാദ്ധ്യതകൾ വിലയിരുത്തേണ്ടതാണ്. പ്രാരംഭപ്രവർത്തനങ്ങൾ വിദ്യാഭ്യാസസമിതിയുടെ ഈ അദ്ധ്യയന വർഷത്തെ കർമ്മപരിപാടിയിൽ തന്നെ ഉൾപ്പെടുത്തി. അടുത്ത പദ്ധതി കാലത്ത് മൂർത്തരൂപം നൽകാൻ കഴിയണം. ഈ വാർഡിൽ രണ്ട് അംഗനവാടികളുണ്ട്.

**വാർഡ് 9**

ഈ വാർഡിൽ വിദ്യാലയങ്ങൾ ഇല്ല. രണ്ട് അംഗനവാടികളും ഒരു നേഴ്സറി സ്കൂളും മന്ദബുദ്ധികൾക്കായുള്ള ഒരു സ്കൂളുമുണ്ട്. ഈ വാർഡിൽ കൂനത്തറയോട് തൊട്ടുകിടക്കുന്ന പ്രദേശത്തെ കുട്ടികളെ സംബന്ധിച്ചിടത്തോളം പത്താംവാർഡിൽപ്പെട്ട ഹൈസ്കൂളിലും മുനിസിപ്പാലിറ്റിയിൽപ്പെട്ട വടക്കേക്കര എൽ.പി. സ്കൂളിലുമൊക്കെയായി പഠിക്കാനുള്ള പരിമിത സൗകര്യങ്ങളുണ്ട്. പക്ഷെ പോണാട് പ്രദേശത്തുള്ളവർക്ക് ഈ സ്കൂളുകൾ അത്ര എളുപ്പം പ്രാപ്യമല്ല. അതിനാൽ ആ പ്രദേശത്തായി ഈ വാർഡിൽ ഒരു എൽ.പി. സ്കൂൾ സ്ഥാപിക്കേണ്ടതിന് പ്രാരംഭപ്രവർത്തനങ്ങൾ വിദ്യാഭ്യാസസമിതി ഏറ്റെടുത്ത് വാർഡ് മെമ്പറുടെയും ഗുണഭോക്താക്കളുടെയും നേതൃത്വത്തിൽ നടത്തണം.

ഈ വാർഡിൽ ഒരു ഹൈസ്കൂളുണ്ട്. അത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ കൂടിയാണ്.

8,9,10 ക്ലാസ്സുകളിൽ ആൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് ക്രമാനുഗതമായി വർദ്ധിക്കുമ്പോൾ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് താരതമ്യേന കുറവാണ്. മൊത്തത്തിൽ കൊഴിഞ്ഞുപോക്ക് നിരക്ക് വളരെ കൂടുതലാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി എസ്.എസ്.എൽ.സി. വിജയശതമാനം കുറഞ്ഞുവരികയാണ്. കെട്ടിട സൗകര്യം പരിമിതമായതിനാൽ സെഷണൽ സമ്പ്രദായമാണ്. കെട്ടിട സൗകര്യം വർദ്ധിപ്പിച്ച് സെഷണൽ സമ്പ്രദായം നിർത്തണം.

**കൂനത്തറ ഗവ: ഹൈസ്കൂൾ**

| | |
|---|---|
| അദ്ധ്യാപകർ | 48 |
| ആകെ കുട്ടികൾ | 1185 |
| SC | 248 |
| സ്ഥലം | 3.59 ഏക്ര |
| കളിസ്ഥലം | 0.75 സെ. |
| ചുറ്റുമതിൽ | ഭാഗികം |
| പി.ടി.എ. | സജീവം |
| മാതൃസംഗമം | ഇല്ല |
| ലാബ് | ഉണ്ട് |
| ലൈബ്രറി | ഉണ്ട് |
| ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ | ഉണ്ട് - സ്ലൈഡ് പ്രൊജക്ടർ, സിനിമാ പ്രൊജക്ടർ, ടേപ് റെക്കാർഡർ |
| മൂത്രപ്പുര | അപര്യാപ്തം |
| കക്കൂസ് | ഉണ്ട് |
| പൂന്തോട്ടം | ഇല്ല |
| കുടിവെള്ളം | ക്ഷാമമുണ്ട് |

| | തരം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | I | II | III | IV | V | VI | VII | VIII | IX | X |
| ആൺകുട്ടികൾ | 26 | 20 | 23 | 25 | 21 | 37 | 42 | 188 | 135 | 96 |
| പെൺകുട്ടികൾ | 26 | 17 | 31 | 34 | 32 | 18 | 39 | 152 | 180 | 143 |
| മൊത്തം | 52 | 37 | 54 | 59 | 53 | 55 | 81 | 340 | 315 | 239 |

വാർഡ് 11

## പനയൂർ ടി.എം. യു.പി.

## സ്കൂൾ - എയ്ഡഡ്

| | |
|---|---|
| അദ്ധ്യാപകർ | 24 |
| ആകെ കുട്ടികൾ | 856 |
| SC | 176 . |
| സ്ഥലം | 3 ഏക്ര |
| കളിസ്ഥലം | 1.5 ഏക്ര |
| ചുറ്റുമതിൽ | മൂന്നുവശം |
| പി.ടി.എ. | ഭാഗികം |
| മാതൃസംഗമം | ഭാഗികം |
| ലാബ് | ഇല്ല |
| ലൈബ്രറി | ഉണ്ട് |
| ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ | റേഡിയോ<br>വി.സി.ആർ |
| മൂത്രപ്പുര | ഉണ്ട് |
| കക്കൂസ് | ഉണ്ട് |
| പൂന്തോട്ടം | ഇല്ല |
| കുടിവെള്ളം | ഉണ്ട് |

സ്പോർട്സ്, കലാപരിപാടികൾ എന്നിവയിൽ ഷൊർണൂർ സബ്ജില്ലയിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന ഈ സ്കൂളിലെ പഠന നിലവാരവും താരതമ്യേന മെച്ചപ്പെട്ടതാണ്. ഈ വാർഡിൽ 15% നിരക്ഷരരുണ്ട്. അദ്ധ്യയന ദിവസം (1995-96) 195

വരവ്

| | |
|---|---|
| സർക്കാർ | 2,659 ക |
| വികസനം | 3,021 ക |
| പി.ടി.എ. | 872 ക |
| ആകെ | 6552 ക |

ചിലവ്

| | |
|---|---|
| അറ്റകുറ്റപണികൾ | 2,033.50 ക |
| ഫർണിച്ചർ | 700.00 ക |
| ഉപകരണം രാസവസ്തുക്കൾ | 218.00 ക |
| സ്പോർട്സ് | 740.40 ക |
| കല, വിനോദം | 250.00 ക |
| ലൈബ്രറി | 168.00 ക |
| ആകെ | 4109.90 ക |

**എന്തുചെയ്യാം?**

- ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കണം. ഇത് നിയമം വഴി കർശനമായും പാലിക്കപ്പെടണം.
- അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുമായി വേതനപാരിറ്റി നടപ്പിലാക്കണം. ഇത് നിയമം വഴി നിർബ്ബന്ധമാക്കണം. ഇങ്ങിനെയായാൽ വാണിജ്യാടിസ്ഥാനത്തിൽ അക്ഷരം മൊത്തക്കച്ചവടം ഏറ്റെടുത്തിരിക്കുന്നവർ ഈ രംഗം ലാഭകരം അല്ലെന്ന് കണ്ട് ഒഴിയും.
- എയ്ഡഡും അൺഎയ്ഡഡും ആയ സ്കൂളുകളിൽ അദ്ധ്യാപകനിയമനത്തിൽ ലക്ഷങ്ങൾ കൈമാറുന്ന പതിവ് നിയമംവഴി തടയണം. ഇത് സാമ്പത്തിക കുറ്റങ്ങളുടെ പട്ടികയിൽപ്പെടുത്തത്തക്ക രീതിയിൽ Cr. P.C. പരിഷ്കരിക്കണം. ഇത് വിദ്യാഭ്യാസത്തിൻെറ വാണിജ്യവൽക്കരണം തടയാൻ സഹായിക്കും.
- പഞ്ചായത്ത്തല സ്കൂൾ സമിതികൾ രൂപീകരിക്കണം.

**നിർദ്ദിഷ്ട വാർഡ്തല കർമ്മപരിപാടി** (Education Development Action Plan - EDAP)

ചെയർമാൻ : ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്.
വൈസ് പ്രസിഡണ്ട് : അനൗദ്യോഗിക അംഗം - ലീഡിങ്ങ് സ്കൂൾ പി.ടി.എ. പ്രസിഡണ്ടാകാം
സിക്രട്ടറി : ലീഡിങ് സ്ക്കൂൾ പ്രധാനാദ്ധ്യാപകൻ/അദ്ധ്യാപിക.
അംഗങ്ങൾ : വാർഡ്മെമ്പർമാർ, വായനശാല പ്രതിനിധികൾ, അദ്ധ്യാപക സംഘടനാപ്രതിനിധികൾ, സർവ്വീസ് സംഘടനാപ്രതിനിധികൾ, ഹൈസ്ക്കൂൾ ലീഡർമാർ, മാതൃസംഗമം പ്രതിനിധികൾ, സാംസ്ക്കാരിക സംഘടനാപ്രതിനിധികൾ.

**ചുമതലകൾ**

1. പഞ്ചായത്ത് വിദ്യാഭ്യാസവികസനസമിതിയുടെ കുട [illegible] സ്കൂൾ കോംപ്ലക്സായി
2. ഓരോ വിഷയത്തിൻെറയും അടിസ്ഥാനത്തിൽ ഓരോ അക്കാഡമിക് കൗൺസിൽ രൂപീകരിച്ച് ഓറിയന്റേഷൻ നടത്തുക.
3. സ്ക്കൂൾ സന്ദർശനപരിപാടി മാസത്തിൽ ഒരിക്കലെങ്കിലും നടത്തുക.

4. എസ്.എസ്.എൽ.സി. വിജയശതമാനം കുറയുവാൻ കാരണമെന്തെന്ന് കണ്ടെത്തുക, വിലയിരുത്തുക, സമഗ്ര പരിഹാരം കാണുക.

5. സ്കൂൾ വിദ്യാഭ്യാസവികസനസമിതി ആസൂത്രണം ചെയ്യുന്ന കർമ്മപരിപാടികൾ പഞ്ചായത്ത് ഔദ്യോഗികമായി ഏറ്റെടുത്ത് നടപ്പിലാക്കുക.

6. പിന്നോക്കം നിൽക്കുന്ന ഒരു സ്കൂൾ ഒരു വർഷത്തേയ്ക്ക് ദത്തെടുത്ത് പുരോഗതിയ്ക്കാവശ്യമായ പരിപാടികൾ നടപ്പിലാക്കുക. ഉദാ: 5-ാം വാർഡിലെ എസ്.ആർ.എൽ.പി.സ്ക്കൂൾ.

7. പാഠ്യേതരപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ വെയ്ക്കുകയും അവ നടപ്പിലാക്കാൻ സഹായിക്കുകയും ചെയ്യുക.

8. ഉച്ചഭക്ഷണവിതരണം കാര്യക്ഷമമാക്കുക.

9. രക്ഷാകർത്തൃസമിതി, മാതൃസംഗമം, പ്രധാനാദ്ധ്യപകൻ എന്നിവരുൾപ്പെടുന്ന വേദികൾ വഴി നിലവാരം മെച്ചപ്പെടുത്തുന്നതിനെപ്പറ്റി സൂക്ഷ്മതല ചർച്ചകൾ നടത്തുക.

**വിദ്യാലയ വികസനസമിതി**

ചെയർമാൻ : വാർഡ് മെമ്പർ.
വൈസ് ചെയർമാൻ : പി.ടി.എ. പ്രസിഡൻറ്.
സെക്രട്ടറി : പ്രധാനാദ്ധ്യാപകൻ/അദ്ധ്യാപിക.
അംഗങ്ങൾ : സ്റ്റാഫ് സെക്രട്ടറി, പി.ടി.എ. പ്രതിനിധി, ഒരു സീനിയർ അസിസ്റ്റൻറ്, കളിട്ടീച്ചർ, ലൈബ്രേറിയൻ, സ്കൂൾ ക്ലബ്ബ് സെക്രട്ടറിമാർ, അഭ്യുദയകാംക്ഷികൾ, സാംസ്കാരിക സംഘടനാപ്രതിനിധികൾ, സ്കൂൾ ലീഡർ, മാതൃസംഗമം പ്രതിനിധി.

**ചുമതലകൾ**

1. സ്കൂളിൻെറ സമഗ്രപുരോഗതിക്കാവശ്യമായ കർമ്മരേഖ വർഷംതോറും ആവിഷ്കരിച്ച് അംഗീകരിച്ച് നടപ്പിലാക്കുക (Plan, Endorse, Execute).

2. ക്ലാസ് പി.ടി.എ.കൾ രൂപീകരിക്കുക. അവയുടെ പ്രവർത്തനം ഉറപ്പുവരുത്തുക.

3. മാസാന്തപരീക്ഷ നിർബന്ധമാക്കുക.

4. റെമഡിയൽ അദ്ധ്യാപനം പ്ലാൻ ചെയ്യണം.

5. ഓരോ രംഗത്തും പ്രാഗത്ഭ്യം തെളിയിക്കുന്ന കുട്ടികൾക്ക് അവാർഡ് നൽകുക. ബാഹ്യപ്രേരണ (External Motivation) കൂട്ടാൻ ഇതു

6. ഓരോ വർഷവും വരുന്ന കുട്ടികളെ സ്വീകരിക്കുക. പിരിയുന്നവർക്ക് യാത്രയയപ്പ് നൽകുക.

7. ശാസ്ത്രസാങ്കേതിക സെമിനാർ നടത്തുക. വിഷയാവതരണം പ്രവീണർ തന്നെ വേണം.

8. സബ്ജക്റ്റ് കൗൺസിൽ രൂപീകരിക്കുക.

9. സബ്ജക്റ്റ് കൗൺസിൽ ഓരോ വിഷയത്തിലും കിറ്റ് പാക്കേജ് തയ്യാറാക്കണം. ഇത് കാലാകാലങ്ങളിൽ പരിഷ്കരിക്കണം.

10. അദ്ധ്യാപനം വിദ്യാർത്ഥികേന്ദ്രീകൃതമാക്കുക. ഇപ്പോൾ പതിവുള്ളപോലെ ഏറ്റവും മിടുക്കൻമാരായ വിദ്യാർത്ഥികൾക്ക് മനസ്സിലായാൽ അടുത്ത പാഠത്തിലേയ്ക്ക് കടക്കുന്ന പതിവ് നിർത്തി ക്ലാസ്സിലെ മൊത്തം കുട്ടികളെയും ഒരേ നിലവാരത്തിൽ മുന്നോട്ടുകൊണ്ട് പോകുക. Address the weakest, not the strongest എന്ന മുദ്രവാക്യം അദ്ധ്യാപകർക്കിടയിൽ പ്രചരിപ്പിക്കുക.

പാഠത്തിനനുസരിച്ച് സയൻസ് കോർണർ പ്ലാൻചെയ്ത് പൂർണ്ണമായും വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ നടത്തുക, വിപുലീകരിക്കുക. ഇതാണ് തികച്ചും ദരിദ്രമോ പരിമിതമോ ആയ ഭൗതികസാഹചര്യങ്ങൾ, അദ്ധ്യാപകരില്ലയ്മ, ഉള്ളവരുടെതന്നെ ആർജ്ജവമില്ലായ്മ രക്ഷിതാക്കളുടെ നിസ്സംഗത, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നാളിതുവരെയുണ്ടായിരുന്ന നിസ്സഹകരണം പരീക്ഷകളുടെ നിലവാരത്തകർച്ച, അധികൃതരുടെ അവഗണന, സർക്കാരിൻെറ ചുവപ്പുനാട, പൊതുപ്രാദേശിക അസമത്വങ്ങൾ ഇങ്ങനെ ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും ഇരുൾവീഴ്ത്തിയ ഗുഹാസമാനങ്ങളായ അന്തരാളഘട്ടത്തിൽ, ഗുഹാന്തത്തിൽ കാണുന്ന വെളിച്ചവൃത്തത്തെ എന്നപോലെ നാം ലക്ഷ്യമിടേണ്ടത്.



# ആരോഗ്യം, കുടിവെള്ളം

രണ്ടായിരാമാണ്ടോടുകൂടി കൈവരിക്കണമെന്ന് ലോകാരോഗ്യ സംഘടന ലക്ഷ്യമിട്ടിരിക്കുന്ന ആരോഗ്യപരിപാലന നിലവാരം കേരളം ഇപ്പോൾതന്നെ കൈവരിച്ചു കഴിഞ്ഞുവെന്ന് കണക്കുകൾ. ഈ പുരോഗതിയുടെ ഫലങ്ങൾ അനുഭവിക്കാൻ ഈ പഞ്ചായത്തിനും കഴിഞ്ഞിട്ടുണ്ട്. പരിസരശുചിത്വത്തിലും ആരോഗ്യപരിപാലനത്തിനും ഒരു സമഗ്രവീക്ഷണത്തിൻെറ പൈതൃകം നമുക്കുണ്ടെങ്കിലും ഈ പഞ്ചായത്തിൻെറ ഗ്രാഗരകേന്ദ്രങ്ങളിൽ വാണിജ്യാധിഷ്ഠിതമായ ചരിത്രവികാസത്തിൻെറ പാർശ്വഫലമായി താരതമ്യേന കുറഞ്ഞ നിലവാരമേ ജനങ്ങൾ പുലർത്തുന്നുള്ളു. പണ്ട് ഗ്രാമീണർ രോഗാതുരത കുറഞ്ഞ ജീവിതരീതികൾ പാലിച്ചിരുന്നതുകൊണ്ട് ചികിത്സ ഒരവസാന കൈ ആയിരുന്നു. എന്നാൽ പഞ്ചായത്തിനു ബാഹ്യമായ പല കാരണങ്ങളാലും ഒരു നിലവാര തകർച്ച ഈ മേഖലയിൽ വന്നുഭവിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ അലോപ്പതിരംഗത്ത് ഒരു ആരോഗ്യകേന്ദ്രവും 5 സബ്സെൻററുകളും ഉണ്ട്. ജനങ്ങളുടെ പങ്കാളിത്തത്തോടെ നിർമ്മിച്ച കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ഒരു SET സെൻറർ ഈ പഞ്ചായത്തിലുണ്ട്. 1,3,4,5,7,9 എന്നീ വാർഡുകളിൽ ആരോഗ്യകേന്ദ്രങ്ങളില്ല. വാർഡ് 4ൽ 3 സ്വകാര്യ ആയൂർവ്വേദ ക്ലിനിക്കുകളുണ്ട്.

ഈ പഞ്ചായത്തിൽ അലോപ്പതി ഡോക്ടർമാർ ആരും തന്നെ പ്രാക്ടീസ് ചെയ്യുന്നില്ല.

## പ്രശ്നങ്ങൾ

- നിലവിലുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറയോ സബ്സെൻററുകളുടെയോ സംവിധാനവും സൗകര്യവും ഒട്ടും പര്യാപ്തമല്ല. അതിനാൽ തന്നെ അവയുടെ പ്രവർത്തനവും തീരെ കാര്യക്ഷമമല്ല.
- അതുകൊണ്ടുതന്നെ അടുത്ത മുനിസിപ്പാലിറ്റികളിലുള്ള സ്വകാര്യ ആശുപത്രികളെയാണ് ഇവിടെയുള്ളവർക്ക് ആശ്രയിക്കേണ്ടി വരുന്നത്. ആദ്യം ലാഭം പിന്നെ ആതുരസേവനം എന്ന സ്വകാര്യആശുപത്രികളുടെ മുദ്രാവാക്യം ബഹുഭൂരിഭാഗം വരുന്ന ഇടത്തരം കർഷകകുടുംബങ്ങൾക്കും കർഷകതൊഴിലാളി കുടുംബങ്ങൾക്കും മറു സാമാന്യജനങ്ങൾക്കും ഈ ആശുപത്രികൾ അപ്രാപ്യമാക്കുന്നു. ഇത് ചികിത്സാരംഗത്ത് കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്നു.
- അശാസ്ത്രീയമായ ഭൂവിനിയോഗം കാരണം നമുക്ക് ഉണ്ടായിരുന്ന വലിയ ഒരു ഔഷധസസ്യശേഖരം അതിവേഗം നശിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ തന്നെ പാരമ്പര്യവൈദ്യം പ്രതിസന്ധിയിലാണ്.
- കേരളത്തിൽനിന്ന് പുറത്തുപോയി ജോലിചെയ്യുന്നവർ ഇവിടെ ചികിത്സ ലഭ്യമല്ലാത്തതരം പുതുരോഗങ്ങളുംകൊണ്ട് എത്തുന്നുണ്ട്. 7-ാം വാർഡിൽ ഒരു താമസക്കാരൻ എയ്ഡ്സ് ബാധിച്ച് മരിച്ചത് ഈ പ്രശ്നത്തിൻെറ സാക്ഷ്യമാണ്.
- പ്രതിരോധകുത്തിവെയ്പുകളുടെ പ്രാധാന്യം ഇനിയും ബോധ്യമാവാത്ത വിഭാഗങ്ങളുണ്ട്.
- വാർഡ് 11ലെ പാണൻമുത്തുവിൻെറ 'ഒടൽകൂറ്' (ഉടലിനെ കുറിച്ചുള്ളത് അഥവാ ഫിസിയോളജി) പോലുള്ള നാട്ടറിവുകളുടെ അക്ഷയഖനികൾ കണ്ടെത്തുന്നതിലും രേഖപ്പെടുത്തുന്നതിലും നമ്മുടെ കൊളോണിയൽ പൈതൃകം നമ്മിൽ ചെലുത്തിയിട്ടുള്ള മാന്യതാ സങ്കല്പനങ്ങൾ വിലങ്ങുതടിയാകുന്നു.

## പരിഹാരങ്ങൾ

- പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്ഥിരം ഡോക്ടർ വേണം. അവിടത്തെ സ്റ്റാഫ് വേക്കൻസി നികത്തണം.
- ഓരോ ഗ്രാമത്തിലും ഉള്ള മഹിളാസമാജം, അംഗനവാടി, വായനശാല തുടങ്ങിയ പൊതുകെട്ടിടങ്ങൾ ഉപയോഗിച്ച് അവിടെ ആഴ്ചയിൽ രണ്ടുതവണയെങ്കിലും ഒരു ഡോക്ടർ എത്തുന്ന സംവിധാനം പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ കുടക്കീഴിൽ സൃഷ്ടിക്കണം.
- നിലവിലുള്ള സബ്സെൻററുകൾ കാര്യക്ഷമമാക്കണം.
- മേൽപറഞ്ഞ രണ്ടുകാര്യങ്ങൾക്കും വേണ്ടത്ര ഡോക്ടർമാരെ അടുത്തുള്ള മുനിസിപ്പാലിറ്റികളിൽ നിന്ന് കണ്ടെത്തി അവർക്ക് ഓണറേറിയം നൽകികൊണ്ട് അവരുടെ സേവനം ലഭ്യമാക്കാൻ പ്രാഥമികാരോഗ്യകേന്ദ്രം മുൻകൈയെടുക്കണം. ഇതിന്, ഗ്രാമസേവനത്തിന് തയ്യാറുള്ള ഡോക്ടർമാരുടെ ഒരു പട്ടിക ആദ്യം ഉണ്ടാക്കണം.
- വനിതാ തൊഴിൽ മേഖലയിൽ ഔഷധസസ്യത്തോട്ടങ്ങൾ ഉണ്ടാക്കുവാനുള്ള പ്രവർത്തനങ്ങൾ വ്യവസായ വികസനസമിതിയുമായി ഏകോപിപ്പിച്ച് നടത്തണം.
- ഗ്രാമതലത്തിലുള്ള ആഴ്ചക്ലിനിക്കുകളിൽ എല്ലാവരും വർഷത്തിലൊരിക്കൽ വിശദമായ മെഡിക്കൽ ചെക്കപ്പിന് വിധേയമാകണം. പണ്ട് വസൂരി കുത്തിവെയ്പിനെ പേടിച്ചിരുന്ന അവസ്ഥയെ എങ്ങനെ പ്രചാരണത്തിലൂടെ നേരിട്ടുവോ അതുപോലെ ഇപ്പോൾ ഈ വർഷാന്ത്യപരിശോധനയോടും ഗ്രാമവാസികൾക്ക് ഉണ്ടാകാവുന്ന എതിർപ്പ് മാറ്റിയെടുക്കണം. ഇതിന് പുതിയ ഒരു ആരോഗ്യ സാക്ഷരതാപദ്ധതി തന്നെ

ഈ പഞ്ചായത്തിലെ വിദഗ്ധരും ജനപ്രതിനിധികളും കൂടി യാലോചിച്ച് വരുംനാളുകളിൽ ആവിഷ്കരിക്കണം.

- ഇങ്ങനെ ആരോഗ്യപരിശോധനക്ക് വിധേയമാകുന്നവർ ഹെൽത്ത് കാർഡ് നൽകണം. ഈ Village Health Card Scheme റേഷൻകാർഡ് പോലെ കർശനമാക്കണം.
- ഹോട്ടൽ ലൈസൻസ് നൽകൽ, പുതുക്കൽ എന്നിവക്ക് മുൻപ് അവ പരിശോധിച്ച് ഹെൽത്ത് ഇൻസ്പെക്ടർമാർ സർട്ടിഫൈ ചെയ്യണം എന്ന നിബന്ധന വെക്കുക.
- ഹോട്ടൽ തൊഴിലാളികളുടെ പൊതുആരോഗ്യനില, ശുചിത്വം എന്നിവ പരിശോധിച്ച് അവർക്ക് Hotel Workers' Health Card നൽകുന്ന സമ്പ്രദായം വേണം.
- അലഞ്ഞുനടക്കുന്ന കന്നുകാലികൾ ആരോഗ്യത്തിന് ഹാനികരമായ പല പാർശ്വഫലങ്ങളും ഉണ്ടാക്കുന്നു. ഇവക്കായി ഒരു Community Cowshed മൃഗസംരക്ഷണവകുപ്പും പ്രാഥമികാരോഗ്യകേന്ദ്രവും സംയുക്തമായി പ്ലാൻചെയ്യുക.
- മാംസ-മത്സ്യ വെൻഡർമാർക്ക് ലൈസൻസും vender's cardഉം ഏർപ്പെടുത്തുക.
- ആരോഗ്യരംഗത്ത് നാട്ടറിവുകളുടെ സ്രോതസ്സുകൾ നമ്മുടെ പഞ്ചായത്തിലുള്ളവ കണ്ടെത്തി അവ ശാസ്ത്രീയമായി രേഖപ്പെടുത്തി പരിപോഷിപ്പിക്കുവാനുള്ള കർമ്മപദ്ധതി അടുത്ത 5 വർഷത്തിനുള്ളിൽ നടപ്പാക്കണം. ഇത്തരം സ്രോതസ്സുകൾ പിൻതുടർച്ചക്കാരില്ലാതെ കുറ്റിയറ്റു പേകുന്ന ഒരു അവസ്ഥ നിലനിൽക്കുന്നുവെന്നതുകൊണ്ടാണ് ഈ പദ്ധതി സമയബന്ധിതമാകണം എന്ന് നിഷ്കർഷിക്കുന്നത്.
- വാണിയംകുളം ചന്തയിൽ ഒരു pay-and-use കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക
- ജലനിർഗമനനാളികൾ കൃത്യമായി അറ്റകുറ്റപ്പണികൾ നടത്തുക. ഇതും മറ്റു ശുചീകരണ പ്രവർത്തനങ്ങളും അടങ്ങുന്ന ഒരു ക്ലീൻവാണിയംകുളം പദ്ധതി ആവിഷ്കരിക്കുക.
- ഒരു പഞ്ചായത്തിന് ഒരു ജൈവശാസ്ത്രകോശം എന്ന മുദ്രാവാക്യത്തിലധിഷ്ഠിതമായി ഒരു ഗ്രീൻ വാണിയംകുളം പദ്ധതി ആവിഷ്കരിക്കുക.
- പഞ്ചായത്തുതലത്തിൽ ഒരു ജിംനേഷ്യം സ്ഥാപിക്കുക. ഇതിൽ വ്യായാമ മുറകളോടൊപ്പം കളരിയും, യോഗയും പഠിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.
- പൊതുശ്മശാനം അടിയന്തിരമായി അറ്റുകുറ്റപ്പണികൾ നടത്തി വൃത്തിയാക്കണം. ഇവിടെ സംസ്ക്കാരക്രിയകൾക്കുവേണ്ട ഷെഡ്ഡ് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കണം.
- വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് നിയമം കർശനമാക്കണം.

**കുടിവെള്ളം**

സാംസ്കാരികകേരളത്തിന് നിത്യപ്രചോദനമായിട്ടുള്ള നിള തന്നെയാണ് വാണിയംകുളം പഞ്ചായത്തിലെ ജലവാഹിനികൾക്കും സംഭരണികൾക്കും മുലയൂട്ടിയിരുന്നത്. പഞ്ചായത്തിന്റെ വടക്കുള്ള കുന്നുകളിൽനിന്നുള്ള ചോലകളും ഇവിടുത്തെ ജലാശയങ്ങൾക്ക് നിറവേറ്റിയിരുന്നു. എന്നാൽ പരിസ്ഥിതിയിൽ വന്ന ഭീഷണമായ അസന്തുലിതാവസ്ഥയും നിരുത്തരവാദപരമായ സ്ഥലജലവിനിയോഗവും ഈ സ്രോതസ്സിനെ ക്രമാനുഗതമായി നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ പാർശ്വഫലമാണ് നാം നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം.

നിരവധി പൊതുകിണറുകളും മറ്റു ശുദ്ധജലസംഭരണികളും ഈ പഞ്ചായത്തിലുണ്ട്. പക്ഷെ ഇവയിൽ മിക്കതിലേയും ജലനില ഭാഗികമോ ദരിദ്രമോ ആണ്. കേരള വാട്ടർ അതോറിട്ടിയുടെ മൂന്ന് ശുദ്ധജല വിതരണ പദ്ധതികൾ ഈ പഞ്ചായത്തിലുണ്ട്.

**1. വെള്ളിയാട് ഗ്രാമീണ ശുദ്ധജല പദ്ധതി**

ഭാരതപ്പുഴ സ്രോതസ്സായുള്ള ഈ പദ്ധതി 6 മീറ്റർ വ്യാസമുള്ള ഒരു കിണറിൽ നിന്നും മോട്ടോർ പമ്പുപയോഗിച്ച് വെള്ളിയാടുള്ള ഭൂതലസംഭരണിയിൽ ജലം എത്തിക്കുന്നു.

**2. കോതയൂർ കുഴൽകിണർ ശുദ്ധജലവിതരണ പദ്ധതി**

കോതയൂരിലുള്ള ആറിഞ്ചുവ്യാസമുള്ള കുഴൽകിണറിൽ മോട്ടോർ പമ്പ്സെറ്റ് സ്ഥാപിച്ച് വിതരണക്കുഴൽ വഴി ടാപ്പുകളിലൂടെ ശുദ്ധജലം വിതരണം ചെയ്തിരുനു. ഇപ്പോൾ ഇത് പ്രവർത്തന രഹിതമാണ്.

**3. ചെറുകാട്ടുപുലം കുഴൽകിണർ ശുദ്ധജലവിതരണ പദ്ധതി**

ചെറുകാട്ടുപുലത്തുള്ള ആറിഞ്ചുവ്യാസമുള്ള കുഴൽകിണറിൽ മോട്ടോർ പമ്പുസെറ്റ് സ്ഥാപിച്ച് വിതരണകുഴലുകളിലൂടെ ടാപ്പുകളിൽ കൂടി ശുദ്ധജലം വിതരണം ചെയ്യപ്പെടുന്നു.

മേൽപദ്ധതികളിൽ വെള്ളിയാട് ശുദ്ധജല വിതരണപദ്ധതിയും കോതയൂർ കുഴൽകിണർ ശുദ്ധജലവിതരണ പദ്ധതിലും കാര്യക്ഷമത വളരെ കുറഞ്ഞ നിലയിലാണ് ഇപ്പോഴുള്ളത്. ആയതുകൊണ്ട് ഇവിടെ ഒരു പുതിയ പദ്ധതി ആവശ്യമാണ്.

പഞ്ചായത്തിലെ കോളനികളിൽ മിക്കവയും ഉയർന്ന, പാറനിറഞ്ഞ ഇടങ്ങളിലാണ്. അതുകൊണ്ടുതന്നെ താരതമ്യേന ഏറ്റവും കൂടിയ തോതിൽ ജലക്ഷാമം അനുഭവിക്കുന്ന വിഭാഗവും ഈ കോളനികളിൽ പാർക്കുന്ന പട്ടികജാതി കുടുംബക്കാരാണ്. ചരിത്രം തിരിച്ചിടാനാകില്ലെങ്കിലും ഇവരുടെ സമഗ്രമായ വികസനം കൈവരിക്കാനായി ആവിഷ്കരിക്കുന്ന ഏതൊരുപദ്ധതിയിലും ആണിക്കല്ല് കുടിവെള്ളമാണ്.

അതുകൊണ്ട് ഒരു ദ്വിമുഖ ജലക്ഷാമ പരിഹരണ പദ്ധതിയാണ് പഞ്ചായത്തിന് ആവശ്യം. ഒന്ന്, ഇടനിലങ്ങളിലും പുഴയോടുചേർന്ന സമതലങ്ങളിലും കുടിവെള്ളമെത്തിക്കാനുള്ള മാസ്റ്റർപ്ലാൻ, രണ്ട് ഗ്രാമാന്തരങ്ങളിലുള്ള എല്ലാ കോളനികളിലും തനതുപ്രദേശത്തുതന്നെ കുടിവെള്ളം ലഭ്യമാക്കാൻ ഭൂഗർഭജലം ചൂഷണം ചെയ്യുന്നതിനുള്ള വിവിധ ചെറുതരം പദ്ധതികൾ

**1. മാസ്റ്റർ പ്ലാൻ**

വാണിയംകുളം പഞ്ചായത്തിലെ മൊത്തം കുടിവെള്ളക്ഷാമം പരിഹരിക്കാനായി കേരള വാട്ടർ അതോറിറ്റിയുടെ ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ കേന്ദ്രഗവൺമെൻറിന് സമർപ്പിക്കുകയുണ്ടായി. പക്ഷെ പ്രതിശീർഷ ജലഉപഭോഗം പത്തു ലിറ്ററിൽ കൂടുതലായതുകൊണ്ട് ഈ പദ്ധതിക്ക് ARWSPയിൽ നിന്ന് അംഗീകാരം ലഭിക്കുകയുണ്ടായില്ല. ഷൊർണൂർ നഗര ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും ഒരു ഭൂതലസംഭരണിയിൽ ശുദ്ധജലം സംഭരിച്ച് അവിടെ നിന്നും മോട്ടോർപമ്പുപയോഗിച്ച് 3955മീറ്റർ 250 മി.മീ. വ്യാസമുള്ള എ.സി. പൈപ്പുകളിൽ കൂടി പമ്പു ചെയ്ത് വെള്ളാരംപാറയിൽനിർമ്മിക്കുന്ന 6.2ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള മറ്റൊരു ഭൂതലസംഭരണിയിൽ എത്തിക്കുകയും അവിടെനിന്നും ഏകദേശം 57കി.മി. നീളത്തിൽ ശുദ്ധജലവിതരണകുഴലുകൾ സ്ഥാപിച്ച് 156 ടാപ്പുകളിൽ കൂടി ജലവിതരണം നടത്തിയാൽ ARWSP ത്വരിതഗ്രാമീണശുദ്ധജല വിതരണപദ്ധതി വിഭാവനം ചെയ്യുന്ന 40ലിറ്റർ പ്രതിശീർഷ ജലഉപഭോഗം നിറവേറ്റാനാകും.

**നിർദ്ദേശങ്ങൾ**

1. ARWSP പദ്ധതി നമ്മുടെ പഞ്ചായത്തിന് ലഭിക്കുവാനായി അടിയന്തിരമായി റിഎസ്റ്റിമേഷൻ നടത്തുകയും ഭരണതലത്തിൽ ജനസമ്മർദ്ദം പ്രകടമാക്കുന്ന കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.
2. ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ഓരോ വാർഡിലേയും കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായ കോളനികളും മറ്റുപ്രദേശങ്ങളും കണ്ടെത്തി പ്രാദേശിക ആവശ്യത്തിൻെറ അടിസ്ഥാനത്തിൽ കുഴൽകിണറുകളോ ഓപ്പൺവെല്ലോ നിർമ്മിക്കാൻ പഞ്ചായത്തുതല പരിപാടി ആസൂത്രണം ചെയ്യുക.

# ഗതാഗതം, ഊർജ്ജം, വിപണി

ഗ്രാമസഭകളിൽ ഏറ്റവും അധികം പ്രാദേശിക വിഭവസമാഹരണം വാഗ്ദാനം ചെയ്യപ്പെട്ട ഒരു പശ്ചാത്തല സൗകര്യമേഖലയാണ് ഗതാഗതം. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി എൻെറ വീട്ടിലേയ്ക്കുള്ള റോഡ് എന്ന മനോഭാവം വിട്ട് കൃഷി, വ്യവസായം, വാഹന സൗകര്യം എന്നക്രമത്തിൽ ഉൽപാദനക്ഷമതയും സൗകര്യവും വർദ്ധിപ്പിക്കുക എന്നതിലേയ്ക്ക് ഊന്നൽ മാറിയതിൻെറ ഫലമായി ജനങ്ങൾ റോഡുകളുടെയും പ്രശ്നങ്ങളുടെയും പട്ടിക നിരത്തുക മാത്രമല്ല ഏത് ആദ്യം ചെയ്യണം ഏത് രണ്ടാമത് എന്ന് മുൻഗണന നിശ്ചയിക്കുകയും ചെയ്തു.

## വാർഡ്തല അവലോകനം

### വാർഡ് 1

ഈ വാർഡിൽ ആറ് മൺറോഡുകളും (6 1/2കി.മി.) 2 സോളിങ്ങ് കഴിഞ്ഞ റോഡുകളും (1.800കി.മീ.) 2 P.W.D. ടാർ ചെയ്ത റോഡുകളും (2.500കി.മി) ഉണ്ട്. തീരെ വാഹനഗതാഗതസൗകര്യങ്ങൾ ഇല്ലാത്ത പ്രദേശങ്ങളാണ് പനമണ്ണയ്ക്ക് പടിഞ്ഞാറുവശവും നിലവിലുള്ള PWD റോഡിൻെറ കിഴക്കുവശത്ത് കുണ്ടുകാടു ഭാഗത്തേയ്ക്കും അധികാരിപടിയിൽ നിന്ന് പടിഞ്ഞാറുവശത്തേയ്ക്കും. ജനങ്ങൾ നിർണ്ണയിച്ച മുൻഗണനക്രമപ്രകാരം നേരെയാക്കേണ്ടുന്ന റോഡുകൾ:

1. എടക്കോട് റോഡ് (മെറ്റലിങ്ങ്, ടാറിങ്ങ്).
2. കരിമ്പനകുന്ന് റോഡ് (ഫോർമെഷൻ).
3. കോതയൂർ സ്കൂൾ റോഡ് (മെറ്റലിങ്ങ്, ടാറിങ്ങ്).
4. ഗോഡൗൺ റോഡ് (ഫോർമേഷൻ).
5. അധികാരിപടി (ഫോർമേഷൻ).

പ്രാദേശിക വിഭവസമാഹരണം വാഗ്ദാനം : 50%.

### വാർഡ് 2

ഈ വാർഡിൽ 7 മൺറോഡുകളും (7.50 കി.മീ) ഒരു PWD റോഡും (1 കി.മി) ഉണ്ട്.

അറ്റകുറ്റപണികൾ നടത്തേണ്ടുന്നവയും പുതുതായി നിർമ്മിയ്ക്കേണ്ടവയും

1. തിയ്യറ്ററിൻെറ സമീപത്തുനിന്നും ചൊട്ടത്തൊടി വായനശാലയിലേയ്ക്കുള്ള റോഡ്.
2. മുല്ലയ്ക്കൽ കോളനി റോഡ്.
3. ചുണ്ടിച്ചിപറമ്പ് കോളനി റോഡ്.
4. നീലിത്തൊടി കുണ്ടുകാട റോഡ്.
5. മിഷൻ കോമ്പൗണ്ട് റോഡ്.
6. ബംഗ്ലാംകുന്ന് റോഡ്.
7. കുളത്തുംപടി റോഡ്.
8. ശിവക്ഷേത്രം റോഡ്.

പ്രാദേശിക വിഭവസമാഹരണം വാഗ്ദാനം: 50%

### വാർഡ് 3

ഈ വാർഡിൽ 6 മൺറോഡുകളും (10 കി.മി) ഒരു PWD റോഡും (2 കി.മി.) ഉണ്ട്. ഇവിടെയുള്ള പുലാശീരി കോളനിയിലേയ്ക്കും, ലക്ഷംവീട് കോളനിയിലേയ്ക്കും, കുന്നംകാട്ടുപടി കോളനിയിലേയ്ക്കും, പുത്തിരിത്തൊടി കോളനിയിലേക്കും, ചോറുകുന്ന് കോളനിയിലേയ്ക്കും ഗതാഗതസൗകര്യം തീരെ ഇല്ല. ഈ റോഡുകളുടെ പണി ഏറ്റെടുത്ത് നടത്തണം. മാനന്നൂർ വാണിയംകുളം റോഡിൽ ഉടനീളം ഓട തൂർന്നു പോയിരിക്കുന്നു. ഇവിടെയുള്ള മൺറോഡുകൾ ആറും പൂർണ്ണമായും ശ്രമദാനത്തിലൂടെ ഉണ്ടായതാണ്.

പ്രാദേശികവിഭവസമാഹരണവാഗ്ദാനം : 60%

### വാർഡ് 4

ഈ വാർഡിൽ 11 മൺറോഡുകളും (8 കി.മി) രണ്ടു പഞ്ചായത്ത് ടാർറോഡുകളും (1.500 കി.മി) ഒരു PWD ടാർ റോഡും (200 മി) രണ്ട് സോളിങ്ങ് റോഡും (2 കി.മി) ഉണ്ട്.

മുൻഗണനക്രമത്തിൽ നിർമ്മിക്കേണ്ട റോഡുകൾ

1. കുംഭാരൻ കോളനി ലിങ്ക് റോഡ്.
2. തിരുവോർത്തുപാറ റോഡ്.
3. തിരുവോർത്തുപാറ ലിങ്ക് റോഡ്.
4. വാച്ചാക്കര കോളനി റോഡ്.
5. തെക്കുമുറി കോളനി ലിങ്ക് റോഡ്.
6. വെള്ളിയാട്-മാനന്നൂർ റോഡ്.

പ്രാദേശികവിഭവസമാഹരണവാഗ്ദാനം : 50%

### വാർഡ് 5

ഈ വാർഡിൽ 19 മൺറോഡുകളും (15.500 കി.

മി) ഒരു PWD ടാർ റോഡും (1.500 കിമി) ഉണ്ട്.

ഇവിടെ മുൻഗണനാക്രമത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. ചക്കമലയത്ത് കോളനി റോഡ്.
2. വലിയപറമ്പിൽ ഹരിജൻ കോളനി റോഡ്.
3. വിലാസിനി മെമ്മോറിയൽ സ്റ്റോപ്പ് മുതൽ തൃക്കങ്ങോട് വരെയുള്ള റോഡ്.

**ടാർ ഇടേണ്ടവ:**

1. ചക്കമലയത്ത്-യു.പി. സ്കൂൾ റോഡ്.
2. കണിയംപ്പും-തൃക്കങ്ങോട് ലിങ്ക് റോഡ്.
3. മേൽപറഞ്ഞ റോഡിൽ നിന്നും അനാമിക മുതൽ പാടം വരെയുള്ള വഴി വീതികൂട്ടൽ (സ്ഥലം വിട്ടു കിട്ടിയിട്ടുണ്ട്).
4. ലക്ഷ്മി റോഡു മുതൽ തൃക്കങ്ങോട് റോഡു വരെ.

**ലിങ്ക് റോഡ് ഉണ്ടാക്കേണ്ടവ**

1. കിളിക്കാവ് - ഗോഡൗൺ.
2. തൃക്കങ്ങോട്-ഐക്കരപള്ള്യൽ റോഡ്.

പ്രാദേശികവിഭവസമാഹരണവാഗ്ദാനം : 60%

**വാർഡ് 6**

ഈ വാർഡിൽ 7 മൺറോഡുകളും (12.500 കി. മി) ഒരു സോളിങ്ങ് റോഡും (300 മി), ഒരു പഞ്ചായത്തു റോഡും (500 മീ), ഒരു PWD റോഡും (500 മീ) ഉണ്ട്.

മുൻഗണനാക്രമത്തിൽ നിർമ്മിക്കേണ്ട റോഡുകൾ

1. കൃഷിഭവൻ റോഡ്.
2. ചോറോട്ടൂർ വെള്ളിയാട് റോഡ്.
3. കൾവേർട്ട് റോഡ്.
4. സ്കൂൾവഴി അംഗനവാടിയിലേയ്ക്കുള്ള റോഡ.
5. മനിശശ്ശേരികുംഭാരൻ കോളനിയിലേയക്കള്ള റോഡ്.
6. കിഴക്കോട്ടുതറ റോഡ് സ്കൂൾ റോഡുമായി ലിങ്ക്.
7. പരുത്തിപ്ര കോളനി റോഡ്.
8. ചോറോട്ടൂർക്കാവ് റെയിൽ റോഡ്.
9. കുറവങ്ങാട്ടുകുന്ന് റോഡ് - മനയ്ക്കൽപടി റോഡ്.

പ്രാദേശികവിഭവസമാഹരണവാഗ്ദാനം : 50%

കുളവക്കിലൂടെ ഇല്ലാവഴി നടന്നുവേണം 2 വീടുകളിലേക്ക് പോകാൻ. ഈ വഴി വീതി കൂട്ടി നടക്കാൻ പാകമാക്കാൻ ശ്രമദാനം സംഘടിപ്പിക്കാൻ ഇതിൻെറ ഗുണഭോക്താവല്ലാത്ത ഇ.ജി. പ്രകാശ് മുന്നോട്ടു വന്നത് ഗ്രാമീണ കൂട്ടായ്മയുടെ അനുകരണീയമായ ഉദാഹരണമാണ്.

**വാർഡ് 7**

ഈ വാർഡിൽ 13 മൺറോഡുകളും (15 കി.മി) ഒരു സോളിങ്ങ് റോഡും (1.500 കി.മീ) ഒരു PWD റോഡും (1.500 കി.മീ) ഉണ്ട്.

മുൻഗണനാക്രമത്തിൽ നിർമ്മിക്കേണ്ട റോഡുകൾ :

1. മനിശ്ശീരി - വെള്ളിയാട് - മലയത്തമ്മകോളനി - കിഴക്കേത്രാങ്ങാലി റോഡ്. ഇതിൽ മനിശ്ശീരി മുതൽ വെള്ളിയാട് വഴി മാന്നനൂർ റെയിൽവെ സ്റ്റേഷനിൽ എത്തി നിൽക്കുന്ന ഒരു ഖണ്ഡം സർക്കാർ സഹായവും ശ്രമദാനവുംകൊണ്ട് ഫോർമേഷൻ കഴിഞ്ഞു. മാന്നന്നൂർ - മലയത്തമ്മകോളനി - കിഴക്കെ ത്രാങ്ങാലി ഖണ്ഡം ശ്രമദാനത്തിലൂടെ മാത്രം നിർമ്മിച്ചതാണ്. മുപ്പതോളം പട്ടികജാതി കുടുംബങ്ങൾക്കും കാർഷിക ആവശ്യങ്ങൾക്കും അത്യന്താപേക്ഷിതമാണ്.
2. വെള്ളിയാട് ഹരിജൻകോളനി ഞാലിയൻകോഡ് റോഡ് : ഇതിൻെറ 300 മീറ്റർ ഫോർമേഷൻ ശ്രമദാനമായി ചെയ്തുകഴിഞ്ഞു. ഇനി 100 മീറ്റർ കൂടി ബാക്കിയുണ്ട്.
3. ആര്യങ്കാവ്- കിഴക്കേ റോഡ്. 1.500കി.മീ. പണികഴിഞ്ഞു. 2 കി.മി. കൂടി ബാക്കി.
4. മാന്നന്നൂർ മലയത്തമ്മകോളനി - കിഴക്കെത്രാങ്ങാലി റോഡ്.
5. വെള്ളിയാട് റോഡ് - റെയിൽവെ ലൈൻ (ആശാരി കോളനിവഴി). കാർഷികാവശ്യത്തിന് ഉപകരിക്കും.
6. മാന്നന്നൂർ - വെള്ളിയാട് റോഡിൽ നിന്നും പാപ്പുള്ളിപടി വരെ ലിങ്ക്.
7. അയിലോട്ടികുളം-കിഴക്കേ വെള്ളിയാട് റോഡ്.
8. വെള്ളിയാട് - ചോറോട്ടൂർ റോഡ്. 200 മീ. പണി കഴിഞ്ഞു. 100 മീ. ബാക്കി.

പ്രാദേശികവിഭവസമാഹരണവാഗ്ദാനം : 50%

**വാർഡ് 8**

ഈ വാർഡിൽ 7 മൺറോഡുകളും 2 മെറ്റൽ റോഡുകളും 2 പഞ്ചായത്തു റോഡുകളും ഒരു PWD ടാർ

റോഡും ഉണ്ട്. ഇവയുടെ നീളം യഥാക്രമം 8 കി.മി, 2 കി.മി., 1.500 കി.മി., 0.500 കി.മീ. എന്നിങ്ങനെയാണ്.

മുൻഗണനാക്രമത്തിൽ നിർമ്മിക്കേണ്ട റോഡുകൾ:

1. കിഴക്കേ ത്രാങ്ങാലി - ഓടയംപുറം റോഡ്.
2. ത്രാങ്ങാലി - മാനന്നൂർ റോഡ് (ദേവസ്വംപറമ്പ് വഴി).
3. ത്രാങ്ങാലി പടിഞ്ഞാറ്റുമുറി റോഡ് ടാറിങ്ങ്.
4. പാതിപ്പാറ - ചെറുകാട്ടുപുലം റോഡ്.
5. ആൽമാവ് - കൂമ്പാങ്ങ് കോളനി റോഡ്.
6. പത്തായപ്പുര - ചുക്കൻമാർതൊടി കോളനി റോഡ്.
7. ആര്യങ്കാവ് - കിഴക്കെത്രാങ്ങാലി റോഡ്.
8. ചെറുകാട്ടുപുലം - ആര്യങ്കാവ് റോഡ്.
9. അയ്യപ്പൻകാവ് - മനപ്പടി റോഡ്.

നോട്ട് : 1 ഓടയംപുറം - ത്രാങ്ങാലി കിഴക്കേപ്പാടം റോഡ് 8 മീറ്റർ വീതിയിൽ പക്ക റോഡായി പൂർണ്ണമായും ജനകീയപങ്കാളിത്തത്തോടെ നിർമ്മിച്ചു. ഇതിൽ ഒരു പൈപ്പ് കൾവർട്ട്, പാടത്തേക്കിറങ്ങുന്ന വഴി ഇരുവശവും പടവ് എന്നിവയുടെ പണി പഞ്ചായത്ത് പരിഗണനയിലാണ്.

നോട്ട് : 2 ഈ പ്രദേശത്ത് ഏറ്റവും ആദ്യം മെറ്റൽ ചെയ്ത ത്രാങ്ങാലി കോളനി റോഡ് ഇതുവരെ ടാർചെയ്തിട്ടില്ല.

**വാർഡ് 9**

ഈ വാർഡിൽ 11 മൺറോഡുകളും ഒരു മെറ്റൽ റോഡും ഒരു പഞ്ചായത്ത് ടാർ റോഡും ഒരു PWD ടാർ റോഡും ഉണ്ട്. ഇവയുടെ നീളം യഥാക്രമം 10 കി.മി., 1 കി.മി, 1 കി.മി., 1 കി.മി ആണ്.

മുൻഗണനാക്രമത്തിൽ ഏറ്റെടുക്കേണ്ടുന്ന പണികൾ:

1. കൂനത്തറ - പോണാട് റോഡ് മേലെകാട് റോഡുമായി ലിങ്ക്.
2. കൂനത്തറ ടൗൺ - റൈസ് മിൽ റോഡ് ചൈലിയാട് റോഡുമായി ലിങ്ക്.
3. കൂനത്തറ - പനയൂർ റോഡ് ഇളംകുളം വഴി കുളപ്പുള്ളിയിലേയ്ക്ക് നീട്ടുക.
4. ചാരിറ്റി കോൺവെൻറ് റോഡ് - പോണാട് റോഡ് ലിങ്ക്.
5. കൂനത്തറ പടിഞ്ഞാറ് - കവളപ്പാറ റോഡ്.
6. പോണാട് റോഡ് - 26-ാം മൈൽ ലിങ്ക്.

പ്രാദേശികവിഭവസമാഹരണവാഗ്ദാനം : 60%

**വാർഡ് 10**

ഈ വാർഡിൽ 7 മൺറോഡുകളും, ഒരു സോളിംഗ് റോഡും, ഒരു പഞ്ചായത്ത് ടാർ റോഡും, ഒരു PWD ടാർ റോഡും ഉണ്ട്. ഇവയുടെ നീളം യഥാക്രമം 7.500 കി.മീ, 2 കി.മീ., 1.500 കി.മീ, 1.500കി.മീ. ആണ്.

മുൻഗണനാക്രമത്തിൽ ഏറ്റെടുക്കുന്ന പണികൾ:

1. ആലിക്കപറമ്പ് കോളനിവഴി വാണിയംകുളം - വല്ലപ്പുഴ റോഡിൽ നിന്നും കൂനത്തറ - പനയൂർ റോഡിലേയ്ക്ക് ലിങ്ക്.
2. കൂനത്തറ - ചെറുകാട്ടുപുലം ലിങ്ക്.
3. പാതിപ്പാറ - പന്നിക്കുഴി റോഡ്.
4. പാതിപ്പാറ ഇറക്കം - കൂനത്തറ കിഴക്കപ്പാടം വഴി ചെറുകാട്ടുപുലം ലിങ്ക്.
5. തുളസി ഇൻഡസ്ട്രീസ് - ആലിക്കപ്പറമ്പ് കോളനി ലിങ്ക് (ചോലക്കുളം വഴി).
6. മൂപ്പർ കോളനി റോഡുകൾ.
7. മാരിയമ്മൻ ക്ഷേത്രം - കൂനത്തറ ലിങ്ക്.
8. പനയൂർ ശിവക്ഷേത്രം റോഡ്.
9. ചെറുകാട്ടുപുലം - ആര്യങ്കാവ് റോഡ് - ചണ്ണംപറ്റ ക്ഷേത്രം ലിങ്ക്.
10. കൂനത്തറ റോഡ് - ചീനിക്കുണ്ട്.

പ്രാദേശികവിഭവസമാഹരണവാഗ്ദാനം : 60%

**വാർഡ് 11**

ഈ വാർഡിൽ 6 മൺറോഡുകളും (4.8 കി.മീ), ഒരു സോളിങ്ങ് റോഡും (1 കി.മീ), ഒരു പഞ്ചായത്ത് ടാർ റോഡും (500 മീ) ഒരു PWD ടാർ റോഡും (3 കി.മീ) ഉണ്ട്.

ഏറ്റെടുക്കേണ്ട പണികൾ

1. ദുബായ്പടി റോഡിൽ നിന്ന് ഇടപ്പള്ളിയാൽ ഭാഗത്തേയ്ക്ക് ലിങ്ക്.
2. മൃഗാസ്പത്രി - വെള്ളാരംപാറ റോഡ് ഗാതഗതയോഗ്യമാക്കുക.
3. 9,10,11 വാർഡുകളെ യോജിപ്പിക്കുന്ന നീരിട്ടിൽ ഒടുവങ്ങാട് പൊട്ടുകുളം വഴി പെരുകാട് വരെയുള്ള

ഇടവഴി റോഡാക്കൽ.

പ്രാദേശികവിഭവസമാഹരണവാഗ്ദാനം : 50%

**പ്രശ്നങ്ങൾ**

- ഉള്ള റോഡുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ 'തേയ്ക്കാത്ത എണ്ണ ധാര' എന്ന പ്രമാണേന അനാവശ്യമായ വിഭവവിന്യാസം വരുത്തി വയ്ക്കുന്നു.
- റോഡുകളുടെ വശങ്ങളിലുള്ള ചാലുകൾ യഥാസമയം വൃത്തിയാക്കാത്തതിനാൽ വെള്ളം ഒഴുകി റോഡുകളുടെ ആയുസ്സ് കുറയ്ക്കുന്നു.
- പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവരുടെ കോളനികളിലും പരമ്പരാഗതവ്യവസായതൊഴിലാളികളുടെ കോളനികളിലും ഗതാഗതസൗകര്യം അപര്യാപ്തമാണ്.
- പല റോഡുകളിലൂടെയും അവ നിർമ്മിക്കുന്ന കാലത്ത് കണക്കു കൂട്ടിയിരിക്കുന്നതിനേക്കാൾ എത്രയോ മടങ്ങ് വാഹനങ്ങൾ ഓടുന്നു. ഇത് അപകടകാരണമാകുന്നു.

**പരിഹാര നിർദ്ദേശങ്ങൾ**

- അനുയോജ്യമായ നടപ്പു സ്കീമുകളിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യുക.
- ചാലുകൾ വൃത്തിയാക്കാൻ പരമാവധി വാർഡുമെമ്പർമാർ നേതൃത്വം കൊടുത്ത് ജനകീയ ശ്രമദാനം സംഘടിപ്പിക്കുക.
- കോളനിറോഡുകൾക്ക്മുൻഗണന കൊടുക്കുക.
- റോഡുകളുടെ ഇരുവശത്തും 3 മീറ്റർ വിട്ടുമാത്രം സ്വകാര്യ നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കുന്ന പഞ്ചായത്തു നിയമം കർശനമാക്കുക.
- ബസ് റൂട്ടുകൾ അനുവദിക്കുന്നതിൽ ആർ.ടി.ഒ. കൂടുതൽ ശാസ്ത്രീയമായ സമീപനം സ്വീകരിക്കണം.
- പാഴ്വസ്തുക്കൾ റോഡുകളിലേയ്ക്ക് തള്ളുന്നത് തടയാൻ ബോധവൽക്കരണത്തിലൂടെയും നിയമത്തിൻെറ പിൻബലത്തോടെയും ശ്രമിക്കണം.
- റോഡുകളുടെ വശങ്ങളിലുള്ള കെട്ടിട ഉടമകൾ കെട്ടിട നിർമ്മാണം കഴിഞ്ഞാൽ നിർമ്മാണവസ്തുക്കൾ റോഡതിരുകളിൽ തന്നെ ഉപേക്ഷിക്കുന്ന നടപടി തടയാൻ നിയമം കർശനമാക്കുക.

**ഊർജ്ജം**

വാണിജ്യത്തിലധിഷ്ഠിതമായ വാണിയംകുളത്തിൻെറ വ്യാവസായിക-കാർഷികപുരോഗതിക്ക് തടസ്സം നിൽക്കുന്ന ഒരു സുപ്രധാന ഘടകം ഊർജ്ജക്കമ്മിയാണ്. ഇത് കേവലം ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വിശകലനം ചെയ്യപ്പെടേണ്ട മേഖലയല്ല. 1950കളുടെ തുടക്കത്തിൽ ഒരു 11 K.V. ട്രാൻസ്ഫോർമറിൽ നിന്നും വിതരണം ചെയ്ത് എത്തിക്കാവുന്ന ഒരു ശൃംഖല മാത്രം ഉണ്ടായിരുന്ന ഈ പഞ്ചായത്ത് ഇന്ന് പൊതു വിദ്യച്ഛക്തി ആവശ്യങ്ങളുടെ കാര്യത്തിൽ മോശമല്ലാത്ത ഒരവസ്ഥയിലാണ്. പക്ഷെ കൃഷി, വ്യവസായം എന്നീ ഉൽപാദനമേഖലകളിൽ വർദ്ധിച്ചു വരുന്ന ആവശ്യം നിറവേറ്റാൻ വേണ്ടത്ര ഊർജ്ജം ലഭ്യമല്ലതാനും. കുടിവെള്ളത്തിൻെറ കാര്യത്തിലെന്നപോലെ ഇതിനും ഒരു ദ്വിമുഖപദ്ധതിയാണ് വേണ്ടത്. അതിലേയ്ക്ക് കടക്കും മുമ്പ് വാർഡടിസ്ഥാനത്തിൽ നമ്മുടെ ഊർജ്ജചിത്രം എന്തെന്ന് നോക്കാം.

**വാർഡ് 1**

ഈ വാർഡിൽ 19 തെരുവുവിളക്കുകളും രണ്ടു സോഡിയംവേപ്പർ ലാമ്പുകളും ഉണ്ട്. വൈദ്യുതി ഇല്ലാത്ത 299 വീടുകളും, ഉള്ള 149 വീടുകളും ഉണ്ട്. വൈദ്യുതി ഉള്ള വീടുകളേക്കാൾ ഇല്ലാത്തവയാണ് കൂടുതലെന്ന് വ്യക്തമാണല്ലോ.

**വാർഡ് 2**

ഈ വാർഡിൽ 120 തെരുവു വിളക്കുകളും 9 സോഡിയം വേപ്പർലാമ്പുകളും ലൈറ്റില്ലാത്ത 66 പോസ്റ്റുകളുമുണ്ട്. മൊത്തം വൈദ്യുതി ഉള്ള വീടുകൾ 19ഉം ഇല്ലാത്ത വീടുകൾ 76ഉം ആണ്.

**വാർഡ് 3**

ഈ വാർഡിൽ 17 തെരുവു വിളക്കുകളും 2 സോഡിയം വേപ്പർലാമ്പുകളും ഉണ്ട്. 44 പോസ്റ്റുകളിൽ തെരുവു വിളക്കുകളില്ല. ആകെ 22 വീടുകളിൽ വൈദ്യുതി ഉണ്ട്. 190ൽ ഇല്ല.

**വാർഡ് 4**

ഈ വാർഡിൽ 18 തെരുവു വിളക്കുകളും 6 സോ

ഡിയം വേപ്പർലാമ്പുകളും ഉണ്ട്. 58 പോസ്റ്റുകളിൽ തെരുവു വിളക്കുകളില്ല.

**വാർഡ് 5**

ഈ വാർഡിൽ 33 തെരുവു വിളക്കുകളും 9 സോഡിയം വേപ്പർലാമ്പുകളും ഉണ്ട്. ലൈറ്റില്ലാത്ത പോസ്റ്റുകൾ 24 ആണ്

**വാർഡ് 6**

ഈ വാർഡിൽ 22 തെരുവു വിളക്കുകളും 2 സോഡിയം വേപ്പർലാമ്പുകളും 54 ലൈറ്റില്ലാത്ത പോസ്റ്റുകളും ഉണ്ട്. ഇവിടെ ആകെ 170 വീടുകളിൽ വൈദ്യുതി ഉണ്ട്. 208ൽ ഇല്ല.

**വാർഡ് 7**

ഈ വാർഡിൽ 6 തെരുവു വിളക്കുകളും ഒരു സോഡിയം വേപ്പർലാമ്പും ഉണ്ട്. 154 പോസ്റ്റുകൾ വിളക്കില്ലാത്തവയാണ്. ആകെ 248 വീടുകളിൽ വൈദ്യുതി ഉണ്ട് 267ൽ ഇല്ല.

**വാർഡ് 8**

ഈ വാർഡിൽ ഒരു സോഡിയം വേപ്പർലാമ്പ് ഉണ്ട്. തെരുവ് വിളക്കുകൾ ഇല്ല. വിളക്കില്ലാത്ത വിളക്കുകാലുകൾ 55 എണ്ണം ഉണ്ട്. 190 വീടുകളിൽ വൈദ്യുതി ഉണ്ട്. 216 വീടുകളിൽ ഇല്ല.

**വാർഡ് 9**

ഇവിടെ 12 തെരുവു വിളക്കുകളും 3 സോഡിയം വേപ്പർലാമ്പുകളും ഉണ്ട്. 166 പോസ്റ്റുകളിൽ ലൈറ്റില്ല. ആകെ വൈദ്യുതി ഉള്ള വീടുകൾ 186ഉം ഇല്ലാത്തവ 274ഉം ആണ്.

**വാർഡ് 10**

ഈ വാർഡിൽ 33 തെരുവുവിളക്കുകളും 3 സോഡിയം വേപ്പർലാമ്പുകളും ഉണ്ട്. 88 ലൈറ്റില്ലാത്ത പോസ്റ്റുകൾ. ആകെ 188 വീടുകളിൽ വൈദ്യുതി ഉണ്ട് 270ൽ ഇല്ല.

**വാർഡ് 11**

ഇവിടെ 26 തെരുവു വിളക്കുകളും 2 സോഡിയം വേപ്പർലാമ്പുകളും 2 ട്യൂബ്‌ലൈറ്റുകളും ഉണ്ട്. ലൈറ്റില്ലാത്ത 48 പോസ്റ്റുകൾ ഉണ്ട്. ആകെ 160 വീടുകളിൽ വൈദ്യുതി ഉണ്ട്. 370ൽ ഇല്ല.

ഈ സ്ഥിതിവിവരകണക്കുകൾ കാണിക്കുന്നത് ഈ പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും വൈദ്യുതി ഇല്ലാത്ത വീടുകളാണ് വൈദ്യുതി ഉള്ളവയേക്കാൾ എന്നാണ്.

**നിർദ്ദേശങ്ങൾ**

നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു ദ്വിമുഖപദ്ധതിയാണ് മുന്നോട്ടു വെക്കാനുള്ളത്. നിലവിലുള്ള 13 ട്രാൻസ്ഫോർമറുകളിൽ നിന്നുള്ള പ്രസാരണത്തിൽ വരുന്ന ഭീമമായ നഷ്ടം സമയാസമയങ്ങളിൽ കേടുപാടുകൾ തീർത്ത് പരിഹരിക്കുക, കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഉള്ളവയുടെ വിതരണകാര്യശേഷി വർദ്ധിപ്പിക്കുകയും ഇല്ലാത്ത വീടുകളിൽ വൈദ്യുതി എത്തിക്കുകയും ചെയ്യുക. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ ബയോഗ്യാസ്, ദക്ഷതകൂടിയ അടുപ്പുകൾ എന്നിവ പ്രോത്സാഹിപ്പിക്കണം. ഇതിനായി അനർട്ടിലെ വിദഗ്ധരുമായി കൂടിയാലോചിച്ച് വിപുലമായ കർമ്മപരിപാടികൾ ആവിഷ്കരിക്കണം.

**വിപണി**

നൂറ്റാണ്ടുകളുടെ പാരമ്പര്യമാണ് വാണിജ്യരംഗത്ത് വാണിയംകുളത്തിനുള്ളത് എന്നു നാം കണ്ടു. വാണിയംകുളത്തുണ്ടായിരുന്ന പുരാതനമായ ചന്ത ശക്തിപ്പെടുത്താൻ അന്നത്തെ ഭരണാധികാരി കവളപ്പാറ മൂപ്പിൽനായർ അധിവസിപ്പിച്ച വണിക്കുകളുടെ നിയന്ത്രണത്തിൻകീഴിൽ ചന്തയിൽ 20 മൈൽ ചുറ്റളവിൽ ഉള്ളവർക്ക് വേണ്ടുന്ന എല്ലാവസ്തുക്കളും വിൽപനക്കുണ്ടായിരുന്നു. മുൻകാലങ്ങളിൽ കാലിച്ചന്തയേക്കാൾ പ്രാധാന്യം പൊതുചന്തയ്ക്കായിരുന്നു. ക്രമേണ ഇവിടം കാലിചന്തയ്ക്ക് സുപ്രസിദ്ധമായി തീർന്നു.

ചൊവ്വാഴ്ച ഉച്ചയ്ക്ക് പല ദേശങ്ങളിൽ നിന്നും വന്നുകൂടുന്ന കാലിക്കച്ചവടക്കാർക്ക് വേണ്ട ഭക്ഷണവും മറ്റും ഒരുക്കുവാനായി ചന്ത പരിസരം ഉണരും. ബുധനാഴ്ച രാത്രിയോടെ ചന്തയിലേയ്ക്കുള്ള എല്ലാ വഴികളുടെയും ഓരങ്ങൾ കാലികളെകൊണ്ട് നിറയും. വ്യാഴാഴ്ച മാടയുടെയു! തടപ്പുകളുടെയും പണയപൂട്ടിൻെറയും വാച്ചയുടേയും ദിനമാണ്. "വാണിയംകുളത്തുള്ള വണ്ടിപ്പേട്ടയിൽ നിന്ന് വാങ്ങി ഞാൻ രണ്ടു മണിക്കാളകളെ" (മലൈക്കള്ളൻ എന്ന സിനിമയിലെ ഗാനശകലം) എന്നും മറ്റും പാട്ടുസാഹിത്യത്തിലും "ചെട്ടിച്ചി ഇട്ട്ലിക്ക് വിളിക്കുംപോലെ" "പൊരുത്തുകാരൻെറ ഇട്ട്ലി സത്യം" എന്നും മറ്റും പഴംചൊല്ലുകളിലും പെരുമപെറ്റ ഈ ചന്ത ഇന്ന് ജീർണ്ണാവസ്ഥയിലാണ്. ഇവിടെ ഇന്നുള്ള കെട്ടിടസമുച്ചയത്തിന് 170 കൊല്ലത്തെ പഴക്കമുണ്ട്.

ഈ കെട്ടിടസമുച്ചയം മാറ്റി പുതിയ കമ്പോളസമ്മർദ്ദങ്ങൾക്കും വ്യാപാരാവശ്യങ്ങൾക്കും അനുസൃതമായ ഒരു വ്യാപാരസമുച്ചയം സൃഷ്ടിക്കുന്നതാണ് വിപണിയുടെ കാര്യത്തിൽ വികസനത്തിന്റെ ആദ്യപടി. പ്രാദേശികാടിസ്ഥാനത്തിലുള്ള വിവിധ ഉത്പാദനസമിതികൾക്ക്, ചെറുകിടവ്യവസായ ഉൽപന്നങ്ങൾക്ക് - ഇവക്കൊക്കെ പ്രത്യേകം പ്രത്യേകം കിയോസ്കുകൾ ഉള്ള, ഇവയുടെ കേന്ദ്രമായി ആധുനിക വാർത്താവിനിമയ സൗകര്യങ്ങളും മാർക്കറ്റ് ഇൻഡെക്സ് ബ്യൂറോയും കോൺഫറൻസ് ഹാളും കമ്മ്യൂണിറ്റി ഹാളും മറ്റും അടങ്ങുന്ന, ഒരു കെട്ടിട സമുച്ചയം വേണം. ഇതിനോടനുബന്ധിച്ച് വ്യാപാരാവശ്യത്തിന് വന്നുചേരുന്നവർക്ക് താമസിക്കാൻ ടിഡിസി വക യാത്രിനിവാസും വേണം. ഉദ്ദേശം 8.5 ഏക്ര വിസ്തീർണ്ണമുള്ള വിശാലമായ ചന്തമൈതാനം കൈമുതലായുള്ള വാണിയംകുളത്തിന്റെ വ്യാപാര വികാസത്തിന് മേൽപറഞ്ഞ പുനർനിർമ്മാണം അത്യന്താപേക്ഷിതമാണ്.

## ഉദ്ദേശിത വാണിയംകുളം വ്യാപാരസമുച്ചയം

1. വിവിധ വിളവികസനസമിതികളുടെ ഉൽപന്നങ്ങൾക്ക്. വാർഡടിസ്ഥാനത്തിൽ പ്രത്യേക ബൂത്തുകൾ (Crop Kiosks).
2. വിവിധ വ്യാവസായിക ഉൽപന്നങ്ങൾക്ക് യൂണിറ്റാടിസ്ഥാനത്തിൽ പ്രത്യേക ബൂത്തുകൾ (Product Kiosks).
3. കമ്മ്യൂണിറ്റി ഹാൾ.
4. സമ്മേളന ഹാൾ.
5. ടൂറിസം വികസനകോർപറേഷന്റെ യാത്രാനിവാസ്.
6. ആധുനിക വാർത്താവിനിമയ സൗകര്യങ്ങൾ.
7. വിവിധ നാട്ടറിവുകളുടെ documentation centre.
8. വിവിധ വ്യവസായങ്ങൾക്കുവേണ്ട പാറ്റേൺ വികസനം, അസംസ്കൃതവസ്തു സംഭരണ-വിതരണങ്ങൾ, പരിശീലനശാലകൾ, സംരംഭകോപദേശസെൽ, സാമ്പത്തികസഹായ കൺസൾട്ടൻസി എന്നിവക്കായി ഒരു വ്യവസായ മാതൃകേന്ദ്രം (Industrial Mother Centre).
9. മാർക്കറ്റ് ഇൻഡക്സ് കേന്ദ്രം (കമ്പോളസൂചികാകേന്ദ്രം).

# പാർപ്പിടം, പട്ടികജാതിക്ഷേമം

## പാർപ്പിടം

പത്തു കാശുണ്ടാക്കുക, സ്വന്തമായ ഒരു മേൽക്കൂര ഉണ്ടാക്കുക - സാധാരണ മലയാളിയുടെ ഏറ്റവും വലിയ സ്വപ്നമാണല്ലോ ഇത്. സാമ്പ്രദായിക വികസന മാതൃകയിലാകട്ടെ, ഒരു പ്രദേശത്ത് എത്ര ഫ്ളാറ്റുകളുണ്ടോ, അത്രയുമാണ് പുരോഗതി. എന്നാൽ, ഓരോ ഫ്ളാറ്റും നിർമ്മാണഘട്ടം മുതൽ തന്നെ ഓരോ ചേരിപ്രദേശവും സൃഷ്ടിക്കുന്നു എന്നത് അതിനഗരവൽകൃത പ്രദേശങ്ങളുടെ ശാപമായാണ്. ഈ വികലമായ വികസനസങ്കൽപനത്തിന്റെ മാനദണ്ഡം വെച്ച് അളന്നാൽ വാണിയംകുളം ഒരു 'പിന്നോക്ക' പ്രദേശമാണ്. അതാണ് വാണിയംകുളത്തിന്റെ അനുഗ്രഹവും.

കേരളീയ വാസ്തുശിൽപശാസ്ത്രത്തിന്റെ ഇനിയും ഇടിഞ്ഞിട്ടില്ലാത്ത അനേകം ഉത്തമമാതൃകൾ നിറഞ്ഞ ഈ പഞ്ചായത്തിനെ സിനിമക്കാരുടെ ആകർഷണബിന്ദുവാക്കിയിരിക്കുന്നത് വാസ്തുശിൽപത്തിലുള്ള ഈ പഴമ തന്നെ. എന്നാൽ ഓടുമേഞ്ഞ ഈ പ്രാസാദങ്ങൾ അറ്റകുറ്റപ്പണികൾക്ക് വലിയ ചിലവാകും എന്നതിന്റെ പേരിൽ, വളരെവേഗം തറയൊഴിഞ്ഞുകൊണ്ടിരിക്കുകയാണ്. തറവാടിയ തറവാടുകളിൽ പലതും ഇന്ന് കോൺക്രീറ്റ് കെട്ടിടങ്ങളാണ്. അണുകുടുംബത്തിനു പാർക്കാനും നോക്കി നടത്താനും ഓടും മരവും നിറഞ്ഞ പഴയ വീടുകളേക്കാൾ ടെറസുവീടുകളാണ് യോജിച്ചത് എന്നാണ് കണ്ടെത്തൽ.

ഇത് വീടുള്ളവരുടെ കഥ, നാടുവാഴിക്കാലത്തിന്റെ ബാക്കിപത്രങ്ങളുടെ പരിണതി. മറുവശത്ത് പൊട്ടിപ്പൊളിഞ്ഞ മൺചുമരുകളും സമയത്തിന് മാറ്റി മേയാൻ കഴിയാഞ്ഞ് തിരുവില്വാമലയിലെ 'നനഞ്ഞ ഭഗവതിയുടെ ദൈവപ്പുരപോലെ മഴ നേരിട്ടേറ്റുവാങ്ങുന്ന ഓലവീടുകളും കാണാം. ഇവയിൽ ഭൂരിഭാഗവും പട്ടികജാതിക്കാരുടെയും പരമ്പരാഗത വ്യവസായതൊഴിലാളികളുടെയും കോളനികളിലാകും. വികസനമെന്നാൽ ഭൂരിപക്ഷത്തിന്റെ ദരിദ്രവൽക്കരണം, ന്യൂനപക്ഷത്തിന്റെ ധനികവൽക്കരണം എന്നാകുമ്പോൾ സംഭവിക്കുന്ന വിപര്യയങ്ങളാണ് ഇവ. ഈ സമവാക്യം തിരുത്താനും വിഭവങ്ങളുടെ നീതിപൂർവ്വകമായ വിതരണം ഉറപ്പുവരുത്താനും ആയിരിക്കണം, വരും നാളുകളിൽ പഞ്ചായത്തിന്റെ ലക്ഷ്യം.

മേൽപറഞ്ഞ ലക്ഷ്യപ്രസ്താവനയ്ക്ക് നിദാനമായ സ്ഥിതിവിവരവിവരണങ്ങൾ താഴെ കൊടുക്കുന്നു.

### വാർഡ് 1

ഈ വാർഡിൽ ആകെ 448 വീടുകൾ ഉണ്ട്. ഇവയിൽ 29 എണ്ണം കോൺക്രീറ്റ് ചെയ്യപ്പെട്ടവയും 295 എണ്ണം ഓടിട്ടവയും 124 എണ്ണം ഓലമേഞ്ഞവയും ആണ്. 299 വീടുകളിൽ വൈദ്യുതിയില്ല. 100 വീടുകളിൽ തൊഴുത്ത് വീടിനോട് ചേർന്നാണ്. ഇപ്പോൾ ഇവിടെ പുതിയ വീടുകൾ ഒന്നും ഉണ്ടാക്കപ്പെടുന്നില്ല.

### വാർഡ് 2

ഇവിടെ ആകെ 458 വീടുകൾ ഉണ്ട്. മൊത്തം 57 വീടുകൾ കോൺക്രീറ്റും 309 എണ്ണം ഓടിട്ടതും 49എണ്ണം ഓലമേഞ്ഞവയും ആണ്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഹോളോബ്രിക്സ് ഉണ്ടാക്കുന്ന ഒരു യൂണിറ്റുണ്ട്. നെൽപ്പാടം നികത്തി കെട്ടിടം പണിയുന്ന പ്രവണത വർധിച്ചുവരുന്നു.

കുടിലുകളിൽ താമസിക്കുന്നതു കൂടുതലും പട്ടികജാതിയിൽപ്പെട്ടവരാണ്. ദുർബലജനവിഭാഗങ്ങൾക്ക് വിവിധവകുപ്പുകളിൽ നിന്ന് ധനസഹായയം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നു. ഇവിടെ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണമെന്ന് ഗ്രാമസഭയിൽ ആവശ്യം ഉയർന്നു.

### വാർഡ് 3

ഈ വാർഡിൽ കോൺക്രീറ്റ് വീടുകളും ഓടിട്ടവയും ഓലമേഞ്ഞവയും ആണുള്ളത്. ഇവിടെയും പട്ടികജാതിയിൽപ്പെട്ടവരാണ് ഭൂരിഭാഗവും ഓലമേഞ്ഞ വീടുകളിൽ പാർപ്പുകാർ

### വാർഡ് 4,5 കണക്കുകൾ കൃത്യമായി ലഭ്യമല്ല.

### വാർഡ് 6

ഇവിടെ ആകെ 464 വീടുകളുണ്ട്. ഇവരിൽ മൊത്തം വീടുകളിൽ 6 എണ്ണം മാത്രം കോൺക്രീറ്റ് ചെയ്തവയാണെങ്കിൽ 346 എണ്ണം ഓടിട്ടവയും 26 എണ്ണം ഓലമേഞ്ഞവയും ആണ്. ഈ വാർഡിൽ ലക്ഷംവീട് കോളനികൾ ഒന്നുമില്ല. പാടം നികത്തി കെട്ടിടം പണിയുന്ന പ്രവണത കുറേശ്ശയായി വളർന്നുവരുന്നു. ഈ വാർഡിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണമെന്ന് ഗ്രാമസഭയിൽ

ആവശ്യം ഉന്നയിക്കപ്പെട്ടു. സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ വളരെ കുറവേ ഉള്ളൂ. കുടിലുകളിൽ താമസിക്കുന്നവരിൽ ഭൂരിഭാഗം പേരും പട്ടികജാതിയിൽപ്പെട്ടവരാണ്. പൊതുപ്രവർത്തനത്തിൽ ഇവർ വളരെ സജീവമാണ്. ഇവരിൽ മൂന്നുപേരെങ്കിലും ബഹുജനസംഘടനകളുടെ നേതൃസ്ഥാനം വഹിക്കുന്നു.

**വാർഡ് 7**

ഈ വാർഡിൽ ആകെ 515 വീടുകൾ ഉണ്ട്. ഇവയിൽ 23 കോൺക്രീറ്റ് കെട്ടിടങ്ങളും, 400 ഓടിട്ടവീടുകളും, 80 കുടിലുകളും ഉണ്ട്. ഈ വാർഡിൽ സ്വന്തമായി വീടില്ലാത്ത 10 കുടുംബങ്ങൾ ഉണ്ട്. ഇവരിൽ കൂടുതലും പട്ടികജാതിയിൽപ്പെട്ടവരാണ്. IHDP കോളനിയായ തോപ്പിൽ കോളനിയിലെ കുഞ്ഞുങ്ങൾക്ക് 2 കി.മി. താണ്ടിവേണം അടുത്തുള്ള അംഗനവാടിയിൽ എത്താൻ. ഈ വാർഡിൽ പട്ടികജാതിക്കാർക്കായി 4 കോളനികൾ ഉണ്ട്.

1. മലയത്തമ്മ കോളനി (30 വീടുകൾ).
2. തോപ്പിൽ കോളനി (39 വീടുകൾ).
3. അരിക്കത്ത് മന കോളനി (15 വീടുകൾ).
4. പാപ്പുള്ളിപടി കോളനി (15 വീടുകൾ).

കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഗതാഗതത്തിന് സൗകര്യങ്ങൾ കുറവാണ്. വൈദ്യുതിയോ കക്കൂസോ ഇല്ല. വീടുകളുടെ അറ്റകുറ്റ പണികൾ സമായസമയത്തിന് നടക്കുന്നില്ല. കോളനികളിൽ 50% നിരക്ഷരതയുണ്ട്. പട്ടികജാതിക്കാരുടെ മൊത്തം ജീവിതനിലവാരവും സാമൂഹ്യനിലവാരവും വളരെ മോശമാണ്.

**വാർഡ് 8**

ഈ വാർഡിൽ മൊത്തം 412 വീടുകൾ ഉണ്ട്. മൊത്തം വീടുകളിൽ 17 കോൺക്രീറ്റ് വീടുകളും, 326 ഓടിട്ട വീടുകളും 63 കുടിലുകളും ആണ്. ഈ വാർഡിൽ 67 വീടുകളിൽ കക്കൂസ് ഇല്ല. കൃഷിഭൂമി നികത്തൽ ഈ വാർഡിലെ ചെറുകാട്ടുപുലം പ്രദേശത്ത് കണ്ടുവരുന്നു. ത്രാങ്ങാലിപ്രദേശത്ത് ഈ പ്രവണത കുറവാണ്. 14 പേർ വീടില്ലാത്തവരായി ഉണ്ട്. അവശവിഭാഗങ്ങൾക്കുള്ള ധനസഹായം കിട്ടാൻ കാലതാമസം നേരിടുന്നു. ഗ്രാമസഭയിൽ തന്നെ ഇങ്ങനെ ധനസഹായത്തിന് യോഗ്യരെങ്കിലും കിട്ടാത്ത 5 പേരുടെ കാര്യം പൊന്തി വന്നു. സർക്കാരിന്റെ അലംഭാവമാണ് കാലതാമസത്തിന് കാരണമെന്ന് അവർ അഭിപ്രായപ്പെട്ടു. എന്നാൽ അർഹതയുണ്ടായിട്ടും അപേക്ഷിക്കാത്തവർ ഇനിയുമുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണമെന്ന് ഗ്രാമസഭ അഭിപ്രായപ്പെട്ടു.

ഈ വാർഡിൽ 4 പട്ടികജാതി കോളനികൾ ഉണ്ട്.

1. ചുക്കൻമാർത്തൊടി കോളനി (16 വീടുകൾ).
2. കൂമ്പാംകുന്നിൽ കോളനി (11 വീടുകൾ).
3. ത്രാങ്ങാലി പടിഞ്ഞാറ്റുമുറി കോളനി.
4. ഒടയംപുറം കോളനി (രണ്ടുംകൂടി 13).

ഇതിനുപുറമെ അംഗീകാരമില്ലാത്ത കഴണിക്കോട്ട് കോളനിയിൽ 9 വീടുകൾ ഉണ്ട്. ചുക്കൻമാർത്തൊടി കോളനിയിലും കൂമ്പാകുന്ന് കോളനിയിലും കക്കൂസ്, വൈദ്യുതി, കുടിവെള്ളം എന്നിവയില്ല. ത്രാങ്ങാലി പടിഞ്ഞാറ്റുമുറി കോളനിയിൽ കക്കൂസ് ഇല്ല. ഇവിടെ 3 വീടുകളിൽ വൈദ്യുതി ഇല്ല. ഓടയംപുറത്ത് 9 വീടുകളിൽ കക്കൂസ് ഇല്ല. ഭൂരിപക്ഷം വീടുകളിലും വൈദ്യുതി ഇല്ല. കൂമ്പാംകുന്ന് കോളനിയിൽ കക്കൂസ്, വൈദ്യുതി, കുടിവെള്ളം എന്നിവ ഇല്ല. സ്വന്തമായി വീടില്ലാത്തവർ ത്രാങ്ങാലിയിൽ 4ഉം ചെറുകാട്ടുപുലത്ത് 8 കൂടി 12 പേർ ഉണ്ട്. പട്ടികജാതിക്കാർ ഭൂരിഭാഗവും പൊതുപ്രവർത്തനത്തിൽ സജീവമാണ്. ഈ വിഭാഗത്തിൽ ചിലരെങ്കിലും സംഘടനാ സാരഥ്യം വഹിക്കുന്നവരാണ്.

**വാർഡ് 9**

ഈ വാർഡിൽ ആകെ 460 വീടുകളിൽ 26 എണ്ണം കോൺക്രീറ്റ് ഇട്ടതും 376 ഓടിട്ടതും 58 എണ്ണം ഓലമേഞ്ഞതും ആണ്. ഒരു പട്ടികജാതി കോളനി ഉണ്ട്. ഇത് അംഗീകാരം കിട്ടാത്ത കോളനി ആണ്.

**വാർഡ് 10**

ഈ വാർഡിൽ കോൺക്രീറ്റ് ഇട്ട 34 വീടുകളും ഓടിട്ട 393 വീടുകളും ഓലമേഞ്ഞ 83 വീടുകളും ഉണ്ട്.

**വാർഡ് 11**

ഈ വാർഡിൽ ആകെ 34 കോൺക്രീറ്റ് വീടുകളും 341 ഓടിട്ട വീടുകളും 155 കുടിലുകളും അടക്കം 530 വീടുകൾ ഉണ്ട്. മൊത്തം 8 ഹരിജൻ കോളനികൾ (അംഗീകരിച്ചത് 2 എണ്ണം).

1. കുന്നത്തുപടി കോളനി.
2. നെല്ലികുന്ന് പറമ്പ്.
3. പാട്ടപള്ളിയാൽ.
4. പരക്കാട്ട് പറമ്പ്.

5. കരിമാൻതോട്.
6. വണ്ടികുന്ന്.
7. നാല് സെൻറ് കോളനി (ലക്ഷംവീടിന് മുൻവശം).
8. വെള്ളാറംപാറ (IHDP അംഗീകാരം).

വാണിയംകുളം പഞ്ചായത്തിൽ വീടുകൾ ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

**വാർഡ് 1**

ആകെ ആവശ്യമുള്ള വീടുകളുടെ എണ്ണം ഐ.ആർ.ഡി.പി. സർവ്വേപ്രകാരം 39 എണ്ണമാണ്. വിവിധ പരിപാടികളിലായി 12 വീടുകൾ ഇതുവരെ അനുവദിച്ചിട്ടുണ്ട്. അതിൽ 10 എണ്ണം പൂർത്തീകരിച്ചിരുന്നു. 2 എണ്ണം പൂർത്തീകരിക്കാതെ കിടക്കുകയാണ്. ഇനി അനുവദിക്കേണ്ട വീടുകളുടെ എണ്ണം 39 ആണ്.

**വാർഡ് 2**

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 65 ആണ്. വിവിധ പരിപാടികളിലായി അനുവദിച്ച വീടുകളുടെ എണ്ണം 18 ആണ്. പൂർത്തീകരിച്ചവ 10 എണ്ണം. 8 വീടുകൾ ഇനിയും പൂർത്തീകരിക്കാനുള്ളവയാണ്. ഇനി അനുവദിക്കേണ്ട വീടുകളുടെ എണ്ണം 47 ആണ്.

**വാർഡ് 3**

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം 84 ആണ്. വിവിധപരിപാടികളിലായി 10 വീടുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ പൂർത്തീകരിച്ചവ 8 എണ്ണമാണ്. പൂർത്തീകരിക്കാൻ ഇനി 2 എണ്ണം ബാക്കിയാണ്. ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം 76 ആണ്

**വാർഡ് 4**

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം 55 ആണ്. വിവിധ പരിപാടികളിലായി അനുവദിച്ച വീടുകളുടെ എണ്ണം 8 ആണ്. അതിൽ 7 എണ്ണം പൂർത്തീകരിച്ചിരിക്കുന്നു. 1 എണ്ണം പൂർത്തീകരിക്കാതെ കിടക്കുകയാണ്. ഇനി വീടുകൾ ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 47 ആണ്.

**വാർഡ് 5**

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 49 ആണ്. വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ 15 ആണ്. അതിൽ 13 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 2 എണ്ണം പൂർത്തീകരിക്കാൻ ബാക്കിയാണ്. ഇനി വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 34 ആണ്.

**വാർഡ് 6**

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 62 ആണ്. വിവിധ പരിപാടികളിലായി 9 വീടുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ 7 എണ്ണം പൂർത്തീകരിച്ചിരിക്കുന്നു. 2 എണ്ണം പൂർത്തീകരിക്കാൻ ബാക്കിയാണ്. ഇനി വീടുകൾ ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 53 ആണ്.

**വാർഡ് 7**

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 70 ആണ്. വിവിധ പരിപാടികളിലായി 8 വീടുകൾ അനുവദിച്ചിട്ടുണ്ട്. 7 എണ്ണം പൂർത്തീകരിച്ചിരിക്കുന്നു. 1 എണ്ണം പൂർത്തീകരിക്കാൻ ബാക്കിയാണ്. ഇനിയും വീട് ആവശ്യമുള്ള 62 കുടുംബങ്ങൾ ഉണ്ട്.

**വാർഡ് 8**

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 37 ആണ്. വിവിധ പരിപാടികളിലായി 6 വീടുകൾ അനുവദിച്ചിട്ടുണ്ട്. 3 വീടുകൾ പൂർത്തീകരിച്ചിരിക്കുന്നു. ഇനി 3 വീടുകൾ പൂർത്തീകരിക്കാൻ ബാക്കിയാണ്. 31 കുടുംബങ്ങൾക്ക് ഇനി വീട് ആവശ്യമാണ്. .

**വാർഡ് 9**

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 69 ആണ്. വിവിധ പരിപാടികളിലായി 18 വീടുകൾ അനുവദിച്ചിട്ടുണ്ട്. 12 വീടുകൾ പൂർത്തീകരിച്ചിരിക്കുന്നു. 6 എണ്ണം പൂർത്തീകരിക്കാൻ ബാക്കിയാണ്. ഇനി വീട് ആവശ്യമുള്ള 51 കുടുംബങ്ങളാണ്.

**വാർഡ് 10**

വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 48 ആണ്. വിവിധ പരിപാടികളിലായി 10 വീടുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ 6 എണ്ണം പൂർത്തീകരിച്ചിരിക്കുന്നു. 4 എണ്ണം പൂർത്തീകരിക്കാൻ ബാക്കിയാണ്. ഇനി 38 കുടുംബങ്ങൾക്ക് വീട് ആവശ്യമുണ്ട്.

## വാണിയംകുളം ഗ്രാമപഞ്ചായത്ത്:

### ഐ.ആർ.ഡി.പി. സർവ്വേപ്രകാരം - ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം:

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചകുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ-രേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 130 | 27 | 26 | 14 | 18 | 112 |
| 2 | 218 | 51 | 28 | 14 | 21 | 197 |
| 3 | 280 | 56 | 18 | 13 | 8 | 272 |
| 4 | 184 | 09 | 21 | 18 | 11 | 173 |
| 5 | 162 | 29 | 28 | 13 | 14 | 148 |
| 6 | 204 | 46 | 21 | 14 | 11 | 193 |
| 7 | 232 | 55 | 22 | 11 | 10 | 223 |
| 8 | 123 | 28 | 23 | 11 | 20 | 103 |
| 9 | 230 | 32 | 32 | 16 | 28 | 202 |
| 10 | 160 | 33 | 29 | 15 | 22 | 138 |

## വാണിയംകുളം ഗ്രാമപഞ്ചായത്ത്

### ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം ( IRDPസർവ്വേ) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദി-ക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 49 | 12 | 10 | 2 | 39 |
| 2 | 65 | 18 | 10 | 08 | 47 |
| 3 | 84 | 10 | 08 | 02 | 74 |
| 4 | 55 | 08 | 07 | 01 | 47 |
| 5 | 49 | 15 | 13 | 02 | 34 |
| 6 | 62 | 09 | 07 | 02 | 53 |
| 7 | 70 | 08 | 07 | 01 | 62 |
| 8 | 37 | 06 | 03 | 03 | 31 |
| 9 | 69 | 18 | 12 | 06 | 51 |
| 10 | 48 | 10 | 06 | 04 | 38 |

# സംസ്കാരം

ഈ പഞ്ചായത്തിന്റെ സമീപകാല സാംസ്കാരിക ചരിത്രം ഇന്ത്യയുടെ മൊത്തം രാഷ്ട്രീയ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അടിയാള കലകളും, ആഢ്യകലകളും കടന്ന് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ അലയടിച്ച സ്വാതന്ത്ര്യ വാഞ്ഛയും ജനാധിപത്യതരംഗവും ഇവിടെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിലും കർഷകപ്രസ്ഥാനത്തിലും ഒക്കെ പ്രതിഫലിച്ചു. നാടിന്നകം ഉണർത്തിയ നാടകങ്ങളായിരുന്നു ദേശീയ പ്രസ്ഥാനത്തിന്റെയും അതിന്റെ അവാന്തരപ്രസ്ഥാനങ്ങളുടെയും മുഖ്യ പ്രചരണമാധ്യമം.

ക്ഷേത്രകേന്ദ്രിതമായ വരേണ്യസാംസ്കാരിക പ്രവർത്തനത്തിന്റെ ജീർണ്ണതയ്ക്കെതിരെ അതിനുള്ളിൽ തന്നെ ഉറവെടുത്ത പുരോഗമനധാരയും അടിയാളരുടെ നൈസർഗ്ഗികമായ പ്രതിരോധ ധാരയും രാഷ്ട്രീയവൽക്കരിക്കപ്പെട്ടത് മറ്റെല്ലായിടങ്ങളിലുമെന്ന പോലെ ഈ പഞ്ചായത്തിലും 1920കളിലാണ്. ചെറുകാടിന്റെ നമ്മളൊന്ന്, വി.ടി.യുടെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്, പൊൻകുന്നം വർക്കിയുടെ' ജേതാക്കൾ, ഇടശ്ശേരിയുടെ കൂട്ടുകൃഷി, പൂതപ്പാട്ട് (നൃത്തനാടകം), എന്നിവ ഗ്രന്ഥശാലകളുടെ നേതൃത്വത്തിൽ ഈ പഞ്ചായത്തിലെ ഗ്രാമഗ്രാമന്തരങ്ങളിൽ അരങ്ങ് തകർത്തിരുന്നു.

ആദ്യം കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെയും പിന്നീട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും വളർച്ചയ്ക്ക് ആക്കം കൂട്ടിയ ഈ സാംസ്കാരികപ്രവർത്തനങ്ങൾ ഇന്ന് മാധ്യമവിസ്ഫോടനത്തിന്റെ ഫലമായി ഒരു വലിയ പ്രതിസന്ധിയിലാണ്.

എല്ലാ ഗ്രാമസഭകളിൽ നിന്നും ഏകകണ്ഠമായി ഏറ്റവും പ്രചാരമുള്ള കലാരൂപങ്ങൾ എന്ന് വിധിയെഴുതിയ പൂതനും തിറയും, പക്ഷെ, നാടുവാഴിത്ത സംസ്കാരത്തിന്റെ തിരോധനത്തിനുശേഷം ഒരു ചടങ്ങായി മാത്രം നടന്നുപോരുന്നു. വർഷത്തിൽ ഒരു വട്ടമെങ്കിലും ദൈവരൂപമാർജ്ജിച്ച് അധീശന്മാരുടെ പ്രണാമങ്ങൾ ഏറ്റുവാങ്ങുക അന്നത്തെ ചരിത്രപരിസരത്തിൽ ഒരു പ്രതിഷേധ പ്രവർത്തനമായിരുന്നുവല്ലൊ.

ഇവിടെ ഏറ്റവും പ്രധാനമായി നാം ഏറ്റെടുക്കേണ്ടുന്ന ദൗത്യങ്ങൾ രണ്ടാണ്. ഒന്ന്, നിലവിലുള്ള എല്ലാ വായനശാലകളേയും മറ്റു സാംസ്കാരികകേന്ദ്രങ്ങളെയും ഏകോപിപ്പിക്കാൻ പഞ്ചായത്തുതലത്തിൽ ഗ്രന്ഥശാലാസംഘം ഉണ്ടാക്കുക. രണ്ട്, പാരമ്പര്യകലാരൂപങ്ങളെ പുതിയ പരിതഃസ്ഥിതിയിൽ ഉയിർകൊണ്ടിട്ടുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പാകത്തിൽ സത്താപരമായ മാറ്റങ്ങൾക്ക് വിധേയമാക്കുക.

പല ഗ്രാമങ്ങളിലുമുള്ള സാംസ്കാരിക പ്രവർത്തനങ്ങൾക് വേണ്ടത്ര സാമ്പത്തികവും മറ്റുതരത്തിലുള്ളതുമായ സഹായങ്ങൾ ലഭ്യമാക്കുക പഞ്ചായത്തിന്റെ കടമയാണ്.

# വനിത

മരുമക്കത്തായം സമ്പ്രദായം അഥവാ മാതൃദായ ക്രമം പാലിച്ചിരുന്ന നായർകുടുംബങ്ങളുടെ സ്വാധീനം ഗണ്യമായിരുന്നു, വാണിയംകുളം പഞ്ചായത്തിൽ. ഉത്പാദന മാനേജ്മെൻറിലും സമ്പത്തുനിയന്ത്രണത്തിലും, അതുവഴി മൊത്തം സാമൂഹിക-സാമ്പത്തിക ക്രമത്തിലും ഈ സമ്പ്രദായത്തിൽ സ്ത്രീകളാണല്ലോ ചുക്കാൻപിടിച്ചിരുന്നത്. പക്ഷെ ബഹുഭൂരിപക്ഷം വരുന്ന മറ്റുവിഭാഗങ്ങളിൽ പ്പെട്ടവരും പിതൃദായക്രമംതന്നെയാണ് തുടർന്നിരുന്നത്. നാടുവാഴിത്തം നശിക്കുകയും ജനാധിപത്യ സർക്കാർ നിലവിൽവരികയും ചെയ്തതോടെ പിതൃദായം നിയമം വഴി പ്രബലമാക്കപ്പെട്ടു. സ്ത്രീപഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നതു പോലെ, സ്ത്രീ ക്രമേണ ഉത്പാദനരംഗത്തു നിന്ന് നിഷ്കാസിതമായ ആദിചരിത്രത്തിൻെറ ചാക്രികാവർത്തനമോ എന്ന തോന്നിക്കുമാറ്, അവൾ 'സേവന'രംഗങ്ങളിലേക്കാണ് ജനാധിപത്യ വ്യവസ്ഥയിലും ആദ്യം മുൻപിൽ വന്നത്. നേഴ്സാകാം, ഡോക്ടറായികൂടാ; അധ്യാപികയാകാം, സ്ഥാപനമേധാവിയായി കൂടാ; ക്ലർക്കാകാം, എക്സിക്യൂട്ടീവോ സെക്രട്ടറിയോ ആയികൂടാ - അങ്ങിനെ തൊഴിൽരംഗത്ത് ലിംഗവിവേചനം അന്തർലീനമായ ഒരു ധാരയായി നിലനിന്നു.

ഇന്ന് ഈ അവസ്ഥയ്ക്ക് ഗണ്യമായ മാറ്റം വന്നിട്ടുണ്ട്. പഞ്ചായത്തിലെ സ്ത്രീ-പുരുഷ ജനസംഖ്യാനുപാതം 1.04:1 ആണ്. എന്നാൽ തൊഴിൽ പങ്കാളിത്തത്തിലാകട്ടെ, അവർ വളരെ പിന്നിലാണ്. തൃതീയമേഖലയിൽ കുറെയൊക്കെ പങ്കാളിത്തം വനിതകൾക്കുണ്ടെങ്കിലും പ്രാഥമിക-ദ്വിതീയ മേഖലകളിൽ അവരുടെ നില വളരെ പിന്നിലാണ്. ഈ പഞ്ചായത്തിൽ ഒരു വനിതാ ഡോക്ടറോ, ഒരു വനിതാ എഞ്ചിനീയറോ ഇല്ല. ഇവിടെ വനിത ഐ.എ.എസുകാരില്ല, വനിതാ ക്ലാർക്കുമാരുണ്ട്; വനിതാ വ്യവസായികളില്ല,-വനിതാ വ്യവസായ തൊഴിലാളികളുണ്ട്; വനിതാ കർഷകരില്ല, വനിതാകർഷകതൊഴിലാളികളുണ്ട്. ചുരുക്കത്തിൽ, വനിത ഇന്നും വിവേചനത്തിൻെറ ഇരകൾ തന്നെ.

സർക്കാർ നയങ്ങളോ കർമ്മപരിപാടികളോ കൊണ്ട് മാത്രം മാറ്റാവുന്ന ഒന്നല്ല, ഈ വിവേചനം. ഇത് വനിതകൾ സ്വയംനിർണ്ണായവകാശം സ്ഥാപിക്കുന്നതിലൂടെ മാത്രമെ മാറ്റാനാവൂ. മഹിളാസമാജങ്ങൾ, DWCRA സ്കീമുകൾ, അംഗനവാടികൾ, വിവിധ സഹകരണസ്ഥാപനങ്ങൾ, ഇവയൊക്കെ ഒരളവ്വരെ വനിതയുടെ വരുമാനം വർദ്ധിപ്പിക്കുവാനും അതുവഴി അവളുടെ സ്വയം നിർണ്ണയാവകാശത്തിന് ശക്തികൂട്ടാനും സഹായിക്കും.

പൊതുപ്രവർത്തനരംഗത്ത് വനിതാപങ്കാളിത്തം എണ്ണത്തിൽ കൂടിയിട്ടുണ്ടാവാം. വനിതാസംവരണവും മറ്റും ഇതിന് സഹായകമായിട്ടുണ്ട്. എന്നാൽ ഗുണപരമായ സംഭാവനകൾ നൽകുന്നതിൽ അവൾക്ക് ഇപ്പോഴും പുരുഷനൊപ്പം അവസരം ലഭിക്കുന്നില്ല. എത്ര ആദർശവാദിയായ പുരുഷനായാലും രാവിലെ ആവിപാറുന്ന ലിപ്ടൻ ചായയുമായി പുഞ്ചിരിയോടെ വിളിച്ചുണർത്തുന്ന, പൊട്ടിപ്പോയ ബട്ടൺ സ്നേഹത്തോടെ തുന്നിക്കൊടുക്കുന്ന, വൈകീട്ട് 'തളർന്ന്' വീട്ടിലെത്തുമ്പോൾ പരിചരിക്കുന്ന, വ്യക്തിയാകണം വനിത എന്ന മാതൃകാസങ്കൽപനം വെച്ചുപുലർത്തുന്നുണ്ട് എന്ന് കാണാൻ പുസ്തകങ്ങളിൽ തിരയേണ്ട, നമുക്കു ചുറ്റും ഒന്ന് കണ്ണോടിച്ചാൽ മതിയാകും.

ഗ്രാമസഭകളിൽ ചിലവയിൽ ദ്വിമുഖചൂഷണത്തിന് ഇരയാകുന്ന സ്ത്രീയുടെ സ്വരം ദുർബലമായെങ്കിലും കേട്ടു. അടുക്കളജോലികൾ ഒതുക്കി വയലിലോ ആപ്പീസിലോ, സ്കൂളിലോ ആശുപത്രിയിലോ പോയി പണിയെടുത്ത് തിരികെ വന്ന് കുഞ്ഞിനെ പരിചരിച്ച്, ഭർത്താവിനെ പരിചരിച്ച്, വീട്ടിലുള്ള മറ്റുള്ളവരെ പരിചരിച്ച്.... അങ്ങിനെ പരിചരണത്തിൽ ജീവിതമെരിച്ചു കളയുന്ന സ്ത്രീയുടെ ശബ്ദമാണ് അത്. തൊഴിൽസ്ഥലത്ത് സഹപ്രവർത്തകരുടെയും വീട്ടിൽ ഭർത്താവിൻെറയും പലതരത്തിലുള്ള പീഢനങ്ങൾക്ക് വിധേയമാകുന്നുണ്ട് എന്നത് ഈ ശബ്ദം വ്യക്തമാക്കി.

പഞ്ചായത്തിലെ ഏഴുവാർഡുകളിലും മഹിളാ സമാജങ്ങൾ ഇല്ല. ഉള്ള വാർഡുകളിലോ, അവയുടെ പ്രവർത്തനം തൃപ്തികരവും അല്ല. വാർഡ് 2ൽ ഒരു മഹിളാസമാജമുണ്ടായിരുന്നതിൽ ഒരു തൊഴിൽസംരംഭം DWCRA യുടെ സഹായത്തോടെ പ്രവർത്തിച്ചിരുന്നു. അതിൻെറ കെട്ടിടം പൊളിഞ്ഞു. ലോൺ തിരിച്ചടക്കാത്തതിനാൽ ഇപ്പോൾ ആ സ്ഥലം റവന്യൂറിക്കവറിക്ക് വെച്ചിരിക്കുന്നു. ഇപ്പോൾ DWCRA യുടെ തൊഴിൽസഹായപദ്ധതിയിൽ പ്രവർത്തിക്കുന്ന ഒരൊറ്റ യൂണിറ്റേ ഈ പഞ്ചായത്തിലുള്ളൂ - ഒമ്പതാം വാർഡിൽ.

എല്ലാ മേഖലകളിലും പൊതുവെ വനിതകൾ പിന്നിലാണ്. ആകെ മൂന്നു വാർഡുകളിൽ മാത്രമാണ് വിദ്യാഭ്യാസപരമായെങ്കിലും അവർ മുന്നിൽ നിൽക്കുന്നത്. പൊതുരംഗത്ത് പ്രത്യക്ഷപ്പെടുന്ന സ്ത്രീകൾ പോലും എല്ലാ കാര്യത്തിലും പുരുഷന്മാർ പറയുന്നതിന് സമ്മതം മൂളുന്ന പതിവാണ് കണ്ടുവരുന്നത്. വികസന കാര്യങ്ങളിൽ പൊതുവെ അജ്ഞതയുണ്ട്. ഭൂരിഭാഗം

സ്ത്രീകൾക്കും ജീവിതത്തിൻെറ അടിസ്ഥാനാവശ്യങ്ങളായ റേഷൻകാർഡും മറ്റും എവിടുന്ന് എങ്ങനെ ഉണ്ടാക്കണം എന്നുപോലും അറിയില്ല. ഒരു ലോൺ കിട്ടാൻ എന്തെല്ലാം ചെയ്യണം, തനിക്ക് എന്തെല്ലാം വികസനപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയും എന്നൊന്നും അവരിൽ പലർക്കും അറിയില്ല.

വനിതാക്ഷേമത്തിൻെറ കാര്യത്തിൽ ഈ പഞ്ചായത്തിന് വളരെയേറെ ചെയ്യാനുണ്ടെന്ന് വ്യക്തമായല്ലോ.

**നിർദ്ദേശങ്ങൾ**

1. പതിനൊന്നു വാർഡുകളിലുമുള്ള തയ്യലറിയാവുന്ന വനിതകളെ ഏകോപിപ്പിച്ച് ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റ് തുടങ്ങാനായി പഞ്ചായത്ത് തലത്തിൽ സഹകരണസംഘം രൂപീകരിക്കുക.

2. വ്യവസായ മേഖലയിലേയ്ക്ക് കടന്നുവരാൻ വനിതകളെ പ്രോത്സാഹിപ്പിക്കുന്ന ബോധവത്ക്കരണ പരിപാടികൾ സ്കൂൾ തലത്തിലും പൊതുവേയും നടത്തുക.

3. വ്യവസായയൂണിറ്റുകൾ സ്ഥാപിക്കാൻ താൽപര്യമുള്ള വനിതകളെ കണ്ടെത്തി അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും, ധനസഹായം ലഭ്യമാക്കാനും ഒരു Women's Enterpreneur Development Cell പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

4. ഗ്രാമതലത്തിൽ മഹിളാ സമാജങ്ങൾ ഉള്ള സ്ഥലങ്ങളിൽ അവയെ സജീവമാക്കുവാനും ഇല്ലാത്ത സ്ഥലങ്ങളിൽ അവ തുടങ്ങുവാനും വേണ്ട ശ്രമങ്ങൾ നടത്തുക.

5. വീടടിസ്ഥാനത്തിൽ ഔഷധസസ്യത്തോട്ടം ഉണ്ടാക്കുവാനുള്ള കിറ്റുകളും മറ്റു സാങ്കേതികസഹായങ്ങളും പഞ്ചായത്തിലുള്ള രണ്ട് സ്വകാര്യ ആയുർവ്വേദ ഫാക്ടറിഉടമകളുടെ നേതൃത്വത്തിൽ നടത്തുക.

| വാർഡ് | ജനസംഖ്യ സ്ത്രീ | ജനസംഖ്യ പുരുഷൻ | മഹിളാസമാജം | തൊഴിൽയൂണിറ്റ് | വിദ്യാഭ്യാസം |
|---|---|---|---|---|---|
| 1 | 1090 | 978 | ഇല്ല | ഇല്ല | പിന്നിൽ |
| 2 | 1382 | 1120 | ഇല്ല | ഇല്ല | മുന്നിൽ |
| 3 | 1502 | 1314 | ഇല്ല | തുന്നൽ പരിശീലന കേന്ദ്രം -2 | മിതം |
| 4 | 1391 | 1357 | ഇല്ല | വനിത സഹകരണ സംഘം-1 | മെച്ചം |
| 5 | 1449 | 1380 | ഇല്ല | തയ്യൽകേന്ദ്രം | മിതം |
| 6 | 979 | 968 | ഇല്ല | ഇല്ല | പിന്നിൽ |
| 7 | 1430 | 1278 | ഇല്ല | പാലുൽപ്പന്ന നിർമ്മാണ കേന്ദ്രം | പിന്നിൽ |
| 8 | 1210 | 1097 | 2 | ഇല്ല | മുന്നിൽ |
| 9 | 1182 | 686 | 1 | DWCRA യൂണിറ്റ് | പിന്നിൽ |
| 10 | 1183 | 1157 | 1 | ഹെലൻകെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് | മുന്നിൽ |
| 11 | 1189 | 1161 | ഇല്ല | ബ്രഷ് യൂണിറ്റ് | മിതം |

# സഹകരണം

1904ൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം കർഷകരുടെ ഋണബാധ്യതയ്ക്ക് ആശ്വാസം പകരാനായി രൂപീകരിക്കപ്പെട്ട കാർഷിക വായ്പാസംഘങ്ങളാണ് സഹകരണപ്രസ്ഥാനത്തിന് ഇന്ത്യയിൽ തുടക്കമിട്ടത്. എത്രയോ വർഷങ്ങൾ കഴിഞ്ഞാണ് വാണിയംകുളം പഞ്ചായത്തിൽ സഹകരണസംഘം ആരംഭിക്കുന്നത്. നിലവിൽ വന്നതിനുശേഷം സംഘങ്ങൾ വളരെ കാര്യക്ഷമമായാണ് പ്രവർത്തിച്ചുവന്നിരുന്നത് എന്നും പറഞ്ഞുകൂടാ. കുടിശ്ശികപിരിവ് മുതൽ പല തുറകളിലും ഉണ്ടായ മാനേജ്മെൻറ് വൈദഗ്ധ്യക്കുറവ് സംഘങ്ങളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിന് 7 സഹകരണ സംഘങ്ങളുടെ ഗുണഭോക്തൃത്വം അവകാശപ്പെടാം.

## 1. ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഈ ബാങ്കിൻെറ പ്രവർത്തനം 1993ൽ ആരംഭിച്ചു. ആകെ അംഗങ്ങൾ 9094 ആണ്. ഒരു ഓഹരി വില 50രൂപയാണ്. 7488425 രൂപയാണ് അംഗീകൃത ഓഹരി മൂലധനം. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 7488425 രൂപയും സർക്കാർ ഓഹരിയിൽ നിന്ന് 3000000 രൂപ ലഭിച്ചിട്ടുണ്ട്. പരമാവധി കടം എടുക്കാവുന്ന തുകക്ക് കണക്ക് ഇല്ല. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച് സ്ഥിരനിക്ഷേപവും ഹ്രസ്വകാലനിക്ഷേപവും ഇല്ല.

### സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

സ്ഥാപനം : കാർഷിക വികസന ബാങ്ക് 54 പേർക്ക് 651600 രൂപ സാധാരണ ഇനം വായ്പ നൽകി . 2921243 രൂപ 110 പേർക്ക് റബ്ബർകൃഷിക്ക് വായ്പ നൽകി. തെങ്ങുകൃഷിക്ക് 45 പേർക്ക് ഈ ബാങ്ക് 485880 രൂപ ഈ പഞ്ചായത്ത് പ്രദേശത്ത് ജനങ്ങൾക്ക് കൊടുത്തു. 12 പേർക്ക് കുരുമുളക് (48000 രൂപ) കൊടുത്തു. ഒരാൾക്ക് 14000 ക. അടക്കകൃഷിക്ക് വായ്പ കൊടുത്തു. മൾബറി കൃഷി ചെയ്യാൻ 7 പേർക്ക് 200000 രൂപ വായ്പ കൊടുത്തു. ഈ പഞ്ചായത്ത് പ്രദേശത്തേക്ക് 2 ട്രാക്ടറിന് 400000 രൂപ കൊടുത്തു. 5ലക്ഷം രൂപ 4 പേർക്ക് ബ്രോയ്ലർ പൗൾട്രിക്കായി അനുവദിച്ചു. 18 പേർക്ക് ആട്, പശു വായ്പ ഇനത്തിൽ 380000 രൂപയും ചെറുകിട ജലസേചനത്തിനായി 74 പേർക്ക് 1360000 രൂപയും അനുവദിച്ചു. 4 പേർക്ക് ചെറുകിട വ്യവസായങ്ങൾക്ക് 200000 രൂപയും മേൽത്തരം വ്യവസായങ്ങൾക്ക് 14 പേർക്ക് 1250000 രൂപ അനുവദിച്ചു. 68 പേർക്ക് വീടിനുള്ള വായ്പ ഇനത്തിൽ 2950000 ഈ ബാങ്ക് നൽകുകയുണ്ടായി.

## 2. ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് (കുനത്തറ ബ്രാഞ്ച്)

1995 നവംബറിൽ ഈ ബാങ്കിൻെറ പ്രവർത്തനം തുടങ്ങി. 17100 അംഗങ്ങൾ ഉണ്ട്. ഓഹരി വില 26 രൂപയാണ്. അംഗീകൃത ഓഹരി മൂലധനം 1 കോടി രൂപയാണ്. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 44,82,000 കയാണ്. സർക്കാർ ഓഹരിയിൽ 1 ലക്ഷം ലഭിച്ചിട്ടുണ്ട്. പരമാവധി കടം കൊടുക്കാവുന്ന തുക ഓഹരി മൂലധനത്തിൻെറയും റിസർവ് ഫണ്ടിൻെറയും 25 ഇരട്ടിവരെ. പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച സ്ഥിരനിക്ഷേപങ്ങൾ 3093611 രൂപയാണ്. ഹ്രസ്വകാല നിക്ഷേപം 2445651 രൂപയാണ് നൽകിയിട്ടുള്ള വായ്പകളെ സംബന്ധിച്ച് ജാമ്യകടമായി 28000 രൂപയും ഈ ബാങ്ക് കൊടുത്തിട്ടുണ്ട്. പണകടമായി 594300 രപയും ഗോൾഡ് ലോണായി 1675250 രൂപയും കൊടുത്തിട്ടുണ്ട്. പ്രത്യേക വായ്പകളായി 884700 രൂപയാണ്. ഹ്രസ്വകാല മദ്ധ്യകാല വായ്പകളായി 33243 രൂപയാണ് ഈ സ്ഥാപനത്തിൻെറ ഭരണപരമായ ചിലവുകൾ 1.32 ലക്ഷം രൂപയാണ്. മറ്റുചിലവുകൾ 25000 രൂപയാണ്. വായ്പാ സഹകരണസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ ഒന്നുംതന്നെയില്ല.

## 3. വാണിയംകുളം പഞ്ചായത്ത് വനിത സഹകരണ സംഘം ലിമിറ്റഡ് (നമ്പർ പി. 1051)

ഈ സ്ഥാപനത്തിൻെറ പ്രവർത്തനം 27.4.1994ൽ ആരംഭിച്ചു. ആകെ അംഗങ്ങൾ നൂറ്റി പത്തൊൻപത് ആണ്. ഒരു ഓഹരിയുടെ വില 10രൂപയാണ്. അംഗീകൃത ഓഹരി മൂലധനം 11,200 ആണ്. പരമാവധി എടുക്കാവുന്ന തുക 5000രൂ. ആണ്. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച സ്ഥിരനിക്ഷേപങ്ങൾ 6000ക.യും ഹ്രസ്വകാല നിക്ഷേപങ്ങൾ 207894ക.യും ആണ്. മറ്റു വായ്പകളിൽ NAST ലോൺ ആയി 5000 രൂപയും നൽകിയിട്ടുണ്ട്. നൽകിയ വായ്പ കാലാവധി കഴിഞ്ഞിട്ടും കിട്ടാൻ ഉള്ളതാണ്. അത് 20411 രൂപയാണ്. ഈ സ്ഥാപനത്തിൻെറ ഒരു വർഷത്തെ ഭരണപരമായ ചിലവുകൾ (establishment charges) 4800ക. മറ്റുചിലവുകൾ (contingencies) ഒരു വർഷത്തിൽ 1535ക.യുമാണ്. വായ്പ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ ഒന്നും ഇല്ല.

## 4. ഒറ്റപ്പാലം ബ്ലോക്ക് ഭവനനിർമ്മാണസഹകരണ സംഘം

ഈ സ്ഥാപനം ഒറ്റപ്പാലം ബ്ലോക്ക് പ്രവർത്തന പരി

ധിയിൽ പെടുന്നു. 1980ൽ ഇതിൻെറ പ്രവർത്തനം ആരംഭിച്ചു. 1563 അംഗങ്ങൾ ഉണ്ട്. ഒരു ഓഹരി വില 100 രൂപയാണ്. 5010000 ആണ്. അംഗീകൃത ഓഹരി മൂലധനം . പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 1258130ആണ്. സർക്കാർ ഓഹരിയിൽ 332700 ആണ്. പരമാവധി കടം എടുക്കാവുന്ന തുട 500000 വരെയാണ്. പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച സ്ഥിരനിക്ഷേപ തുക 351000 ആണ്. ഹ്രസ്വകാല നിക്ഷേപം ഒന്നും ഇല്ല.

മറ്റുവായ്പ ഇനത്തിൽപ്പെട്ട ഭവനനിർമ്മാണ വായ്പ 11593934 രൂപയാണ്. പ്രത്യേക വായ്പകൾ ഒന്നും ഇല്ല. KSCHF സ്ഥാപനത്തിൽ നിന്ന് ഭവനനിർമ്മാണത്തിന് 10893784 രൂപ നൽകിയിട്ടുണ്ട്. നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ ഒന്നും ഇല്ല. ഭരണപരമായ ചിലവുകൾ ഒരു വർഷത്തിൽ 68500 രൂപയും മറ്റുചിലവുകൾ 25800 രൂപയും ആണ്. വായ്പാ സഹസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളിൽ ഭവനനിർമ്മാണ വായ്പ, അറ്റകുറ്റപണികൾക്കും പുനർനിർമ്മാണത്തിനും പുതിയവ നിർമ്മിക്കുന്നതിനും വായ്പ നൽകുന്നുണ്ട്. ഹൗസിങ്ങ് സഹകരണ സംഘം ഈ പ്രദേശത്ത് 16 പേർക്ക് പുതിയ വീട് പണിയുന്നതിന് 492000 രൂപ അനുവദിച്ചു.

### 5. പട്ടികജാതി സേവന സഹകരണ സംഘം

ഈ സ്ഥാപനത്തിൻെറ പ്രവർത്തന പരിധി വാണിയംകുളം പഞ്ചായത്ത് ആണ്. 1984ൽ ഇതിൻെറ പ്രവർത്തനം ആരംഭിച്ചു. 90 പേര് ആകെ അംഗങ്ങളുണ്ട്. ഒരു ഓഹരിയുടെ വിയ 150 രൂപ ആണ്. അംഗീകൃത ഓഹരിയുടെ മൂലധനം 500 രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 500 രൂപയും ആണ്. പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച സ്ഥിരനിക്ഷേപം 1000രൂപയാണ്. വായ്പകൾ ഒന്നുംതന്നെ നൽകിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ ഒന്നും സ്വീകരിച്ചിട്ടില്ല.

### 6 വാണിയംകുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

ഈ സ്ഥാപനത്തിൻെറ പ്രവർത്തനപരിധിയിൽ വാണിയംകുളം പഞ്ചായത്ത് മുഴുവനും ഷൊർണ്ണൂർ മുനിസിപാലിറ്റിയിലെ എറുപ്പെദേശവും ഉൾപ്പെടുന്നു. ഈ സ്ഥാപനത്തിൻെറ പ്രവർത്തനം ആരംഭിച്ചത്. 31.7.1946ൽ ആണ്. ഒരു ഓഹരിയുടെ വില 5 രൂപയാണ്. ആകെ അംഗങ്ങളുടെ എണ്ണം 7515 ആണ്. അംഗീകൃത ഓഹരി മൂലധനം 2500000 ആണ്. സർക്കാർ ഓഹരി 100000 ആണ്. പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 1526069 ആണ്. പരമാവധി കടം എടുക്കാവുന്ന തുക പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും കരുതൽ ധനവും കൂട്ടിയതിൻെറ 35 ഇരട്ടിയാണ്. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച സ്ഥിരനിക്ഷേപങ്ങൾ 48443995 ഉം ഹ്രസ്വകാല നിക്ഷേപങ്ങൾ 6742660രൂപയും ആണ്. ഈ സ്ഥാപനം നൽകിയിട്ടുള്ള വായ്പയിൽ കൃഷിവായ്പയിൽ പൂളകൃഷിക്കായി 1434078 രൂപയും നേന്ത്രവാഴകൃഷിക്ക് 20700 രൂപയും നൽകി മറ്റുവായ്പകളിൽ ഗോൾഡ് ലോൺ 15333047രൂപയും പണയകടത്തിന് 7031258 രൂപയും അനുവദിച്ചു. പ്രത്യേക വായ്പകളിൽ പദ്ധതി വായ്പകൾക്കായി 543391 അനുവദിച്ചു. പിഡിസി ബാങ്കിൽ നിന്ന് കാർഷിക കടമായി 1018786 രൂപ എടുത്തിട്ടുണ്ട്. നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാനുണ്ട്. കാർഷിക കടം - 234185 രൂപ , പണയകടം 1565550 രൂപ. സ്ഥാപനത്തിനെറ ഭരണപരമായ ചിലവുകൾ 925475 രൂപയും മറ്റുചിലവുകൾക്കായി 361685 രൂപയും ചിലവാണ്.

വായ്പാ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളിൽ വളം ഡിപ്പോ പ്രവർത്തിച്ച് വരുന്നുണ്ട്.

93-94 വർഷത്തിൽ MOP 29000ക.യും 94-95 വർഷത്തയിൽ 22000 കയും 95-96വർഷത്തിൽ 32000ക.യും ചിലവഴിച്ചു. 93-94ൽ M.for 31000ക.യും 94-95ൽ 29600 ക.യും 95-96ൽ 21000ക.യും ചിലവഴിച്ചു. 93-94ൽ F For 14500 ക.യും 94-95 വർഷത്തിൽ 16000 ക.യും 95-96 ൽ 26000 ക.യും ചിലവഴിച്ചു. 93-94ൽ 10.5.20 6000ക.യും 94-95 4000 ക.യും 95-96ൽ 1500 കി.യും ചിലവഴിച്ചു. 17.17.17 93-94ൽ 10000ക.യും 94-95ൽ 7000ക.യും 95-96ൽ 9000ക.യും ചിലവഴിച്ചു. 8.8.16 93-94ൽ 1000 ക. ചിലവഴിച്ചു. മറ്റുവർഷങ്ങളിൽ ഇല്ല. 12.12.6 93-94ൽ 1000ക. ചിലവഴിച്ചു. ചുണ്ണാമ്പ് 94-95ൽ 150 കി.ഉം 95-96ൽ 50000കി. ചിലവഴിച്ചു. 93-94ൽ BHC 10%എ 2540 പേക്കറ്റും 95-96ൽ 3000 പേക്കറ്റും ചിലവഴിച്ചു. 93-94 BHC 50% 1150 പേക്കറ്റ് 94-95ൽ 890 പേക്കറ്റും 95-96ൽ 850 പേക്കറ്റും ചിലവഴിച്ചു. 93-94ൽ മോക്രോൺ ടിന്ന് 100 mlൻെറ 325 ടിന്നുകളും 94-95ൽ 100mlൻെറ 225 ടിന്നുകളും 95-96ൽ 100mlൻെറ 350 ടിന്നുകളും ചിലവഴിച്ചു. 93-94ൽ എക്കാലക്സ് 100mlൻെറ 450 ടിന്നുകളും 94-95ൽ 100ml ൻെറ 200 ടിന്നുകളും 95-96ൽ 100ml ൻെറ 400 ടിന്നുകളും ചിലവഴിച്ചു. 93-94ൽ നുവോക്രോൺ 100ml ൻെറ 200 ടിന്നും 94-95ൽ 100mlൻെറ 75 ടിന്നും 95-96 ൽ 100mlൻെറ 75 ടിന്നും 95-96ൽ 100ml ൻെറ 50 ടിന്നും വിറ്റഴിച്ചു. 93-94ൽ മലാത്തിലോൺ 100ml ൻെറ 250 ടിന്നുകളും 95-96ൽ 100mlൻെറ 200 ടിന്നുകളും ചിലവായി. 93-94ൽ Rogoin 100mlൻെറ 120 ടിന്നുകളും 94-95ൽ 50 ടിന്നുകളും 95-96ൽ 100mlൻെറ 100 ടിന്നുകളും ചിലവഴിച്ചു. 93-94ൽ Melacid 100ml ൻെറ 150 ടിന്നുകളും 94-95ൽ 100mlൻെറ 150 ടിന്നുകളും 95-96ൽ 100ml

ന്റെ 250 ടിന്നുകളും ചിലവഴിച്ചു. 93-94ൽ forudon 175kgയും 94-95ൽ 220kgയും 95-96ൽ 300kgയും ചില വഴിച്ചു. 93-94ൽ Indofif M45 10kgയും 95-96ൽ 25kgയും 95-96ൽ 25 kgയും ചിലവഴിച്ചു. coper sulfate 94-95ൽ 150 പേക്കറ്റ് 95-96ൽ 79 പേക്കറ്റും ചിലവഴിച്ചിട്ടുണ്ട്

7. ഹെലൻകെല്ലർ മെമ്മോറിയൽ പട്ടികജാതി വനിതാ വ്യവസായ സഹകരണസംഘം

പ്രവർത്തനപരിധി പാലക്കാട് ജില്ല, 1994ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. ആകെ അംഗങ്ങൾ 17 പേരാണ്. ഒരു ഓഹരിയുടെ വില 2000 രൂപയും അംഗീകൃത ഓഹരി മൂലധനം 10 ലക്ഷം രൂപയും ആണ്. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 232000 രൂപയും സർക്കാരിൽ നിന്ന് ലഭിച്ച തുക 220000 രൂപയുമാണ്. പരമാവധി കടം എടുക്കാവുന്ന തുക ഓഹരിയുടെ 25 ഇരട്ടിയാണ്. (25 x paid up share capital) പൊതുജനങ്ങളിൽ നിന്ന് സ്ഥിരം ഹ്രസകാലവുമായ നിക്ഷേപങ്ങൾ ഒന്നും തന്നെയില്ല. കാർഷിക വായ്പാ ഇനത്തിലും ഇല്ല. ഷെയർ ഇനങ്ങളിലായി ആകെ 243200 രൂപ വരവും വിവിധ ഇനങ്ങളിലായി 233625 രൂപ 82പൈസ ചിലവുമാണ് കണക്കാക്കിയിട്ടുള്ളത്. യാതൊരുവിധ വായ്പകളും ഈ സംഘത്തിൽ നിന്ന് നൽകിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്ന് വായ്പകളൊന്നും സ്വീകരിച്ചിട്ടില്ല.



# സാമൂഹ്യക്ഷേമം

DWCRA പദ്ധതിപ്രകാരം രൂപീകൃതമായ തൊഴിൽ സംരംഭങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

വാർഡ് 9,10ൽ സംയുക്തമായി ഒരു ബ്രഷ് നിർമ്മാണ യൂണിറ്റുണ്ട്. 1993-94ലാണ് അത് ആരംഭിച്ചത്. 10 അംഗങ്ങൾ അതിൽ ജോലിയെടുക്കുന്നു. പ്രവർത്തനം നല്ല രീതിയിലാണ്.

7,9,10 വാർഡുകളിലായി ഒരു റെക്സിൻ ബാഗ് നിർമ്മാണ യൂണിറ്റുണ്ട്. 1995-96ലാണ് അത് പ്രവർത്തനം ആരംഭിച്ചത്. 8 അംഗങ്ങൾ അതിൽ ജോലി ചെയ്യുന്നു. പ്രവർത്തനം നല്ല നിലയിലാണ്.

3,4,5 വാർഡുകളിലായി ഒരു ഡയറി യൂണിറ്റ് ഉണ്ട്. 1995-96ലാണ് ഇത് പ്രവർത്തനം ആരംഭിച്ചത്. 9 അംഗങ്ങൾ ഇതിൽ ജോലി ചെയ്യുന്നു. പ്രവർത്തനം നല്ല നിലയിലാണ്.

CCS FOR SF/MF പരിപാടി അനുസരിച്ചുണ്ടാക്കിയ ആസ്തികളുടെ വിവരം താഴെപറയും പ്രകാരമാണ്.

8-ാം വാർഡിൽ 2 കിണറും 9-ാം വാർഡിൽ ഒരു കിണറും 10-ാം വാർഡിൽ ഒരു കിണർ അടക്കം ആകെ 4 കിണറുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

**കുളങ്ങൾ**

ഈ പഞ്ചായത്തിൽ കുളങ്ങളുടെ സ്ഥിതി താഴെ പറയും പ്രകാരമാണ്:

**വാർഡ് 1**

പൊതുകുളങ്ങളോ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി നേരെയാക്കിയ കുളങ്ങളോ ഒന്നും തന്നെയില്ല. പൊതുകിണർ ആകെ 6 എണ്ണമുണ്ട്. കുടുംബ സർവ്വെ പ്രകാരം ഉള്ള കണക്കാണ് മേൽ പറഞ്ഞത്. CCS for SF/MF പരിപാടി അനുസരിച്ച് കുളങ്ങളോ, കിണറുകളോ ഒന്നുംതന്നെയില്ല. വാട്ടർ ടാങ്കുകളോ പമ്പ് ഹൗസുകളോ, പമ്പ് സെറ്റോ ഒന്നും തന്നെ ഈ വാർഡിൽ ഇല്ല. ജലസേചനം നടത്തുന്ന ഭൂമിയുടെ അളവ് ഒരു ഏക്കർ ആണ്.

**വാർഡ് 2**

CCS പരിപാടി അനുസരിച്ച് ഈ വാർഡിൽ കിണർ, കുളം, വാട്ടർ ടാങ്ക്, പമ്പ് ഹൗസ്, ഒന്നും തന്നെ ഇല്ല. ഒരു പമ്പ്സെറ്റ് പ്രവർത്തിക്കുന്നയതായുണ്ട്. ജലസേചനം നടത്തുന്ന ഭൂമിയുടെ അളവ് ഒരു ഏക്കർ ആണ്. (കുടുംബസർവ്വെ പ്രകാരം ഈ വാർഡിൽ ഒരു കുളം ഉണ്ട്. ഒരു ഏക്കർ ആണ് അതിൻെറ വിസ്തീർണ്ണം. പൊതു കിണറായി 4 എണ്ണം ഈ വാർഡിൽ കുടുംബസർവ്വെയിൽ കാണുന്നു)

**വാർഡ് 3**

CCS പരിപാടി അനുസരിച്ച് ഈ വാർഡിൽ കിണർ, കുളങ്ങൾ, വാട്ടർ ടാങ്ക്, പമ്പ് ഹൗസ് ഒന്നും തന്നെയില്ല. ഒരു പമ്പ്സെറ്റ് പ്രവർത്തിക്കുന്നുണ്ട്. ജലസേചനം നടത്തിയ ഭൂമിയുടെ അളവ് ഒരു ഏക്കർ 14 സെൻറാണ്. (കുടുംബ സർവ്വെ പ്രകാരം ഒരു പൊതുകുളമുണ്ട്. അതിൻെറ വിസ്തീർണ്ണം 30 സെൻറ്.

**വാർഡ് 4**

CCS പരിപാടിയനുസരിച്ച് ഈ വാർഡിൽ കിണർ, കുളങ്ങൾ, വാട്ടർ ടാങ്കുകൾ, പമ്പ് ഹൗസുകൾ ഒന്നുംതന്നെയില്ല. പമ്പ് സെറ്റ് ഒരെണ്ണം പ്രവർത്തിക്കുന്നുണ്ട്. ജലസേചനം നടത്തിയ ഭൂമിയുടെ അളവ് 65 സെൻറാണ്. (കുടുംബ സർവ്വെ പ്രകാരം മറ്റു പദ്ധതികളിലായി രണ്ട് പൊതുകുളങ്ങൾ ഉണ്ട്. അതിൻെറ ആകെ വിസ്തീർണ്ണം 1 ഏക്കർ 90 സെൻറാണ്. പൊതുകിണർ ആകെ 3 എണ്ണം ഉണ്ട് )

**വാർഡ് 5**

CCS പദ്ധതിപ്രകാരം കിണറുകളോ, കുളങ്ങളോ, വാട്ടർ ടാങ്കുകളോ പമ്പ് ഹൗസോ ഒന്നും തന്നെയില്ല. രണ്ട് പമ്പുസെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ജലസേചനം നടത്തിയ ഭൂമിയുടെ അളവ് 2 ഏക്കർ 40 സെൻറാണ്. (കുടുംബ സർവ്വെപ്രകാരം മറ്റു പദ്ധതികളിലായി 2 പൊതുകുളങ്ങൾ ഉണ്ട്. അതിൻെറ ആകെ വിസ്തീർണ്ണം 1 ഏക്കർ 30 സെൻറാണ്. പൊതുകിണർ രണ്ടെണ്ണം).

**വാർഡ് 6**

CCS പദ്ധതിപ്രകാരം ഈ വാർഡിൽ കിണർ,

കുളം, വാട്ടർ ടാങ്ക്, പമ്പ്ഹൗസ്, പമ്പ്സെറ്റ് ഒന്നും തന്നെയില്ല. ജലസേചനം നടത്തുന്ന ഭൂമിതന്നെ ഈ വാർഡിൽ കാണുന്നില്ല. (കുടുംബസർവ്വെ പ്രകാരവും പൊതു കുളങ്ങൾ ഒന്നുമില്ല. പൊതു കിണർ 2 എണ്ണം ഉണ്ട്)

**വാർഡ് 7**

CCS പരിപാടി പ്രകാരം ഈ വാർഡിൽ കിണറുകൾ, കുളങ്ങൾ, വാട്ടർ ടാങ്കുകൾ, പമ്പ് ഹൗസുകൾ ഒന്നും തന്നെയില്ല. പമ്പ്സെറ്റ് ഒരെണ്ണം പ്രവർത്തിക്കുന്നു. ജലസേചനം നടത്തുന്ന കൃഷിഭൂമിയുടെ അളവ് 68 സെൻറാണ്. (കുടുംബസർവ്വെ പ്രകാരവും പൊതു കുളങ്ങൾ ഒന്നും തന്നെയില്ല. പൊതു കിണർ ആകെ രണ്ടെണ്ണം ഉണ്ട്.)

**വാർഡ് 8**

CCS for SF/MF പരിപാടിയനുസരിച്ച് ഈ വാർഡിൽ 2 കിണറുകൾ, 2 പമ്പുസെറ്റുകൾ എന്നിവയുണ്ട്. കുളങ്ങൾ, വാട്ടർ ടാങ്കുകൾ, ഒന്നുംതന്നെയില്ല. ജലസേചനം നടത്തുന്ന ഭൂമിയുടെ അളവ് 2 ഏക്കർ 63 സെൻറാണ്. (കുടുംബസർവ്വെ പ്രകാരം ഈ വാർഡിൽ 4 പൊതു കുളങ്ങൾ ഉണ്ട്. ഈ കുളങ്ങളുടെ വിസ്തീർണ്ണം വളരെ കുറവാണ്. പൊതുകിണർ ഒരെണ്ണം ഉണ്ട്).

**വാർഡ് 9**

CCS for SF/MF പരിപാടിയനുസരിച്ച് ഈ വാർഡിൽ ഒരു കിണറും ഒരു പമ്പ്ഹൗസുമുണ്ട്. കുളങ്ങൾ, വാട്ടർ ടാങ്കുകൾ ഒന്നുംതന്നെ ഇല്ല. പമ്പ്സെറ്റ് ഒന്നും പ്രവർത്തിക്കുന്നില്ല. ജലസേചനം നടത്തുന്ന കൃഷിഭൂമിയുടെ അളവ് 60 സെൻറാണ്. (കുടുംബ സർവ്വെ പ്രകാരം ഈ വാർഡിൽ പൊതുകുളങ്ങൾ ഇല്ല. പൊതു കിണറുകൾ ആകെ 3 എണ്ണം ഉണ്ട്)

**വാർഡ് 10**

CCS for SF/MF പരിപാടിയനുസരിച്ച് ഈ വാർഡിൽ ഒരു കിണറും ഒരു പമ്പുസെറ്റും മാത്രമാണ് ഉള്ളത്. കുളങ്ങളോ, വാട്ടർ ടാങ്കോ, പമ്പ് ഹൗസോ ഒന്നുംതന്നെയില്ല. ജലസേചനം നടത്തുന്ന കൃഷിഭൂമിയുടെ അളവ് 58 സെൻറാണ്. (കുടുംബ സർവ്വെ പ്രകാരം 2 പൊതുകുളങ്ങളുണ്ട്. അതിൻെറ വിസ്തീർണ്ണം 2 1/2 ഏക്കറാണ്. പൊതുകിണർ 4 എണ്ണമുണ്ട്.)

IRDP സർവ്വെ പ്രകാരം ദാരിദ്ര്യത്തിലേയ്ക്ക് താഴെയുള്ളവരുടെ വിവരം പഞ്ചായത്തിൽ താഴെപറയും പ്രകാരമാണ്.

**വാണിയംകുളം ഗ്രാമപഞ്ചായത്ത്:**

**ഐ.ആർ.ഡി.പി. സർവ്വേപ്രകാരം – ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം:**

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചകുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 130 | 27 | 26 | 14 | 18 | 112 |
| 2 | 218 | 51 | 28 | 14 | 21 | 197 |
| 3 | 280 | 56 | 18 | 13 | 8 | 272 |
| 4 | 184 | 09 | 21 | 18 | 11 | 173 |
| 5 | 162 | 29 | 28 | 13 | 14 | 148 |
| 6 | 204 | 46 | 21 | 14 | 11 | 193 |
| 7 | 232 | 55 | 22 | 11 | 10 | 223 |
| 8 | 123 | 28 | 23 | 11 | 20 | 103 |
| 9 | 230 | 32 | 32 | 16 | 28 | 202 |
| 10 | 160 | 33 | 29 | 15 | 22 | 138 |

**വാർഡ് 1**

സർവ്വെപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം 130ആണ്. ഇതിൽ SC കുടുംബങ്ങൾ 27 എണ്ണം വരുന്നു. നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ 26 ആണ്. ഇതിൽ SC യിൽ 14 കുടുംബങ്ങൾ ആണ്. സഹായം ലഭിച്ചതുവഴി ദാരിദ്ര്യത്തിരേഖയ്ക്ക് മുകളിൽ എത്തിയവർ 18 കുടുംബങ്ങളുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെ സഹായം ലഭിച്ചവർ ഉൾപ്പടെ 12 കുടുംബങ്ങളാണ്.

**വാർഡ് 2**

IRDP സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം 218 ആണ്. ഇതിൽ SC കുടുംബങ്ങൾ 51 ആണ്. നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച 28 കുടുംബങ്ങളുണ്ട്. ഇതിൽ 14 എണ്ണം SC യിൽപ്പെട്ടവയാകുന്നു. സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ 21 കുടുംബങ്ങളുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സഹായം ലഭിച്ചവർ ഉൾപ്പടെ കുടുംബങ്ങളുടെ എണ്ണം 197 ആണ്.

**വാർഡ് 3**

IRDP സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം 280 ആണ്. ഇതിൽ SC കുടുംബങ്ങൾ 56 ആണ്. ഇതുവരെ സഹായം ലഭിച്ചവർ 18 കുടുംബങ്ങൾ ഉണ്ട്. ഇതിൽ 13 കുടുംബങ്ങൾ SC ആണ്. സഹായം ലഭിച്ചതുവഴി 8 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയിരിക്കുന്നു. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബാംഗങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പടെ 272 ആണ്.

**വാർഡ് 4**

IRDP സർവ്വെപ്രകാരം 184 കുടുംബങ്ങൾ ഉണ്ട്. ഇതിൽ SC 9 കുടുംബങ്ങളുണ്ട്. നാളിതുവരെ സഹായം ലഭിച്ചവർ 21 കുടുംബങ്ങളാണ്. ഇതിൽ 18ഉം SC ST യാണ്. സഹായം ലഭിച്ച് ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയവർ 11 കുടുംബങ്ങളാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പടെ 173 ആണ്.

**വാർഡ് 5**

IRDP സർവ്വെപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം 162 ആണ്. ഇതിൽ SC 29 കുടുംബങ്ങളുണ്ട്. ഇതുവരെ സഹായം ലഭിച്ചവർ 28 കുടുംബങ്ങളാണ്. ഇതിൽ SC 13 കുടുംബങ്ങൾ ഉൾപ്പെടുന്നു. സഹായം ലഭിച്ച് ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയവർ 14 കുടുംബങ്ങളാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം സഹായം ലഭിച്ചവർ ഉൾപ്പടെ 148 ആണ്.

**വാർഡ് 6**

IRDP സർവ്വെപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം 204 ആണ്. ഇതിൽ SC 46 കുടുംബങ്ങളുണ്ട്. നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ 21 ആണ്. ഇതിൽ SC കുടുംബങ്ങൾ 14 എണ്ണമുണ്ട്. സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങളുടെ എണ്ണം 11 ആണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം സഹായം ലഭിച്ചതും ഉൾപ്പടെ 193 ആണ്.

**വാർഡ് 7**

IRDP സർവ്വെപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം 232 ആണ്. ഇതിൽ SC കുടുംബങ്ങൾ 55 ആണ്. നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ 22 ആണ്. ഇതിൽ SC കുടുംബങ്ങൾ 11 ആണ്. സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങളുടെ എണ്ണം 10 ആണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ സഹായം ലഭിച്ചവരുൾപ്പെടെ 223 ആണ്.

**വാർഡ് 8**

IRDP സർവ്വെപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം 123 ആണ്. ഇതിൽ SC 28 കുടുംബങ്ങളുണ്ട്. നാളിതുവരെ സഹായം ലഭിച്ച 23 കുടുംബങ്ങളുണ്ട്. ഇതിൽ SC കുടുംബങ്ങളുണ്ട്. സഹായം ലഭിച്ച് ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ 20 കുടുംബങ്ങളുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പടെ 103 ആണ്.

**വാർഡ് 9**

IRDP സർവ്വെപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം 230 ആണ്. ഇതിൽ SC 32 കുടുംബങ്ങളുണ്ട്. നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ 32 ആണ്. ഇതിൽ SC 16 കുടുംബങ്ങൾ ഉൾപ്പെടുന്നു. സഹായം ലഭിച്ച് ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ 28 കുടുംബങ്ങളുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയും ഉള്ള

കുടുംബങ്ങളുടെ എണ്ണം സഹായം ലഭിച്ചവർ ഉൾപ്പടെ 202 ആണ്.

**വാർഡ് 10**

IRDP സർവ്വെപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം 160 ആണ്. ഇതിൽ SC ST 33 കുടുംബങ്ങളുണ്ട്. ഇതുവരെ സഹായം ലഭിച്ചവർ 29 കുടുംബങ്ങളാണ്. ഇതിൽ SC ST 15 കുടുംബങ്ങൾ ഉൾപ്പെടുന്നു. സഹായം ലഭിച്ച് ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ 22 കുടുംബങ്ങളുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം സഹായം ലഭിച്ചവരുൾപ്പെടെ 138 ആണ്.

**ട്രൈസം തൊഴിൽപരിശീലനം നേടിയവരുടെ വിവരം:**

**വാർഡ് 1** - ആരുമില്ല.

**വാർഡ് 2**

ഈ വാർഡിൽ പ്രിൻറിംഗ് ആൻറ് കമ്പോസിങ്ങ് പരിശീലനം നേടിയവർ 2 പേരുണ്ട്. 2 പേരും സ്വയം തൊഴിൽ കണ്ടെത്തിയവരാണ്.

**വാർഡ് 3, 4**

ഈ വാർഡുകളിൽ പ്രിൻറിംഗ് ആൻറ് കമ്പോസിങ്ങ് പരിശീലനം നേടിയവർ 2 പേരുണ്ട്. 2 പേരും സ്വയം തൊഴിൽ കണ്ടെത്തിയവരാണ്.

**വാർഡ് 5**

ഈ വാർഡിൽ റഫ്രിജറേഷൻ & എയർകണ്ടീഷൻ പരിശീലനം നേടിയ 1 ആളുണ്ട്. ഇയാൾ സ്വയംതൊഴിൽ കണ്ടെത്തിയ ആളാണ്.

**വാർഡ് 6**

ഈ വാർഡിൽ പ്രിൻറിംഗ് & കമ്പോസിങ്ങ് പരിശീലനം നേടിയവർ ഒരു ആൾ മാത്രമേയുള്ളൂ. ഇയാൾ സ്വയം തൊഴിൽ കണ്ടെത്തിയ ആളാണ്. റബ്ബർ ടാപ്പിംഗ് പരിശീലനം നേടിയ ഒരാളും ഈ വാർഡിലുണ്ട്. ഇയാൾ സ്വയം തൊഴിൽ കണ്ടെത്തിയ ആളാണ്.

**വാർഡ് 7**

ഈ വാർഡിൽ ബുക്ക് ബൈൻറിംഗ് പരിശീലനം നേടിയ ഒരാളുണ്ട്. ഇയാൾ സ്വയംതൊഴിൽ കണ്ടെത്തിയ ആളാണ്. 'റക്സിൻ ബാഗ് പ്രൊഡക്ഷൻ' പരിശീലനം ലഭിച്ച 2 പേർ ഈ വാർഡിലുണ്ട്. രണ്ടുപേരും സ്വയം തൊഴിൽ കണ്ടെത്തിയവരാണ്.

**വാർഡ് 8**

ഈ വാർഡിൽ ഇലക്ട്രീഷ്യൻ പരിശീലനം നേടിയവർ 3 പേരുണ്ട്. 3 പേരും സ്വയം തൊഴിൽ കണ്ടെത്തിയവരാണ്. റിപ്പയർ ഓഫ് ഇലക്ട്രിക്കൻ ഐറ്റംസ് പരിശീലനം നേടിയ ഒരാളുണ്ട്. ഇയാൾ ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു.

**വാർഡ് 9**

ഈ വാർഡിൽ റെക്സിൻ ബാഗ് പ്രൊഡക്ഷൻ പരിശീലനം ലഭിച്ച 2 പേരുണ്ട്. 2 പേരും സ്വയംതൊഴിൽ കണ്ടെത്തിയവരാണ്. ഇലക്ട്രീഷ്യൻ പരിശീലനം ലഭിച്ച ഒരാൾ ഈ വാർഡിലുണ്ട് . ഇയാൾ സ്വയംതൊഴിൽ കണ്ടെത്തിയ ആളാണ്. കാർപ്പൻററി പരിശീലനം ലഭിച്ച ഒരാൾ ഈ വാർഡിലുണ്ട്. ഇയാൾ സ്വയംതൊഴിൽ കണ്ടെത്തിയ ആളാണ്. ബ്രഷ് പ്രൊഡക്ഷൻ പരിശീലനം ലഭിച്ചവർ 4 പേർ ഈ വാർഡിലുണ്ട്. 4 പേരും സ്വയംതൊഴിൽ കണ്ടെത്തിയിരിക്കുന്നു. തയ്യൽ പരിശീലനം ലഭിച്ച 9 പേർ ഈ വാർഡിലുണ്ട്. 9 പേരും സ്വയംതൊഴിൽ കണ്ടെത്തിയയവരാണ്.

**വാർഡ് 10**

ഈ വാർഡിൽ ബ്രഷ് പ്രൊഡക്ഷൻ പരിശീലനം ലഭിച്ചവർ 6 പേരുണ്ട്. 6 പേരും സ്വയം തൊഴിൽ കണ്ടെത്തിയവരാണ്. റക്സിൻ ബാഗ് പ്രൊഡക്ഷൻ പരിശീലനം നേടിയവർ 4 പേർ ഈ വാർഡിലുണ്ട്. ഇവർ സ്വയം തൊഴിൽ കണ്ടെത്തിയവരും ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്.

**ഗ്രാമീണ തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി** (RAP) യുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

**വാർഡ് 1**

IRDP സർവ്വെപ്രകാരം ഈ വാർഡിൽ ഗ്രാമീണ തൊഴിലുകാരുടെ എണ്ണം 12 ആണ്. ഇതിൽ 3 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. 9 പേർ ഇനി സഹായത്തിന് അർഹതയുള്ളവരുമാണ്.

**വാർഡ് 2**

IRDP സർവ്വെപ്രകാരം ഈ വാർഡിൽ ഗ്രാമീണ തൊ

## വാണിയംകുളം ഗ്രാമ പഞ്ചായത്ത്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

| വാർഡ് നമ്പർ | ഐ.ആർ.ഡി.പി. സർവ്വേപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനിസഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 12 | 03 | 09 | തൃപ്തികരം |
| 2 | 14 | 02 | 12 | " |
| 3 | 29 | 02 | 27 | " |
| 4 | 29 | 03 | 26 | " |
| 5 | 39 | 06 | 23 | " |
| 6 | 26 | 03 | 23 | " |
| 7 | 34 | 01 | 33 | " |
| 8 | 06 | 03 | 03 | " |
| 9 | 63 | 06 | 57 | " |
| 10 | 12 | 02 | 10 | " |

ഴിലുകാരുടെ എണ്ണം 14 ആണ്. ഇതിൽ 2 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. ഇനി 12 പേർ സഹായം ലഭിക്കുവാൻ അർഹതയുള്ളവരാണ്.

**വാർഡ് 3**

IRDP സർവ്വേപ്രകാരം ഈ വാർഡിൽ ഗ്രാമീണ തൊഴിലുകാരുടെ എണ്ണം 29 ആണ്. ഇതിൽ 2 പേർ സഹായം ലഭിച്ചവരാണ്. 27 പേർക്ക് ഇനി സഹായത്തിന് അർഹതയുണ്ട്.

**വാർഡ് 4**

IRDP സർവ്വേപ്രകാരം ഈ വാർഡിൽ ഗ്രാമീണ തൊഴിലുകാരുടെ എണ്ണം 29 ആണ്. ഇതിൽ 3 പേർക്ക് സഹായം ലഭിച്ചവരാണ്. 26 പേർ ഇനി സഹായം ലഭിക്കുവാൻ അർഹതയുള്ളവരാണ്.

**വാർഡ് 5**

IRDP സർവ്വേപ്രകാരം ഈ വാർഡിൽ ഗ്രാമീണ തൊഴിലുകാരുടെ എണ്ണം 39 ആണ്. ഇതിൽ 6 പേർക്ക് സഹായം ലഭിച്ചവരാണ്. 23 പേർക്ക് ഇനി സഹായം ലഭിക്കുവാൻ അർഹതയുണ്ട്.

**വാർഡ് 6**

IRDP സർവ്വേപ്രകാരം ഈ വാർഡിൽ 26 ഗ്രാമീണ കൈതൊഴിലുകാരുണ്ട്. ഇതിൽ 3 3പേർക്ക് സഹായം ലഭിച്ചിരിക്കുന്നു. ഇനി സഹായത്തിന് അർഹതയുള്ളവർ 23 പേരുണ്ട്.

**വാർഡ് 7**

IRDP സർവ്വെ പ്രകാരം ഈ വാർഡിൽ ഗ്രാമീണ തൊഴിലുകാരുടെ എണ്ണം 34 ആണ്. ഇതിൽ സഹായം ലഭിച്ചത് ഒരു ആളും ഇനി സഹായത്തിന് അർഹതയുള്ളവർ 33 പേരും ആണ്.

**വാർഡ് 8**

IRDP സർവ്വെ പ്രകാരം ഈ വാർഡിൽ ഗ്രാമീണ തൊഴിലുകാരുടെ എണ്ണം 6 പേരാണ്. ഇതിൽ 3 പേർ സഹായം ലഭിച്ചവരും ഇനി സഹായം ലഭിക്കുവാനുള്ളത് 3 പേരാണ്.

### വാർഡ് 9

IRDP സർവ്വേപ്രകാരം ഈ വാർഡിൽ ഗ്രാമീണ തൊഴിലുകാരുടെ എണ്ണം 63ഉം ഇതിൽ 6 പേർ സഹായം ലഭിച്ചവരും ബാക്കി 57 പേർ ഇനി സഹായത്തിന് അർഹതയുള്ളവരുമാണ്.

### വാർഡ് 10

IRDP സർവ്വേപ്രകാരം ഈ വാർഡിൽ ഗ്രാമീണ തൊഴിലുകാരുടെ എണ്ണം 12 ആണ്. ഇതിൽ 2 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. ഇനി സഹായത്തിന് അർഹതയുള്ളവർ 10 പേരുണ്ട്.

### അംഗനവാടികൾ

1988വരെ ICDS പദ്ധതി ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. അത് വരെ ബ്ലോക്കു മുഖാന്തിരമുള്ള ബാലവാടികൾ മാത്രമാണ് ഉണ്ടായിരുന്നത്. 4 ബാലവാടികളാണ് ഉണ്ടായിരുന്നത്. 1. ത്രാങ്ങാലി 2. വാണിയംകുളം 3. തിരുവോർത്തുപാറ 4. ചോറോട്ടൂർ

1988 മാർച്ച് മുതൽ ICDS പദ്ധതിപ്രകാരം അംഗനവാടികൾ വാണിയംകുളം ഗ്രാമപഞ്ചായത്തിൽ നിലവിൽ വന്നു. പഴയ നാല് ബാലവാടികൾ ഉൾപ്പടെ 23 അംഗനവാടികൾ ഇന്ന് നിലവിലുണ്ട്.

അംഗനവാടികൾ ഈ പഞ്ചായത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തികൊണ്ട് പോകാൻ ശ്രമിക്കുന്നുണ്ട്. അന്തർലീനമായ നിരവധി പരിമിതികൾ, പക്ഷെ, ഇവയുടെ ഫലവ്യാപ്തി ക്ലിപ്തമാക്കുന്നു.

### വാർഡ് 1

ഈ വാർഡിൽ ഇപ്പോൾ 2 അംഗനവാടികൾ ഉണ്ട്. 2068 ജനസംഖ്യ ഉള്ളതിൽ 978 പുരുഷനും 1090 സ്ത്രീകളും ഇതിൽ 393 SC ജനസംഖ്യയാണ്. 169 കുട്ടികളും, 18 ഗർഭിണികൾ, 11 മുലയൂട്ടുന്ന അമ്മമാർ എന്നിവർ ഉണ്ട്. ഇവർ അംഗൻവാടി ഗുണഭോക്താക്കളാണ്. ഇവരിൽ 78 കുട്ടികളും 10 ഗർഭിണികളും 8 മുലയൂട്ടുന്ന അമ്മമാരും ആഹാരം കൈപ്പറ്റുന്നുണ്ട്. 169 കുട്ടികളിൽ 62 കുട്ടികൾ ഫസ്റ്റ് ഗ്രേഡിലും 19 കുട്ടികൾ 2-ാം ഗ്രേഡിലും 45 കുട്ടികൾ നോർമൽ ഗ്രേഡിലും ആണ് ഉള്ളത്. 1 വയസ്സിന് താഴെ 20 കുട്ടികൾ ബി.സി.ജി. 20 കുട്ടികൾ ഡി.പി.റ്റിയും പോളിയോയും 11 കുട്ടികൾ ബൂസ്റ്റർ ഡോസു കഴിഞ്ഞവരും 21 കുട്ടികൾ മീസിൽസ് കഴിഞ്ഞവരും 7 കുട്ടികൾ ഡി.റ്റി.ബൂസ്റ്റർ കഴിഞ്ഞവരും ആണ്. ഗർഭിണികളിൽ 9 പേർ ടി.റ്റി. ഫസ്റ്റിലും 7 പേർ സെക്കൻറ് ഡോസ് എടുത്തവരുമാണ്. 20 ഗർഭിണികൾക്ക് ഫോളികാസിഡ് ഗുളികകൾ ലഭിച്ചിട്ടുണ്ട്. 45 കുട്ടികൾക്കും ഫോളിക്കാസിഡ് കിട്ടിയിട്ടുണ്ട്. 37 കുട്ടികൾക്ക് വിറ്റാമിൻ എ ലഭിച്ചിട്ടുണ്ട്. ഈ വാർഡിൽ 24 പ്രസവങ്ങൾ ആസ്പത്രിയിൽ നടന്നിട്ടുണ്ട്. വീട്ടിൽ പ്രസവങ്ങൾ ഒന്നും നടന്നിട്ടില്ല.

### വാർഡ് 6

ഈ വാർഡിൽ 2 അംഗനവാടികൾ ഉണ്ട്. ജനസംഖ്യ 2402. 1120 പുരുഷൻമാർ, 1282 സ്ത്രീകൾ 419 SC കാർ ആണ്. ഇവരിൽ 14 ഗർഭിണികളും 17 മുലയൂട്ടുന്ന 167 കുട്ടികളും ആണ് ഉള്ളത്. ഈ വാർഡിൽ 1995-96ൽ 24 ജനനങ്ങളാണ് ഉണ്ടായിട്ടുള്ളത്. 17 മരണങ്ങൾ ഉണ്ടായിട്ടുണ്ട്. 74 കുട്ടികൾക്കും 11 ഗർഭിണികൾക്കും 8 മുലയൂട്ടുന്നവർക്കും പോഷകാഹാരം ലഭിക്കുന്നുണ്ട്. 62 കുട്ടികൾ സാധാരണ വളർച്ചയിലും 48 കുട്ടികൾ ലഘുവായ പോഷണക്കുറവിലും 29 കുട്ടികൾ മിതമായ പോഷണക്കുറവിലും ഒരു കുട്ടി ഗുരുതരമായ പോഷണക്കുറവിലുമാണ്. ഈ വാർഡിലെ കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവെയ്പ്പ് ഒരു വയസ്സിന് താഴെയാണ്. 24 കുട്ടികൾക്ക് ബി.സി.ജി.യും ഡി.പി.റ്റി. 1stൽ 16ഉം ഡിപിറ്റി IIndൽ 15ഉം IIIrd ൽ 10 പേർ ബൂസ്റ്റർ ഡോസിലും ഉണ്ട്. 14 പേർ മീസിൽസ് എടുത്തിട്ടുണ്ട്. ഡി.റ്റി. 1st ൽ ഒന്നും IInd ൽ 8 പേരും. 11 ഗർഭിണികൾക്ക് ഫോളിക്കാസിഡ് ഗുളികകൾ വിതരണം ചെയ്തിട്ടുണ്ട്. 86 കുട്ടികൾക്ക് ഫോളിക്കാസിഡ് വിതരണം നടത്തിയിട്ടുണ്ട്. 115 കുട്ടികൾക്ക് വിറ്റാമിൻ എ. തുള്ളിമരുന്നും കൊടുത്തിട്ടുണ്ട്. 13 പ്രസവങ്ങൾ ആസ്പത്രിയിൽ നടന്നിട്ടുണ്ട്. പ്രസവങ്ങൾ ഒന്നും വീട്ടിൽ നടന്നിട്ടില്ല.

### വാർഡ് 3

ഇവിടെയും 2 അംഗനവാടികൾ ആണ് ഉള്ളത്. ജനസംഖ്യ 2816. ഇതിൽ 1314 പുരുഷന്മാരും 1502 സ്ത്രീകളുമാണ്. ഇവരിൽ 591 പട്ടികജാതിക്കാരാണ്. 150 കുട്ടികൾ ഉണ്ട്. ഈ വാർഡിൽ 14 ഗർഭിണികളും 13 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. ഈ വാർഡിൽ 41 ജനനങ്ങൾ ഉണ്ടായിട്ടുണ്ട്. മരണങ്ങളും ഉണ്ടായിട്ടുണ്ട്. 111 കുട്ടികളും 10 ഗർഭിണികൾക്കും 11 മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ലഭിക്കുന്നുണ്ട്. ഇവിടുത്തെ കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം 68 കുട്ടികൾ സാധാരണ വളർച്ചയിലും 62 കുട്ടികൾ ലഘുവായ പോഷണക്കുറവിലും 20 കുട്ടികൾ മിതമായ പോഷണക്കുറവിലും ഉള്ളവരാണ്. ഇവിടുത്തെ കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവെയ്പിൻെറ കണക്കുകൾ : ബി.സി.ജി. 34 ഡി.പി.റ്റി. ഫസ്റ്റും 10 സെക്കൻറ് 11ഉം തേർഡ് 19ഉം ബൂസ്റ്റർ ഡോസ് 4ഉം സെക്കൻറ് ഡോസ് 2ഉം ബൂസ്റ്റർ ഡോസ് 14ഉം നടത്തിയിട്ടുണ്ട്.

### വാർഡ് 5

ഈ വാർഡിൽ 2 അംഗനവാടികളാണ് ഉള്ളത്. ഇവിടുത്തെ ജനസംഖ്യ 2829 ആണ്. ഇവരിൽ 1380 പുരുഷന്മാരും 1449 സ്ത്രീകളും ഉണ്ട്. ഇതിൽ 319ഉം പട്ടികജാതിക്കാരാണ്. ഈ വാർഡിൽ 184 കുട്ടികളും 17 ഗർഭിണികളും 23 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. കഴിഞ്ഞ വർഷം 24 ജനനങ്ങൾ ഉണ്ടായിട്ടുണ്ട്. 11 മരണങ്ങൾ ഉണ്ടായിട്ടുണ്ട്. 75 കുട്ടികളും 10 ഗർഭിണികളും 9 അമ്മമാർക്കും പോഷകാഹാരം ലഭിക്കുന്നുണ്ട്. ഇവിടുത്തെ കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം 56 കുട്ടികൾ സാധാരണ വളർച്ചയിലും 54 കുട്ടികൾ ലഘുവായ പോഷണക്കുറവിലും 20 കുട്ടികൾ മിതമായ പോഷണക്കുറവിലും ഉള്ളവരാണ്. ഇവിടുത്തെ കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്പ് 26 കുട്ടികൾ ബി.സി.ജി. യും ഡി.പി.റ്റി. ഫസ്റ്റിൽ 8 പേരും സെക്കൻറിൽ 5 പേരും തേഡിൽ 13 പേരും ബൂസ്റ്ററിൽ 23 പേരും ഉണ്ട്. ഇവർക്കെല്ലാം പോളിയോ ഡോസും ഉണ്ട്. ഡി.ടി ഫസ്റ്റിൽ ഒന്നും സെക്കൻറിൽ 2ഉം ഇതിൽ 7 പേർ മീസിൽസും നടത്തിയിട്ടുണ്ട്. ഗർഭിണികൾ 7 പേർ T.T. 1stഉം 9 പേർ T.T. IIndഉം 4 പേർ T.T. ബൂസ്റ്ററും 21 ഗർഭിണികൾക്കും 64 കുട്ടികൾക്കും ഫോളിക്കാസിഡ് ലഭിച്ചിട്ടുണ്ട്. 56 കുട്ടികൾക്ക് വിറ്റാമിൻ എ. ലഭിച്ചിട്ടുണ്ട്. 24 പ്രസവങ്ങൾ ആസ്പത്രിയിൽ നടന്നിട്ടുണ്ട്. വീട്ടിൽ പ്രസവങ്ങൾ നടന്നിട്ടില്ല.

### വാർഡ് 6

ഈ വാർഡിൽ 2 അംഗനവാടികൾ ആണ് ഉള്ളത്. ഇവിടുത്തെ ജനസംഖ്യ 1947 ആണ്. ഇവിടെ 968 പുരുഷന്മാരും 979 സ്ത്രീകളുമുണ്ട്. ഇതിൽ 380 പട്ടികജാതിക്കാരുണ്ട്. 113 കുട്ടികളും 79 ഗർഭിണികളും 14 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. ഇവിടെ 42 ജനനങ്ങൾ ഉണ്ടായിട്ടുണ്ട്. മരണം 33 ആണ. 73 കുട്ടികൾക്കും 13 ഗർഭിണികൾക്കും 10 മുലയൂട്ടുന്നവർക്കും പോഷകാഹാരം ലഭിക്കുന്നുണ്ട്. കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം 40 കുട്ടികൾ സാധാരണ വളർച്ചയിലും 41 കുട്ടികൾ ലഘുവായ പോഷണകുറവിലും 21 കുട്ടികൾ മിതമായ പോഷണകുറവിലും ഉള്ളവരാണ്. കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവെയ്പ്പ് ബി.സി.ജി. 16ഉം ഡി.പി.റ്റി. ഫസ്റ്റ് 8ഉം സെക്കൻറ് 8ഉം തേർഡ് 11ഉം ബൂസ്റ്റർ 12ഉം ഉണ്ട്. ഇവർക്കെല്ലാം പോളിയോയും ഉണ്ട്. DT 1st 5ഉം കൊടുത്തിട്ടുണ്ട്. ബൂസ്റ്റർ 5ഉം ഉണ്ട്. 27 പേർക്കും മിസിൽസും നൽകിയിട്ടുണ്ട്. 17 ഗർഭിണികൾക്ക് DT 1stഉം 8 പേർക്ക് DT IInd ഉം 2 പേർക്ക് DT ബൂസ്റ്ററും കൊടുത്തിട്ടുണ്ട്. 17 ഗർഭിണികൾക്കും 54 കുട്ടികൾക്കും ഫോളിക്കാസിഡുകൾ കൊടുത്തിട്ടുണ്ട്. 60 പേർക്ക് വിറ്റാമിൻ എ ഡ്രോപ്സും കൊടുത്തിട്ടുണ്ട്. 25 പ്രസവങ്ങൾ ആസ്പത്രിയിലും ഒരു പ്രസവം വീട്ടിലും നടന്നിട്ടുണ്ട്.

### വാർഡ് 7

ഇവിടെ ആകെ 3 അംഗനവാടികൾ ആണ് ഉള്ളത്. ജനസംഖ്യ 2949 ആണ്. ഇവരിൽ 1278 പുരുഷൻമാരും 1430 സ്ത്രീകളും ആണ് ഉള്ളത്. 788 പേർ പട്ടികജാതിക്കാരാണ്. 206 കുട്ടികളാണ് ഉള്ളത്. ഈ വാർഡിൽ 20 ഗർഭിണികളും, 15 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. ഈ വാർഡിൽ 28 ജനനവും 11 മരണവും ഉണ്ടായിട്ടുണ്ട്. ഈ വാർഡിൽ മൂന്നുവയസ്സിന് താഴെ 1 മരണവും ഉണ്ടായിട്ടുണ്ട്. 142 കുട്ടികൾക്കും 18 ഗർഭിണികൾക്കും 15 മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ലഭിക്കുന്നുണ്ട്. 66 കുട്ടികൾ സാധാരണ് വളർച്ചയിലും 72 കുട്ടികൾ ലഘുവായ പോഷണക്കുറവിലും 31 കുട്ടികൾ മിതമായ പോഷണക്കുറവിലും ഉള്ളവരാണ്. കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവെപ്പ് 22 കുട്ടികൾ ബിസിജിയും 13 കുട്ടികൾ ഡിറ്റിപി ഫസ്റ്റും 13 കുട്ടികൾ ഡിറ്റിപി സെക്കൻറും 16 കുട്ടികൾ ഡിറ്റിപി തേർഷും 11 കുട്ടികൾ ഡിറ്റിപി ബൂസ്റ്റർും ഇവർക്കെല്ലാം പോളിയോയും നൽകിയിട്ടുണ്ട്. DT 1st 5 പേർക്കും DT IInd 4 പേർക്കും DT IIIrd 3 പേർക്കും DT ബൂസ്റ്റർ 16 പേർക്കും നൽകിയിട്ടുണ്ട്. 24 പേർക്ക് മീസിൽസും നൽകിയിട്ടുണ്ട്. 14 ഗർഭിണികൾക്ക് TT 1stഉം 17 ഗർഭിണികൾക്ക് TT IIndഉം 2 ബൂസ്റ്റർ ഡോസും നൽകിയിട്ടുണ്ട്. 17 ഗർഭിണികൾക്കും 57 കുട്ടികൾക്കും ഫോളിക്കാസിഡ് നൽകിയിട്ടുണ്ട്. 110 കുട്ടികൾക്കും വിറ്റാമിൻ എയും നൽകിയിട്ടുണ്ട്. 25 പ്രസവങ്ങൾ ആസ്പത്രിയിൽ നടന്നിട്ടുണ്ട്. വീട്ടിൽ ഒന്നും നടന്നിട്ടില്ല.

### വാർഡ് 8

ഈ വാർഡിൽ ആകെ 2 അംഗനവാടികളാണ് ഉള്ളത്. ഇവിടുത്തെ ജനസംഖ്യ 2307 ആണ്. 1097 പുരുഷന്മാരും 1210 സ്ത്രീകളുമാണ് ഉള്ളത്. 315 പട്ടികജാതിക്കാരാണ് ആകെ ഉള്ളത്. 148 കുട്ടികളും 16 ഗർഭിണികളും 13 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. ഈ വാർഡിൽ 23 ജനനവും 11 മരണവും നടന്നിട്ടുണ്ട്. 1 വയസ്സിനുതാഴെ ഒരു കുട്ടിയും മരിച്ചിട്ടുണ്ട്. 101 കുട്ടികളും 10 ഗർഭിണികളും 8 മുലയൂട്ടുന്ന അമ്മമാർ പോഷകാഹാരം ലഭിക്കുന്നുണ്ട്. 25 കുട്ടികൾ സാധാരണ വളർച്ചയിലും 32 കുട്ടികൾ ലഘുവായ പോഷണക്കുറവിലും 48 കുട്ടികൾ മിതമായ പോഷണക്കുറവിലും ഉള്ളവരാണ്. 22 കുട്ടികൾക്ക് ബിസിജിയും 19 കുട്ടികൾക്ക് ഡിപിറ്റി ഫസ്റ്റും 19 കുട്ടികൾക്ക് ഡിറ്റിപി സെക്കൻറും 17 കുട്ടികൾക്ക് ഡിറ്റിപി തേർഡും 41 കുട്ടികൾക്ക് ബൂസ്റ്റർ ഡോസും 7 കുട്ടികൾക്ക് ഡിറ്റി ഫസ്റ്റും 10 കുട്ടികൾക്ക് ഡിറ്റി ബൂസ്റ്റർ 11 കുട്ടികൾക്ക്

മീസിൽസും കൊടുത്തിട്ടുണ്ട്. 3 വയസ്സുവരെയുള്ള കുട്ടികളിൽ 38 കുട്ടികൾക്ക് ബിസിജിയും 38 കുട്ടികൾക്ക് ഡിപിറ്റി 1st, IInd, IIrd ഉം 32 പേർക്കഎ ഡിപിറ്റി ബ്രൂസ്റ്ററും പോളിയോയും കൊടുത്തിട്ടുണ്ട്. ഇവരിൽ 30 പേർക്ക് മീസിൽസും കൊടുത്തിട്ടുണ്ട്. 6 വയസ്സുവരെയുള്ളതിൽ 29 പേർക്ക് ബിസിജിയും 29 പേർക്ക് ഡിപിറ്റി 1st, IInd, IIIrd ബൂസ്റ്റർ, പോളിയോയും നൽകിയിട്ടുണ്ട്. ഇവരിൽ 7 പേർക്ക് ഡിറ്റി 1stഉം 10 പേർക്ക് ബൂസ്റ്റർ ഡോസും 29 പേർക്ക് മീസിൽസും നൽകിയിട്ടുണ്ട്. ഗർഭിണികളിൽ 10 പേർക്ക് TT 1st ഉം 3 പേർക്ക് IIndഉം നൽകിയിട്ടുണ്ട്. 7 ഗർഭിണികൾക്കും 27 കുട്ടികൾക്കും ഫോളിക്കാസിഡ് കൊടുത്തിട്ടുണ്ട്. 56 കുട്ടികൾക്ക് വിറ്റാമിൻ എ തുള്ളിമരുന്ന് എന്നിവ നൽകിയിട്ടുണ്ട്. 20 പ്രസവങ്ങൾ ആസ്പത്രിയിൽ നടന്നിട്ടുണ്ട്. വീട്ടിൽ പ്രസവങ്ങൾ നടന്നിട്ടില്ല.

**വാർഡ് 9**

ഈ വാർഡിൽ ആകെ 2 അംഗനവാടികളാണ് ഉള്ളത്. ഇവിടുത്തെ ആകെ ജനസംഖ്യ 2268 ആണ്. ഇവിടെ 686 പുരുഷന്മാരും 1182 സ്ത്രീകളും ഉണ്ട്. 460 പട്ടികജാതിക്കാരാണ് ഇവിടെയുള്ളത്. 176 കുട്ടികളും 16 ഗർഭിണികളും 15 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. 44 ജനനങ്ങളും 3 മരണങ്ങളും ഉണ്ടായിട്ടുണ്ട്. 100 കുട്ടികൾക്കും 10 അമ്മമാർക്കും 11 മുലയൂട്ടുന്നവർക്കും പോഷകാഹാരം ലഭിക്കുന്നുണ്ട്. കുട്ടികളുടെ ആരോഗ്യ പോഷണനിലവാരം സാധാരണ വളർച്ചയിൽ 80 പേരും 92 പേർ ലഘുവായ പോഷണക്കുറവിലും 23 പേർ മിതമായ പോഷണക്കുറവിലും ഉള്ളവരാണ്. കുട്ടികളുടെ രോഗപ്രതിരോധകുത്തിവെപ്പ് 49 പേർ ബിസിജിയും 38 പേർ ഡിറ്റിപി 1stഉം 30 പേർ ഡിറ്റിപി സെക്കൻറും 27പേർ ഡിറ്റിപി തേർഡും 32 പേർ ബൂസ്റ്ററും ഇവർക്കെല്ലാം പോളിയോയും ലഭിച്ചിട്ടുണ്ട്. 10 ഡിറ്റിപി ഫസ്റ്റും 20 മീസിൽസും നടത്തിയിട്ടുണ്ട്. 13 പേർക്ക് TT 1stഉം 11 പേർക്ക് TT IIndഉം കൊടുത്തിട്ടുണ്ട്. 14 ഗർഭിണികൾക്കും 55 കുട്ടികൾക്കും ഫോളിക്കാസിഡ് ലഭിച്ചിട്ടുണ്ട്. 57 കുട്ടികൾക്ക് വിറ്റാമിൻ എ ഡ്രോപ്സും നൽകിയിട്ടുണ്ട്. 44 പ്രസവങ്ങൾ ആസ്പത്രിയിൽ നടന്നിട്ടുണ്ട്. വീട്ടിൽ പ്രസവങ്ങൾ നടന്നിട്ടില്ല.

**വാർഡ് 10**

ഈ വാർഡില ആകെ 2 അംഗനവാടികളാണ് ഉള്ളത്. ഇവിടുത്തെ ജനസംഖ്യ 2337 ആണ്. ഇതിൽ 1157 പുരുഷന്മാരും 1183 സ്ത്രീകളുമാണ് ഉള്ളത് . 352 പട്ടികജാതിക്കാരും 144 കുട്ടികളും 18 ഗർഭിണികളും 14 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. കഴിഞ്ഞ വർഷത്തിൽ 40 ജനനങ്ങളും 18 മരണങ്ങളും നടന്നിട്ടുണ്ട്. 90 കുട്ടികൾക്കും 11 ഗർഭിണികൾക്കും 10 മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ലഭിക്കുന്നുണ്ട്. 68 കുട്ടികൾ സാധാരണ വളർച്ചയിലും 61 കുട്ടികൾ ലഘുവായ പോഷണക്കുറവിലും 26 കുട്ടികൾ മിതമായ പോഷണക്കുറവിലും ഉള്ളവരാണ്. 19 കുട്ടികൾക്ക് ബി.സി.ജിയും 5 കുട്ടികൾക്ക് ഡിപിറ്റി 1stഉം 6 കുട്ടികൾക്ക് ഡിപിറ്റി IIndഉം 16 കുട്ടികൾക്ക് ഡിപിറ്റി IIIrd ഉം 38 കുട്ടികൾക്ക് ബൂസ്റ്ററും ഇവർക്കെല്ലാം പോളിയോയും കൊടുത്തിട്ടുണ്ട്. 40 പേർക്ക് ഡിറ്റി ബൂസ്റ്ററും 14 പേർക്ക് മീസിൽസും കൊടുത്തിട്ടുണ്ട്. ഗർഭിണികൾക്ക് 7 പേർക്ക് TT 1st ഉം 10 പേർക്ക് IInd ഉം കൊടുത്തിട്ടുണ്ട്. 16 ഗർഭിണികൾക്കും 38 കുട്ടികൾക്കും ഫോളിക്കാസിഡ് ഗുളികകൾ കൊടുത്തിട്ടുണ്ട്. 28 കുട്ടികൾക്ക് വിറ്റാമിൻ എയും ലഭിച്ചിട്ടുണ്ട്. 27 പ്രസവങ്ങൾ ആസ്പത്രിയൽ നടന്നിട്ടുണ്ട്, വീട്ടിൽ ഒന്നും നടന്നിട്ടില്ല.

**വാർഡ് 11**

ഈ വാർഡിൽ 2 അംഗനവാടികളാണ് ഉള്ളത്. ഇവിടുത്തെ ആകെ ജനസംഖ്യ 1350 ആണ്. 1161 പുരുഷന്മാരും 1189 സ്ത്രീകളും ഉള്ളതിൽ 448 പട്ടികജാതിക്കാരാണ്. 163 കുട്ടികൾ ആണ് ഉള്ളത്. ഈ വാർഡിൽ 18 ഗർഭിണികളും 18 അമ്മമാരും ഉണ്ട്. 22 ജനനങ്ങൾ നടന്നിട്ടുണ്ട്. 6 വയസ്സിനു താഴെ ഒരുകുട്ടി ചുമർ ഇടിഞ്ഞ് വീണ് മരിക്കുകയും ചെയ്തു. 13 പേർ മരിക്കുകയും ചെയ്തിട്ടുണ്ട്. 7 ഗർഭിണികൾക്കും 7 മുലയൂട്ടുന്നവർക്കും പോഷകാഹരം ലഭിക്കുന്നുണ്ട്. 58 കുട്ടികൾ സാധാരണ വളർച്ചയിലും 57 കുട്ടികൾ ലഘുവായ പോഷണക്കുറവിലും 17 കുട്ടികൾ മിതമായ പോഷണക്കുറവിലും ഉള്ളവരാണ്. 23 കുട്ടികൾക്ക് ബിസിജിയും 20 കുട്ടികൾക്ക് ഡിറ്റിപ്പി ഫസ്റ്റും 13 കുട്ടികൾക്ക് ഡിപിറ്റി സെക്കൻറും 10 കുട്ടികൾക്ക് ഡിപിറ്റി തേർഡും 20 കുട്ടികൾക്ക് ബൂസ്റ്ററും ഇവർക്കെല്ലാം പോളിയോയും ലഭിച്ചിട്ടുണ്ട്. 2 ഡിറ്റി 1stഉം 4 ഡിറ്റി IIndഉം 16 മീസിൽസ് നടന്നിട്ടുണ്ട്.

**പെൻഷനുകൾ**

വാണിയംകുളം പഞ്ചായത്തിൽ വില്ലേജ് 1ൽ 1993-94 വർഷത്തിൽ അഗതിപെൻഷൻ ആർക്കും അനുവദിക്കുകയുണ്ടയിട്ടില്ല. 5 പേർക്ക് വിധവാപെൻഷൻ കൊടുക്കുന്നുണ്ട്. 2 പേർക്ക് വികലാംഗപെൻഷനും. വാർദ്ധക്യ കാലപെൻഷൻ 4 പേർക്കും കാൻസർ രോഗികൾക്ക് 2 പേർക്കും കൊടുത്തിട്ടുണ്ട്. 1992-93 വർഷത്തിൽ അഗതി പെൻഷൻ ആർക്കും അനുവദിച്ചിട്ടില്ല. വിധവാപെൻഷൻ 4 പേർക്കു. ക്ഷയരോഗപെൻഷൻ 1 ആൾക്കും കാൻസർ പെൻഷൻ 1 വീതവും അനുവദിച്ചിട്ടുണ്ട്.

1994-95 വർഷത്തിൽ അഗതിപെൻഷൻ ആർക്കും അനുവദിച്ചിട്ടില്ല. വിധവാപെൻഷൻ 2 പേർക്ക് അനുവദിച്ചു. വാർദ്ധക്യകാലപെൻഷൻ 4 പേർക്കും അനുവദിച്ചു. മറ്റു മേഖലകളിൽ 1994-95 വർഷത്തിൽ പെൻ

ഷൻ ഒന്നും അനുവദിക്കുകയുണ്ടായില്ല. 1995-96 വർഷത്തിൽ വാർദ്ധക്യകാലപെൻഷൻ ഒരാൾക്ക് മാത്രമാണ് അനുവദിച്ചത്. കാൻസർ രോഗികൾ 3 പേർക്ക് പെൻഷൻ അനുവദിക്കുകയുണ്ടായി.

വാണിയംകുളം 2 വില്ലേജിൽ താഴെപറയുന്നപ്രകാരമാണ് പെൻഷനെ സംബന്ധിച്ച കണക്ക് :

1993-94 വർഷത്തിൽ അഗതിപെൻഷൻ ആർക്കും അനുവദിക്കുകയുണ്ടായില്ല. വിധവാപെൻഷൻ 10 പേർക്ക് അനുവദിച്ചു. വാർദ്ധക്യകാലപെൻഷൻ 2 പേർക്കാണ് അനുവദിച്ചിരിക്കുന്നത്. 1 കാൻസർ രോഗിക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്.

1992-93 വർഷത്തിൽ വികലാംഗപെൻഷൻ 3 പേർക്ക് നൽകുകയുണ്ടായി. വാർദ്ധക്യകാല പെൻഷൻ 8 പേർക്കും അനുവദിച്ചു. മറ്റുതരത്തിൽ ഉള്ളവർക്ക് ആർക്കും 1992-93 വർഷത്തിൽ പെൻഷൻ അനുവദിക്കുകയുണ്ടായില്ല.

1994-95 വർഷത്തിൽ രണ്ടാം വില്ലേജിൽ വിധവാപെൻഷൻ 8 പേർക്ക് കൊടുത്തു. വാർദ്ധക്യകാലപെൻഷൻ ഒരാൾക്ക് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കാൻസർ രോഗ പെൻഷൻ 2 പേർക്ക് അനുവദിക്കുകയുണ്ടായി.

1995-96 വർഷത്തിൽ രണ്ടാം വില്ലേജിൽ വിധവാപെൻഷൻ 3 പേർക്കും വികലാംഗപെൻഷൻ 2 പേർക്കും വാർദ്ധക്യകാലപെൻഷൻ ഒരാൾക്കും കാൻസർ രോഗികൾക്ക് 3 പേർക്കും പെൻഷൻ അനുവദിച്ചു.

ആകെ രണ്ടു വില്ലേജുകളിലുമായി 1992-93 മുതയൽ 1995-96 വർഷത്തിൽ വിവിധ പദ്ധതികളിലായി മൊത്തം 64 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

### വിശകലനം

വിവിധ പദ്ധതികളിലായി ഈ പഞ്ചായത്തിൽ ആകെ 64 പേർ മാത്രമാണ് പെൻഷൻവാങ്ങുന്നത് എന്ന് കണക്കുകൾ പറയുന്നു. വിവിധ മേഖലകളിലായി പെൻഷന് അർഹതയുള്ളവർ ഇനിയും എത്രയോ പേർ ഈ പഞ്ചായത്തിൽ ബാക്കിയുണ്ട്. ഇവരെ വാർഡുമെമ്പർ മുഖാന്തിരം പട്ടികപ്പെടുത്തി ഇവർക്ക് പെൻഷൻ ലഭ്യമാക്കാൻ വേണ്ട നനടപടികൾ കൈകൊള്ളണമെന്ന് ഗ്രാമസഭകളിൽ നിർദ്ദേശമുണ്ടായി.

## വാണിയംകുളം ഗ്രാമ പഞ്ചായത്ത്

സി.സി.എസ്. ഫോർ എസ്.എഫ്./എം.ഫ്. പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

| | | വാർഡ് ആസ്തികളുടെ എണ്ണം - അളവ് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ | I | II | III | IV | V | VI | VII | VIII | IX | X | Total |
| 1 | കിണറുകൾ | - | - | - | - | - | - | - | 2 | 1 | 1 | 4 |
| 2 | കുളങ്ങൾ | - | - | - | - | - | - | - | - | - | - | |
| 3 | വാട്ടർ ടാങ്കുകൾ | - | - | - | - | - | - | - | - | - | - | |
| 4 | പമ്പ്ഹൗസുകൾ | - | 1 | - | - | - | - | - | - | 1 | - | 2 |
| 5 | പമ്പ്സെറ്റുകൾ | - | 1 | 1 | 1 | 2 | - | 1 | 2 | - | 1 | 9 |
| | ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ് (ഏക്ര) | 1 | 1 | 1.14 | 0.65 | 2.40 | - | 0.65 | 2.63 | 0.60 | 0.58 | 10.08 |

# വിഭവ സമാഹരണം

1993-94ൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മൊത്തം വരുമാനം 226 കോടി രൂപ മാത്രമായിരുന്നുവെങ്കിൽ, ഒമ്പതാം പദ്ധതിക്കാലത്ത് പ്രതി വർഷം 1000-12000 കോടി രൂപ വികസന പ്രവർത്തനങ്ങൾക്കു മാത്രമായി ലഭ്യമാക്കാനാണ് പരിപാടി. അങ്ങനെ വരുമ്പോൾ ആനുപാതികമായ വരുമാന വർദ്ധന വാണിയംകുളം പഞ്ചായത്തിനും പ്രതീക്ഷിക്കാം. പക്ഷെ, ഈ വരുമാന വർദ്ധനയിലേയ്ക്ക് ജനകീയ പങ്കാളിത്തത്തിന് പ്രാമുഖ്യം കൊടുത്തുകൊണ്ട് പഞ്ചായത്തുകളുടെ തലത്തിലും ഗണ്യമായി സംഭാവന ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഇതുവരെ നാം മുന്നോട്ടുവെച്ച വികസന പദ്ധതി നിർദ്ദേശങ്ങളിൽ ചെറിയൊരു ശതമാനം പോലും നടപ്പിലാക്കാൻ കഴിയില്ല. അതുകൊണ്ട് തന്നെ, വാണിയംകുളം പഞ്ചായത്ത് തനതായ വരുമാന വർദ്ധന പരിപാരിപാടികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ മുഖ്യവരുമാന മാർഗ്ഗം ചന്തയാണ്. ഇതിന്റെ കാലോചിതമായ പരിഷ്ക്കരണത്തിലൂടെ (നിർദ്ദേശം അന്യത്ര) ഇതിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കണം. ഇപ്പോൾ Rural Development Bank സഹായത്തോടുകൂടി ചന്തയിൽ നിർമ്മിക്കാൻ പദ്ധതിയുള്ള ഒരു മുപ്പതുമുറി വ്യാപാര സമുച്ചയത്തിൽ നിന്ന് നികുതി വരുമാനം, ചന്തലേലത്തിൽ വരാവുന്ന ഒരുലക്ഷം രൂപ അധികവരുമാനം, അടിസ്ഥാന നികുതി കുടിശ്ശിക ഇനത്തിൽ വരാനുള്ള 2 ലക്ഷം രൂപ, സ്ററാമ്പ് പേപ്പർ കുടിശ്ശികയിനത്തിൽ വരാനുള്ള 2 ലക്ഷം രൂപ എന്നിവയും, ലൈസൻസ് ഫീസിലും, വീട്ടുനികുതിയിലും വിനോദനികുതിയിലും വരാവുന്ന യഥാക്രമം 100%, 15%, 10% എന്ന തോതിൽ 35000 രൂപ, 50000 രൂപ, 5000 രൂപയും കൂട്ടി 90000 രൂപ എന്നിവയാണ് പഞ്ചായത്ത് വരും വർഷത്തിൽ പ്രതീക്ഷിക്കുന്ന അധിക വരുമാനം.

## പുതിയ നികുതി സ്രോതസ്സുകൾ - സാധ്യത

- പരസ്യനികുതി
- ഒരു ഹെക്ടറിൽ കൂടുതലുള്ള റബ്ബർ തോട്ടങ്ങൾക്ക് നികുതി.
- 1250 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അധിക നികുതി ഏർപ്പെടുത്തൽ.
- സിനിമാ ഷൂട്ടിംഗ് നടക്കുന്ന വീടുകൾക്ക് പ്രത്യേക നികുതി.
- നായ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കൽ.
- മുൻ അധ്യായത്തിൽ നിർദ്ദേശിച്ച ഉദ്ഗ്രഥിത വ്യാപാരസമുച്ചയം യാഥാർത്ഥ്യമാക്കാൻ Rural Development Bank ന്റെയും അതുപോലുള്ള മറ്റു ഏജൻസികളുടെയും സഹായം പ്രതീക്ഷിക്കുന്നു. ശുദ്ധജല വിതരണത്തിനായുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ LIC യുടെ സഹായം പ്രതീക്ഷിക്കുന്നു. പട്ടികജാതി ക്ഷേമത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ജില്ലാപഞ്ചായത്ത് 2 ലക്ഷം രൂപ ഇവിടെ നാമമാത്രമായി ഇപ്പോൾ നിലനിൽക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടം നിർമ്മിക്കാനുള്ള ഈ സഹായധനം കെട്ടിടത്തിനാവശ്യമായ സ്ഥലമില്ലാത്തതിനാൽ ഉപയോഗിക്കാതെ കിടക്കുന്നു. 50000രൂപ സ്ഥലം വാങ്ങുവാനും 7200 മാനേജീരിയൽ സബ്സിഡി ഇനത്തിലും ഗവൺമെന്റ് ഷെയർ ക്യാപിറ്റൽ ധനസഹായാം കിട്ടിയിരുന്നു. ഇതേക്കുറിച്ച് പഠിക്കുവാനും സംഘം പുനരുജ്ജീവിപ്പിക്കുവാനും അടിയന്തിര നടപടികൾ കൈകൊള്ളേണ്ടതാണ്.

## വിവിധ വകുപ്പുകളുടെ അവലോകനം

1. ഉദ്ഗ്രഥിത ശിശുവികസനസമതി(ICDS).

- 25 അംഗനവാടികൾ അനുവദിച്ചിട്ടുണ്ടെങ്കിലും 23 എണ്ണമേ നടക്കുന്നുള്ളൂ. രണ്ടെണ്ണത്തിന് സ്ഥലമില്ല.
- അംഗനവാടികളുടെ മോണിറ്ററിംഗിനായി രൂപീകരിച്ച വെൽഫെയർ കമ്മിറ്റികൾ ദുർബലം.

2. പൊതുമരാമത്ത് വകുപ്പ് (PWD) District Panchayath Section)

- നടപ്പുപദ്ധതിയിൽ ഈ വകുപ്പിന്റെ എസ്റ്റിമേറ്റനുസരിച്ച് പാസ്സായ 3.25 ലക്ഷം രൂപയുടെ ദുബായ്പടി വടക്കുഭാഗം റോഡിനെക്കുറിച്ച് വകുപ്പ് തന്ന അവലോകനത്തിൽ പരാമർശമില്ല. നിർദ്ദിഷ്ട റോ

ഡുകളുട പണിക്കാവശ്യമായ സംഖ്യ ജില്ലാ പഞ്ചായത്ത് സെക്ഷൻ തന്നെ അനുവദിക്കണം.

3. ഇലക്റിസിറ്റി ബോർഡ് ഷൊർണ്ണൂർ-ഒറ്റപ്പാലം

- പഞ്ചായത്തിൽ വൈദ്യുതി ഉള്ള വീടുകളേക്കാൾ കൂടുതൽ വൈദ്യുതി ഇല്ലാത്തവയാണ്.
- തെരുവ് വിളക്കുകൾ അപര്യാപ്തമാണ്.
- ട്രാൻസ്ഫോർമറുകൾ അപര്യാപ്തമാണ്. കൂനത്തറ-പനയൂർ ലൈൻ ത്രീഫേസ് ആക്കിയാൽ ഫലപ്രദമാകണമെങ്കിൽ ആ പ്രദേശത്ത് ഒരു ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കണം.

## വാണിയംകുളം ഗ്രാമപഞ്ചായത്ത്

**1993-94**

| | |
|---|---|
| തനത് വരുമാനം | 1470320.45 |
| ഗ്രാൻറുകൾ | 562361.00 |
| Untied | 249000.00 |
| പ്രത്യേക വരുമാനം | 20475.70 |

| JRY | |
|---|---|
| വരവ് | 653233.00 |
| ചിലവ് | 638855.00 |
| ബാലൻസ് | 14378.00 |

**1995-96**

| | |
|---|---|
| തനത് വരുമാനം | 1657331.65 |
| ഗ്രാൻറുകൾ | 629798.00 |
| Untied | 355500.00 |
| പ്രത്യേക വരുമാനം | 51230.60 |

| JRY | |
|---|---|
| വരവ് | 363000.00 |
| ചിലവ് | 311675.00 |
| ബാലൻസ് | 51325.00 |

# പിൻവാക്ക്

പത്തായം പെറും, ചക്കി കുത്തും, അമ്മ വെക്കും, ഞാനുണ്ണും, അല്ലെങ്കിൽ, കേന്ദ്രം തരും, സംസ്ഥാനം വിതരണം ചെയ്യും, കോൺട്രാക്റ്റർ പണിയും, നമ്മളനുഭവിക്കും എന്ന മനോഭാവമുള്ള, സ്വന്തം നിത്യ നിദാനങ്ങളുടെ 'ഉപ്പുമുളകു' പ്ലാനിങ്ങിൽക്കവിഞ്ഞ് ഒരു പ്ലാനിങ്ങും അറിയാത്ത ഒരു ജനതയോട് ഒരിക്കൽ ആവശ്യപ്പെടുകയാണ്, നിങ്ങളാണ് സംസ്ഥാനത്തിന്റെ ഒമ്പതാം പഞ്ചവത്സരപദ്ധതി ഉണ്ടാക്കേണ്ടത്. അങ്ങിനെയാകട്ടെ എന്ന മലയാളിയുടെ സ്വതഃസിദ്ധമായ ആത്മവിശ്വാസത്തോടെ ജനങ്ങൾ ആ വെല്ലുവിളി ഏറ്റെടുത്തു. കഴിഞ്ഞ ഏതാനും മാസങ്ങളായി നാമൊക്കെ നമ്മുടെയോരോരുത്തരുടെയും പഞ്ചായത്തിന്റെ പ്രശ്നങ്ങൾ എന്തൊക്കെ, പരിഹാരങ്ങൾ ഏവ എന്ന് അതീവഗൗരവത്തോടെ പഠിക്കുകയും ചർച്ചചെയ്യുകയും ഉണ്ടായി.

ലോകചരിത്രത്തിൽതന്നെ ഇദംപ്രഥമമായ ഈ ജനകീയാസൂത്രണസംരംഭത്തിന്റെ രണ്ടാംഘട്ടത്തിലെ നാഴികക്കല്ലായ വികസനരേഖയാണ് മുൻപുറങ്ങളിൽ.

ഇത്രയുമൊക്കെ പറഞ്ഞുവെക്കുമ്പോൾ സ്വാഭാവികമായും ഉയർന്ന ചില പുതിയ പ്രശ്നങ്ങളുണ്ട്.

1. പഞ്ചായത്തിന് പുതുതായി കിട്ടിയ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കണമെങ്കിൽ പഞ്ചായത്തിലെ ഇന്നുള്ള സ്റ്റാഫ് പാറ്റേൺ പൂർണ്ണമായും മാറണം.

2. പഞ്ചായത്തിന്റെ കീഴിൽ അടുത്തയിട വന്ന പല വകുപ്പുകളിലും ഇപ്പോഴും സമാന്തരപദ്ധതികൾ നടപ്പിലാകുന്നു. ചിലതൊക്കെ പഞ്ചായത്ത്, ചിലത് സംസ്ഥാനതലത്തിലുള്ള അതത് വകുപ്പുകളിലെ ഉന്നതശ്രേണിയിൽ നിന്ന്, ഇനിയും ചിലത് കേന്ദ്രസർക്കാരിൽ നിന്ന് നേരിട്ട്. ഇത്തരം പദ്ധതികളിൽ പഞ്ചായത്തിന് കേവലം ട്രഷറിയുടെ പങ്കാണ് ഇപ്പോഴുള്ളത്. പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ വകുപ്പുകളിലെയും അടുത്ത പഞ്ചവത്സരപദ്ധതിക്കാലത്തെ പ്രവർത്തനങ്ങൾ ആദ്യാവസാനം പഞ്ചായത്തിന്റെ തന്നെ മേൽനോട്ടത്തിലായാലേ പഞ്ചായത്തിരാജ് സഫലമാകു.

## വികസന സേനാംഗങ്ങൾ

| | | |
|---|---|---|
| പി.കെ. ശിവദാസ് (കൺവീനർ) | എ.എം. കൃഷ്ണൻ | എം. സതീശൻ |
| എ. നാരായണൻ | ദേവൻ മടങ്ങർളി | കെ.വി. ശാന്തകുമാരി |
| എ. ബാലഗോപാലൻ | അജിത് സദാനന്ദൻ | ഭുവനദാസ് |
| ഇ.വി. ഗോപി | പി. രവി. | വി.വി. ചന്ദ്രമതി |
| സി. വിനോദ്കുമാർ | എം. ഉണ്ണികൃഷ്ണൻ | വി. രാമദാസ് |
| എം. വാമനൻ | ടി.ജി. പ്രമീള | പി.വി. ശോഭന |
| കെ. ശിവരാമൻ | അനൂപ് | പ്രസന്നകുമാരി |
| എൻ. പത്മനാഭൻ മാസ്റ്റർ | എം.കെ. രവീന്ദ്രനാഥൻ | വത്സലകുമാരി |
| പി.വി. പത്മനാഭൻ നായർ | എം. പ്രദീപ് | പാർവ്വതി |
| പി. ബാബു | എ. വാസുദേവൻ | പി. പ്രസന്ന |
| യു. കേശവൻനായർ | കെ. കോമളം | സരോജിനി |
| എ. അയ്യപ്പൻ | പി. രാമൻകുട്ടി | കെ.പി. ശാന്തകുമാരി |
| എൻ. കേശവൻ | കെ.കെ. ചന്ദ്രിക | എം. ശാന്തകുമാരി |
| ടി.പി. ഭാസ്കരൻ | പി. രാധാകൃഷ്ണൻ | കെ. ശോഭന |
| കെ. ശങ്കരനാരായണൻ | എ. രാധ | ഭാഗ്യലക്ഷ്മി |
| പി.കെ. രാജഗോപാലൻ | വി.പി. വേണുഗോപാലൻ | കെ. ഗിരിജ |
| സി. രാമകൃഷ്ണൻ | നബീസ | സി. മൊയ്തീൻ |
| പി. കുമാരൻ | എം. കേശവൻ | കെ. രാമചന്ദ്രൻ |
| കെ.കെ. കമലം | ബേബി സരോജ | വി. കുമാരൻ |

| | | |
|---|---|---|
| ജനറൽ എഡിറ്റർ, കവർ | : | പി.കെ. ശിവദാസ് |
| രേഖാചിത്രങ്ങൾ | : | ദേവൻ മടങ്ങർളി |
| ഡി.ടി.പി. | : | സിൻക്ലെയർ കംപ്യൂട്ടർ സർവ്വീസ്സസ്, തൃശൂർ |



**ഒ. കുമാരൻ**
ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്



**കെ. കൃഷ്ണൻകുട്ടി**
സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ



**ഐക്കര നാരായണൻ**
ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡണ്ട്

## വാർഡ് മെമ്പർമാർ

വാർഡ് 1 : കെ. ഭാസ്കരൻ
വാർഡ് 2 : വി. രത്നമ്മാൾ
വാർഡ് 3 : ടി. ഗോവിന്ദൻകുട്ടി
വാർഡ് 4 : ഐക്കര നാരായണൻ
വാർഡ് 5 : കെ.കെ. ശങ്കരനാരായണൻ
വാർഡ് 6 : സി. വിജയലക്ഷ്മി
വാർഡ് 7 : പി.പി. ശാരദ
വാർഡ് 8 : ഒ. കുമാരൻ
വാർഡ് 9 : കെ.എം. ജലജ
വാർഡ് 10 : പി. വാസു
വാർഡ് 11 : കെ. കൃഷ്ണൻകുട്ടി

## പഞ്ചായത്ത് സെക്രട്ടറി

എൻ.കെ. ചന്ദ്രശേഖരൻ

# വികസനരേഖ '96

## തിരുത്ത്, അനുബന്ധം

വാണിയംകുളം ഹൈസ്കൂളിൽവെച്ച്

1996 നവമ്പർ 24ന് 10.00 a.m. - 6.00 p.m.

നടന്ന വികസനസെമിനാറിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞ

നിർദ്ദേശങ്ങളുടെ സംക്ഷിപ്തം

# തിരുത്ത്

പുറം 2 ഖണ്ഡിക 2 വരി 1 - 1947 ആഗസ്ത് 15ന് എന്നുള്ളത് 14ന് എന്ന് വായിക്കുക.
പുറം 7 ഖണ്ഡിക 4 വരി 4 - നേതൃാന്മാരുടെ എന്നുള്ളത് നേതൃാരുടെ എന്ന് വായിക്കുക.
പുറം 7 ഖണ്ഡിക 6 വരി 3 - കൂനത്തറ ഞാളൂരുകാരുടെ ഒത്താശയോടെ കിഴക്കേക്കരക്കാരും (ശങ്കർജിയും മറ്റും) കപ്പൂരുകാരും തൃക്കങ്ങോട് ക്ഷേത്രപ്രവേശനം നടത്തി.
പുറം 8 ഖണ്ഡിക 7 വരി 4 - അന്നത്തെ പ്രസിഡൻറ് പി. രാമകൃഷ്ണൻെറ ഭരണസമിതിയിൽ അംഗമായിരുന്ന രാമചന്ദ്രൻനായർ പിന്നീട് 1988ൽ പ്രസിഡൻറായി.
പുറം 9 ഖണ്ഡിക 3 വരി 6 - പിന്നെ ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ സ്വിറ്റ്സർലാണ്ടിൽ നിന്ന് കേരളത്തിൽ എത്തിയിരുന്ന ബാസിൽ ഇവാഞ്ചലിക്കൽ മിഷണനറിമാരാണ് ആ സ്കൂൾ പുനഃസ്ഥാപിച്ചത് എന്ന് വായിക്കുക.
പുറം 21 കുളങ്ങളുടെ പട്ടികയിൽ രണ്ടാംവാർഡിൽ വാണിയംകുളം, കാഞ്ഞിരംകുളം, കുന്നുംകാട്ടുകുളം കോതകുളം എന്ന് ചേർക്കുക. അതേ പട്ടികയിൽ മൂന്നാം വാർഡിലെ കുളങ്ങളിൽ കുന്നംകാട്ടുകുളവും കോതകുളവും പെടില്ല.
പുറം 25 ഖണ്ഡിക 5 വരി 1 - പക്ഷെ, നമ്മുടെ പഞ്ചായത്തിൽ അത്തരം ഇടങ്ങൾ ഉണ്ടേ? എന്നുള്ളത് ഉണ്ടോ? എന്ന് വായിക്കുക.
പുറം 34ൽ വ്യവസായം: മാതൃകേന്ദ്രം: ചുമതലകൾ എന്ന സ്കീമിൽ വകുപ്പ് 3ന് താഴെ അസംസ്കൃത വസ്തു സംഭരണം, വിതരണം എന്നു കൂട്ടിചേർത്തു വായിക്കുക.
പുറം 38 മനിശ്ശീരി യു.പി. സ്കൂളിൽ അധ്യാപകരുടെ എണ്ണം 19 എന്നുള്ളത് 24 എന്ന് വായിക്കുക.
പുറം 38 മനിശ്ശീരി യു.പി. സ്കൂളിൽ പൂന്തോട്ടം ഇല്ല എന്നത് ഉണ്ട് എന്ന് വായിക്കുക.
പുറം 42 എന്തുചെയ്യാം? എന്നതിലെ രണ്ടാംഖണ്ഡികയിൽ അൺഎയ്ഡഡ് എന്നത് അംഗീകാരമില്ലാത്ത എന്ന് വായിക്കുക.
പുറം 42 ടി ഭാഗത്തിൽ മൂന്നാം ഖണ്ഡികയിൽ അൺഎയ്ഡഡ് എന്നത് അംഗീകാരമില്ലാത്തതും എന്ന് വായിക്കുക.
പുറം 42 ചുമതലകൾ എന്ന ഭാഗത്തിൽ രണ്ടാംവരി കുടക്കീഴിൽ ഒരു സ്കൂൾ കോംപ്ലക്സായി പ്രവർത്തിക്കുക എന്ന് വായിക്കുക.
പുറം 43 ചുമതലകൾ എന്ന ഭാഗത്തിൽ രണ്ടാംവരി ബാഹ്യപ്രേരണ (External Motivation)ക്ക് ആക്കം കൂട്ടാൻ ഇത് സഹായിക്കും എന്ന് വായിക്കുക.
പുറം 46 ഖണ്ഡിക 3 വരി 1 വാണിയംകുളം പഞ്ചായത്തിലെ മൊത്തം കുടിവെള്ളക്ഷാമം പരിഹരിക്കാനായി കേരള വാട്ടർ അതോറിറ്റിയുടെ ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ഒരു പദ്ധതി നിർദ്ദേശം കേന്ദ്രഗവൺമെൻറിന് സമർപ്പിക്കുകയുണ്ടായി എന്ന് വായിക്കുക.
പുറം 48 ഖണ്ഡിക 3 വരി 2 കണ്ണിയംപുറം-തൃക്കങ്ങോട് ലിങ്ക് റോഡ് എന്ന് വായിക്കുക.
പുറം 50 ഖണ്ഡിക 15 വാർഡ് 2ലെ കണക്കിൽ വൈദ്യുതി ഉള്ള വീടുകൾ 196 എന്ന് വായിക്കുക
പുറം 58 ഖണ്ഡിക 3ൽ അവസാനവരി ഇപ്പോൾ പഞ്ചായത്തിൽ 5 DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നു എന്ന് വായിക്കുക.
പുറം 59 പട്ടികയിൽ വാർഡ് 9ലെ ജനസംഖ്യ പുരുഷൻ 686 എന്നുള്ളത് 1086 എന്ന് വായിക്കുക.
പുറം 60ൽ ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നത് ഒറ്റപ്പാലം കാർഷികവികസന ബാങ്ക് എന്നുവായിക്കുക.
പുറം 61 ഖണ്ഡിക 2 വരി 4 ഒരു ഓഹരിയുടെ വില 150രൂപ എന്നുള്ളത് 10രൂപ എന്നുവായിക്കുക.
പുറം 61 ഖണ്ഡിക 3 വരി 6ൽ ..... സ്ഥിരനിക്ഷേപങ്ങൾ 4,84,43,995 എന്നത് 1,84,43,995 എന്ന് വായിക്കുക.
പുറം 61 ഖണ്ഡിക 6ൽ M For എന്നത് മസൂരി ഫോസ് എന്നും F for എന്നത് ഫാക്ടംഫോസ് എന്നും 93-94ൽ 10.5.20 മിക്സചർ എന്നും 12.12.6 കോംപ്ലക്സ് എന്നും ഡൈമോക്രോൺ എന്നും മലാത്തിയോൺ എന്നും റോഗിൻ എന്നത് റോഗർ എന്നും Melacid എന്നത് Metacid എന്നും വായിക്കുക.
പുറം 62ൽ മേൽഖണ്ഡികയുടെ തുടർച്ചയിൽ Furadan എന്നും Indofif M45 എന്നത് Indofil - M45 എന്നും വായിക്കുക.
പുറം 63 ഖണ്ഡിക 3 വരി 1 7,9,10 വാർഡുകളിലായി എന്നത് 2,9,10 വാർഡുകളിലായി എന്നു വായിക്കുക.
പുറം 68 ഖണ്ഡിക 7 വരി 1 വാർഡ് 6 എന്നത് വാർഡ് 2 എന്നു വായിക്കുക.
പുറം 69 ഖണ്ഡിക 3 വരി 2 ജനസംഖ്യ 2949 എന്നത് 2708 എന്ന് വായിക്കുക.
പുറം 70 ഖണ്ഡിക 2 വരി 3 ഇവിടെ 686 പുരുഷന്മാരും എന്നത് 1086 പുരുഷന്മാരും എന്ന് വായിക്കുക.
പുറം 70 ഖണ്ഡിക 3 വരി 1 ഈ വാർഡില എന്നത് ഈ വാർഡിലെ എന്നും വരി മൂന്ന് 1183 സ്ത്രീകളും എന്നുള്ളത് 1180 സ്ത്രീകളും എന്നും വായിക്കുക.
പുറം 70 ഖണ്ഡിക 4 വരി 2 ആകെ ജനസംഖ്യ 1350 എന്നത് 2350 എന്ന് വായിക്കുക.
പുറം 71 ഖണ്ഡിക 7 വരി 1 കഴിഞ്ഞ നാലുവർഷങ്ങളിൽ വിവിധ പദ്ധതികളിലായി .... എന്നുവായിക്കുക.
പുറം 72 ഖണ്ഡിക 1 വരി 1 ... ഒമ്പതാം പദ്ധതിക്കാലത്ത് പ്രതിവർഷം
1000-1200 കോടിരൂപ വികസന പ്രവർത്തനങ്ങൾക്കു മാത്രമായി .... എന്നു വായിക്കുക
പുറം 72 ഖണ്ഡിക 2 വരി 2 Rural Development Bank എന്നത് Board എന്ന് വായിക്കുക
പുറം 72 ഖണ്ഡിക 8 വരി 1 Rural Development Bank എന്നത് Board എന്ന് വായിക്കുക.
പുറം 72 ഖണ്ഡിക 8 വരി 3 മുതൽ ആ ഖണ്ഡികയിലെ മിച്ചം വരികൾ ... അടിയന്തിര നടപടികൾ കൈകൊള്ളേണ്ടതാണ് എന്നതുവരെ വിട്ടുവായിക്കുക.

# അനുബന്ധം

## കൃഷി, ജലസേചനം

- പഞ്ചായത്തിലെ മൂന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ അടക്കമുള്ള വിവിധ ജലപദ്ധതികൾക്കായി നാളിതുവരെ എത്ര രൂപ ഏതേത് പദ്ധതിക്ക് എന്ന തോതിൽ കണക്കെടുത്ത് അവയുടെ നേട്ട-കോട്ടങ്ങൾ തിട്ടപ്പെടുത്തി ലക്ഷ്യവും യഥാർത്ഥനേട്ടവും തമ്മിലുള്ള അന്തരം മനസ്സിലാക്കുകയും ലക്ഷ്യമിട്ടിരിക്കുന്ന നേട്ടം പൂർണ്ണമായും കൈവരിക്കുവാൻ വേണ്ട ഭരണപരവും ജനകീയവും ആയ നടപടികൾ നടത്താൻ കാർഷികവികസനസമിതിയും കൃഷി, ജലസേചനം എന്നിവയുടെ കർമ്മസമിതിയും മുൻകൈ എടുക്കണം.
- നിലവിലുള്ള ചെറുകിട ജലസേചനപദ്ധതികളും ഇനി വരാനുള്ളവയും നടത്താനുള്ള നിർവാഹകാധികാരങ്ങളും ഫണ്ടും പഞ്ചായത്തിന് വിട്ടുകിട്ടണം. എങ്കിലേ കൃഷിമേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കാൻ കഴിയൂ.
- സംസ്ഥാനസർക്കാർ 218 കോടി രൂപ പൂകൃഷി വികസനത്തിന് നീക്കിവെച്ചിട്ടുണ്ടല്ലോ. വനിതാവ്യവസായം എന്ന നിലയിൽത്തന്നെ പൂകൃഷി പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടികൾ കൈകൊള്ളണം.
- ത്രാങ്ങാലിയിൽ ഡിസംബർ 21,22,23 തിയ്യതികളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന താത്കാലിക തടയണ ഒരു മാതൃകയാക്കികൊണ്ട് അതിൻെറ ഗുണഫലങ്ങൾ കണക്കാക്കി Upstreamൽ 7kmഓളം നീളത്തിൽ കിടക്കുന്ന പുഴയിൽ ഉചിതമായ സ്ഥലം കണ്ടെത്തി ഒരു കിണർ കുഴിച്ച് അതിനെ വാണിയംകുളം പഞ്ചായത്ത് ജലവിതരണപദ്ധതിയുടെ അടിസ്ഥാനമാക്കുക. ARWSPയിൽ മുൻപ് സമർപ്പിച്ച പദ്ധതിയുടെ റി-എസ്റ്റിമേഷനിൽ ഈ സ്ഥലം പുനർനിർണയം കൂടി ഉൾപ്പെടുത്താവുന്നതാണ്.
- കൃഷിയാവശ്യത്തിന് വേണ്ടത്ര ഊർജം ലഭ്യമല്ല. ഈ പ്രശ്നം പരിഹരിക്കാനാകട്ടെ, പഞ്ചായത്തിന് തനതായ ഒരു സ്രോതസ് ഇല്ലതാനും. അതിനാൽ വൈദ്യുതി വിതരണത്തിൽ കാർഷികാവശ്യങ്ങൾക്ക് മുൻഗണന കൊടുത്ത് കെ.എസ്.ഇ.ബി. തന്നെ ഇക്കാര്യത്തിൽ ആശ്വാസമുണ്ടാക്കണം.
- ജൈവവളം പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാക്കി വിതരണം ചെയ്യണം. കൃഷിഭവൻെറ നേതൃത്വത്തിൽ വാണിയംകുളം ചന്തയിലെ ചാണകവും മറ്റ് കമ്പോസ്റ്റ്യോഗ്യമായ വസ്തുക്കളും ഉപയോഗിച്ച് ഒരു പൊതു കമ്പോസ്റ്റ് ഉണ്ടാക്കാവുന്നതാണ്.

## മൃഗസംരക്ഷണം, മത്സ്യബന്ധനം

- പേവിഷബാധക്കുള്ള മരുന്ന് മൃഗാശുപത്രിയിൽ തന്നെ സമയത്തിന് ലഭ്യമാക്കാനുള്ള ഏർപ്പാടുണ്ടാക്കുക.
- ശീതസംഭരണി സൗകര്യമുള്ള മീറ്റ്/മത്സ്യ സ്റ്റാൾ ഉണ്ടാക്കുക.
- പൊതുകുളങ്ങൾ ബഹുജനസംഘടനകൾക്കോ വായനശാല മുതലായ സ്ഥാപനങ്ങൾക്കോ പാട്ടത്തിന് കൊടുത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.

## വ്യവസായം

- പഞ്ചായത്തിൽ തൊണ്ട് സംസ്കരണശാലക്കുള്ള സാധ്യതകൾ ഉണ്ട്. ബ്രഷ് കമ്പനികൾ ഇപ്പോൾ അമിതവിലക്ക് കന്യാകുമാരിയിൽ നിന്നും മറ്റുമാണ് ചകിരി കൊണ്ടുവരുന്നത്. കയർ, ചവിട്ടി മുതലായവ ഉണ്ടാക്കുന്ന വനിതാവ്യവസായയൂണിറ്റിനും ഇത് സഹായകമാകും.
- കട്ലറി ഉടമകളുടെ സഹകരണസംഘം ഉണ്ടാക്കി അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം, വിലക്കൂടുതൽ എന്നിവക്കും വിപണനത്തിലുള്ള അനാരോഗ്യകരമായ മത്സരത്തിനും പരിഹാരമുണ്ടാക്കാൻ ശ്രമിക്കണം.
- പൊരി, മുറുക്ക്, കായവറുത്തത്, മിക്സചർ, ഹൽവ എന്നിവയടക്കമുള്ള വിവിധ ഫുഡ് പ്രോഡക്റ്റ്സ് നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സഹകരണസംഘം ഉണ്ടാക്കുക. യന്ത്രവത്ക്കരണം, സാങ്കേതിക ഉപദേശം എന്നിവ ഇതിന് ലഭ്യമാക്കുക.
- 150ഓളം ആളുകൾ തുകൽഉൽപന്നനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരുടെ ഒരു സഹകരണസംഘം ഉണ്ടാക്കുക. ഇവരെ ഒരു കുടക്കീഴിൽ പ്രവർത്തിപ്പിക്കാനായാൽ ഒരു വൻകിട യൂണിറ്റിനുള്ള സാധ്യതയുണ്ട്, സന്നദ്ധതയുമുണ്ട്.
- 200-ൽപരം സ്ത്രീ-പുരുഷൻമാർ തയ്യൽജോലിയിൽ ഉണ്ട്. ഇവരെ ഏകോപിപ്പിച്ച് ഒരു റെഡിമെയ്ഡ് യൂണിറ്റ് ആരംഭിക്കുക. Outworker സമ്പ്രദായം പരീക്ഷിക്കാവുന്ന ഒരു മേഖലയാണിത്.
- ഓട്ടുപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രോത്സാഹനം നൽകുക.
- വനിത സോപ്പുനിർമ്മാണ യൂണിറ്റിന് പ്രോത്സാഹനം നൽകുക.

**വിദ്യാഭ്യാസം**

- പഞ്ചായത്തിൻെറപോലും അംഗീകാരമില്ലാത്ത വിദ്യാഭ്യാ സസ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കരുത്.
- സ്വകാര്യസ്കൂളുകളിലെ നിയമനം പി.എസ്.സി. വഴിയാക്കണം.
- പഞ്ചായത്ത്തലത്തിൽ പ്രൈമറി അധ്യാപകർക്ക് റിഫ്രഷർ കോഴ്സ് നടത്തുക
- EDAPയിൽ മാനേജ്മെൻറ് പ്രതിനിധി വേണം.
- EDAP പഞ്ചായത്ത് തലത്തിൽ ആക്കണം.
- DPEP പ്രകാരം ഭൗതികസാഹചര്യങ്ങൾ നന്നാക്കാനുള്ള allocation ഇപ്പോൾ സർക്കാർ സ്കൂളുകൾക്കു മാത്രമേ ഉള്ളൂ. പക്ഷെ, ഈ പഞ്ചായത്തിൽ സർക്കാർ പ്രൈമറിസ്കൂളുകൾ ഒന്നുംതന്നെയില്ല. അതിനാൽ DPEPയുടെ യാതൊരു പ്രയോജനവും ഇപ്പോൾ ഈ പഞ്ചായത്തിനില്ല. ഇത് മാറ്റാൻ ഭൗതികസാഹചര്യ വർധനക്കുള്ള allocationൽ എയ്ഡഡ് സ്കൂളുകളെ ക്കൂടി ഉൾപ്പെടുത്തണം.
- വിദ്യാലയവികസനസമിതിയിൽ മാനേജ്മെൻറ് പ്രതിനിധി വേണം.
- അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 ആക്കണം.
- കൂനത്തറ സർക്കാർ VHSലെ lower primary വിഭാഗം വേറെ ഹെഡ്മാസ്റ്ററുടെ കീഴിലാക്കണം.
- സ്കൗട്സ് & ഗൈഡ്സ് ഇവിടത്തെ സ്കൂളുകളിൽ കൊണ്ടുവരണം.
- പ്രൈമറിതലത്തിൽ മാതൃഭാഷാധ്യാപനം നിർബ്ബന്ധമാക്കുക.
- വാർഡ്തലത്തിൽ ഓരോ ജനവിദ്യാകേന്ദ്രം സ്ഥാപിക്കാനുള്ള വകുപ്പുണ്ടല്ലോ. ഇത് പൂർണ്ണമായും ഉപയോഗിക്കണം.

**ആരോഗ്യം, കുടിവെള്ളം**

- പ്രാഥമികാരോഗ്യകേന്ദ്രത്തിന് നേഴ്സിങ്ങ് ഹോം സൗകര്യങ്ങളുള്ള സ്വന്തം കെട്ടിടവും സ്ഥിരം ഡോക്ടറും വേണം.
- ആയുർവേദ ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
- SET സെൻററിന് മതിൽ കെട്ടണം.
- അലയുന്ന നായ്ക്കളെ നശിപ്പിക്കാൻ പ്രത്യേക കർമ്മപരിപാടി വേണം. മയക്കുവെടി ഉപയോഗിച്ചും വിഷം കുത്തിവെച്ചും ഇവയെ നശിപ്പിക്കണം. ഇതിന് ജില്ലാതലത്തിൽ ഓരോ പഞ്ചായത്തിൽ നിന്നും അഞ്ചാൾ എന്ന തോതിൽ പ്രത്യേക പരിശീലനം നൽകി Dog catchers' certificate കൊടുത്ത് സജ്ജമാക്കണം.
- പഞ്ചായത്തിന് ഫുൾടൈം തൂപ്പുകാർ വേണം.
- പഞ്ചായത്തിൻെറ വടക്കൻപ്രദേശങ്ങളിൽ ഉള്ള സ്വകാര്യഭൂമിയിൽ ഒഴുകുന്ന നിതാന്ത നീരുറവകൾ (perennial streams) ശാസ്ത്രീയമായി വിനിയോഗിക്കാൻ പദ്ധതി ആവിഷ്ക്കരിക്കണം. അതിൻെറ സർവ്വെ അടിയന്തിരമായി നടത്തണം.
- കുടിവെള്ളക്ഷാമം പരിഹരിക്കാൻ പഞ്ചായത്ത് നാളിതുവരെ കൈക്കൊണ്ട നടപടികൾ, അവയുടെ ഫലങ്ങൾ, പഠനം വേണം.

**ഗതാഗതം, ഊർജ്ജം, വിപണി**

- ഇപ്പോൾ ഗതാഗതയോഗ്യമായ റോഡുകളിലൂടെ ബസ് അടക്കമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഇതിന് RTO തലത്തിൽ സമ്മർദ്ദം ചെലുത്തണം.
- വാണിയംകുളം ടൗണിൽ ഓട്ടോ, ടാക്സിസ്റ്റാൻഡ് നിർമ്മിക്കണം.
- വാണിയംകുളം പഞ്ചായത്ത് ഒരൊറ്റ KSEB ഡിവിഷൻെറ കീഴിലാക്കണം.
- നിലംപതിക്കാറായ വിളക്കുകാലുകൾ മാറ്റി സ്ഥാപിക്കണം.
- നിർദ്ദിഷ്ട വ്യാപാരസമുച്ചയത്തിൽ പാർക്കിങ്ങ് സൗകര്യം ഏർപ്പെടുത്തണം.
- മാനന്നൂർ റെയിൽവെ സ്റ്റേഷനിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും കൂടുതൽ വണ്ടികൾ നിറുത്തിക്കാനും സമ്മർദ്ദം ചെലുത്തുക.

**പാർപ്പിടം, പട്ടികജാതിക്ഷേമം**

- ലക്ഷംവീടുകളുടെ അനന്തരകൈമാറ്റങ്ങൾ പഞ്ചായത്ത് മുഖാന്തിരം മാത്രമെ ആകാവൂ.
- ആൾപ്പാർപ്പില്ലാത്ത ലക്ഷംവീടുകൾ ഏറ്റെടുത്ത് അർഹരായ മറ്റു ദുർബല വിഭാഗക്കാർക്ക് കൊടുക്കണം.
- നാലുസെൻറ് പദ്ധതി ഉടൻ നടപ്പിലാക്കുക.
- വിവിധ ഭവനനിർമ്മാണ ഏജൻസികളുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടമുണ്ടാക്കാനും ഉള്ളവയുടെ സ്ഥിതി മെച്ചപ്പെടുത്താനും പദ്ധതികൾ ആവിഷ്കരിക്കുക.
- ദുർബല വിഭാഗങ്ങൾക്കുള്ള നടപ്പുസ്കീമുകൾ വേണ്ടവിധം നടപ്പിലാകുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യാൻ സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്തുക.
- പുറം 55,56കളിൽ കൊടുത്തിരിക്കുന്ന IRDP കണക്കുകൾ പഞ്ചായത്തിൽ 10 വാർഡുകൾ മാത്രമുള്ളപ്പോൾ എടുത്തതാണ്.

**സംസ്കാരം.**

- പ്രാചീനകലകൾ കാലാനുസൃതമായി പരിഷ്ക്കരിക്കൽ, അവ നിലനിർത്തൽ, നാട്ടറിവുകൾ ശേഖരിച്ച് രേഖപ്പെടുത്തൽ, ക്ഷേത്രചുവർചിത്രങ്ങൾ സംരക്ഷി

ക്കൽ, നിലവിലുള്ള ഗ്രന്ഥശാലകളും മറ്റ് ക്ലബ്ബുകളും ഊർജസ്വലമാക്കൽ എന്നിവയടക്കമുള്ള സാംസ്കാരിക നവോത്ഥാന പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കാൻ പാകത്തിൽ പഞ്ചായത്തിൽ നിലവിലുള്ള സാംസ്കാരികകേന്ദ്രം പുനഃസംവിധാനം ചെയ്യുക.

- കരിങ്കൽ, ലോഹം, ദാരുശിൽപ നിർമ്മാതാക്കൾക്ക് പ്രോത്സാഹനം കൊടുക്കുക.

**പഞ്ചായത്തിൽ കൊണ്ടാടപ്പെടുന്ന ഉത്സവങ്ങൾ**

1. ആര്യങ്കാവ് പൂരം.
2. കിള്ളിക്കാവ് പൂരം - രണ്ട് കാവുകളിൽ - വാർഡ് 3
3. ചോറോട്ടൂർകാവ് താലപ്പൊലി - വാർഡ് 6.
4. തൃക്കങ്ങോട് നിറമാല - വാർഡ് 5.
5. കാർത്ത്യായനി അമ്പലം - വാർഡ് 7.
6. അയ്യപ്പൻകോവിൽ വിളക്ക് - വാർഡ് 10.
7. അയ്യപ്പൻകാവ് - വാർഡ് 8.
8. പുല്ലാനിക്കാവ് പൂരം - വാർഡ് 7.
9. പിഷാരിക്കൽകാവ് നിറമാല - വാർഡ് 2.
10. പനയൂർ ശിവക്ഷേത്രം ശിവരാത്രി - വാർഡ് 10.
11. കോതയൂർ ശിവക്ഷേത്രം ശിവരാത്രി - വാർഡ് 10.
12. ചെറുകാട്ടുപുലം ശിവക്ഷേത്രം ശിവരാത്രി - വാർഡ് 8.
13. മാരിയമ്മൻ ഉത്സവങ്ങൾ - വാർഡ് 10.
14. സുബ്രഹ്മണ്യൻകോവിൽ തൈപൂയം രണ്ടെണ്ണം - വാർഡ് 2, 3.
15. സുബ്രഹ്മണ്യൻകോവിൽ തൈപൂയം ഒന്ന് - വാർഡ് 4.
16. സുബ്രഹ്മണ്യൻകോവിൽ തൈപൂയം ഒന്ന് - വാർഡ് 8.
17. മലദൈവക്കോട്ട സുബ്രഹ്മണ്യൻകോവിൽ ഉത്സവം - വാർഡ് 11.
18. അക്ലേശ്വരക്ഷേത്രം ശിവരാത്രി - വാർഡ് 4.

- പാരമ്പര്യ വാദ്യകലകൾ - ഒമ്പതാംവാർഡിൽ ഒരു പഞ്ചവാദ്യ ടീം എ. വാസുദേവൻെറ നേതൃത്വത്തിൽ നിലവിലുണ്ട്.
- ഈ പഞ്ചായത്തിൽ രണ്ട് മുസ്ലിം പള്ളികളും രണ്ട് ക്യസ്ത്യൻ പള്ളികളും ഉണ്ട്.
- പനയൂർ ഒരു പൂതൻ-തിറ സംഘം ഉണ്ട്. ഇവർ ദൂരദർശനിലും മറ്റും പ്രോഗ്രാം അവതരിപ്പിച്ചിട്ടുണ്ട്.
- വാർഡ് 1ൽ ഒരു കലാ-കായിക ക്ലബ്ബും ഗ്രന്ഥശാലയും സ്ഥാപിക്കണം.
- പഞ്ചായത്തിൽ ഒരു ഫിലിംക്ലബ്ബും വീഡിയോക്ലബ്ബും ഉടൻ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കണം.
- എല്ലാ ഗ്രാമത്തിലും ഒരു സാംസ്ക്കാരിക വാർത്താ ബോർഡ് സ്ഥാപിക്കുക.

**ക്ലബ്ബുകൾ, വായനശാലകൾ**

| വാർഡ് | പേര് | പ്രത്യേക പ്രവർത്തനരംഗം |
|---|---|---|
| 1 | ഇല്ല | --- |
| 2 | ന്യൂ സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | സ്പോർട്സ് |
| 3 | നാഷനൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | സ്പോർട്സ് |
| 4 | ജ്യോതിഷരത്നം കെ.എൻ. എഴുത്തശ്ശൻ സ്മാരക വായനശാല | കല, വായന |
| 5 | തരംഗ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് | കല, വായന |
| 6 | ശ്രീരാമനന്ദ വായനശാല, ചോറോട്ടൂർ | കല, വായന |
| 7 | മഹാത്മജി സ്മാരകവായനശാല, മാനന്നൂർ | കല, വായന |
| 7 | ഉദയ ഗ്രാമീണവായനശാല, വെള്ള്യാട് | കല, വായന |
| 8 | ത്രാങ്ങാലി യുവജനകലാസമിതി | കല, വായന |
| 8 | ഗ്രാമോദയ വായനശാല | കല |
| 8 | കുട്ടിക്കൂട്ടം, ത്രാങ്ങാലി | കുട്ടികൾക്കായുള്ള ഉദ്ഗ്രഥിത വികസന പരിപാടികൾ |
| 9 | രാഗം ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കൂനത്തറ | സ്പോർട്സ് |
| 10 | ഭാവന ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പനയൂർ | കല |
| 10 | നവചേതന ആർട്സ & സ്പോർട്സ് ക്ലബ്ബ് | കല |
| 11 | പൊതുജന വായനശാല, പനയൂർ | കല, വായന |
| 11 | പുലരി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പനയൂർ | സ്പോർട്സ്, കല |

**വനിത**

- വനിതാവികസനസമിതി രൂപീകരിക്കുക.
- വനിതാ നിയമസഹായസെമിനാറും ക്യാംപെയിനും സംഘടിപ്പിക്കുക.
- അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- മഹിളാസമാജം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
- സ്ത്രീയെ വിൽപ്പനചരക്കാക്കുന്ന പരസ്യങ്ങൾ മാധ്യമങ്ങളിൽ നിന്ന് ഒഴിവാക്കിയില്ലെങ്കിൽ ആ മാധ്യമങ്ങൾ ബഹിഷ്കരിക്കാനുള്ള ആഹ്വാനം നൽകുക.
- വനിതകൾക്ക് പരമ്പരാഗത തൊഴിൽമേഖലകളിൽ വേണ്ടത്ര പ്രോത്സാഹനം നൽകുക.
- തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ ജനാധിപത്യവേദികളിലും 33.33% വനിതാസംവരണം ഏർപ്പെടുത്തുക.

**സഹകരണം**

- പഞ്ചായത്തുതല വനിതാസഹകരണസംഘം പ്രവർത്തനം വ്യാപിപ്പിക്കുക.
- പട്ടികജാതിക്കാരുടെ വികസനം ലാക്കാക്കി രൂപീകൃതമായിരിക്കുന്ന പട്ടികജാതി സഹകരണസംഘത്തിന്റെ ഇന്നത്തെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. ഇതിന്റെ പ്രശ്നങ്ങൾ പഠിച്ച് അവ പരിഹരിക്കാനും സംഘം പ്രവർത്തനം ഊർജിതമാക്കാനും നടപടികൾ കൈകൊള്ളുന്നു.
- വിവിധ വ്യവസായങ്ങളുടെ ഏകോപിത സഹകരണ സംഘങ്ങളും പഞ്ചായത്തുതലത്തിൽ ഒരു കേന്ദ്രസംഘവും രൂപീകരിക്കുക.
- നിലവിലുള്ള ഭവനനിർമ്മാണ സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുക; വായ്പാ വ്യവസ്ഥകൾ ലഘൂകരിക്കുക.
- നിലവിൽ കാർഷികവികസന ബാങ്ക് നൽകുന്ന വായ്പകളിൽ ഭൂരിപക്ഷവും വ്യക്തികൾക്കാണ്. അത് മാറ്റി ഫലപ്രദമായി പ്രവർത്തിക്കുന്ന പാടശേഖരസമിതികൾക്ക് കൂടുതൽ ഉദാരമായ വിളവായ്പകൾ നൽകുക.
- വ്യവസായ യൂണിറ്റുകൾക്ക് അർബ്ബൻബാങ്ക് ഫലപ്രദമായ വായ്പാസൗകര്യം ഏർപ്പെടുത്തണം.
- പ്രാഥമിക സഹകരണസംഘത്തിന്റെ 'ചട്ടപ്പടി' പ്രവർത്തനം മാറ്റി ജനങ്ങൾക്ക് ബ്ലേഡ്കമ്പനിക്കാരിൽ നിന്നും വട്ടിപ്പലിശക്കാരിൽ നിന്നും മോചനം കിട്ടത്തക്ക രീതിയിലാക്കുക.
- പ്രാദേശികതലത്തിൽ കാർഷികോല്പന്നങ്ങൾ ശേഖരിച്ച് സംസ്കരിച്ച് ജനോപയോഗ വസ്തുക്കളാക്കി മാറ്റി വിതരണം ചെയ്യുക.
- രാസവളം ആവശ്യമായത്ര ആവശ്യമായ സമയത്തിന് പ്രാഥമിക സഹകരണസംഘം വിതരണം ചെയ്യുക.
- പലിശനിരക്കുകൾ പുനഃപരിശോധിക്കുക. ഉത്പാദന മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വായ്പക്ക് മുൻഗണന കൊടുക്കുക. ഇതിന് വാർഡു കമ്മിറ്റിയുടെ ഈടിന്മേൽ വായ്പ നൽകാൻ പാകത്തിന് നിയമം ഉണ്ടാകണം.
- ദേശസാൽകൃതബാങ്കുകൾ സ്വരൂപിക്കുന്ന ഫണ്ടിന്റെ ഒരു നിശ്ചിത ശതമാനം പ്രാദേശിക കാർഷിക വ്യവസായ വികസനത്തിനുവേണ്ടി വിനിയോഗിക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തണം.

**സാമൂഹ്യക്ഷേമം**

- വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
- പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കു പുറമെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് വിഭാഗക്കാർക്കും വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കണം.
- സർവ്വെകളിലെ കണക്കുകൾ പഞ്ചായത്തിൽ 10 വാർഡുകൾ ഉള്ളപ്പോൾ എടുത്തവയാണ്.
- പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം ഉണ്ടാക്കണം.

**വിഭവസമാഹരണം**

- സ്വകാര്യസംരംഭങ്ങളിലേയ്ക്ക് ഗൾഫ് മലയാളികളിൽ നിന്ന് നിക്ഷേപം ആകർഷിക്കണം. പ്രത്യേകിച്ചും നിർദ്ദിഷ്ട വ്യാപാരസമുച്ചയത്തിന്റെ നിർമ്മാണത്തിന്
- നിർദ്ദിഷ്ട വ്യാപാരസമുച്ചയത്തിന് കോർപ്പറേറ്റ് സെക്ടർ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കുക.
- കേബിൾ ടി.വി. ഓപ്പറേറ്റർമാരിൽനിന്ന് നികുതി ഈടാക്കുക.
- ഓട്ടോ-ടാക്സി സ്റ്റാൻഡുകൾ പണിത് പാർക്കിങ്ങ് ഫീസ് ഈടാക്കുക.
- വ്യാപാരസമുച്ചയത്തിന്റെ നിർമ്മാണത്തിന് 25% തുക ഭാവിഗുണഭോക്താക്കളിൽ നിന്ന് പിരിക്കുകയും ബാക്കിക്ക് അന്തർദേശീയവും ദേശീയവുമായ സാമ്പത്തികസഹായ ഏജൻസികളെ സമീപിക്കുകയും ചെയ്യുക.
- ചന്തയിൽ പഞ്ചായത്തുവക വെയിങ്ങ് മെഷീൻ സ്ഥാപിച്ച് വെയിങ്ങ് ഫീസ് ഈടാക്കുക.



# ഒറ്റപ്പാലത്തിൻെറ തിലകക്കുറി

**ബാങ്ക് തുടങ്ങി വസ്ത്രശാലകൾ വരെ വിവിധ സേവനങ്ങൾ**

**ഒരു കുടക്കീഴിൽ**

# ജെ.ആർ.ജെ. കോംപ്ലക്സ്

# വാണിയംകുളം സർവ്വീസ് സഹകരണ ബാങ്ക്
## ക്ലിപ്തം നമ്പർ പി. 577
### പി.ഒ. വാണിയംകുളം

H.O. **വാണിയംകുളം** — **ബ്രാഞ്ച് : കവളപ്പാറ**

**ഫോൺ : 662127** — **ഫോൺ : 662276**

*എല്ലാതരം നിക്ഷേപങ്ങളും സ്വീകരിക്കുന്നു. 50000ക. വരെ അംഗങ്ങൾക്ക് വായ്പ നൽകുന്നു. കുറികൾ നടത്തുന്നു. രാസവളം, കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നു.*

**പി.വി. പത്മനാഭൻനായർ**
പ്രസിഡണ്ട്

**സി. രാമൻകുട്ടി**
സെക്രട്ടറി

**ഭരണസമിതി**

പി.വി. പത്മനാഭൻനായർ - പ്രസിഡണ്ട്, ഒ.പി. ഗോവിന്ദൻകുട്ടി - വൈസ്. പ്രസിഡണ്ട്

**ഡയറക്ടർമാർ**

കെ.എം. രാമചന്ദ്രൻ, കെ. ശിവരാമൻ, എൻ. പത്മനാഭൻ, എം.സി. കൃഷ്ണൻകുട്ടി
എ. രാധാകൃഷ്ണൻ, ഇ. ദേവയാനി, ബി. സുരേഷ്, സി. ശ്രീധരൻ
കെ. നാരായണൻ

*With best compliments from:*

# THE OTTAPALAM CO-OPERATIVE URBAN BANK LTD., (No. F. 1647)

OTTAPALAM - 679 101, PALAKKAD DISTRICT
P.B. NO. 14, PHONE : (0492) 644756.

| Branches | Phone |
|---|---|
| 1. Main Branch, Ottapalam | 644356 |
| 2. Morning & Evening Branch, Ottapalam | 644271 |
| 3. Lakkidi Branch, Lakkidi | 644491 |
| 4. Koonathara Branch, Koonathara | 662378 |
| 5. Ananganadi Branch, Panamanna | |
| 6. Ambalappara Branch, Ambalappara | |

**M. HAMSA**
President

**M. BALAKRISHNAN**
Secretary

ആശംസകളോടെ

# ഷൈബാ ബെഡ് സെൻറർ

**പോലീസ് സ്റ്റേഷനു മുൻവശം, ഒറ്റപ്പാലം**

അന്താരാഷ്ട്ര നിലവാരത്തിൽ അമേരിക്കൻ-യൂറോപ്യൻ ശൈലികളിലുള്ള കർട്ടനുകൾ നിങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള അളവുകളിൽ നിർമ്മിച്ച് ഉറപ്പിച്ചു കൊടുക്കുന്നു.

---

ആശംസകളോടെ

# സുനിൽ ട്രേഡേഴ്സ്

**ആർ.എസ്. റോഡ്, ഒറ്റപ്പാലം**

---

ആശംസകളോടെ

# ഒറ്റപ്പാലം സർവ്വീസ് സഹകരണ ബാങ്ക്,

ഒറ്റപ്പാലം

★ ★ ★ ★ ★



ചളവറ പഞ്ചായത്ത്
ഷൊർണൂർ മുനിസിപ്പാലിറ്റി
ഒറ്റപ്പാലം മുനിസിപ്പാലിറ്റി
ഷൊർണൂർ - പാലക്കാട് റോഡ്
ഭാരതപ്പുഴ
സ്കൂൾ
പോസ്റ്റ് ഓഫീസ്
വില്ലേജ് ഓഫീസ്
ആശുപത്രി
കൃഷിഭവൻ
റോഡുകൾ
വില്ലേജ് അതിർത്തി
പഞ്ചായത്ത് അതിർത്തി
റെയിൽ
ഭാരതപ്പുഴ


